ആഗസ്റ്റ് 2017

വാല്യം 46 | ലക്കം ഒന്ന്

# യോജന

**മലയാളം പതിപ്പ്**

*ചീഫ് എഡിറ്റർ:*
**ദീപിക കച്ചൽ**

*സീനിയർ എഡിറ്റർ:*
**ധന്യ സനൽ. കെ**

*സബ് എഡിറ്റർ :*
**ജെ. മഹേഷ് കുമാർ**




## ഈ ലക്കത്തിൽ

# ജി. എസ്. ടി (ചരക്കു സേവന നികുതി)

**മലയാളം പതിപ്പ്:** റ്റി.സി. 25/139, ഗവൺമെന്റ് പ്രസ് റോഡ്, തിരുവനന്തപുരം - 695001. **ഫോൺ: 0471 - 2323826.**

**ഇ-മെയിൽ: yojanamal50@yahoo.co.in**

**വെബ്സൈറ്റ് :** www.yojana.gov.in

**ഇ-മെയിൽ:** yojanace@gmail.com

വരിസംഖ്യ/ബിസിനസ് സംബന്ധമായ വിവരങ്ങൾക്ക് : pdjucir@gmail.com

ആസൂത്രണവും വികസനവും ലക്ഷ്യമാക്കി മലയാളം, ഇംഗ്ലീഷ്, ഹിന്ദി, ബംഗാളി, തമിഴ്, അസമിയ, മറാഠി, തെലുങ്ക്, ഗുജറാത്തി, ഉറുദു, പഞ്ചാബി, കന്നഡ, ഒറിയ എന്നീ 13 ഭാഷകളിൽ പ്രസിദ്ധീകരിക്കുന്നത്.

ഇംഗ്ലീഷ് യോജനയുടെ വരിസംഖ്യാ സംബന്ധമായ അന്വേഷണങ്ങൾക്ക് എഴുതേണ്ട വിലാസം :
ബിസിനസ് മാനേജർ (സർക്കുലേഷൻ ആന്റ് അഡ്വർടൈസ്മെന്റ്) പബ്ലിക്കേഷൻസ് ഡിവിഷൻ, റൂം നം.48-53, സൂചനാ ഭവൻ, സിജിഒ കോംപ്ലക്സ്, ലോധി റോഡ്, ന്യൂഡൽഹി 110 003

**വരിസംഖ്യ: ഒരു വർഷം 230/-, രണ്ടുവർഷം 430/-, മൂന്നുവർഷം 610/-.**

യോജനയിൽ അച്ചടിച്ചു വരുന്ന ലേഖനങ്ങളിലെ അഭിപ്രായം ലേഖകരുടേതായിരിക്കും.
അവ സർക്കാരിന്റേതാകണമെന്നില്ല. പരസ്യങ്ങളുടെ ഉള്ളടക്കത്തിലും യോജനയ്ക്ക് ഉത്തരവാദിത്തമില്ല.

യോജനയുടെ ഉദ്ദേശ്യം വികസനത്തിന്റെ സന്ദേശം നാടെങ്ങും എത്തിക്കുകയാണ്.
പക്ഷെ ഇതിൽ ഔദ്യോഗികാഭിപ്രായങ്ങൾക്കു മാത്രമല്ല സ്ഥാനം നൽകപ്പെടുക.
ജനാഭിലാഷങ്ങളുടെയും നൈരാശ്യങ്ങളുടെയും കണ്ണാടി കൂടിയാണ് യോജന.




## ലേഖനങ്ങൾ ക്ഷണിക്കുന്നു

സമ്പദ് വ്യവസ്ഥ, ആരോഗ്യ, വിദ്യാഭ്യാസ, സാമൂഹ്യക്ഷേമ മേഖലകളിലെ പ്രവണതകൾ എന്നിവ സ്ഥിതി വിവര കണക്കുകളോടെ വിശകലനം ചെയ്യുന്ന ലേഖനങ്ങൾ വിദഗ്ധരിൽ നിന്നും ഗവേഷണ വിദ്യാർത്ഥികളിൽ നിന്നും ക്ഷണിക്കുന്നു. വിലാസം: പത്രാധിപർ, യോജന, ഗവ. പ്രസ്സ് റോഡ്, തിരുവനന്തപുരം 695 001.

e-mail: yojanamal50@yahoo.co.in. ☎ 0471 - 2323826

## യോജന തപാലിൽ ലഭിക്കുവാൻ

ഡപ്യൂട്ടി ഡയറക്ടർ, യോജന (മലയാളം), ഗവ. പ്രസ്സ് റോഡ്, തിരുവനന്തപുരം 695 001 എന്ന വിലാസത്തിൽ നിശ്ചിത തുക മണിയോർഡർ ആയോ ഡിമാന്റ് ഡ്രാഫ്റ്റ് ആയോ അയക്കുക. ഒരു വർഷം – 230 രൂപ • 2 വർഷം – 430 രൂപ • 3 വർഷം – 610 രൂപ

e-mail: yojanamal50@yahoo.co.in. ☎ 0471 - 2323826

ഓൺലൈൻ വഴി യോജന വരിക്കാരാകാൻ www.bharatkosh.gov.in എന്ന വെബ് സൈറ്റ് സന്ദർശിച്ച് Publications Division e-store വഴി ബുക്കു ചെയ്യാവുന്നതാണ്.

## കേന്ദ്ര സർക്കാർ പ്രസിദ്ധീകരണങ്ങൾക്കായി പബ്ലിക്കേഷൻസ് ഡിവിഷൻ സെയിൽസ് എംപോറിയം

കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയത്തിനു കീഴിലെ പബ്ലിക്കേഷൻസ് ഡിവിഷൻ പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ തിരുവനന്തപുരം ഗവൺമെന്റ് പ്രസ്റോഡിനു സമീപമുള്ള പബ്ലിക്കേഷൻസ് ഡിവിഷൻ സെയിൽസ് എംപോറിയത്തിൽ നിന്നും ലഭിക്കുന്നതാണ്. പുസ്തകങ്ങൾ തപാലിൽ ലഭിക്കാൻ ബന്ധപ്പെടേണ്ട വിലാസം: ബിസിനസ് മാനേജർ, പബ്ലിക്കേഷൻസ് ഡിവിഷൻ, സെയിൽസ്എംപോറിയം, ഗവൺമെന്റ് പ്രസ് റോഡ്, തിരുവനന്തപുരം – 695001



e-mail: bmsetvm@gmail.com ☎ 0471 - 2330650

യോജന
ആഗസ്റ്റ് 2017 • വാല്യം 46 • ലക്കം ഒന്ന്

# ഉള്ളടക്കം

## ജി.എസ്.ടി (ചരക്കു സേവന നികുതി)

7 **ജിഎസ്ടി യുഗം: 'മേക്ക് ഇൻ ഇന്ത്യ'ക്ക് ഉത്തേജനം**
അരുൺ ഗോയൽ

11 **ജിഎസ്ടി: ഇന്ത്യൻ നികുതി ചരിത്രത്തിലെ നാഴികക്കല്ല്**
ടി.എൻ.അശോക്

16 **ഏകീകൃത നികുതി നടപ്പാക്കുന്നതിലെ പ്രധാന വെല്ലുവിളികൾ**
ഗിരീഷ് ചന്ദ്ര പ്രസാദ്

19 പ്രത്യേക ലേഖനം
**ജിഎസ്ടിഎൻ: നികുതി പരിഷ്ക്കരണത്തിനു പിന്നിലെ സാങ്കേതിക ശക്തി**
പ്രകാശ് കുമാർ

22 ഫോക്കസ്
**കേന്ദ്രീകൃത സാമ്പത്തിക ബന്ധങ്ങളുടെ സംതുലനം**
ജയന്താ റോയ് ചൗധരി

25 **ചരക്കു സേവന നികുതി: പുതുയുഗത്തിന്റെ ഉദയം**
ഉപേന്ദർ ഗുപ്ത

28 **ബിസിനസ് രംഗം ആയാസരഹിതമാക്കുന്നതിൽ ജിഎസ്ടിയുടെ പ്രാധാന്യം**
ഡാനിഷ് എ ഹാഷിം, വർഷ കുമാരി

33 **ജിഎസ്ടിയും ഉപഭോക്താക്കളും: ഒരു പഠനം**
സൂരജ് ജസ്വാൾ

36 **ജിഎസ്ടിയുടെ ലക്ഷ്യപ്രാപ്തിയും സാങ്കേതിക വിദ്യാ പിന്തുണയും**
എബ്രഹാം റെൻ.എസ് ഐആർഎസ്

40 **ചരക്ക് സേവന നികുതി: വെല്ലുവിളികളും അവസരങ്ങളും**
ഡോ. ജോസ് സെബാസ്റ്റ്യൻ

44 **ജിഎസ്ടി: നികുതി പരിഷ്ക്കരണത്തിലെ വഴിത്തിരിവ്**
ഡോ. ശചീന്ദ്രൻ. വി

47 **ചരക്കു സേവന നികുതിയും സാധാരണ ജനങ്ങളും**
ഷേബ സൂസൻ ജോർജ്, ഡോ. ജോർജി കെ.ഐ

50 **ചരക്കു സേവന നികുതി: സാധ്യതകളും ആശങ്കകളും**
പ്രൊഫ.എ. അബ്ദുൽ നിസാർ

54 **നിങ്ങൾക്കറിയാമോ?**

**അടുത്ത ലക്കം**

സെപ്തംബർ 2017

## എല്ലാവർക്കും ഭവനം

# ഒരു രാജ്യം, ഒരു നികുതി, ഒരു വിപണി

ചരക്കു സേവന നികുതി, ഈ വർഷം ജൂലൈ 1 മുതൽ യാഥാർത്ഥ്യമായതോടെ ഇന്ത്യയുടെ സാമ്പത്തിക ചരിത്രത്തിലെ ഏറ്റവും സുപ്രധാന കാലഘട്ടമായി 2017 മാറിയിരിക്കുകയാണ്. ഇന്ത്യൻ നികുതി നിർവഹണ ചരിത്രത്തിലെ വിപ്ലവകരമായ പരിഷ്കരണമായിട്ടാണ് പുതിയ നികുതി സംവിധാനം കണക്കാക്കപ്പെടുന്നത്.

വിവേകപൂർണമായ നികുതി നയങ്ങളാണ് ഒരു രാഷ്ട്രത്തിന്റെ ശക്തമായ ഭരണത്തിന്റെയും സുസ്ഥിരമായ വികസനത്തിന്റെയും മുദ്ര. ചരിത്രത്തിന്റെ കാഴ്ച്ചപ്പാടിലും ഈ വസ്തുത പ്രതിഫലിക്കുന്നുണ്ട്. മികച്ച ഭരണാധികാരികൾ എന്നു ലോകം വാഴ്ത്തിയ രാജാക്കന്മാർ, അത് മൗര്യരാകട്ടെ, ഗുപ്തരാകട്ടെ, ഇൽത്തുമിഷ് ആകട്ടെ, അക്ബർ ആകട്ടെ; രാജ്യത്ത് ശ്രേഷ്ഠമായ നികുതി സമാഹരണ സംവിധാനം അവർ ഏർപ്പെടുത്തിയിരുന്നു. രാഷ്ട്രീയ മേധാവിത്വം കൊണ്ടു മാത്രമല്ല, പിന്തുടർന്ന മികച്ച നികുതി നയങ്ങൾ കൊണ്ടു കൂടിയാണ് ഈ ഭരണാധികാരികളുടെ പേരുകൾ ചരിത്രത്തിൽ എഴുതി ചേർത്തത്.

രാജ്യത്തിന്റെ വരുമാനത്തിനും വളർച്ചയ്ക്കുമുള്ള സ്രോതസ് എന്നതിനുമപ്പുറം നികുതി സമാഹരണത്തിന് സുപ്രധാനമായ മറ്റൊരു ഉത്തരവാദിത്തം കൂടിയുണ്ട്. നികുതിദായകരായ പൗരന്മാരോട് രാജ്യത്തിനും ഭരണാധികാരികൾക്കുമുള്ള ഗൗരവപൂർണമായ ചുമതലകളെയും കൂടി അത് ഓർമ്മിപ്പിക്കുന്നു. ഫലപ്രദമായ നികുതി നിർവഹണം ഉറപ്പാക്കുന്നത്, പൊതുജനങ്ങളുടെ പണം ഉപയോഗിച്ചുള്ള സുസ്ഥിരവും ദീർഘവുമായ സാമൂഹിക ലക്ഷ്യങ്ങളും സാമ്പത്തിക വികസനവുമാണ്. ഇന്ത്യൻ നികുതി സമ്പ്രദായത്തിലെ സങ്കീർണത നികുതി ലോകത്തെ പ്രഗത്ഭരെപ്പോലും അമ്പരപ്പിച്ചിട്ടുണ്ട്. നമുക്ക് കേന്ദ്രം, സംസ്ഥാനങ്ങൾ, പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ തുടങ്ങി ഭരണത്തിന്റെ നിരവധി ശ്രേണികൾ സാധാരണക്കാരൻ മുതൽ നിർമ്മാതാക്കൾ, വ്യവസായികൾ എന്നിങ്ങനെയുള്ള പൊതുജനങ്ങളുടെ ചുമലിൽ പലതരം നികുതിഭാരമാണ് ചുമത്തുന്നത്. വർഷങ്ങളായി ഓരോ ഉത്പന്നത്തിനും ഉറവിടം മുതൽ ലക്ഷ്യസ്ഥാനം വരെ വിവിധ തലങ്ങളിൽ ഓരോരോ നികുതികൾ ഈടാക്കി വരികയായിരുന്നു. തന്മൂലം മിക്കപ്പോഴും ചരക്കുകളുടെയും സേവനങ്ങളുടെയും നികുതികൾ പലമടങ്ങായി ആവർത്തിക്കുകയും ചെയ്തിരുന്നു. സംസ്ഥാനങ്ങൾ കടന്നു പോകുന്ന ചരക്കുകളാകട്ടെ, നികുതി അടയ്ക്കുന്നതിനായി അതിർത്തികളിൽ മണിക്കൂറുകളോളം കാത്തുകെട്ടി കിടന്നിരുന്നു. ഇതുമൂലം സമയനഷ്ടം കൂടാതെ ചരക്കുകൾക്ക് കേടുപാടുകളും, ഉയർന്ന ഗതാഗത ചെലവുകളും നേരിടുക പതിവായിരുന്നു. എന്നാൽ പുതിയ സംവിധാനം ലക്ഷ്യമിടുന്നത്, രാജ്യത്തുടനീളമുള്ള ചരക്കു സേവന വിതരണത്തെ ഏക നികുതി സംവിധാനത്തിനു കീഴിലാക്കി നികുതി മേഖലയെ അടിമുടി പരിഷ്കരിക്കുക എന്നതാണ്.

'ലക്ഷ്യം നികുതി' എന്ന പ്രഖ്യാപനവുമായി ചരക്കു സേവനങ്ങളുടെ അവസാന വില്പനസ്ഥലത്ത് നിന്ന് ജിഎസ്ടി നികുതി സംഭരണം തുടങ്ങി കഴിഞ്ഞു. ഉദാഹരണത്തിന് തുണിയുടെ നികുതി അത് ഉപഭോക്താവിനു വില്ക്കുമ്പോഴാണ് ഈടാക്കുന്നത്. നിലവിൽ ഇപ്രകാരമായിരുന്നില്ല. തുണി ഉത്പാദിപ്പിക്കുന്ന മില്ലു മുതൽ ആരംഭിക്കുന്ന നികുതി നല്കൽ വിവിധ കേന്ദ്രങ്ങൾ കടന്ന് അത് വില്ക്കുന്നിടം വരെ ഈ പ്രക്രിയ തുടരുകയായിരുന്നു. അതായത് ഒരു ഉത്പന്നത്തിന് വിവിധ കേന്ദ്രങ്ങളിൽ പല തവണ ഉപഭോക്താവ് അറിയാതെ നികുതി നല്കി പോരുകയായിരുന്നു. അതിനാൽ ഏകീകൃത നികുതി സംവിധാനം ഉപഭോക്താവിനെ സംബന്ധിച്ചിടത്തോളം പ്രയോജനകരമാണ്. നികുതിയിലെ ആവർത്തനം ഒഴിവായി, വിലയും കുറഞ്ഞു. സുതാര്യത മൂലം ജിഎസ്ടി കൈകാര്യം ചെയ്യാനും എളുപ്പം. മെയ്ക്ക് ഇൻ ഇന്ത്യയിലും മറ്റും, വ്യവസായങ്ങൾ ആരംഭിക്കാനുള്ള നടപടി ക്രമങ്ങൾ ഇതോടെ ലളിതമാകും. ആഗോള സമ്പദ് വ്യവസ്ഥയിൽ സുപ്രാധാന മാതൃകയാകാനുള്ള ഇന്ത്യയുടെ പരിശ്രമത്തിന് ജിഎസ്ടി ഉത്തോലകമാകും. ആഭ്യന്തര വിപണിയിലും അന്താരാഷ്ട്ര വിപണിയിലും ഇത് നമ്മുടെ ഉത്പന്നങ്ങളെ മത്സരക്ഷമമാക്കും. അങ്ങനെ നമ്മുടെ കയറ്റുമതി മേഖലയിൽ സമഗ്രവികസനം സാധ്യമാകും.

ഇത്ര ബൃഹത്തായ സംവിധാനത്തിന് സ്വാഭാവികമായും ശക്തമായ വിവര സാങ്കേതിക വിദ്യയുടെ അടിസ്ഥാനം ആവശ്യമാണ്. ഇതിനായി വികസിപ്പിച്ചിരിക്കുന്ന ശക്തമായ 'ചരക്കു സേവന നികുതി ശൃംഖല' പരിഷ്കരണത്തിലെ മറ്റൊരു നാഴികക്കല്ലാണ്. ഈ അതുല്യ പരിഷ്കാരം ഇന്ത്യൻ സമ്പദ് വ്യവസ്ഥയുടെ സുസ്ഥിര വികസനത്തിനു വലിയ പ്രതീക്ഷയാണ് നല്കുന്നത്. രാജ്യത്ത് ഏകീകൃത ദേശീയ വിപണി സൃഷ്ടിച്ചുകൊണ്ട് 'ഒരു രാജ്യം, ഒരു നികുതി, ഒരു വിപണി' എന്ന നമ്മുടെ സ്വപ്നം യാഥാർത്ഥ്യമാക്കാൻ ഈ പരിഷ്കാരം നമ്മെ തീർച്ചയായും സഹായിക്കും.




# ജിഎസ്ടി യുഗം: 'മേക്ക് ഇൻ ഇന്ത്യ'ക്ക് ഉത്തേജനം

**അരുൺ ഗോയൽ**

രാജ്യത്ത് ജൂലൈ ഒന്നിന് ചരക്കുസേവന നികുതി അഥവാ ജി.എസ്.ടി നിലവിൽ വന്നു. പാർലമെന്റിന്റെ ചരിത്രപ്രധാനമായ സെൻട്രൽ ഹാളിൽ രാഷ്ട്രപതി പ്രണബ് മുഖർജിയുടെ സാന്നിധ്യത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദിയാണ് ജി.എസ്.ടിക്ക് തുടക്കം കുറിച്ചത്. ഒരു രാഷ്ട്രം, ഒരു നികുതി, ഒരു വിപണി എന്ന അടിസ്ഥാനപരമായ മാറ്റത്തിലേക്ക് ഇന്ത്യ ചുവടു വച്ച നിമിഷമായി അതു മാറി. ജി.എസ്.ടി നടപ്പിലാക്കുന്നതിലൂടെ നിരവധി പ്രയോജനങ്ങളാണ് എല്ലാവർക്കും മുമ്പിൽ എത്തുന്നതെന്ന് ആഗോള അനുഭവങ്ങൾ തെളിയിക്കുന്നു. പല തട്ടുകളിലായുള്ള നികുതി പിരിവിന് പകരം സംവിധാനം വരുന്നതിലൂടെ ഇന്ത്യയിലെ ഉപഭോക്താക്കൾക്ക് വിലക്കുറവിന്റെ ആനുകൂല്യം ലഭിക്കുന്നുവെന്നതാണ് ജി.എസ്.ടിയുടെ പ്രത്യേകത.

ഏകീകൃത നിരക്കിലുള്ള ഒറ്റ നികുതി രാജ്യത്താകമാനം നടപ്പിൽ വരുന്നത് വ്യവസായ വാണിജ്യ മേഖലക്ക് നൽകുന്ന ഉത്തേജനം ചെറുതല്ല. നികുതിപിരിവ് ലളിതമാക്കൽ, അതിർത്തി ചെക്ക് പോസ്റ്റുകളിലെ അനാവശ്യ തടസ്സങ്ങൾ ഇല്ലാതാക്കൽ, കുറഞ്ഞ ഗതാഗത ചെലവ്, തുടക്കം മുതൽ ഒടുക്കം വരെയുള്ള വിവര സാങ്കേതിക പിൻബലം, നികുതി വകുപ്പ് ഉദ്യോഗസ്ഥരുടെ ഇടപെടലുകളിലെ കുറവ് എന്നിവയെല്ലാം ഇതിന്റെ മറ്റു സവിശേഷതകളായി പറയാം. അസംസ്കൃത വസ്തുക്കൾ ശേഖരിക്കൽ, നിർമ്മാണ കേന്ദ്രത്തിന്റെ സ്ഥാനം, സംഭരണ സംവിധാനം തുടങ്ങിയ കാര്യങ്ങളിൽ യുക്തിസഹമായ തീരുമാനം എടുക്കാൻ ഉത്പാദകർക്കു സാധിക്കും. കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾക്കു ഊർജ്ജിതമായ നികുതി പിരിവും അതിന്മേലുള്ള കുറഞ്ഞ ചെലവും ദർശിക്കാം. വസ്തുക്കൾ നികുതി ഭാരം കൂടാതെ കയറ്റി അയയ്ക്കാമെന്നതിനാൽ ചരക്കുകളുടെയും സേവനങ്ങളുടെയും കയറ്റുമതി കൂടുതൽ മത്സര ക്ഷമമാകും. ആയാസരഹിതമായി വ്യവസായം ചെയ്യുവാനുള്ള സാഹചര്യങ്ങൾ ഒരുങ്ങുന്നതും വില കുറഞ്ഞ ഇറക്കുമതി സാധനങ്ങളിൽ നിന്നുള്ള സംരക്ഷണവും മേയ്ക് ഇൻ ഇന്ത്യ പരിപാടിക്ക് നവോന്മേഷം പകരുമെന്നത് തീർച്ച. ഇറക്കുമതി ചെയ്യുന്നവക്ക് അടിസ്ഥാന കസ്റ്റംസ് തീരുവക്ക് പുറമേ സംയോജിത ജി.എസ്.റ്റിയും ചുമത്തണമെന്നതാണ് നിയമം. ഇതെല്ലാം കൂടിയാകുമ്പോൾ ഹ്രസ്വ-ദീർഘ കാലയളവിൽ ഇന്ത്യയുടെ മൊത്തം ആഭ്യന്തര ഉത്പാദനം (ജിഡിപി) ഉയരാൻ കളമൊരുങ്ങുകയാണ്.

### ഭരണഘടനാ ഭേദഗതിയുടെ ആവശ്യം

ജി.എസ്.ടി നടപ്പാക്കിയ രാജ്യങ്ങളിൽ, ചിലയിടങ്ങളിൽ ഒഴികെ, അതിന് ഏക സ്വഭാവമാണ് ഉള്ളത്. ഒന്നുകിൽ കേന്ദ്ര ഗവൺമെന്റോ അല്ലെങ്കിൽ സംസ്ഥാന ഗവൺമെന്റോ നികുതി ചുമത്തുന്നു. കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിലുള്ള സാമ്പത്തിക കാര്യങ്ങൾ കേന്ദ്രപട്ടിക, സംസ്ഥാന പട്ടിക എന്നിങ്ങനെ ഭരണഘടനയിൽ വേർതിരിച്ചിരുന്നതിനാൽ ജി.എസ്.റ്റി അവതരിപ്പിക്കുന്നതിന് ഭരണഘടനാ ഭേദഗതി വേണ്ടിവന്നു.

ഉത്പാദിപ്പിക്കുന്ന വസ്തുക്കളിൽ നികുതി ചുമത്താൻ കേന്ദ്രത്തിന് അവകാശമുണ്ട്. (മനുഷ്യ ഉപയോഗത്തിനുള്ള മദ്യം, കറുപ്പ്, മയക്കുമരുന്ന് ഒഴികെ). അതേപോലെ വില്പനയിൽ നികുതി പിരിക്കാൻ സംസ്ഥാനങ്ങൾക്കും അവകാശമുണ്ട്. സംസ്ഥാനാന്തര വില്പനയിൽ കേന്ദ്രമാണ് നികുതി പിരിച്ചിരുന്നത് (കേന്ദ്ര വില്പന നികുതി). എന്നാൽ നികുതി പിരിക്കുന്നതും കൈവശം വയ്ക്കുന്നതും സംസ്ഥാനങ്ങളാണ്. സേവനങ്ങളുടെ കാര്യത്തിൽ സേവന നികുതി കേന്ദ്രത്തിന് മാത്രം അവകാശപ്പെട്ടതാണ്. രണ്ട് ഗവൺമെന്റുകൾക്കും വ്യത്യസ്ത ചുമതലകൾ നിർവഹിക്കാൻ ഉണ്ടെന്നിരിക്കെ, ഭരണഘടനയിൽ നിർവചിച്ചിട്ടുള്ളത് അനുസരിച്ച്, കേന്ദ്രവും സംസ്ഥാനങ്ങളും വിഭവ സമാഹരണം നടത്തേണ്ടതുണ്ട്. അതിനാലാണ് കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളെ ജി.എസ്.റ്റി പിരിക്കാനും ഈടാക്കാനും അധികാരപ്പെടുത്തുന്ന വിധത്തിൽ ഭരണഘടനാ ഭേദഗതി അനിവാര്യമായത്.

## ഇന്ത്യയിൽ ജി.എസ്.റ്റിയിലേക്കുള്ള യാത്ര

ലോകത്തിൽ 160 ഓളം രാജ്യങ്ങളിൽ നടപ്പിലാക്കിയ ജി.എസ്.ടി ആദ്യം നിലവിൽ വന്നത് 1954 ൽ ഫ്രാൻസിലാണ്. സമ്പദ്‌വ്യവസ്ഥക്ക് ജി.എസ്.ടി കൊണ്ടുവരുന്ന നേട്ടങ്ങൾ പരിഗണിച്ച് അത് നടപ്പാക്കുന്നത് ഇന്ത്യയിൽ ഏറെ നാളായി പരിഗണനയിലുണ്ട്. രാജ്യത്ത് ജി.എസ്.റ്റി നടപ്പിലാക്കാനുള്ള യാത്ര പല രാഷ്ട്രീയ നേതാക്കന്മാരുടെയും സാമ്പത്തിക ചിന്തകരുടെയും കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളിലെ ഉദ്യോഗസ്ഥരുടെയും അക്ഷീണ പരിശ്രമങ്ങളുടെ ഫലമായാണ്. 2000 ൽ അന്നത്തെ പ്രധാനമന്ത്രി അടൽ ബിഹാരി വാജ്പേയിയുടെ നേതൃത്വത്തിലാണ് ജി.എസ്.റ്റി നടപ്പാക്കണമെന്ന ചിന്ത ഉരുത്തിരിഞ്ഞത്. പശ്ചിമ ബംഗാൾ ധനകാര്യമന്ത്രി അസിം ദാസ് ഗുപ്തയുടെ നേതൃത്വത്തിൽ ഒരു ജി.എസ്.റ്റി മാതൃകക്ക് രൂപം നൽകാനായി ഒരു സമിതിയെ തുടർന്ന് നിയോഗിച്ചു. തുടർന്ന് 2003 ൽ നികുതി പരിഷ്കരണങ്ങൾ നിർദ്ദേശിക്കുന്നതിനായി വിജയ് കേൽക്കറുടെ നേതൃത്വത്തിൽ മറ്റൊരു ദൗത്യസംഘത്തിനും രൂപം നൽകി. 2006 ഫെബ്രുവരി 28 ന് പൊതുബജറ്റ് അവതരിപ്പിച്ച അന്നത്തെ ധനമന്ത്രി 2010 ഏപ്രിൽ ഒന്ന് മുതൽ ജി.എസ്.ടി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചു. സംസ്ഥാന നികുതി ഘടന രൂപപ്പെടുത്താൻ നിയുക്തമായ സംസ്ഥാന ധനകാര്യമന്ത്രിമാരുടെ സമിതിയോട് ജി.എസ്.റ്റി ഘടനയും മറ്റ് മാർഗ്ഗരേഖകളും തയ്യാറാക്കാനും നിർദ്ദേശിച്ചു. കേന്ദ്രത്തിന്റെയും സംസ്ഥാനങ്ങളുടെയും പ്രതിനിധികൾ അടങ്ങിയ സംയുക്ത പ്രവർത്തക സംഘം ജി.എസ്.റ്റി നടപ്പാക്കുന്നതിന്റെ വിവിധ വശങ്ങളും ഇളവുകൾ, അന്തർ സംസ്ഥാന വ്യാപാരത്തിലെ നിരക്കുകൾ, സേവനങ്ങളുടെ നികുതി നിരക്കുകൾ, അന്തർ സംസ്ഥാന വ്യാപാരത്തിലെ നിരക്കുകൾ തുടങ്ങിയവയും പരിശോധിച്ചു. സമഗ്രമായ ചർച്ചകളുടെ അടിസ്ഥാനത്തിൽ ഇതു സംബന്ധിച്ച ആദ്യ ചർച്ചാരേഖ മന്ത്രിതല സമിതി 2009 നവംബറിൽ പുറത്തിറക്കി. ഇന്നത്തെ ജി.എസ്.റ്റി ഘടനക്ക് അടിസ്ഥാനമായത് ഇത് തന്നെയാണ്.

ജി.എസ്.റ്റി നടപ്പാക്കുന്നതിന് ഭരണഘടനാ ഭേദഗതി ആവശ്യമായിരുന്നതിനാൽ ഇതിന് രാഷ്ട്രീയ സമവായം ആവശ്യമായിരുന്നു. എന്നാൽ ദീർഘകാലം ഇക്കാര്യത്തിൽ മുന്നേറാനായില്ല. ഇപ്പോഴത്തെ കേന്ദ്ര ഗവൺമെന്റ് അധികാരമേറ്റെടുത്തതോടെയാണ് ഇന്ത്യയിൽ ജി.എസ്.റ്റി നടപ്പാക്കാനുള്ള ഉദ്യമങ്ങൾക്ക് വേഗം ആർജിക്കാനായത്. ഭരണഘടനയുടെ 122-ാം ഭേദഗതി ബിൽ 2014 ഡിസംബർ 19 ന് ലോകസഭയിൽ അവതരിപ്പിക്കുകയും 2015 മെയിൽ പാസ്സാക്കുകയും ചെയ്തു. തുടർന്ന് രാജ്യസഭയിലെത്തിയ ബിൽ 2015 മെയ് 14 ന് രാജ്യസഭയുടെയും ലോകസഭയുടെയും സെലക്ട് കമ്മറ്റിക്ക് വിട്ടു. കമ്മിറ്റി 2015 ജൂലൈ 22 ന് റിപ്പോർട്ട് സമർപ്പിച്ചു. തുടർന്ന് നടപടികൾ വേഗത്തിലായിരുന്നു. സമവായത്തിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ ഭരണഘടനാ ഭേദഗതി ബിൽ 2016 ഓഗസ്റ്റ് ഒന്നിന് അവതരിപ്പിച്ചു. ബിൽ രാജ്യസഭ 2016 ഓഗസ്റ്റ് മൂന്നിനും ലോകസഭ ഓഗസ്ററ് എട്ടിനും പാസ്സാക്കി. സംസ്ഥാന നിയമസഭകളുടേയും രാഷ്ട്രപതിയുടെയും അംഗീകാരത്തിനുശേഷം ഭരണഘടനാഭേദഗതി, ഭരണഘടന (101-ാം ഭേദഗതി), നിയമം, 2016 ആയി സെപ്തംബർ എട്ടിന് വിജ്ഞാപനം ചെയ്തു. ഇന്ത്യയിൽ ചരക്കു-സേവന നികുതി നടപ്പാക്കുന്നതിന് ഈ ഭരണഘടനാ ഭേദഗതി വഴിയൊരുക്കി.

## ഭരണഘടന (101-ാം ഭേദഗതി) നിയമം, 2016

ചരക്കു സേവന നികുതി നിശ്ചയിക്കാനും ഈടാക്കാനും ഈ ഭരണഘടനാ ഭേദഗതി കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കും അധികാരം നൽകുന്നു. മദ്യം ഒഴികെ (ഉല്പന്നങ്ങളുടെയോ സേവനങ്ങളുടെയോ) രണ്ടിന്മേലോ ഉള്ള വിതരണത്തിന് മേലുള്ള നികുതിയാണ് ജി.എസ്.റ്റി. ഭരണഘടനയിൽ ജി.എസ്.റ്റി യെ നിർവചിച്ചിരിക്കുന്നതിലൂടെയാണ് മനുഷ്യ ഉപയോഗത്തിനുള്ള ആൽക്കഹോൾ ജി.എസ്.റ്റി പരിധിയിൽ നിന്ന് ഒഴിവാക്കിയിരിക്കുന്നത്. നേരെമറിച്ച്, ക്രൂഡോയിൽ, പെട്രോൾ, ഡീസൽ, പ്രകൃതി വാതകം, വിമാന ഇന്ധനം എന്നീ അഞ്ച് പെട്രോളിയം ഉല്പന്നങ്ങൾ തൽക്കാലത്തേക്ക് ജി.എസ്.റ്റി പരിധിയിൽ നിന്ന് ഒഴിവാക്കിയിരിക്കുകയാണ്. ഇവ എന്നു മുതൽ ജി.എസ്.റ്റി. പരിധിയിൽ കൊണ്ടുവരണമെന്ന് ജി.എസ്.റ്റി. കൗൺസിലിന് തീരുമാനിക്കാൻ അധികാരമുണ്ട്. സംസ്ഥാനാന്തര ചരക്കു-സേവന നീക്കത്തിന് കേന്ദ്രത്തിന് ജി.എസ്.റ്റി നിരക്ക് നിശ്ചയിക്കാം, ഈടാക്കുകയും ചെയ്യാം. ലക്ഷ്യസ്ഥാനത്തെ അടിസ്ഥാനമാക്കിയ ഉപഭോഗ നികുതിയായ ജി.എസ്.റ്റി അങ്ങനെ നികുതി പിരിവിന്റെ കാര്യത്തിലും, ചരക്കും സേവനങ്ങളും ഒരു സംസ്ഥാനത്തു നിന്ന് മറ്റൊന്നിലേക്ക് കടക്കുമ്പോൾ പോലും, അതിർവരമ്പുകൾ നീക്കുന്നു.

## ജി.എസ്.ടി. കൗൺസിൽ

ജി.എസ്.റ്റി കൗൺസിൽ രൂപീകരിക്കാനുള്ള വ്യവസ്ഥയാണ് ഭരണഘടനാ ഭേദഗതിയുടെ സവിശേഷത. കേന്ദ്ര ധനമന്ത്രി ചെയർമാനും റവന്യൂ ചുമതലയുള്ള സഹമന്ത്രിയും 29 സംസ്ഥാനങ്ങളിലെയും ഡൽ

ഹി, പുതുച്ചേരി എന്നീ നിയമസഭകളോട് കൂടിയ കേന്ദ്ര ഭരണ പ്രദേശങ്ങളുടെയും ധനകാര്യമന്ത്രിമാരും അംഗമായിട്ടുള്ളതാണ് കൗൺസിൽ. രാജ്യത്ത് ഉല്പന്നങ്ങളുടെയും സേവനങ്ങളുടേയും ദേശീയ വിപണി സാധ്യമാക്കുന്നതിനായി കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിലും വിവിധ സംസ്ഥാനങ്ങൾ തമ്മിലും നികുതി ഏകീകരണം സാധ്യമാക്കുകയെന്നതാണ് കൗൺസിൽ ലക്ഷ്യം. താഴെ പറയുന്ന കാര്യങ്ങളിൽ കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കും ശുപാർശകൾ സമർപ്പിക്കാൻ കൗൺസിൽ കടപ്പെട്ടിരിക്കുന്നു.

1. ജി.എസ്.റ്റി. വരുമ്പോൾ ഇല്ലാതാകുന്നതും കേന്ദ്ര സംസ്ഥാന തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഈടാക്കി വന്നതുമായ നികുതികൾ, സെസ്സുകൾ, സർചാർജുകൾ എന്നിവ സംബന്ധിച്ച റിപ്പോർട്ട്.

2. ജി.എസ്.റ്റി.യുടെ പരിധിയിൽ വരുന്നതും ഒഴിവാക്കപ്പെടുന്നതുമായ ഉല്പന്നങ്ങളും സേവനങ്ങളും.

3. പെട്രോളിയം, ക്രൂഡ് ഓയിൽ, ഡീസൽ, പെട്രോൾ, പ്രകൃതിവാതകം, വിമാന ഇന്ധനം എന്നിവ ജി.എസ്.റ്റി. പരിധിയിൽ കൊണ്ടുവരുന്ന തീയതി നിശ്ചയിക്കുക.

4. മാതൃകാ ജി.എസ്.റ്റി. നിയമങ്ങൾ, തത്വങ്ങൾ, നികുതി വീതം വയ്ക്കൽ, വിതരണ സ്ഥലം നിശ്ചയിക്കാനുള്ള തത്വങ്ങൾ എന്നിവ നിജപ്പെടുത്തുക.

5. ജി.എസ്.റ്റി. യുടെ പരിധിയിൽ നിന്ന് ഒഴിവാക്കപ്പെടുന്നതിനുള്ള വിറ്റുവരവ് പരിധി നിശ്ചയിക്കൽ.

6. ജി.എസ്.റ്റി നികുതി ഘടന തയ്യാറാക്കുക.

7. പ്രകൃതി ദുരന്തങ്ങൾ ഉണ്ടാകുകയോ മറ്റോ ചെയ്താൽ പ്രത്യേക നിരക്കുകൾ നിശ്ചിത കാലത്തേക്ക് നിജപ്പെടുത്തുക.

8. വടക്കുകിഴക്കൻ സംസ്ഥാനങ്ങൾ, ജമ്മുകാശ്മീർ, ഹിമാചൽ പ്രദേശ്, ഉത്തരാഖണ്ഡ് എന്നിവയ്ക്കുള്ള പ്രത്യേക പരിഗണന.

9. കൗൺസിൽ നിശ്ചയിക്കുന്ന ജി.എസ്.റ്റി.യുമായി ബന്ധപ്പെട്ട മറ്റ് വിഷയങ്ങൾ.

ഹാജരുള്ളതും വോട്ട് ചെയ്യുന്നതുമായ അംഗങ്ങളുടെ നാലിൽ മൂന്ന് ഭൂരിപക്ഷത്തോടെയുള്ള അംഗീകാരം കൗൺസിൽ തീരുമാനങ്ങൾക്ക് വേണം. കേന്ദ്ര ഗവൺമെന്റിന്റെ വോട്ടിന് മൊത്തം പോൾ ചെയ്ത വോട്ടിന്റെ മൂന്നിലൊന്ന് മൂല്യവും മറ്റെല്ലാ സംസ്ഥാനങ്ങൾക്കും കൂടി പോൾ ചെയ്തതിന്റെ മൂന്നിൽ രണ്ടും മൂല്യവും നിജപ്പെടുത്തിയിരിക്കുന്നു. പകുതി അംഗങ്ങൾ ചേരുന്നതാണ് കൗൺസിൽ ക്വോറം. കേന്ദ്രത്തിനോ സം സ്ഥാനങ്ങൾക്കോ ഏകപക്ഷീയമായി തീരുമാനമെടുക്കാൻ കഴിയാത്ത വിധത്തിലാണ് വോട്ടിന്റെ മൂല്യം നിശ്ചയിച്ചിരിക്കുന്നത്. കേന്ദ്രത്തിന് 33% വോട്ട് മൂല്യം മാത്രമുള്ളതിനാൽ കൗൺസിൽ തീരുമാനങ്ങൾക്ക് ഭൂരിപക്ഷം സംസ്ഥാനങ്ങളുടെയും അംഗീകാരം അനിവാര്യമാണ്. എന്നാൽ, കൗൺസിലിന്റെ ഇതേവരെയുള്ള തീരുമാനങ്ങളെല്ലാം തന്നെ സമവായത്തിലൂടെയാണ് ഉണ്ടായത് എന്നത് പ്രത്യേകം പ്രസ്താവ്യമാണ്. വോട്ട് ചെയ്യേണ്ടിവന്നിട്ടില്ല എന്ന് ചുരുക്കം.

## ജി.എസ്.ടി. കൗൺസിലിന്റെ പ്രവർത്തനം:

2017 ജൂലൈ ഒന്നിന് ജി.എസ്.റ്റി. നടപ്പിൽ വരുന്നതിന് മുമ്പ് 18 യോഗങ്ങൾ കൂടിയ ജി.എസ്.റ്റി. കൗൺസിൽ വിവിധ വിഷയങ്ങളിൽ സമവായം വളർത്തിയെടുക്കുന്നതിൽ വഹിച്ച പങ്ക് നിസ്തുലമാണ്. ഒരു ഘട്ടത്തിൽ അസാധ്യമെന്ന് തോന്നിച്ചവയാണ് ഇവയിൽ പലതും. കേന്ദ്ര ജി.എസ്.റ്റി. ,സംസ്ഥാന ജി.എസ്.റ്റി., കേന്ദ്രഭരണ പ്രദേശ ജി.എസ്.റ്റി., സംയോജിത ജി.എസ്.റ്റി., സംസ്ഥാനങ്ങൾക്കുള്ള നഷ്ട പരിഹാരം, ജി.എസ്.റ്റി. ചട്ടങ്ങൾ എന്നിവ ചുരുക്കം യോഗങ്ങൾക്കുള്ളിൽ തന്നെ സാധ്യമാക്കാൻ കൗൺസിലിന് കഴിഞ്ഞു. അധികാരം വേർതിരിക്കലും കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിൽ നികുതി ദായകരെ പങ്കുവയ്ക്കലും മറ്റും നടത്തിയത് കൊടുക്കൽ വാങ്ങലിന്റെ യഥാർത്ഥ അർത്ഥത്തിൽ തന്നെയാണ്. സംസ്ഥാനങ്ങളിൽ മൂല്യ വർദ്ധിതനികുതി, വാറ്റ് എന്നിവ വ്യത്യാസപ്പെട്ടിരുന്നുവെങ്കിലും ഉല്പന്നങ്ങളും സേവനങ്ങളുമെല്ലാം വ്യത്യസ്ത സ്ലാബുകളിൽ സുഗമമായി ഉൾപ്പെടുത്താൻ കഴിഞ്ഞത് ചില്ലറ നേട്ടമല്ല. കേന്ദ്രവും സംസ്ഥാനങ്ങളും തങ്ങളുടെ പരമാധികാരം പങ്കുവയ്ക്കാനും പരസ്പരം ധനപങ്കാളിത്തം ഉറപ്പ് വരുത്താനും കഴിയുന്ന സഹകരണ ഫെഡറലിസത്തിന്റെ ഉത്തമ മാതൃകയാണ് ജി.എസ്.റ്റി. കൗൺസിൽ എന്ന ഭരണഘടനാ സ്ഥാപനം കാട്ടിത്തന്നത്. അവിശ്വസനീയമായ തീരുമാനങ്ങളാണ് സമവായത്തിലൂടെ കൗൺസിൽ ധന്നികുതി രംഗത്ത് കൈക്കൊണ്ടത്. കേന്ദ്രവും സംസ്ഥാനങ്ങളും ഒത്തുചേർന്ന് പ്രവർത്തിക്കേണ്ട മറ്റ് രംഗങ്ങളിലും പകർത്താവുന്ന ഉത്തമ മാതൃകയാണ് ജി.എസ്.റ്റി. കൗൺസിൽ എന്നതിൽ സംശയമില്ല.

## സംസ്ഥാനങ്ങൾക്കുള്ള നഷ്ടപരിഹാരം

ജി.എസ്.റ്റി ഉപഭോഗ ലക്ഷ്യസ്ഥാനത്തെ ആശ്രയിച്ചുള്ള നികുതിയായതിനാൽ, അത് നിലവിൽ വരുന്നതോടെ തങ്ങളുടെ വരുമാനത്തിൽ കുറവുണ്ടാകുമെന്ന് ഉത്പാദക സംസ്ഥാനങ്ങൾ ഭയപ്പെട്ടിരുന്നു. അതിനാൽ അത്തരത്തിൽ നഷ്ടം നേരിടുന്ന സംസ്ഥാനങ്ങൾക്ക് അഞ്ചു വർഷത്തേക്ക് നഷ്ടപരിഹാരം നൽകണമെന്ന് ഭരണഘടനാ ഭേദഗതി നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ജി.എസ്.റ്റി കൗൺസിലിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഇതിനായി 2017 ലെ ചരക്കുസേവന നികുതി സംസ്ഥാനങ്ങൾക്കുള്ള നഷ്ടപരിഹാര നിയമത്തിന് രൂപം നൽകി. 2015-16 വർഷമായിരിക്കും ഇതിനായി വരുമാനം കണക്കാക്കാനുള്ള അടിസ്ഥാന വർഷമായി എടുക്കുക. തുടർന്ന് 14% വാർഷിക വളർച്ചയും കണക്കാക്കും. വരുമാന നഷ്ടമുണ്ടായാൽ സംസ്ഥാനങ്ങൾക്ക് നികത്തുന്നതിനായി സെസ് ചുമത്തുവാനും നിയമം വ്യവസ്ഥ ചെയ്യുന്നു. ആഡംബര വസ്തുക്കളിന്മേലാണ് ഈ സെസ് ചുമത്തുക.

## നികുതി നിരക്ക് തീരുമാനിക്കൽ:

നികുതി നിരക്കുകൾ നിശ്ചയിക്കുകയെന്ന

ലക്ഷ്യത്തിലേക്ക് നീങ്ങാൻ ജി.എസ്.റ്റി കൗൺസിലിന് മുന്നിൽ വിഷമമേറിയ മൂന്ന് വിഷയങ്ങളാണുണ്ടായിരുന്നത്. ഒന്നാമത്, സമൂഹത്തിലെ ദരിദ്ര ജനവിഭാഗങ്ങളുടെ താല്പര്യങ്ങൾ സംരക്ഷിക്കപ്പെടുമെന്ന് ഉറപ്പാക്കുകയും ആവശ്യവസ്തുക്കൾ താങ്ങാവുന്ന വിലക്ക് തന്നെ ലഭ്യമാക്കുകയും ചെയ്യുക. രണ്ടാമത്, കേന്ദ്രത്തിന്റെയും സംസ്ഥാനങ്ങളുടെയും റവന്യൂ വരുമാനം സംരക്ഷിക്കുക. ഉൽപന്നങ്ങളുടെ മേലുള്ള നികുതി നിരക്കുകൾ ഇപ്പോഴത്തേതിൽ നിന്ന് കാര്യമായി വർദ്ധിക്കുകയോ കുറയുകയോ ചെയ്യുന്നില്ലെന്ന് ഉറപ്പാക്കുകയെന്നതായിരുന്നു മൂന്നാമത്തെ കാര്യം. ഇക്കാര്യങ്ങൾ കണക്കിലെടുത്തും ദീർഘമായ കൂടിയാലോചനകൾക്കു ശേഷവും ആണ് 5%, 12%, 18%, 28% എന്നീ നാല് നികുതി സ്ലാബുകൾ അംഗീകരിക്കപ്പെട്ടത്. ഇതുകൂടാതെ നികുതി ഒഴിവുള്ള വിഭാഗവും ഉണ്ട്.

**ചെറുകിട ഇടത്തരം വ്യവസായങ്ങളെ സംരക്ഷിക്കൽ:**

ചെറുകിട-ഇടത്തരം വ്യവസായങ്ങളുടെ സംരക്ഷണത്തിനായി ജി.എസ്.റ്റി വ്യവസ്ഥയിൽ പല നിർദ്ദേശങ്ങളാണുള്ളത്. പ്രതിവർഷ വിറ്റുവരവ് 20 ലക്ഷത്തിൽ താഴെയുള്ള പ്രത്യേക പദവിയുള്ള സംസ്ഥാനങ്ങളിൽ 10 ലക്ഷം രൂപ വരെയുള്ള സംരംഭങ്ങൾ ജി.എസ്.റ്റിയിൽ രജിസ്റ്റർ ചെയ്യേണ്ടതില്ല. അത്തരം ചെറുകിട സംരംഭങ്ങൾ ജി.എസ്.റ്റി പരിധിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിരിക്കുന്നു. മുൻ സാമ്പത്തിക വർഷം 75 ലക്ഷം രൂപ വിറ്റുവരവുള്ളവർ റിട്ടേണുകൾ മൂന്നുമാസം കൂടുമ്പോൾ സമർപ്പിക്കുവാനുള്ള സൗകര്യവും ജി.എസ്.റ്റിയിലുണ്ട്. ചരക്കുകൾ കൈകാര്യം ചെയ്യുന്നവരും റെസ്റ്റോറന്റ് ഉടമകളും ഈ രീതി മാത്രമെ സ്വീകരിക്കാൻ പാടുള്ളൂ. കോംപോസിഷൻ സ്കീം എന്നറിയപ്പെടുന്ന ഈ രീതിയനുസരിച്ച് ഉത്പാദകൻ ഒരു ശതമാനം എന്ന നിരക്കിലും റസ്റ്റോറന്റ് ഉടമ രണ്ടര ശതമാനം നിരക്കിലും വ്യാപാരികൾ 0.5% എന്ന നിരക്കിലും നി കുതി അടയ്ക്കണം. എന്നാൽ, അന്തർ സംസ്ഥാന വിതരണം നടത്തുന്ന സേവന ദാതാക്കളും നികുതി ദായകരും ഈ-കോമേഴ്സ് വ്യാപാരികളും കോംപോസിഷൻ സ്കീമിന് അർഹരല്ല.

**നികുതി ചോർച്ചയും അഴിമതിയും തടയൽ:**

ഇൻവോയിസുകൾ തമ്മിൽ ഒത്തുനോക്കുവാനുള്ള സംവിധാനം ഇന്ത്യയിലെ ജി.എസ്.റ്റിയിൽ ഉണ്ട്. വാങ്ങുന്നയാൾക്കു ലഭിച്ച വസ്തുക്കളിന്മേലുള്ള നികുതിയും വിതരണക്കാരൻ വാങ്ങിയ വസ്തുക്കളിന്മേലുള്ള നികുതിയും തമ്മിൽ പൊരുത്തപ്പെട്ടെങ്കിൽ മാത്രമെ അവയുടെ നികുതി ക്രെഡിറ്റ് ചെയ്യപ്പെടുകയുള്ളൂ. പ്രതിമാസം മൂന്ന് ബില്യൺ ഇൻവോയ്സുകൾ കൈകാര്യം ചെയ്യാനുള്ള ശേഷിയാണ് ജി.എസ്.റ്റി നെറ്റ്വർക്കിനുള്ളത്. സ്വയം നിയന്ത്രിത സംവിധാനമായിട്ടാകും ഇതിന്റെ പ്രവർത്തനം. നികുതി തട്ടിപ്പു തടയുക മാത്രമല്ല, സമ്പദ് ഘടനയിലേക്ക് കൂടുതൽ വ്യാപാരവും വ്യവസായവും ആകർഷിക്കപ്പെടാനും ഇത് വഴിയൊരുക്കും. പുതിയ ജി.എസ്.റ്റി സംവിധാനത്തിൽ ഒരു നികുതി ദായകന് ഒറ്റ പോർട്ടലിൽ തന്നെ രജിസ്റ്റർ ചെയ്യാനും റിട്ടേണുകൾ സമർപ്പിക്കാനും നികുതി അടയ്ക്കാനും സാധിക്കുന്നു. അപൂർവ്വ അവസരങ്ങളിൽ നികുതി ദായകന് നികുതി ഉദ്യോഗസ്ഥരെ കാണേണ്ടി വന്നാൽ തന്നെ കേന്ദ്രത്തിന്റെയോ സംസ്ഥാനത്തിന്റെയോ ഏതെങ്കിലും ഒരു അധികൃത സ്ഥാനത്ത് ബന്ധപ്പെട്ടാൽ മതിയാകും. നികുതി വെട്ടിപ്പിനുള്ള അവസരങ്ങൾ ഇല്ലെന്ന് തന്നെ പറയാമെന്നതിനാലും അധികൃതരുമായി ബന്ധപ്പെടേണ്ട അവസരങ്ങൾ ഇല്ലെന്നതിനാലും അഴിമതി നടക്കാനുള്ള സാധ്യതയും മങ്ങുന്നു.

2017 ജൂലൈ ഒന്നുമുതൽ നടപ്പിലായ ജി.എസ്.ടി ഇന്ത്യയിൽ സമൂല മാറ്റത്തിന് ഇടവരുത്തുന്ന പരിഷ്കാരമാണ്. രാജ്യത്ത് വ്യവസായ-വ്യാപാരങ്ങൾ നടത്തുന്ന രീതിയും മാറിക്കഴിഞ്ഞു. ഔപചാരിക സമ്പദ് വ്യവസ്ഥയിലേക്ക് കൂടുതൽ വ്യവസായങ്ങളെ ആകർഷിക്കുന്ന ജി.എസ്.ടിയെ എല്ലാവരും തന്നെ സ്വാഗതം ചെയ്യുകയാണ്. സമൂലമായ മാറ്റം കൊണ്ടുവരുന്നതിനാൽ അല്പം പ്രയാസങ്ങളും കണ്ടേക്കാം. പരിവർത്തനം സുഗമമാണെന്ന് ഉറപ്പ് വരുത്താൻ കേന്ദ്ര -സംസ്ഥാന തലങ്ങളിലുള്ള ഭരണകൂടങ്ങൾ നിതാന്ത ശ്രമത്തിലാണ്. ഇപ്പോൾ ഉണ്ടാകുന്ന ചെറിയ പ്രയാസങ്ങളിൽ നിന്നുള്ള പ്രതിഫലം ഉപയോഗപ്രദവും നിസീമവും ദീർഘനാൾ നിലനിൽക്കുന്നതുമാണ്.

*(പുതുതായി രൂപവത്ക്കരിക്കപ്പെട്ട ജിഎസ്ടി കൗൺസിലിൽ അഡീഷണൽ സെക്രട്ടറിയാണ് ലേഖകൻ)*

## വിജ്ഞാന പാത

### ഉജ്ജ്വല യോജനാ ഗുണഭോക്താക്കളുടെ എണ്ണം രണ്ടരക്കോടി പിന്നിട്ടു

ദാരിദ്ര്യ രേഖക്കു താഴെയുള്ളവർക്ക് സൗജന്യ പാചക വാതക കണക്ഷൻ നൽകുന്ന പദ്ധതിയായ ഉജ്ജ്വല യോജന(UJJWALA YOJANA)യുടെ ഗുണഭോക്താക്കളുടെ എണ്ണം രണ്ടരക്കോടി കവിഞ്ഞു. ഈ നേട്ടത്തിൽ പ്രധാനമന്ത്രി സംതൃപ്തി പ്രകടിപ്പിച്ചു. 2019 -ഓടെ രാജ്യത്തെ നിർധനരായ അഞ്ചുകോടി കുടുംബങ്ങൾക്ക് സൗജന്യ എൽപിജി കണക്ഷൻ എത്തിക്കാനാണ് ഉജ്ജ്വല യോജന ലക്ഷ്യമിടുന്നത്.

'ഉജ്ജ്വല യോജന കൂടുതൽ പേരിലേക്ക് എത്തിക്കൊണ്ടിരിക്കുകയാണ്. ഗുണഭോക്താക്കളുടെ എണ്ണം രണ്ടരക്കോടി പിന്നിട്ടു എന്നത് സന്തോഷം പകരുന്നു. പശ്ചിമബംഗാളിലെ ജങ്കിപ്പൂരിൽ ഗുണഭോക്താക്കൾക്കു പാചകവാതക കണക്ഷനുകൾ വിതരണം ചെയ്ത രാഷ്ട്രപതിയുടെ സവിശേഷമായ നടപടിക്കു ഞാൻ നന്ദി അറിയിക്കുന്നു.' പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു.

# ജിഎസ്ടി: ഇന്ത്യൻ നികുതി ചരിത്രത്തിലെ നാഴികക്കല്ല്

**ടി. എൻ. അശോക്**

'ഒരൊറ്റ ഇന്ത്യ ഒരൊറ്റ നികുതി' അഥവാ ജിഎസ്ടി നിക്ഷേപം ആകർഷിക്കുകയും ബിസിനസ് ചെയ്യുന്നത് എളുപ്പവുമാക്കുകയും ചെയ്യും. 2017 ജൂൺ 30 അർധരാത്രി ഒരു ചരിത്ര മുഹൂർത്തത്തിനു സാക്ഷ്യം വഹിച്ചു കഴിഞ്ഞു. എന്നാൽ ഈ അർദ്ധരാത്രിയും സ്വാതന്ത്ര്യത്തിന്റെ മഹാസന്തോഷ വികാരത്തള്ളൽ കണ്ട 1947 ഓഗസ്റ്റ് 14-ലെ അർധരാത്രിയും തമ്മിൽ ഒരു തരത്തിലുമുള്ള താരതമ്യമില്ല. എന്നാൽ ഉയർന്ന താഴികക്കുടത്താൽ പ്രൗഢഗംഭീരമായ പാർലമെന്റിന്റെ സെൻട്രൽ ഹാൾ രാഷ്ട്രപതിയുടേയും പ്രധാനമന്ത്രിയുടേയും സാന്നിധ്യം കൊണ്ടും മറ്റും പരമാർത്ഥത്തിൽ 1947-നെ ഓർമിപ്പിച്ചിരുന്നു. ഇത്തവണ സാമ്പത്തിക സ്വാതന്ത്ര്യത്തിന്റെ പ്രഖ്യാപനമായിരുന്നു ഇവിടെ; അന്ന് രാഷ്ട്രീയ സ്വാതന്ത്ര്യത്തിന്റെയും.

'ഒറ്റ രാജ്യം, ഒറ്റ നികുതി' എന്ന സിദ്ധാന്തത്തിലൂടെ രാജ്യത്തൊട്ടാകെ ഒറ്റ വിപണിയാണ് കേന്ദ്രസർക്കാർ ആഗ്രഹിക്കുന്നത്. ഇത് തടസങ്ങളില്ലാതെ രാജ്യമൊട്ടാകെ ചരക്കു നീക്കം സാധ്യമാക്കുന്നു. ഉത്പാദകർക്കും നിക്ഷേപകർക്കും ഇത് ആശ്വാസം നൽകുന്ന സംഗതിയാണ്. ഇന്ത്യൻ നികുതി സംവിധാനത്തെ ആഗോള നിലവാരവുമായും അത്തരം മാതൃകകളുമായും, പ്രത്യേകിച്ചു രാജ്യത്തിന്റെ മുഖ്യ വ്യാപാര പങ്കാളികളായ യുഎസിന്റേയും യൂറോപ്പിന്റേയും നികുതി സംവിധനങ്ങളുമായും പൊരുത്തപ്പെടുത്തുവാൻ ജിഎസ്ടിയിലൂടെ ലക്ഷ്യമിടുന്നു.

ജിഎസ്ടിയുടെ വരവ് ചില ഉത്പന്നങ്ങളുടെ വില ഉയർത്തി; ചിലതിനു വില കുറച്ചു. പൊതു ഉപയോഗത്തിനുള്ള വസ്തുക്കൾക്കു വില കുറഞ്ഞപ്പോൾ ആഢംബര സ്വഭാവത്തിലുള്ള വസ്തുക്കൾക്കു വിലയേറി. പുതിയ നികുതി സംവിധാനത്തെക്കുറിച്ചും, പ്രതിദിന ഉപയോഗത്തിനുള്ള വസ്തുക്കളുടെ കുറഞ്ഞ നികുതി നിരക്കും അല്ലാത്ത ഉത്പന്നങ്ങൾക്കുള്ള ഉയർന്ന നികുതി നിരക്കും എങ്ങനെ സന്തുലിതമാകുന്നു എന്നതിനെക്കുറിച്ചുമൊക്കെ മനസിലാക്കുവാൻ ഇനിയും സമയമെടുക്കും.

ചരക്കു സേവന നികുതി (ജിഎസ്ടി) സാധ്യമക്കിയതിന്റെ ബഹുമതി ഏതെങ്കിലുമൊരു രാഷ്ട്രീയ കക്ഷിക്കു മാത്രമായി നൽകാൻ സാധിക്കുകയില്ല. ജിഎസ്ടി നടപ്പാക്കലിനു തുടക്കമിട്ടതിന്റെ ക്രെഡിറ്റ് പ്രധാനമന്ത്രിയായിരുന്ന ഡോ. മൻമോഹൻ സിംഗിന് നൽകാം. പി.വി.നരസിംഹറാവുവിന്റെ കീഴിൽ, രാജ്യത്തെ സാമ്പത്തിക പരിഷ്കാരങ്ങൾക്കു രൂപം കൊടുത്ത ശില്പി കൂടിയാണ് ഡോ. മൻമോഹൻ സിംഗ്. എന്നാൽ രണ്ടു സർക്കാരുകൾക്കും തമ്മിൽ, അന്നത്തെ സർക്കാരിനും ഇന്നത്തെ സർക്കാരിനും ജിഎസ്ടിയുടെ ചില മേഖലകളിൽ വിയോജിപ്പുള്ളവരാണെന്ന വസ്തുത നിലനിൽക്കുകയാണ്.

### ജിഎസ്ടിയുടെ ചരിത്രവും അതിന്റെ നടപ്പാക്കലും

ജിഎസ്ടിയുടേയും അതു പ്രാബല്യത്തിൽ വന്നതിന്റെയും ചരിത്രം നമുക്കു പരിശോധിക്കാം.

ഇപ്പോഴത്തെ സർക്കാർ ലോകസഭയിൽ നാല് ജിഎസ്ടി നിയമങ്ങൾ ഒറ്റ പാക്കേജ്പോലെ അവതരിപ്പിച്ചു പാസാക്കി. അവ രാജ്യസഭ മടക്കി അയയ്ക്കുകയും ചെയ്തു.

പണപ്പെരുപ്പത്തിലേക്കു നയിക്കുകയില്ലാത്ത, ഒരേ പോലെയുള്ള പരോക്ഷനികുതിയാണ് പുതിയ നികുതി സംവിധാനത്തിലൂടെ വരുന്നതെന്നാണ് ധനമന്ത്രി അരുൺ ജയ്റ്റ്ലി വ്യക്തമാക്കിയത്. ജിഎസ്ടിയുടെ കാര്യത്തിൽ തുടർച്ചയായി വന്ന ഗവൺമെന്റുകൾ അവരുടെ സംഭാവനകൾ നൽകിയിട്ടുണ്ടെന്ന വസ്തുത വിസ്മരിക്കാനാവില്ല. ഒരു വ്യക്തിക്കു മാത്രമായി ഇതിന്റെ ബഹുമതി എടുക്കുവാനും സാധിക്കുകയില്ല.

പ്രതിപക്ഷപാർട്ടികൾ നിർദ്ദേശിച്ച നിരവധി ഭേദഗതികൾ അംഗീകരിച്ചുകൊണ്ടാണ് രാജ്യസഭയിൽ ജിഎസ്ടി ബില്ലു പാസാക്കിയിട്ടുള്ളത്. ലോകസഭ മാർച്ച് 29-ന് ഈ ബില്ലുകൾ പാസാക്കി. മേയ് മധ്യത്തോടെ ഗവൺമെന്റ് ജിഎസ്ടി നിരക്കുകൾക്കും ചട്ടങ്ങൾക്കും അവസാന അംഗീകാരം നൽകുകയും ചെയ്തു.

ജിഎസ്ടി നടപ്പാക്കുന്നതിനായി നാലു നിയമങ്ങളാണ് പാർലമെന്റ് പാസാക്കിയത്.

1. സെൻട്രൽ ജിഎസ്ടി നിയമം
2. ഇന്റഗ്രേറ്റഡ് ജിഎസ്ടി നിയമം
3. ജിഎസ്ടി ( കോമ്പൻസേഷൻ ടു സ്റ്റേറ്റ്സ്) നിയമം
4. യൂണിയൻ ടെറിട്ടറി ജിഎസ്ടി നിയമം

### ചരക്കു സേവന നികുതി ( ജിഎസ്ടി)

കേന്ദ്ര, സംസ്ഥാന സർക്കാരുകൾ ഈടാക്കുന്ന നികുതികൾക്കു പകരമായിട്ടുള്ള നികുതിയാണ് ജിഎസ്ടി വഴി ഗവൺമെന്റ് പ്രധാനമായും ലക്ഷ്യമിടുന്നത്. 2016-ലെ നൂറ്റിയൊന്നാം ഭരണഘടനാ ഭേദഗതിയിലൂടെയും തുടർന്നു പാസാക്കിയ 122-ാംഭരണഘടനാ ഭേദഗതിയിലൂടെയുമാണ് ജിഎസ്ടി നടപ്പാക്കുന്നത്.

ജിഎസ്ടിയുടെ നടത്തിപ്പ് ചുമതല ജിഎസ്ടി കൗൺസിലിനാണ്. കേന്ദ്രധനമന്ത്രിയിരിക്കും ഈ കൗൺസിലിന്റെ ചെയർമാൻ. ജിഎസ്ടി സംവിധാനത്തിൽ ചരക്കുകൾക്കും സേവനങ്ങൾക്കും ചുവടെ പറയുന്ന നിരക്കുകളിലാണ് നികുതി ഈടാക്കുക. 0 ശതമാനം, 5

ശതമാനം, 12 ശതമാനം, 18 ശതമാനം, 28 ശതമാനം എന്നിവയാണ് നിരക്കുകൾ. ഇതിനു പുറമേ അസംസ്കൃത കല്ലുകൾക്കും ഭാഗികമായി പോളിഷ് ചെയ്ത പ്രഷ്യസ് കല്ലുകൾക്കും 0.25 ശതമാനവും സ്വർണത്തിനു മൂന്നു ശതമാനവും പ്രത്യേക നിരക്കുമുണ്ട്.

കേന്ദ്ര എക്സൈസ് തീരുവ, സേവന നികുതി, അധിക കസ്റ്റംസ് തീരുവ, സർച്ചാർജുകൾ, സംസ്ഥാന തല മൂല്യവർധിത നികുതി, ഒക്ട്രോയി തുടങ്ങിയ വിവിധ പരോക്ഷനികുതികൾ ചരക്കു സേവന നികുതിയിൽ ലയിപ്പിച്ചിരിക്കുകയാണ്. അന്തർ സംസ്ഥാന ചരക്കു കടത്തിനുണ്ടായിരുന്ന നികുതികളും ജിഎസ്ടി സംവിധാനത്തിലാണ്. കേന്ദ്ര എക്സൈസ് തീരുവ, വാണിജ്യ നികുതി, മൂല്യവർധിത നികുതി, ഭക്ഷ്യനികുതി, കേന്ദ്ര വിൽപന നികുതി, വിനോദ നികുതി, പ്രവേശന നികുതി, വാങ്ങൽ നികുതി, ആഢംബര നികുതി, പരസ്യനികുതി തുടങ്ങിയവയെല്ലാം ജിഎസ്ടി സംവിധാനത്തിലാണ് വരിക. വിൽപന, കൈമാറ്റം, വാങ്ങൽ, ബാർട്ടർ, ലീസ്, ചരക്ക്, സേവനങ്ങൾ എന്നിവയുടെ ഇറക്കുമതി തുടങ്ങി എല്ലാ ഇടപാടുകളിലും ജിഎസിടി ഈടാക്കും.

ഇന്ത്യ ഇരട്ട ജിഎസ്ടി മാതൃകയാണ് സ്വീകരിച്ചിട്ടുള്ളത്. അതായത് നികുതി പിരിക്കുന്നത് കേന്ദ്രവും സംസ്ഥാനങ്ങളും സംയുക്തമായാണ്. ഒരു സംസ്ഥാനത്തിനുള്ളിൽ നടക്കുന്ന ഇടപാടുകൾക്കുള്ള സെൻട്രൽ ജിഎസ്ടിയും സ്റ്റേറ്റ് ജിഎസ്ടിയും പിരിച്ചെടുക്കുന്നത് സംസ്ഥാനങ്ങളാണ്. ചരക്കുകളുടേയും സേവനങ്ങളുടേയും അന്തർ സംസ്ഥാന ഇടപാടുകൾ, ഇറക്കുമതി എന്നിവയ്ക്കുള്ള ഐജിഎസ്ടി കേന്ദ്രസർക്കാരും പിരിച്ചെടുക്കുന്നു.

ഉപഭോഗം അടിസ്ഥാനമാക്കിയുള്ള നികുതിയാണ് ജിഎസ്ടി. അതായത് ചരക്കോ സേവനമോ ഏതു സംസ്ഥാനത്തു വിൽക്കുന്നുവോ ആ സംസ്ഥാനത്തിനാണ് നികുതി ലഭിക്കുക. അതിന്റെ ഉത്പാദന സംസ്ഥാനത്തിനല്ല. ഐജിഎസ്ടി, സംസ്ഥാനങ്ങളുടെ നികുതി പിരിവിനെ കൂടുതൽ സങ്കീർണമാക്കുന്നു. ഇതിൽ സംസ്ഥാനങ്ങൾക്ക് അവകാശപ്പെട്ട നികുതി പിരിച്ചെടുക്കുന്നത് കേന്ദ്രസർക്കാരാണ്. ഇക്കാര്യത്തിൽ സംസ്ഥാനങ്ങൾ കേന്ദസർക്കാരിനോട് നേരിട്ടു ബാധ്യതപ്പെട്ടിരിക്കുന്നു. നിലവിലുണ്ടായിരുന്ന സംവിധാനത്തിൽ ഒരു സംസ്ഥാനത്തിന് നികുതി പിരിച്ചെടുക്കുന്നതിനു ഒരു ഗവൺമെന്റുമായി മാത്രം ബന്ധപ്പെട്ടാൽ മതിയായിരുന്നു. ജിഎസ്ടി നടപ്പാക്കുമ്പോൾ സംസ്ഥാനങ്ങൾക്കുണ്ടാകുന്ന വരുമാന നഷ്ടം, അതു നടപ്പാക്കുന്നതു മുതൽ അഞ്ചുവർഷത്തേക്കു കേന്ദ്ര സർക്കാർ നികത്തിക്കൊടുക്കും.

ജിഎസ്ടി നിയമങ്ങൾ പരിശോധിക്കുന്നതിനായി ഇരുപത്തിയൊന്നംഗ സെലക്ട് കമ്മിറ്റി രൂപീകരിച്ചിരുന്നു. ജമ്മു കാശ്മീർ ഒഴികെയുള്ള എല്ലാ സംസ്ഥാനങ്ങളും കേന്ദ്ര സർക്കാരും കേന്ദ്രഭരണപ്രദേശങ്ങളുമെല്ലാം ജിഎസ്ടി നിയമം പസാക്കി ജൂലൈ ഒന്നു മുതൽ അതു നടപ്പാക്കുന്നതിനു വഴിയൊരുക്കി.




സെക്യൂരിറ്റികളുടെ വാങ്ങലിനും വിൽക്കലിനും ജിഎസ്ടി ഇല്ല, അവിടെ ഇപ്പോഴുള്ള ഓഹരി ഇടപാടു നികുതി (എസ്ടിടി) തുടരും.

ഗവൺമെന്റ്, നികുതിദായകർ, മറ്റ് പങ്കാളികൾ തുടങ്ങി എല്ലാവർക്കും ഒരുമിച്ചു ബന്ധപ്പെടുന്നതിനായി, നോൺ പ്രോഫിറ്റ് സ്ഥാപനമായ "ഗുഡ്സ് ആൻഡ് സർവീസസ് ടാക്സ് നെറ്റ്വർക്ക് ( ജിഎസ്ടിഎൻ)" പ്ലാറ്റ്ഫോം സൃഷ്ടിക്കുകയും ചെയ്തു. ഇതിനായി ഒരു പോർട്ടലും തയാറാക്കിയിട്ടുണ്ട്. ഈ പോർട്ടലിലൂടെ കേന്ദ്രസർക്കാരിന് രാജ്യത്തു നടക്കുന്ന എല്ലാ ഇടപാടുകളും പിന്തുടരാൻ സാധിക്കും. റിട്ടേൺ, നികുതിയടയ്ക്കൽ, റെക്കോർഡ് സൂക്ഷിക്കൽ തുടങ്ങിയ നിരവധി സേവനങ്ങൾ നികുതിദായകർക്ക് ഈ പോർട്ടലിൽനിന്നു ലഭിക്കും.

കേന്ദ്രസർക്കാരുമായി കരാർ വച്ചിട്ടുള്ള സ്വകാര്യ സ്ഥാപനമാണ് ഈ ഐടി നെറ്റ്വർക്ക് വികസിപ്പിച്ചെടുത്തിട്ടുള്ളത്. ജിഎസ്ടിഎന്നിന്റെ അംഗീകൃത മൂലധനം 10 കോടി രൂപയാണ്. ഇതിൽ കേന്ദ്രസർക്കാരിനും സംസ്ഥാനസർക്കാരുകൾക്കും 24.5 ശതമാനം വീതം ഓഹരി പങ്കാളിത്തമുണ്ട്. ശേഷിച്ചത് സ്വകാര്യ ബാങ്കിംഗ് സ്ഥാപനങ്ങളുടെ കൈവശമാണ്.

ജിഎസ്ടി നിയമമനുസരിച്ച് ജിഎസ്ടി നടപ്പാക്കേണ്ട അവസാന തീയതി 2017 സെപ്റ്റംബർ ഒന്നാണ്. 2017 സെപ്റ്റംബർ ഒന്നോടെ മറ്റു നികുതികൾ ഇല്ലാതാകും. അതുകൊണ്ടാണ് 2017 ജൂലൈ ഒന്നിന് ജിഎസ്ടി നടപ്പാക്കണമെന്നു ഗവൺമെന്റു നിർബന്ധം പിടിച്ചത്. നികുതിയില്ലാത്ത അവസ്ഥ രാജ്യത്തുണ്ടാകുന്നത് ആലോചിക്കുവാൻ പോലും കഴിയുന്നതിനപ്പുറമാണ്. അതിനാൽ എല്ലാ പ്രയാസങ്ങളും സഹിച്ച് 2017 ജൂൺ 30 അർധരാത്രിക്കുതന്നെ ജിഎസ്ടി നടപ്പാക്കുന്നതിനുള്ള പ്രഖ്യാപനം പാർലമെന്റിന്റെ സെൻട്രൽ ഹാളിൽ നടത്തിയത്. അതുകൊണ്ടുതന്നെ ഈ ചരിത്രപരമായ സംഭവത്തെ ലോകം ശ്രദ്ധിക്കുകയും ചെയ്തു.

ജിഎസ്ടിയിലെ ചില നികുതി നിരക്കുകളോടും

അതു പെട്ടെന്നു നടപ്പാക്കിയതിനോടും ചില അഭിപ്രായവ്യത്യാസങ്ങളൊക്കെയുണ്ട്. പുതിയ നികുതി സംവിധാനം നടപ്പാക്കുവാൻ സാധിക്കുംവിധം കമ്പനികൾക്ക് അവയുടെ പ്രവർത്തനം പുനഃസംഘടിപ്പിക്കുവാൻ സാധിച്ചില്ലെന്ന പരാതി വ്യവസായമേഖലയ്ക്കുമുണ്ട്. ഏതൊരു പുതിയ നിയമവും നടപ്പിലാക്കുമ്പോൾ അതേക്കുറിച്ചു സംശയത്തിന്റേയും ആശയക്കുഴപ്പത്തിന്റേയും ഒരു ഘടകമുണ്ടാവുക സ്വാഭാവികമാണ്.

ജിഎസ്ടി രാജ്യത്തെ മുഴുവനും ആശ്ചര്യത്തിലാക്കി. ലഭിക്കുന്ന ബില്ലുകൾക്ക് വലുപ്പം കൂടിയതായി അവർക്ക് അനുഭവപ്പെട്ടു. രാജ്യം ലക്ഷ്യനികുതിയിലേക്ക് മാറിയതായി മനസിലാക്കുവാൻ പൗരന്മാർ സമയമെടുത്തു. അതായത് ഉപഭോഗ നികുതിയിലേക്ക് മാറിയെന്ന വസ്തുത. ഉപഭോഗം നടക്കുന്നിടത്താണ് നികുതി ഈടാക്കുക. തമിഴ്നാട്ടിലോ അല്ലെങ്കിൽ മഹാരാഷ്ട്രയിലോ അല്ലെങ്കിൽ ആന്ധ്രാപ്രദേശിലോ ഉത് പാദിപ്പിക്കുന്ന ഒരു വസ്തുവിനു നികുതി ഈടാക്കുന്നത് അതുപയോഗിക്കുന്ന ഡൽഹിയിലോ ചണ്ഡീഗഡിലോ ജയ്പ്പൂരിലോ അല്ലെങ്കിൽ ലക്നൗവിലോ ആണ്.

2016 നവംബർ എട്ടു മുതൽ ഒരാഴ്ച നോട്ടു പിൻവലിക്കൽ രാജ്യത്തെ ആശയക്കുഴപ്പത്തിലായെങ്കിൽ ജിഎസ്ടി നടപ്പാക്കിയ ജൂലൈ ഒന്ന് വില കൂട്ടിയ ബില്ലു കൊണ്ടു വ്യാപാരികൾ പലരേയും ആശ്ചര്യപ്പെടുത്തിയെന്നു മാത്രമല്ല, ഞെട്ടിക്കുകയും സ്തബ്ധരാക്കുകയും ചെയ്തു. എന്നാൽ ഗവൺമെന്റിന്റെ ഉദ്ദേശ്യം ഉചിതവും വളരെ വ്യക്തവുമാണ്. " ഒറ്റ രാജ്യം, ഒറ്റ നികുതി" എന്ന കാഴ്ചപ്പാടോടെ രാജ്യത്ത് ഒറ്റ വിപണി രൂപപ്പെടുത്തുകയാണ് ഗവൺമെന്റെ ലക്ഷ്യം. ആഗോള നിലവാരത്തോടു രാജ്യത്തിന്റെ വിപണിയെ ചേർത്തു നിർത്താനും ഇന്ത്യയെ മറ്റു രാജ്യന്തര വിപണികളുമായി മത്സരക്ഷമമാക്കുവാനും ഇതു സഹായിക്കുന്നു.

കള്ളപ്പണത്തിനെതിരേയുള്ള രണ്ടാം മിന്നലാക്രമണമാണ് ജിഎസ്ടി. രാജ്യത്തെ ഓരോ കച്ചവടക്കാരനും രജിസ്റ്റർ ചെയ്യുകയും ജിഎസ്ടിഐഎൻ (രജിസ്ട്രേഷൻ നമ്പർ) നേടുകയും പ്രതിമാസമോ ത്രൈമാസമോ ആയി നികുതിപിരിവിന്റെ റിട്ടേണുകൾ സർപ്പിക്കുകയും വേണം. ഓരോ വ്യാപാരിയും കണക്കെഴുത്ത് നിയമപരമായി നടത്തുവാൻ ബാധ്യസ്ഥനായിരിക്കുകയാണ്.

ഗവൺമെന്റ് എന്താണ് ലക്ഷ്യമിടുന്നതെന്ന് പരിശോധിക്കാം:

1. ഇരുപതോളം നികുതികളുടെ ബാഹുല്യം ഇല്ലാതാക്കി രാജ്യത്തൊട്ടാകെ ഒറ്റ നികുതി , ഒറ്റ വിപണി നടപ്പാക്കുകയാണ് ഗവൺമെന്റിന്റെ ലക്ഷ്യം. ഒരു ഉത്പന്നത്തിന്റെ വില രാജ്യത്തെല്ലായിടത്തും ഒന്നുപോലെയാക്കുക എന്ന ലക്ഷ്യമാണ് ഗവൺമെന്റിനുള്ളത്. ഇതിനിടയിൽ ചില വസ്തുക്കൾക്കു വില കൂടും, ചിലതിനു വില കുറയും.

2. ജിഎസിടി വളരെ ലളിതമായ ഒരു നികുതിയാണ്. എന്നാൽ വിവിധ ചരക്കുകൾക്കും സേവനങ്ങൾക്കും ഏർപ്പെടുത്തിയിട്ടുള്ള പഞ്ചതല നികുതികൾ നടപ്പാക്കുക വളരെ സങ്കീർണമാണ്. ആഢംബര വസ്തുക്കൾക്ക് വില കൂടുമ്പോൾ പൊതുഉപയോഗത്തിനുള്ള വസ്തുക്കളുടെ വില കുറയും. ഇതത്ര പുതിയ കാര്യമൊന്നുമല്ല. കാരണം ലോകത്തിലെ മിക്ക പങ്ക് രാജ്യങ്ങളും അവരുടെ ഉത്പന്നങ്ങൾ രാജ്യാന്തരതലത്തിൽ മത്സരക്ഷമമാക്കുവാൻ ജിഎസ്ടി നടപ്പിലാക്കിക്കഴിഞ്ഞിട്ടുള്ളതാണ്. ആഢംബര വസ്തുക്കൾക്കുള്ള ഉയർന്ന തലത്തിലുള്ള 28 ശതമാനം ജിഎസ്ടി നിരക്ക് ലോകത്തെ ഏറ്റവും ഉയർന്നതാണ്. യുഎസിലും യുകെയിലും 17 ശതമാനത്തിനു മുകളിലുള്ള ജിഎസ്ടി നിരക്ക് ഇല്ല.

3. ജിഎസ്ടി എന്ന ആശയം തീർത്തും വ്യത്യസ്തമാണ്. ഇത് സ്രോതസിൽ ചുമത്തുന്ന നികുതിയല്ല. ഇത് ലക്ഷ്യനികുതിയാണ്. അല്ലെങ്കിൽ ഉപഭോഗനികുതിയാണ്. ഒരു ഉത്പന്നം തമിഴ്നാട്ടിൽ ഉത്പാദിപ്പിക്കുന്നുവെന്നു കരുതുക. അത് ഡൽഹിയിൽ വിൽപനയ്ക്കായി എത്തിക്കുന്നു. അവിടെ ഉപഭോക്താവ് നികുതി നൽകുന്നു. ഇവിടെ കേന്ദ്രവും സംസ്ഥാനവും നികുതി പങ്കിട്ടെടുക്കുന്നു. ഒരു റെസ്റ്റോറന്റിൽ 18 ശതമാനം നികുതിയാണ് ഈടാക്കുന്നതെന്നു കരുതുക. ഇതിൽ ഒമ്പതു ശതമാനം കേന്ദ്രസർക്കാരിനു സിജിഎസ്ടിയായി ലഭിക്കുന്നു. സംസ്ഥാന സർക്കാരിന് എസ്ജിഎസ്ടിയായി ഒമ്പതു ശതമാനം ലഭിക്കുന്നു. ഇതു ബില്ലിൽ പ്രതിഫലിക്കും.

യാത്രക്ക്, പ്രത്യേകിച്ചും വിമാനയാത്രയ്ക്കു ചെലവു കൂടുന്നു. എയർ കണ്ടീഷണർ, ഫ്രിഡ്ജ്, വാഷിംഗ് മെഷീൻ തുടങ്ങിയവയ്ക്ക് ചെലവേറും. ഒറ്റ വാക്കിൽ പ്പറഞ്ഞാൽ വൈറ്റ് ഗുഡ്സുകളെല്ലാറ്റിനും വില കൂടും. ഏതാണ്ട് 1200-ലധികം ഇനങ്ങളുടെ ജിഎസ്ടി നിരക്ക് 18 ശതമാനമോ അതിനു താഴയോ ആണ്. അതായത് രാജ്യത്തെ ഏതാണ്ട് 81 ശതമാനം വസ്തുക്കളും 18 ശതമാനം നികുതി നിരക്കിനു താഴെയാണ് വരികയെ ന്നു സാരം.

## വില കുറയുന്ന വസ്തുക്കൾ

**ഭക്ഷ്യവസ്തുക്കൾ:** 1. പാൽപ്പൊടി 2. തൈര് 3. ബട്ടർ മിൽക്ക് 4. ബ്രാൻഡ് ചെയ്യാത്ത തേൻ 5. ഡയറി സ്പ്രെഡ് 6. വെണ്ണ ഉത്പന്നങ്ങൾ 7. സുഗന്ധവ്യഞ്ജനങ്ങൾ 8. ഗോതമ്പ് 9 അരി 10. ധാന്യപ്പൊടികൾ 11. തേയില 12. നിലക്കടലയെണ്ണ 13. പാമോയിൽ 14. സൂര്യകാന്തിയെണ്ണ 15. വെളിച്ചെണ്ണ 16. മസ്റ്റാർഡ് ഓയിൽ 17. പഞ്ചസാര 18, ശർക്കര 19. മിഠായികൾ 20. പാസ്ത 21. സ്പഗറ്റി (ഒരു തരം ഇറ്റാലിയൻ ഭക്ഷണം) 22. നൂഡിൽസ് 23. പഴം, പച്ചക്കറി 24. അച്ചാറുകൾ 25. ചമ്മന്തി 26. മധുരദ്രവ്യങ്ങൾ തുടങ്ങിയവ.

**പ്രതിദിന ഉപയോഗം:** 1. കുളിസോപ്പ് 2. ഹെയർ ഓയിൽ 3. സോപ്പുപൊടി 4. സോപ്പ് 5. ടിഷ്യു പേപ്പർ 6. നാപ്കിൻ 7. തീപ്പെട്ടി 8. മെഴുകുതിരി 9. കൽക്കരി 10. മണ്ണെണ്ണ 11. ഗൃഹോപയോഗത്തിനുള്ള എൽപിജി 12. സ്പൂൺ 13. ഫോർക്ക് 14. സ്കിമ്മേഴ്സ് 15. കേക്ക് സെർ




വർ 16. ചന്ദനത്തിരി 17 ടൂത്ത് പേസ്റ്റ് തുടങ്ങിയവ.

**സ്റ്റേഷണറി:** 1. നോട്ടുബുക്കുകൾ 2. പേന 3. എല്ലാത്തരം കടലാസുകളും 4. ഗ്രാഫ് പേപ്പർ 5. സ്കൂൾ ബാഗ് 6. എക്സർസൈസ് ബുക്ക് 7. പിക്ചർ, ഡ്രോയിംഗ്, കളറിംഗ് ബുക്കുകൾ 8. പാർച്ച്മെന്റ് പേപ്പർ 9. കാർബൺ പേപ്പർ 10. പ്രിന്റർ തുടങ്ങിയവ.

**ഹെൽത്ത്കെയർ:** 1. ഇൻസുലിൻ 2. എക്സ്-റേ ഫിലിം 3. ഡയഗ്നോസ്റ്റിക് കിറ്റ് 4. കണ്ണാടി ഗ്ലാസുകൾ 5. കാൻസർ, പ്രമേഹ മരുന്നുകൾ തുടങ്ങിയവ.

**അപ്പാരൽ:** 1. സിൽക്ക് 2. വൂളൻ ഫാബ്രിക് 3. ഖാദി നൂൽ 4. ഗാന്ധിത്തൊപ്പി 5. അഞ്ഞൂറ് രൂപയിൽ താഴെയുള്ള ചെരുപ്പുകൾ 6. ആയിരം രൂപയിൽ താഴെയുള്ള തുണിത്തരങ്ങൾ തുടങ്ങിയവ.

കുറഞ്ഞ ജിഎസ്ടി നിരക്ക് ഇന്ത്യൻ കമ്പനികൾക്കും ഗവൺമെന്റിനും മധ്യകാലയളവിൽ നേട്ടം നൽകുമെങ്കിലും ഹ്രസ്വകാലം കൊണ്ട് പണപ്പെരുപ്പം കുറയ്ക്കുകയും സാമ്പത്തിക വളർച്ച ത്വരിതപ്പെടുത്തുകയും ചെയ്യുമെന്ന് ആരും പ്രതീക്ഷിക്കുന്നില്ല. മിക്ക ഉത്പന്നങ്ങൾക്കും കുറഞ്ഞ ജിഎസ്ടി നിരക്കുകൾ നിശ്ചയിച്ചിട്ടുള്ളതിനാൽ പണപ്പെരുപ്പം കുറയുമെന്ന് സാമ്പത്തിക ശാസ്ത്രജ്ഞരിൽ നല്ലൊരു പങ്കും പ്രവചിക്കുന്നു. ഇന്ത്യൻ കമ്പനികൾക്കു മുമ്പിൽ വലിയൊരു ദൗത്യമാണ് നിർവഹിക്കുവാനുള്ളത്. മിക്ക മാനുഫാക്ചറിംഗ് യൂണിറ്റുകളും വ്യവസായങ്ങളും ജിഎസ്ടി സംവിധാനത്തിനായി അവരുടെ ബിസിനസ് പുനസംഘടിപ്പിക്കേണ്ടതുണ്ട്. കൂടുതൽ ചെറു ബിസിനസുകളെ നികുതി വലയിലേക്ക് കൊണ്ടുവരുവാൻ സഹായിക്കുന്നതാണ് ജിഎസ്ടിഐഎൻ വഴിയുള്ള രജിസ്ട്രേഷൻ.

പണപ്പെരുപ്പം താഴുവാനുള്ള പ്രവണത കാണിക്കുമ്പോഴും പലിശനിരക്കു കുറയ്ക്കുന്നതു സംബന്ധിച്ച റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ നയത്തെ അതു സ്വാധീനിക്കുകയില്ലെന്നു മിക്ക സാമ്പത്തികവിദഗ്ധരും അഭിപ്രായപ്പെടുന്നുവെന്നതാണ് ദുർഗ്രാഹ്യമായിട്ടുള്ളത്. മൺസൂൺ സ്ഥിതിയും ജിഎസ്ടി നടപ്പാക്കിയതിന്റെ പ്രത്യാഘാതങ്ങൾ എന്തൊക്കെയാണെന്നും വിലയിരുത്തിയശേഷമേ റിസർവ് ബാങ്ക് തീരുമാനമെടുക്കുകയുള്ളൂവെന്നാണ് ഇന്ത്യ റേറ്റിംഗ്സ് മുഖ്യ ഇക്കണോമിസ്റ്റ് സുനിൽ സിൻഹ അഭിപ്രായപ്പെട്ടത്.

ഹ്രസ്വകാലത്തിൽ ജിഎസ്ടി അഞ്ച് മുഖ്യഫലങ്ങൾ ഉളവാക്കുമെന്നാണ് സാമ്പത്തികവിദഗ്ധരും വ്യവസായമേഖലയിലെ നിരീക്ഷകരും വിലയിരുത്തുന്നത്.

### ജിഎസ്ടി, കമ്പനികളുടെ നിലനിൽപ്പിനേയും അവയുടെ പ്രവർത്തനത്തേയും എങ്ങനെ ബാധിക്കുന്നു?:

പുതിയ നികുതി സംവിധാനം തങ്ങളുടെ പ്രവർത്തനരീതിയിൽ പുനഃപരിശോധന നടത്തുവാൻ കമ്പനികളെ നിർബന്ധിതരാക്കുന്നു. കമ്പനികൾ അവരുടെ സപ്ലയർമാർ, വെൻഡർമാർ തുടങ്ങിയവരോട് ജിഎസ്ടി ഇൻവോയിസിന് നിർബന്ധിക്കുന്നതിനാൽ നികുതി വെട്ടിപ്പ് അസാധ്യമാക്കിത്തീർക്കുന്നു. വലിയ കമ്പനികൾക്ക് ഇതുവഴി മികച്ച നേട്ടമാണ് ഉണ്ടാകുന്ന

ത്. അവയ്ക്ക് സപ്ലൈ ചെയിനുകൾ ക്രമപ്പെടുത്താനും ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് വഴി നികുതി ബാധ്യത കുറയ്ക്കുവാനും സാധിക്കുന്നു. ചെറുകമ്പനികൾക്ക് കംപ്ലയൻസ് ചെലവുകൾ വർധിക്കുന്നു.

"ജിഎസ്ടി കമ്പനികളിലുണ്ടാക്കുന്ന അനന്തര ഫലങ്ങൾ വ്യത്യസ്തമാണ്. എക്സൈസ് ഒഴിവാക്കിയിട്ടുള്ള മേഖലകളിൽ പ്രവർത്തിക്കുന്ന ഉത്പാദനയൂണിറ്റുകൾക്ക് ജിഎസ്ടിയുടെ നടപ്പാക്കൽ സപ്ലൈ ചെയിൻ ശൃംഖലയിയിൽ ചെലവുകൾ ലാഭിക്കുവാൻ സഹായിക്കും. അസംഘടിതമേഖലയിൽന്നു സംഘടിത മേഖലയിലേക്കുള്ള കമ്പനികളുടെ മാറ്റത്തിനു വേഗം കൂടുകയും ചെയ്യും."-വിദേശ ബ്രോക്കറേജ് സ്ഥാപനമായ ജെഫ്രീസ് (Jefferies)അഭിപ്രായപ്പെടുന്നു.

### കുറഞ്ഞ നികുതിനിരക്കിന്റെ ഗുണഫലങ്ങൾ പൊതുജനങ്ങൾക്ക് എങ്ങനെ ലഭ്യമാക്കാം?:

നികുതി കുറഞ്ഞതിന്റെ പ്രയോജനം ഉപഭോക്താക്കളിലേക്കു കമ്പനികൾ നൽകുന്നുണ്ടോ എന്നു ധനകാര്യമന്ത്രി അധ്യക്ഷനായ ജിഎസ്ടി കൗൺസിൽ പ്രത്യേക നിരീക്ഷണം നടത്തുമെന്നു പ്രതീക്ഷിക്കുമ്പോഴും ആന്റീ പ്രോഫിറ്റീയറിംഗ് നയം നടപ്പാക്കുന്നതിൽ വിദഗ്ധർക്കു വ്യത്യസ്ത അഭിപ്രായങ്ങളാണുള്ളത്.

"ജിഎസ്ടി നടപ്പാക്കുന്നതു മൂലം നേരിട്ടു ലഭിക്കുന്ന പ്രയോജനങ്ങൾ കമ്പനികൾ ഉപഭോക്താക്കൾക്കു കൈമാറുമെന്നാണ് ഞങ്ങൾ പ്രതീക്ഷിക്കുന്നത്. എന്നാൽ ലോജിസ്റ്റിക്സ് ചെലവ്, ബിസിനസ് പ്രക്രിയയിലെ നവീകരണം, ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എന്നിവയിലൂടെ ലഭിക്കുന്ന പരോക്ഷ പ്രയോജനങ്ങളിൽ ഒരു ഭാഗം കമ്പനികൾ കൈവശം വയ്ക്കുമെന്നും ഞങ്ങൾ കരുതുന്നു." -ധനകാര്യസേവന കമ്പനിയായ നൊമുര (Nomura) വിലയിരുത്തുന്നു. ആന്റീ പ്രോഫിറ്റീയറിംഗ് നടപടികളിൽ ജിഎസ്ടി നിയമങ്ങൾ ശ്രദ്ധ നൽകുന്നുണ്ടെങ്കിലും അത്തരം നടപടികൾ നടപ്പാക്കുക പ്രയാസകരമാണ്. അവ പെട്ടെന്നു നടപ്പാക്കുന്നത്, വിലനിയന്ത്രണം ഏർപ്പെടുത്തുന്നതുപോലെയുള്ള പിന്തിരിപ്പൻ ചുവടുവയ്പായിരിക്കുമെന്നും നൊമുര (Nomura)അഭിപ്രായപ്പെടുന്നു.

ജിഎസ്ടി നികുതി സംവിധാനത്തിൽ കമ്പനികൾക്ക് നികുതി ബാധ്യത കുറയുന്നതിലൂടെ ലാഭിക്കുന്ന സമ്പാദ്യം ഒരു പരിധിവരെ ലാഭമാർജിൻ മെച്ചപ്പെടുത്താനും ശേഷിച്ചത് സ്ഥാപിതശേഷി വർധനയ്ക്കായി നിക്ഷേപം നടത്താനും ഉപയോഗിക്കുമെന്നു നൊമുര വിലയിരുത്തുന്നു.

ഗവൺമെന്റ് നടപ്പാക്കിയ ബിഗ് ബാംഗ് പരിഷ്കാരമായ ജിഎസ്ടിയുടെ യഥാർത്ഥ അനന്തരഫലങ്ങൾ വിലയിരുത്താൻ ഒരു വർഷമെങ്കിലും കഴിയണമെന്നു മിക്ക നികുതി വിദഗ്ധരും കരുതുന്നു. ജിഎസ്ടിയുടെ പെട്ടെന്നുള്ള ഫലം മിക്കവാറും സംഭവങ്ങളിൽ ഉപഭോക്താക്കളുടെ പോക്കറ്റിൽ കനത്ത ഭാരം അടിച്ചേൽപ്പിക്കുമെന്നാണ്. അതേസമയം വ്യാപാരികളുടെ വലിഞ്ഞുമുറുകിയ ഞരമ്പുകൾക്കു ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് വഴി ആശ്വാസം നൽകുകയും ചെയ്യും.

ഗവൺമെന്റിന്റെ റവന്യുവരുമാനത്തിൽ ജിഎസ്ടിയുടെ ഫലം എന്തായിരിക്കുമെന്നു മനസിലാക്കാൻ കാത്തിരിക്കുകയേ മാർഗമുള്ളു. ബാങ്കിംഗ്, ടെലികോം ഉൾപ്പെടെയുള്ള സേവനങ്ങൾക്ക് ചെലവേറും. ഫ്ളാറ്റ്, റെഡിമേഡ് ഗാർമന്റ്സ്, പ്രതിമാസ മൊബൈൽ ബിൽ, ട്യൂഷൻ ഫീസ് തുടങ്ങിയവയ്ക്ക് ചെലവേറും. ജിഎസ്ടി നികുതി സംവിധാനത്തിൽ ഫ്ളാറ്റോ കടയോ വാങ്ങുന്നതിന് 12 ശതമാനം നികുതി ബ്രാക്കറ്റിലാണ് വരിക. ഇപ്പോഴത് ആറു ശതമാനമാണ്.

വിദേശ നിക്ഷേപകർ ജിഎസ്ടിയെ സ്വാഗതം ചെയ്യുകയാണ്. കാരണം ഉത്പാദനവും ചരക്കുകളുടെ നീക്കവും കൂടുതൽ എളുപ്പത്തിൽ നിർവഹിക്കുവാൻ ജിഎസ്ടി അവരെ സഹായിക്കും. രാജ്യത്തെ 23 സംസ്ഥാനങ്ങൾ ഇതിനകം ചെക്ക്പോസ്റ്റുകളും ഗേറ്റുകളും നീക്കിക്കഴിഞ്ഞു.

നിക്ഷേപകരുടെ പ്രതീക്ഷയ്ക്കൊത്ത് ഉയരാൻ സർക്കാരിനു സാധിച്ചിട്ടില്ല എന്നു പറഞ്ഞുകൊണ്ട് 2015 അവസാനം ഇന്ത്യൻ കമ്പനികളിലെ നിക്ഷേപം വിറ്റൊഴിഞ്ഞ ലോകപ്രശസ്ത ഉത്പന്നവ്യാപാര അതികായനും ഹെഡ്ജ് ഫണ്ട് മാനേജരുമായ ജിം റോജേഴ്സ് വീണ്ടും ഇന്ത്യയിൽ പ്രവേശിക്കുവാൻ തയാറെടുക്കുകയാണ്. ഇന്ത്യൻ വിപണി റെക്കാർഡ് ഉയരത്തിൽ നിൽക്കുന്ന ഈ സാഹചര്യത്തിൽ ജിം റോജേഴ്സ് പറഞ്ഞത് തനിക്ക് 'ഇന്ത്യൻ ബസ്' നഷ്ടപ്പെട്ടുവെന്നാണ്. "ജിഎസ്ടി, അതെന്നെ വിസ്മയിപ്പിച്ചു, ഞെട്ടിച്ചു, അമ്പരപ്പിച്ചു!" എന്നാണ് ജിഎസ്ടിയെ പരാമർശിച്ചുകൊണ്ട് ജിം റോജേഴ്സ് പറഞ്ഞത്.

നികുതി വെട്ടിപ്പുകാർക്ക് എതിരേയുള്ള രണ്ടാമത്തെ പ്രധാന മിന്നലാക്രമണമാണ് ജിഎസ്ടി. ഇത് എല്ലാ വ്യാപാരികളേയുംതന്നെ നികുതി വലയിൽ എത്തിക്കും. രാജ്യത്തെ ചരക്കുനീക്കം സ്വതന്ത്രമാകും. ഒറ്റവിപണിയും ഒറ്റ നികുതിനിരക്കുമുള്ള നമ്മുടെ രാജ്യത്തേക്ക് വിദേശനിക്ഷേപകർ ആകർഷിക്കപ്പെടും. രാജ്യത്തെ 81 ശതമാനത്തോളം വസ്തുക്കളുടേയും വില ജിഎസ്ടി വഴി കുറയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഹ്രസ്വകാലത്തിലെ ക്ലേശങ്ങളോടെ ദീർഘകാലനേട്ടത്തിനായി രാജ്യം പുതിയ നികുതി സംവിധാനത്തിലേക്കു മാറുകയാണ്. ഇത് തികച്ചും സ്വാഭാവിവും അനിവാര്യവുമാണ്.

*(പിടിഐയുടെ ധനകാര്യ വിഭാഗം എഡിറ്ററായി സേവനമനുഷ്ഠിച്ചുള്ള ലേഖകൻ മുപ്പതോളം രാഷ്ട്രങ്ങൾ സന്ദർശിക്കുകയും ഡബ്ല്യൂടിഒയുടെ (WTO) ആദ്യ അന്താരാഷ്ട്ര പ്രതിനിധി തല ചർച്ച, റിയോയിൽ നടന്ന ഭൗമ ഉച്ചകോടി (Earth Summit) തുടങ്ങി നിരവധി ആഗോള സംഭവങ്ങൾ പിടിഐക്കുവേണ്ടി റിപ്പോർട്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്.)*

# ഏകീകൃത നികുതി നടപ്പാക്കുന്നതിലെ പ്രധാന വെല്ലുവിളികൾ

ഗിരീഷ് ചന്ദ്ര പ്രസാദ്

**പ**തിനേഴ് കേന്ദ്ര, സംസ്ഥാന നികുതികൾ ഇല്ലാതാക്കി പകരം ചരക്കു സേവന നികുതിയിലേക്കുള്ള (ജിഎസ്ടി) ഇന്ത്യയുടെ മാറ്റം സംസ്ഥാനങ്ങൾ തമ്മിലുള്ള അതിരുകൾ പൊളിച്ചുമാറ്റി ഒറ്റ വിപണി സൃഷ്ടിക്കുകയാണ് ചെയ്തത്. ഇത് ബിസിനസുകാരുടേയും നിക്ഷേപകരുടേയും പ്രവർത്തനരംഗം കുറേക്കൂടി എളുപ്പമാക്കുമെന്ന് ഉറപ്പാണ്.

പുതിയ പരോക്ഷ നികുതി നിയമം നടപ്പാക്കുന്നതിലൂടെ ചരക്കുകളുടേയും സേവനങ്ങളുടേയും നികുതി ബാധ്യതയിലുണ്ടാകുന്ന കുറവ് ഉപഭോക്താക്കൾക്ക് ലഭിക്കുമെന്നു ഉറപ്പുവരുത്തുകയെന്നത് നയരൂപീകരണ വിദഗ്ധരുടെ 'ഏറ്റവും വലിയ ഉത്ക്കണ്ഠ'യാണ്. ബിസനസ്മേഖലയും വ്യാപാരമേഖലയും ആനുകൂല്യങ്ങൾ ഉപഭോക്താക്കളിലേക്കു കൈമാറുന്നുവെന്ന് ഉറപ്പുവരുത്തുവാൻ എടുത്ത നടപടികൾക്ക് (ആന്റീ പ്രോഫിറ്റീയറിംഗ് അഥോറിറ്റി സ്ഥാപിച്ചതും ഉപഭോക്താക്കളുടേയും വ്യാപാരികളുടേയും ഇടയിൽ അവബോധമുണ്ടാക്കുവാൻ സ്വീകരിച്ച നടപടികളും) വലിയ പ്രധാന്യമുണ്ട്. കാരണം മലേഷ്യ, ഓസ്ട്രേലിയ തുടങ്ങിയ രാജ്യങ്ങൾ ജിഎസ്ടിയിലേക്കു മാറിയ സമയത്ത് കൊള്ളലാഭമെടുത്തവർക്കെതിരേ ആ രാജ്യങ്ങൾ നിരവധി കേസുകൾ രജിസ്റ്റർ ചെയ്തിരുന്നു.

നിലവിലുണ്ടായിരുന്ന സങ്കീർണവും അവ്യക്തവുമായ പരോക്ഷ നികുതി സംവിധാനത്തിനു പകരമായുള്ള ജിഎസ്ടി വളരെ ലളിതമാണ്. മാത്രവുമല്ല, ചരക്കിനും സേവനങ്ങൾക്കും ഈടാക്കുന്ന യഥാർഥ നികുതി എത്രയാണെന്ന് അതു വാങ്ങുന്ന ഉപഭോക്താവിന് മനസിലാക്കാനും സാധിക്കുന്നു.

പഴയ നികുതി സംവിധാനത്തിൽ, ഉപഭോക്താവിന് ചരക്കുകളുടെ കാര്യത്തിൽ സംസ്ഥാനം ഈടാക്കുന്ന മൂല്യവർധിത നികുതി എത്രയാണെന്നോ അല്ലെങ്കിൽ സേവനങ്ങൾക്ക് കേന്ദ്രസർക്കാർ എത്ര നികുതി ഈടാക്കിയെന്നോ മാത്രമേ കാണുവാൻ സാധിക്കുമായിരുന്നുള്ളു. ഉത്പന്നത്തിന്റെയോ സേവനത്തിന്റെയോ മുൻ ഉത്പാദക ഘട്ടങ്ങളിലോ സേവനത്തിന്റെ സപ്ലൈ ഘട്ടങ്ങളിലോ ചുമത്തുന്ന നികുതികളെക്കുറിച്ച് ഒന്നും അറിയുവാൻ സാധിക്കുമായിരുന്നില്ല. ഫാക്ടറി ഗേറ്റിൽ എക്സൈസ് തീരുവ ഈടാക്കുന്നതോ അല്ലെങ്കിൽ തങ്ങൾ ഉപയോഗിക്കുന്ന ഉപകരണങ്ങൾക്ക് ടെലികോം കമ്പനി നൽകുന്ന നികുതി ഉൾപ്പെടെയുള്ളവ ഇതിന് ഉദാഹരണങ്ങളാണ്.

ബിസിനസുകാർക്കു തങ്ങളുടെ ഉത്പന്നങ്ങളിലോ സേവനങ്ങളിലോ ഉണ്ടാകുന്ന നികുതി ബാധ്യത, മുൻഘട്ടങ്ങളിൽ നൽകിയ നികുതിയുപയോഗിച്ചു കൊടുത്തുതീർക്കുവാൻ ജിഎസ്ടി ബിസിനസുകളെ അനുവദിക്കുന്നു. മുൻ നികുതി സംവിധാനത്തിലുണ്ടായിരുന്നതിനേക്കാൾ കൂടുതൽ അയവ് ഇക്കാര്യത്തിൽ ജിഎസ്ടി നൽകുന്നുണ്ട്.

ഉപകരണങ്ങൾ വാങ്ങുമ്പോൾ നൽകിയ നികുതിയുടെ ഒരു ഭാഗം, ഉപഭോക്താക്കൾക്ക് സേവനം നൽകുമ്പോൾ ഈടാക്കുന്ന നികുതിയിൽനിന്ന് ഒരു ടെലികോം സേവനദാതാവിന് ജിഎസ്ടിയിൽ കിഴിക്കാൻ സാധിക്കും. ഇതുവഴി കമ്പനികൾക്കു ഇപ്പോഴത്തെ ജിഎസ്ടി നിരക്കിൽപ്പോലും (പഴയതിലും അൽപം ഉയർന്നാണ് ജിഎസ്ടി നിരക്ക്) പഴയ സംവിധാനത്തിലേതിനേക്കാൾ നികുതി ബാധ്യത കുറയ്ക്കാൻ സാധിക്കും.

നിരവധി ഇനങ്ങൾക്ക്, പഴയ നികുതി സംവിധാനത്തിലുണ്ടായിരുന്നതിനേക്കാൾ കുറഞ്ഞ നികുതി ചുമത്തുന്നതിനായി ജിഎസ്ടി കൗൺസിൽ അധികദൂരം മുന്നോട്ടു പോയതായി ജൂൺ 11-ലെ കൗൺസിൽ യോഗത്തിനുശേഷം ധനമന്ത്രി അരുൺ ജയ്റ്റ്ലി പറഞ്ഞിരുന്നു. ഇപ്പോഴത്തെ സാമ്പത്തിക യാഥാർഥ്യങ്ങളും മാറുന്ന ഉപഭോക്തൃ താല്പര്യങ്ങളും കണക്കിലെടുത്താണ് നിരക്ക് നിശ്ചയിച്ചിട്ടുള്ളതെന്നും അദ്ദേഹം അറിയിച്ചിരുന്നു. മെയ് മാസത്തിൽ ശ്രീനഗറിൽ നടത്തിയ ജിഎസ്ടി കൗൺസിൽ യോഗത്തിൽ നിരക്കു തീരുമാനിച്ചിരുന്ന 66 ഇനങ്ങളുടെ നിരക്ക് ജൂൺ 11-ലെ യോഗത്തിൽ വീണ്ടും കുറയ്ക്കുകയുണ്ടായി.

നികുതിക്കുറവിന്റെ നേട്ടങ്ങൾ ഉപഭോക്താക്കളിലേക്ക് നൽകുന്നതിനു പകരം, അത് ബിസിനസുകാരും വ്യാപാരികളും സ്വന്തമാക്കുന്നതു തടയാനാണ് ജിഎസ്ടി നടപ്പാക്കുന്നതിനൊപ്പം കൊള്ളലാഭമെടുക്കുന്നതിനെതിരേയുള്ള വകുപ്പുകൾ ചേർത്തത്. ഉണ്ടാകുന്ന വിലക്കുറവ് ഉപഭോക്താക്കളിലേക്ക് കൈമാറണമെന്നത് ഗവൺമെന്റിന് നിർബന്ധമുണ്ട്.

കേന്ദ്ര ജിഎസ്ടി നിയമത്തിൽ വ്യക്തമാക്കിയിരിക്കുന്നതു നോക്കുക, "എതെങ്കിലും ചരക്കിന് അല്ലെങ്കിൽ സേവനത്തിനു നികുതി നിരക്ക് കുറയുകയോ അല്ലെങ്കിൽ ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെ നേട്ടം ലഭിക്കുകയോ ചെയ്താൽ അതിനു തുല്യമായത് വിലയിൽ കുറച്ച് ഉപഭോക്തക്കൾക്ക് ലഭ്യമാക്കണം."

സെക്രട്ടറി തലത്തിലുള്ള ഉദ്യോഗസ്ഥനായിരിക്കും നിർദ്ദിഷ്ട ആന്റീ പ്രോഫിറ്റീയറിംഗ് അഥോറിറ്റിയുടെ അധ്യക്ഷൻ. കൊള്ളലാഭമെടുക്കുന്നുവെന്നു സംശയമുണ്ടായാൽ ഈ അഥോറിറ്റി അതു പരിശോധിക്കുകയും ആവശ്യമെങ്കിൽ വിശദമായ അന്വേഷണത്തിന് സെൻട്രൽ ബോർഡ് ഓഫ് എക്സൈസ് ആൻഡ് കസ്റ്റംസിന്റെ (സിബിഇസി) കീഴിലുള്ള ഡയറക്ടർ ജനറലിന് (സേഫ്ഗാർഡ്) കൈമാറുകയും ചെയ്യും.

ജിഎസ്ടി സംവിധാനത്തിൽ നികുതി ബാധ്യത കുറഞ്ഞിട്ടുണ്ടെങ്കിൽ ചരക്കുകളുടെയോ അല്ലെങ്കിൽ സേവനങ്ങളുടെയോ വില കുറയ്ക്കുവാനോ അല്ലെങ്കിൽ കുറഞ്ഞ നികുതിക്കു തുല്യമായ തുക ഉപഭോ

ക്താവിനു തിരികെ നൽകാനോ അധികാരികൾക്ക് നിർദ്ദേശിക്കാം. കൊള്ളലാഭമെടുത്ത കുറ്റം തെളിഞ്ഞാൽ, ഉപഭോക്താക്കളിലേക്കു നൽകാത്ത തുകയ്ക്ക് 18 ശതമാനം പലിശ ബിസിനസുകാരിൽ നിന്ന് അല്ലെങ്കിൽ വ്യാപാരികളിൽനിന്ന് ഈടാക്കും. കുറഞ്ഞ നികുതിയുടെ ആനുകൂല്യം ഉപഭോക്താവ് ആവശ്യപ്പെട്ടില്ലെങ്കിൽപോലും അധികാരികൾക്ക് തുല്യമായ തുക സപ്ലയറിൽ നിന്നു ഈടാക്കാം. കൊള്ളലാഭമെടുക്കുന്നത് ശിക്ഷ ക്ഷണിച്ചുവരുത്തുന്ന കുറ്റമാണ്. ഈ നിയമം വൻതോതിൽ കൊള്ളലാഭമെടുക്കുന്ന സന്ദർഭത്തിൽ (ഒരു വ്യവസായത്തിലാകയോ അല്ലെങ്കിൽ ഒരു ഉത്പന്നത്തിൽ മുഴുവനായോ) അതിനെ ഫലപ്രദമായി തടയുവാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ഒരു സ്വതന്ത്ര വിപണി സമ്പദ്ഘടനയിൽ വിലകളുടെ മൈക്രോ മാനേജ്മെന്റ് ഗവൺമെന്റ് ഉദ്ദേശിക്കുന്നില്ല. പഴയ സംവിധാനത്തിൽനിന്നു പുതിയ സംവിധാനത്തിലേക്കു മാറുന്ന ചെറിയ കാലയളവിലേക്കാണ് ആന്റീ പ്രോഫിറ്റീയറിംഗ് വകുപ്പ് നിലവിൽ ഉണ്ടായിരിക്കുകയെന്നും ഗവൺമെന്റ് വ്യക്തമാക്കിയിട്ടുണ്ട്.

ഇതുവരെയുള്ള മാറ്റം ഏതാണ്ട് നിർബാധമായിരുന്നു. മിക്ക ബിസിനസുകളും മടികൂടാതെ പെട്ടെന്നു തന്നെ ഗുണഫലം ഉപഭോക്താക്കൾക്കു കൈമാറാൻ തയാറായി. ജിഎസ്ടി നടപ്പാക്കിയ അർധരാത്രിതന്നെ ഐഫോൺ, ഐപാഡ്, മാക്സ്, മോഡലുകൾക്ക് ഇന്ത്യയിലെ ഉപഭോക്താക്കൾക്കുള്ള ചില്ലറവില ആപ്പിൾ വെട്ടിക്കുറച്ചു. ഹിന്ദുസ്ഥാൻ ലിവർ ആകട്ടെ, സോപ്പ്, സോപ്പുപൊടികളുടേയും മറ്റും വില കുറച്ചപ്പോൾ ഹീറോ മോട്ടോർ കോർപ് അവരുടെ പല മോഡലുകളുടേയും വില 400-1800 രൂപ വെട്ടിക്കുറച്ചു.

ചരക്കുകളുടേയും സേവനങ്ങളുടേയും നികുതി കുറയുമ്പോൾ അതിന്റെ ഗുണം ഉപഭോക്താക്കൾക്കു ലഭിക്കണമെന്നതിന് വളരെ പ്രധാന്യമുണ്ട്. കാരണം പാവപ്പെട്ടവരേയും പണക്കാരേയും ഒരേപോലെ ബാധിക്കുന്നതാണ് പരോക്ഷ നികുതികൾ. അതേസമയം ആദായനികുതി, വരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് അടയ്ക്കുന്നത്. വരുമാനം വർധിക്കുന്നതനുസരിച്ച് ഇതിന്റെ നികുതി നിരക്കും കൂടുന്നു. നികുതി ബാധ്യത കുറയുമ്പോൾ ചില്ലറവില അടിസ്ഥാനമാക്കിയുള്ള വിലക്കയറ്റതോത് കുറയുമെന്നും അത് സമ്പദ്ഘടനയിൽ ഡിമാണ്ടും നികുതി വരുമാനവും മെച്ചപ്പെടുമെന്നുമുള്ള ആഗ്രഹത്തിൽ നിന്നാണ് കൊള്ളലാഭ നിയന്ത്രണ നടപടികളിലേക്കു കൗൺസിലിന്റെ ശ്രദ്ധാകേന്ദ്രീകരണം ഉണ്ടായിട്ടുള്ളത്. സാമൂഹ്യക്ഷേമത്തിനും അടിസ്ഥാനസൗകര്യവികസനത്തിനും കൂടുതൽ തുക ചെലവഴിക്കുവാൻ നികുതി വരുമാനത്തിലെ വർധന കേന്ദ്ര, സംസ്ഥാന സർക്കാരുകൾക്കു സഹായകമാകും. ഉപഭോക്താക്കളിലേക്കു ഗുണഫലം കൈമാറുവാൻ ഒരു പരിധി വരെ വിപണിയിലെ മത്സരം സഹായിക്കും.

ജിഎസ്ടിയുടെ നടപ്പാക്കൽ പാവപ്പെട്ടവരെ ഒരു തരത്തിലും ദോഷമായി ബാധിക്കില്ലെന്ന് ഉറപ്പുവരുത്തുവാൻ ധനമന്ത്രി അരുൺ ജയ്റ്റ്ലി അധ്യക്ഷനായുള്ള ജിഎസ്ടി കൗൺസിൽ, ഒറ്റ നിരക്കെന്ന ജിഎസ്ടി ആശയത്തിനു പകരമായി നാല് വ്യത്യസ്ത നിരക്കുകൾ (അഞ്ചു ശതമാനം, 12 ശതമാനം, 18 ശതമാനം, 28 ശതമാനം) നിശ്ചയിക്കുകയായിരുന്നു. ഇതനുസരിച്ച് പൊതു ഉപയോഗത്തിനുള്ള വസ്തുക്കൾ കുറഞ്ഞ സ്ലാബ് നിരക്കിലും ലക്ഷ്വറി ഇനങ്ങൾ ഉയർന്ന നിരക്കിലും ഉൾപ്പെടുത്തി. ചുരുക്കത്തിൽ 'സമത്വം' എന്ന തത്ത്വമാണ് ജിഎസ്ടി നിരക്ക് നിശ്ചയിക്കാൻ സ്വീകരിച്ചിട്ടുള്ളത്. എന്നാൽ വ്യവസായമേഖലയിൽനിന്നുള്ള ചില വിഭാഗങ്ങൾ, ഉദാഹരണത്തിന് തുണി വ്യവസായം, ജിഎസ്ടിയിൽ ഒഴിവ് ആവശ്യപ്പെടുന്നുണ്ട്. ഇത്തരം നീക്കം ഗുണത്തേക്കാളേറെ ദോഷമാണുണ്ടാക്കുക. ഒരു ചരക്ക് ജിഎസ്ടിയിൽനിന്ന് ഒഴിവാക്കപ്പെടുമ്പോൾ വിൽപനക്കാരന് ഉത്പാദന സമയത്ത് അസംസ്കൃവസ്തുക്കൾ വാങ്ങിയപ്പോൾ നൽകിയ നികുതിക്ക് ക്രെഡിറ്റ് എടുക്കുവാൻ സാധിക്കാതെ വരുന്നു.

ചില സേവനങ്ങൾക്ക് നികുതി നിരക്ക് വർധിക്കുമെന്നതാണ് വ്യവസായമേഖലയിൽ നിലനിൽക്കുന്ന ആശങ്കകളിലൊന്ന്. ചരക്കുകൾക്കു തുല്യമായിത്തന്നെ സേവനത്തിനും നികുതി നിശ്ചയിക്കുന്ന ആഗോളരീതി തന്നെയാണ് ജിഎസ്ടി കൗൺസിലും സ്വീകരിച്ചത്. ഉദാഹരണത്തിന് ടെലികോം മേഖലയിലെ 15 ശതമാനം സേവനനികുതി 18 ശതമാനം ജിഎസ്ടിയായി മാറി. ഇതു ടെലികോം ബില്ലുകളുടെ വർധനയ്ക്കു കാരണമാകുമെന്നു ടെലികോം സേവനമേഖല ഭയക്കുന്നു. സ്പെക്ട്രം വാങ്ങുന്നതിനും ഉപകരണങ്ങൾ വാങ്ങുന്നതിനും മറ്റും നേരത്തെ നൽകിയിട്ടുള്ള നികുതി തട്ടിക്കിഴിക്കാൻ സാധിക്കുമെന്നു ഗവൺമെന്റ് വ്യക്തമാക്കിയിട്ടുണ്ട്. ഈ ടാക്സ് ക്രെഡിറ്റ് ടെലികോം കമ്പനികളുടെ കാഷ് വഴി നൽകുന്ന ജിഎസ്ടി ബാധ്യത കുറയ്ക്കും. ജിഎസ്ടി വന്നതിനുശേഷമുള്ള ആദ്യ ബില്ലിംഗ് സൈക്കിൾ പൂർത്തിയാകാനിരിക്കേ കമ്പനികൾ പറയുന്നത് ജിഎസ്ടിയുടെ വരവ് ടെലികോം സേവനങ്ങൾക്ക് ചെലവ് കൂട്ടുമെന്നാണ്.

നികുതിയിലെ കുറവ് ഉപഭോക്തക്കളിലേക്ക് കൈമാറുന്നുവോ എന്നതാണ് ഈ നികുതി പരിഷ്കാരം നടപ്പാക്കുന്നതു സംബന്ധിച്ചുള്ള ഏറ്റവും പ്രധാനപ്പെട്ട സംഗതിയെന്ന് കേരള ധനമന്ത്രി തോമസ് ഐസക്കും ജമ്മു-കാശ്മീർ ധനമന്ത്രി ഹസീബ് ഡ്രാബുവും മേയിലെ ജിഎസ്ടി കൗൺസിൽ യോഗത്തിനുശേഷം അഭിപ്രായപ്പെട്ടിരുന്നു.

ജിഎസ്ടി നിരക്ക് നിശ്ചയിച്ച തീയതി മുതൽ ആന്റീ പ്രോഫിറ്റീയറിംഗ് അഥോറിറ്റി ബിസിനസുകളിലെ വിലമാറ്റം പരിശോധിച്ചുവരുന്നുണ്ടെന്ന് റവന്യു സെക്രട്ടറി ഹഷ്മുഖ് ആദിയ വിശദീകരിക്കുന്നു. വൻതോതിലുള്ളതും വ്യവസായമൊട്ടാകെയും വൻ വിലമാറ്റം സംഭവിക്കുന്ന കേസുകളിലാണ് ഈ വകുപ്പുകൾ ഉപയോഗിക്കുകയെന്നും ചെറിയ വില വ്യത്യാസത്തിൽ ഇവ ഉപയോഗിക്കുകയില്ലെന്നും റവന്യൂ സെക്രട്ടറി വ്യക്തമാക്കുന്നു.

*(ന്യൂഡൽഹിയിൽ സേവനമനുഷ്ഠിച്ചു വരുന്ന മുതിർന്ന ധനകാര്യ പത്രപ്രവർത്തകനാണ് ലേഖകൻ).*

# ജിഎസ്ടിഎൻ: ഇന്ത്യൻ നികുതി പരിഷ്കരണത്തിനു പിന്നിലെ സാങ്കേതിക ശക്തി

പ്രകാശ് കുമാർ

രാജ്യത്തിന്റെ സാമ്പത്തിക മേഖല പുറം രാജ്യങ്ങൾക്കായി തുറന്നു കൊടുത്ത് 26 വർഷങ്ങൾക്കു ശേഷം, ഉദാരവത്ക്കരണത്തിന്റെ പ്രയോജനങ്ങൾ കൂടുതൽ വ്യാപകമാക്കുക എന്ന ലക്ഷ്യത്തോടെ ഇന്ത്യ മറ്റൊരു നിർണായക സാമ്പത്തിക നവീകരണത്തിനു തുടക്കം കുറിച്ചിരിക്കുന്നു. അതാണ് 2017 ജൂലൈ 1 മുതൽ ഇന്ത്യയിൽ നിലവിൽ വന്നിരിക്കുന്ന ചരക്കു സേവന നികുതി. ഇതുവരെ നടപ്പാക്കിയതിൽ വച്ച് ഏറ്റവും വിപ്ലവകരം എന്നാണ് ഈ പരിഷ്കരണത്തെ വിശേഷിപ്പിക്കുന്നത്. രാജ്യത്തെ മുഴുവൻ വിപണികളെയും ഏകീകരിച്ച് ഒരൊറ്റ കമ്പോളമാക്കുന്നതിലൂടെ ഇതു വാഗ്ദാനം ചെയ്യുന്നതാകട്ടെ, സമ്പദ്‌വ്യവസ്ഥയ്ക്ക് പുതുചൈതന്യവും നവോന്മേഷവുമാണ്.

പുതിയ ചരക്കു സേവന നികുതി വഴി 17 ഇനം കേന്ദ്ര സംസ്ഥാന നികുതികളും 22 ഇനം തീരുവകളും ഒരൊറ്റ നികുതിയിൽ ഉൾക്കൊള്ളിച്ചിരിക്കുകയാണ്. നികുതികളുടെ പെരുക്കങ്ങളും ബാഹുല്യവും സൃഷ്ടിച്ചിരുന്ന സങ്കീർണത ഇല്ലാതാകുന്നതോടൊപ്പം പരോക്ഷ നികുതി നടപടികൾ കൂടുതൽ ലളിതമാകുന്നു എന്നതാണ് ഇതിന്റെ നേട്ടം. സംസ്ഥാനത്തിന്റെ 34 മൂല്യവർധിത നികുതി (വാറ്റ്) അടയ്ക്കുന്നതിന് 97 തരം റിട്ടേണുകൾ നല്കണം. അതിൽ 317 അനുബന്ധങ്ങളും 28 സത്യവാങ്മൂലങ്ങളും വേണം. ഇതുപോലെ കേന്ദ്ര എക്സൈസ് നികുതിക്ക് 13 റിട്ടേൺ ഫോറങ്ങൾ പൂരിപ്പിച്ച് നല്കണം, ഒപ്പം ഒരു സത്യവാങ്മൂലവും. ഇതിനു 12 തരം ചെലാൻ വേണം. അതിനു പകരം ഇപ്പോൾ രാജ്യമെമ്പാടും 12 അപേക്ഷാഫാറങ്ങളും ഒരു ചെലാനും മാത്രം മതി. നികുതി അടയ്ക്കുക, റിട്ടേൺ സമർപ്പിക്കുക തുടങ്ങിയ നടപടികൾ കൂടുതൽ എളുപ്പമാക്കി എന്നതു മാത്രമല്ല നികുതികളുടെ പെരുമഴയിൽ നിന്ന് ജനങ്ങൾക്കു മോചനവും വ്യവസായ നടത്തിപ്പിന് ആശ്വാസവും ലഭിച്ചു എന്നതാണ് ജിഎസ്ടിയുടെ നേട്ടം.

രാജ്യത്തെ 80 ലക്ഷം നികുതി ദായകർ അടയ്ക്കുന്ന ഉത്പാദക നിവേശ നികുതി തുകയുടെ നടപടിക്രമങ്ങൾ പ്രതിമാസ റിട്ടേൺ സമർപ്പിച്ച് പത്തു ദിവസത്തിനകം പൂർത്തിയാക്കുക എന്നതാണ് ജിഎസ്ടി ഉദ്ദേശിക്കുന്നത്. ഏകദേശം 2.6 ദശലക്ഷം മുതൽ മൂന്നു ദശലക്ഷം വരെ വ്യാപാര വിവരങ്ങൾ ഇതിൽ ഉണ്ടാവും. ശക്തമായ വിവര സാങ്കേതിക സംവിധാനം ഇല്ലാതെ ഈ കൃത്യം നിർവഹിക്കാനാവില്ല. അതിനാൽ വിവര സാങ്കേതിക വിദ്യയുടെ ശക്തമായ പിന്തുണയില്ലാതെ ജിഎസ്ടി പൂർണ്ണമാകില്ല എന്നു പറഞ്ഞാൽ അതു ശരിയാണ്. ഇതാണ് ജിഎസ്ടി സംവിധാനത്തിലെ ജിഎസ്ടി പോർട്ടൽ. അതി നൂതനമായ സാങ്കേതിക അടിസ്ഥാന ഘടകത്തിന്റെ സമയബന്ധിതമായ പ്രവർത്തനമാണ് പുതിയ നികുതി സമ്പ്രദായം സാധ്യമാക്കിയത്. ബിസിനസുകാർ, നികുതി ദായകർ, ഇതരഗുണഭോക്താക്കൾ തുടങ്ങി പരോക്ഷ നികുതി സമ്പ്രദായവുമായി പരിചയിച്ചവർക്കായി ഏകജാലകം പോലെ പ്രവർത്തിക്കാൻ ചരക്കു സേവന നികുതി ശൃംഖല വിജയകരമായി വികസിപ്പിച്ച പോർട്ടലാണ് ജിഎസ്ടി പോർട്ടൽ. ഈ ലേഖനം എഴുതിക്കൊണ്ടിരിക്കുമ്പോൾ ഇതിനോടകം രാജ്യത്തെ 69 ലക്ഷത്തോളം നികുതി ദായകർ പുതിയ ജിഎസ്ടി സംവിധാനത്തിലെ പോർട്ടലിലേയ്ക്ക് കുടിയേറിക്കഴിഞ്ഞു. പുതിയതായി രജിസ്റ്റർ ചെയ്യുവാൻ ആഗ്രഹിക്കുന്നവർക്കായി 2017 ജൂൺ 25 ന് പോർട്ടൽ തുറന്നിട്ടിരുന്നു. അന്ന് അഞ്ചു ലക്ഷം ആളുകളിൽ നിന്ന് പുതിയ രജിസ്ട്രേഷൻ ലഭിച്ചു. വേറെ മൂന്നു ലക്ഷം പേർ കൂടി ഉടൻ രജിസ്ട്രേഷൻ നടത്തുമെന്ന് കരുതുന്നു.

## ചരക്കു സേവന നികുതി ശൃംഖല: ജിഎസ്ടിയുടെ വിവരസാങ്കേതിക സഹായി

ജിഎസ്ടിയുടെ നട്ടെല്ലായി കരുതപ്പെടുന്നത് ചരക്കു സേവന നികുതി ശൃംഖലയാണ്. പുതിയ നികുതി സംവിധാനത്തിൽ നികുതിദായകരുടെ നിലവിലുള്ള ബഹുവിധ നികുതികളെ ഏക നികുതിയിലേയ്ക്ക് മാറ്റുന്നതിനുള്ള വിവര സാങ്കേതിക സൗകര്യമാണ് ഇത്. ചരക്കു സേവന നികുതി ശൃംഖല രൂപീകരിക്കുന്നതിന് കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ യോജിച്ചാണ് പ്രവർത്തിച്ചത്. ഇതിനായി ലാഭേച്ഛയില്ലാത്ത ഒരു കമ്പനി രൂപീകരിച്ചു. ഇതിൽ 24.5% ഓഹരി കേന്ദ്ര ഗവൺമെന്റിനാണ്. ബാക്കി 24.5 ശതമാനം ഓഹരികൾ രാജ്യത്തെ എല്ലാ സംസ്ഥാനങ്ങളുടേതുമാണ്. ശേഷിച്ച ഓഹരികൾ രാജ്യത്തെ അഞ്ചു സ്വകാര്യ സാമ്പത്തിക സ്ഥാപനങ്ങളുടെ കൈവശമാണ്. ഈ ഘടനയുടെ പ്രത്യേകത അതിന് സ്വകാര്യ മേഖലയുടെ വഴക്ക സ്വഭാവവും, പൊതു മേഖലയുടെ നയതന്ത്ര നിയന്ത്രണവും ഒരേ സമയം ഉണ്ട് എന്നതാണ്.

തെറ്റുകൾ ഉണ്ടാക്കാതെ, വിവിധ നിർവഹണ തലങ്ങളിലായി പ്രവർത്തിക്കുന്ന അനേകം നികുതി വ്യവസ്ഥകളെ ഒന്നാക്കി മാറ്റുക എന്നത് അത്ര എളുപ്പമല്ല. ജിഎസ്ടി സംവിധാനം അത്യപൂർവവും സങ്കീർണവുമായ വിവര സാങ്കേതിക വിദ്യാ സംരംഭമാണ്. നികുതി ദായകന് ഒരേ രീതിയിലുള്ള ഇടപാടുകൾക്കും കേന്ദ്ര സംസ്ഥാന നികുതികൾക്കിടയിൽ പൊതുവും പങ്കുവയ്ക്കുന്നതുമായ വിവരസാങ്കേതിക അടിസ്ഥാന സൗകര്യവും ആദ്യമായി നടപ്പിൽ വരുത്താനുള്ള നീക്കം എന്ന നിലയിലാണ് ജിഎസ്ടിയെ അപൂർവം എന്നു വി

ശേഷിപ്പിക്കുന്നത്. വിവിധ തലങ്ങളിലായി ചിതറിക്കിടക്കുന്ന 36 സംവിധാനങ്ങളെ ഏകോപിപ്പിക്കുക എന്നത് സങ്കീർണമായ ഉദ്യമമാണ്. മാത്രവുമല്ല, ജിഎസ്ടി ഒരു ലക്ഷ്യാടിസ്ഥാന നികുതിയായതിനാൽ ചരക്കു-സേവനങ്ങളുടെ അന്തർ സംസ്ഥാന വ്യാപാരങ്ങൾക്ക് കേന്ദ്രസംസ്ഥാനങ്ങൾക്കിടയിൽ അതിശക്തമായ ഒത്തു തീർപ്പു വ്യവസ്ഥകൾ ആവശ്യവുമാണ്. റിസർവ് ബാങ്ക്, കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ, നികുതി ദായകർ എന്നിവർ ഉൾപ്പെടുന്ന ശൃംഖലയിൽ ഗുണഭോക്താക്കൾക്കിടയിൽ നിന്നു വിവരങ്ങൾ ശേഖരിക്കാനും, അതിന്മേൽ നടപടി സ്വീകരിക്കാനും അവ കൈമാറ്റം ചെയ്യാനും ശക്തമായ വിവര സാങ്കേതിക സൗകര്യവും സേവന പിന്തുണയും ഉണ്ടായേ മതിയാകൂ.

ജിഎസ്ടിയുടെ വിവര സാങ്കേതിക വ്യവസ്ഥയിൽ ആദ്യവസാനം സമഗ്രമായി പ്രവർത്തിക്കുന്ന പൊതുപോർട്ടൽ ആസൂത്രണം ചെയ്യുന്നതിനും വികസിപ്പിക്കുന്നതിനും നടപ്പാക്കുന്നതിനും കഴിഞ്ഞ ഏതാനും വർഷങ്ങളായി ചരക്കു സേവന നികുതി ശൃംഖല കഠിനമായി അധ്വാനിക്കുകയായിരുന്നു. അതിനുള്ള സോഫ്റ്റ്‌വേയർ വികസിപ്പിക്കാനായി ഇൻഫോസിസിനെയാണ് ചരക്കു സേവന നികുതി ശൃംഖല അടുത്ത അഞ്ചു വർഷത്തേയ്ക്ക് പങ്കാളിയാക്കുന്നത്. രാജ്യത്തിന്റെ ഏതു ഭാഗത്തും എല്ലാ നികുതി ദായകർക്കും എപ്പോഴും ലഭ്യമാകുന്ന ഏകീകൃത തലമാണ് പൊതു ജിഎസ്ടി പോർട്ടൽ. സൂക്ഷ്മ പരിശോധനയ്ക്കോ ഓഡിറ്റിങ്ങിനോ വേണ്ടി ഒരു നികുതി ദായകനെ മാറ്റിനിർത്തുമ്പോൾ അതിനു നിയോഗിക്കപ്പെട്ട നികുതി അധികാരിയിലേയ്ക്കു നേരിട്ടായിരിക്കും പോർട്ടലിനു ബന്ധം. അല്ലാത്ത പക്ഷം 95 ശതമാനവും പൊതു ജിഎസ്ടി പോർട്ടലാണ് നികുതി ദായകർക്കുള്ള ഏക ആശ്രയം.

## പ്രവർത്തന രീതി

രജിസ്ട്രേഷൻ, നിശ്ചിത ബാങ്കുവഴി പണം അടവിനുള്ള ചെല്ലാൻ തയാറാക്കൽ, റിട്ടേൺ തയാറാക്കുന്നതിനുള്ള വ്യവസായ വിവരങ്ങളുടെ അപ് ലോഡിങ് തുടങ്ങിയ എല്ലാ ജോലികൾക്കുമുള്ള ഒരു ഏകജാലകമായിട്ടാണ് ജിഎസ്ടിഎൻ രൂപകല്പന ചെയ്യപ്പെട്ടിരിക്കുന്നത്. രാജ്യത്തെ 27 സംസ്ഥാനങ്ങൾക്കും കേന്ദ്ര ഭരണ പ്രദേശങ്ങൾക്കും നികുതി കണക്കാക്കുന്നതിനും, പുനർ വിചാരണചെയ്യുന്നതിനും, നടപ്പാക്കുന്നതിനും ആദ്യവസാനം വരെ ആവശ്യമായ സഹായം നല്കാൻ ജിഎസ്ടിയാണ് നിയോഗിക്കപ്പെട്ടിരിക്കുന്നത്. 2016 നവംബർ 8 നു തന്നെ ചരക്കു സേവന നികുതി ശൃംഖല നികുതി ദായകർക്കായി ജിഎസ്ടി രജിസ്ട്രേഷൻ ക്രമീകരിച്ച് നടപ്പിലാക്കിയിരുന്നു. അന്നു മുതൽ എല്ലാ നികുതി ദായകർക്കും വേണ്ടി ഈ പൊതു പോർട്ടൽ പ്രവർത്തിക്കുന്നുണ്ട്. അപേക്ഷാ ഫാറങ്ങൾ സ്വീകരിക്കുകയും പരിശോധിക്കുകയും അപൂർണമായ അപേക്ഷകളിൽ പാൻ, ആധാർ തുടങ്ങിയവയിൽ നിന്ന് ആവശ്യമായ വിവരങ്ങൾ കൂട്ടിച്ചേർക്കപ്പെടുകയും ചെയ്യുന്നുണ്ടായിരുന്നു. എല്ലാ ഇനം നികുതികളും ജിഎസ്ടി പോർട്ടൽ തയാറാക്കുന്ന ഒറ്റ ചെല്ലാൻ ഉപയോഗിച്ച് സ്വീകരിക്കുന്ന നടപടിയും ആരംഭിച്ചിരുന്നു. ചരക്കു സേവന നികുതി ശൃംഖലയിൽ നികുതി ദായകന്റെ പേര് വിവിധ നികുതികളുടെ പേരിലുള്ള തുകകൾ എന്നിവയെല്ലാം രേഖപ്പെടുത്തി ഒരിക്കൽ ചെലാൻ ഉണ്ടാക്കിയാൽ നികുതി അടയ്ക്കുന്നതിന് രണ്ടു വഴികൾ ഉണ്ട്. അധികാരപ്പെടുത്തിയിരിക്കുന്ന 25 ബാങ്കുകൾ വഴി ഓൺലൈനായി നികുതി അടയ്ക്കാം. അല്ലെങ്കിൽ ചെല്ലാൻ പ്രിന്റ് ഔട്ടുമായി അധികാരപ്പെടുത്തിയിരിക്കുന്ന ബാങ്ക് കൗണ്ടറിൽ നേരിട്ട് പോയി പണമായും നികുതി അടയ്ക്കാം. ഇത്തരത്തിൽ പണമായി നികുതി നല്കുന്നതിനു പരിധിയുണ്ട്. ഒരു മാസം ഒരാൾക്ക് പരമാവധി 10,000 രൂപ മാത്രമെ ഈ വിധത്തിൽ അടയ്ക്കാൻ സാധിക്കൂ. ജിഎസ്ടി പോർട്ടലിൽ ചെലാൻ തയാറാക്കിയശേഷം എൻഇഎഫ്ടി/ആർടിജിഎസ് തുടങ്ങിയ സംവിധാനങ്ങൾ വഴിയും നികുതി അടയ്ക്കാവുന്നതാണ്. ഒരോ ദിവസവും ഒടുവിൽ ജിഎസ്ടി പോർട്ടൽ ബാങ്കുകളിൽ നിന്നു ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ ജിഎസ്ടി പോർട്ടൽ നികുതി അടവിന്റെ സംക്ഷിംപ്ത കുറിപ്പ് തയാറാക്കി അധികാരികൾക്ക് നല്കും. റിസർവ് ബാങ്കിൽ നിന്നുള്ള വിശദാംശങ്ങളും അധികാരികൾക്ക് ലഭിക്കും. റിസർവ് ബാങ്കിന് ഈ വിവരങ്ങൾ നല്കുന്നത് മറ്റ് ബാങ്കുകളാണ്. നികുതി അടവിന്റെ ഈ കണക്കുകൾ നികുതി ദാതാവിന്റെ പേരിൽ രേഖപ്പെടുത്തപ്പെടും.

## നടപടി ക്രമങ്ങൾ എളുപ്പമാകുന്നു

നികുതി അടയ്ക്കുക എന്നത് എല്ലാ പൗരന്മാരുടെയും കടമയാണ്. എന്നാൽ വേഗത്തിൽ റിട്ടേണുകൾ സമർപ്പിക്കുന്നതിനും ഇടപാടു സമയം ലാഭിക്കുന്നതിനുമുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ട ഉത്തരവാദിത്തം ബന്ധപ്പെട്ട നികുതി അധികാരികൾക്കാണ്. നികുതി ദാതാവിന്റെ നടപടി ക്രമങ്ങൾ ലഘൂകരിക്കുകയും സൗകര്യപ്രദമാക്കുകയും ചെയ്യുക എന്നതാണ് നികുതി വ്യവസ്ഥ പരിഷ്കരണത്തിനു പിന്നിലെ ലക്ഷ്യം. ചരക്കു സേവന നികുതി ശൃംഖലയിൽ ഇതിനായി കുറെയധികം സാങ്കേതിക സംവിധാനങ്ങൾ ക്രമീകരിച്ചിട്ടുണ്ട്.

ജിഎസ്ടിയിൽ എല്ലാ സാധാരണ നികുതി ദാതാക്കളും ഓരോ മാസവും പത്താം തിയതിക്കു മുമ്പായി അവരുടെ വില്പന വിവരങ്ങൾ ജിഎസ്ടിആർ ഫോർമാറ്റ് 1 ൽ സമർപ്പിക്കണം. ഇതിനായി എക്സൽ ഷീറ്റിൽ ഒരു മാതൃക രൂപപ്പെടുത്തിയിട്ടുണ്ട്. എല്ലാവർക്കും ജിഎസ്ടി പോർട്ടലിൽ നിന്ന് ഇതു ഡൗൺലോഡ് ചെയ്ത് അതിൽ ആവശ്യമായ വിവരങ്ങൾ ചേർത്ത് ജിഎസ്ടി പോർട്ടലിൽ അപ്‌ലോഡ് ചെയ്ത് പ്രതിമാസ റിട്ടേൺ എളുപ്പത്തിൽ കുറഞ്ഞ ചെലവിൽ സമർപ്പിക്കാവുന്നതാണ്. ഈ സമയത്തു മാത്രമെ നികുതി ദാതാവിന് ഇന്റർനെറ്റിന്റെ സഹായം ആവശ്യമായി വരുന്നുള്ളു.

ഉപഭോക്താക്കൾക്കു നേരിട്ട് സാധനങ്ങൾ വിൽക്കുന്ന ചെറുകിട കച്ചവടക്കാർക്ക് ഇൻവോയിസ് ഇല്ലാത്തതിനാൽ അഞ്ച് ഇനങ്ങളുടെ റിട്ടേൺ മാത്രം നല്കി

യാൽ മതി. അതുപോലെ തന്നെ 75 ലക്ഷത്തിൽ താഴെ വിറ്റുവരവ് ഉള്ള നികുതി ദാതാക്കൾ മൂന്നു മാസത്തിലൊരിക്കൽ റിട്ടേൺ സമർപ്പിച്ചാലും മതി.

നമ്മുടെ ലക്ഷ്യം റിട്ടേൺ സമർപ്പണം ലളിതവത്ക്കരിക്കുക എന്നതാണ്. ഇതിനായി എക്സൽ ഷീറ്റ് ആണ് ഉപയോഗിക്കേണ്ടത്. ഇതു തയാറാക്കി ജിഎസ്ടി പോർട്ടലിൽ കൃത്യമായ ഇടവേളകളിൽ അപ്‌ലോഡ് ചെയ്യണം. എക്സൽ ഷീറ്റിൽ 19000 വരികൾ ആകാം. അപ്പോൾ ഫയൽ 5 എംബിയാകും. വിവരങ്ങൾ കൂടുതലുണ്ടെങ്കിൽ ഫയൽ സൈസ് കൂടാതിരിക്കാൻ ആവശ്യാനുസരണം പുതിയ ജിഎസ്ടിആർ 1 ഫയൽ തുറന്ന് അതിലേയ്ക്ക് ബാക്കി വിവരങ്ങൾ ഇതുപോലെ തന്നെ ചേർത്ത് നല്കാം. ഇടത്തരം നികുതി ദായകർക്കും ഇതേ രീതിയിൽ റിട്ടേൺ ഫയൽ ചെയ്യാവുന്നതാണ്. ഇന്റർ നെറ്റ് ഇല്ലാതെ തന്നെ ജിഎസ്ടിആർ -1 എക്സൽ ഷീറ്റിൽ റിട്ടേൺ തയാറാക്കാം. പിന്നീട് അപ്‌ലോഡ് ചെയ്താൽ മതി. ഇന്റർനെറ്റ് സിഗ്നലുകൾ വളരെ ദുർബലമായ വിദൂര മേഖലകളിൽ ഈ രീതി പിന്തുടരാം.

### ലക്ഷ്യം വ്യവസായ സൗഹൃദ രാഷ്ട്രം

വ്യവസായങ്ങൾ ആരംഭിക്കാനുള്ള നടപടി ക്രമങ്ങൾ ലഘൂകരിക്കുക എന്നത് സമ്പദ് വ്യവസ്ഥയുടെ പുരോഗതിക്ക് അത്യാവശ്യമാണ്. നിർഭാഗ്യവശാൽ ആഗോള സമ്പദ് വ്യവസ്ഥയിൽ ഇന്ത്യ ഇക്കാര്യത്തിൽ വളരെ പിന്നിലാണ്. എങ്ങനെ വ്യവസായങ്ങൾ എളുപ്പത്തിൽ ആരംഭിക്കാം എന്നതു സംബന്ധിച്ച് ലോകബാങ്കിന്റെ ഒരു റിപ്പോർട്ടുണ്ട്. ഇതിൽ സംരംഭകർ നേരിടുന്ന പ്രധാന പ്രതിസന്ധികളെ കുറിച്ച് വിവരിക്കുന്നുണ്ട്. അതിൽ ഒന്നാം സ്ഥാനത്ത് സൂചിപ്പിക്കുന്നത് നികുതി അടവിന്റെ പ്രശ്നങ്ങളാണ്.

ചരക്കു സേവന നികുതി ശൃംഖലയുടെ ലക്ഷ്യം പ്രവർത്തന നടപടികൾ ലളിതമാക്കുക മാത്രമല്ല, നികുതി അടവ് ലളിതവും സൗകര്യപ്രദവുമാക്കുക എന്നതു കൂടിയാണ്. ഈ സൂചകം മാത്രം പരിഷ്കരിച്ചുകൊണ്ട് ലോക രാഷ്ട്രങ്ങളുടെ ഈ പട്ടികയിലെ ഇന്ത്യയുടെ സ്ഥാനം ഉയർത്താനാണ് നമ്മൾ ശ്രമിക്കുന്നത്. മറ്റ് ആരുടെയും സഹായം കൂടാതെ സ്വയം ചെയ്യാവുന്ന രീതിയിൽ നടപടിക്രമങ്ങൾ പരിഷ്കരിച്ചുകൊണ്ട് നാം സംരംഭകനെ ശാക്തീകരിച്ചിരിക്കുകയാണ്.

ജിഎസ്ടി വിജയകരമായി നടപ്പിലാക്കിക്കൊണ്ടും, ചരക്കു സേവന നികുതി ശൃംഖല വഴി അതിനെ ശാക്തീകരിച്ചുകൊണ്ടും, ഇന്ത്യ മുന്നോട്ടു പോവുകയാണ്. നികുതി സംവിധാനത്തിൽ ലോക നിലവാരത്തിലുള്ള മാനദണ്ഡങ്ങൾ പാലിക്കുക വഴി വ്യവസായ രംഗത്ത് വൻ നേട്ടങ്ങളാണ് നാം ലക്ഷ്യമാക്കുന്നത്. വ്യവസായങ്ങൾ ശക്തിപ്പെടുത്തിക്കൊണ്ട് രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥയുടെ സമഗ്ര വളർച്ചയാണ് നമുക്ക് കൈവരിക്കാനുള്ളത്.

*(ലേഖകൻ GSTN (Goods and Service Tax Network) സിഇഒയാണ്)*

## വിജ്ഞാന പാത

### പ്രഗതിയിലൂടെ പ്രധാനമന്ത്രിയുടെ ആശയവിനിമയം

പ്രതികരണാത്മകമായ ഭരണത്തിനും സമയബന്ധിതമായ നടത്തിപ്പിനുമുള്ള ബഹുരൂപ വിവര സാങ്കേതിക ആശയവിനിമയ വേദിയായ പ്രഗതിയിലൂടെ പ്രധാനമന്ത്രി ശ്രീ. നരേന്ദ്രമോദിയുടെ ഇരുപതാമത് ആശയവിനിമയം നടന്നു.

വടക്കു കിഴക്കൻ സംസ്ഥാനങ്ങളിലെ വെള്ളപ്പൊക്കവും മറ്റു പ്രകൃതി ദുരന്തങ്ങളും അവലോകനം ചെയ്തുകൊണ്ടാണു പ്രധാനമന്ത്രിയുടെ അധ്യക്ഷതയിൽ നടന്ന യോഗം ആരംഭിച്ചത്. സംസ്ഥാനങ്ങൾക്കു കേന്ദ്രത്തിന്റെ സാധ്യമായ എല്ലാ സഹായവും അദ്ദേഹം വാഗ്ദാനം ചെയ്തു.

എല്ലാ വ്യാപാരികളും ജിഎസ്ടിയിൽ രജിസ്റ്റർ ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തണമെന്നും ഈ പ്രക്രിയ ആഗസ്റ്റ് 15 ആകുമ്പോഴേക്കും പൂർത്തിയാക്കണമെന്നും ചീഫ് സെക്രട്ടറിമാരോടു പ്രധാനമന്ത്രി നിർദേശിച്ചു. സി.പി.ഡബ്ല്യൂ.ഡിയും ഡയറക്ടറേറ്റ് ഓഫ് എസ്റ്റേറ്റ്സുമായി ബന്ധപ്പെട്ട പരാതികൾ കൈകാര്യം ചെയ്യുന്നതിലും പരിഹരിക്കുന്നതിലുമുള്ള പുരോഗതി അവലോകനം ചെയ്യപ്പെട്ടു. ഇക്കാര്യം പ്രതികരണാത്മകമായി നിരീക്ഷിക്കാൻ നഗരവികസന മന്ത്രാലയത്തോട് അദ്ദേഹം ആവശ്യപ്പെടുകയും ചെയ്തു. എല്ലാ ചില്ലറ വിൽപ്പനക്കാരും ഗവൺമെന്റ് ഇ-വിപണിയായ ജെമ്മിൽ ചേരാൻ പ്രധാനമന്ത്രി ആഹ്വാനം ചെയ്തു.

മഹാരാഷ്ട്ര കർണ്ണാടക, ആന്ധ്രാപ്രദേശ്, തമിഴ്നാട്, പശ്ചിമബംഗാൾ, ഒഡീഷ, ഉത്തർപ്രദേശ്, ഉത്തരാഖണ്ഡ്, ഹിമാചൽ പ്രദേശ്, അരുണാചൽ പ്രദേശ് എന്നിവ ഉൾപ്പെടെയുള്ള ഒട്ടേറെ സംസ്ഥാനങ്ങളിൽ റെയിൽവേ, റോഡ്, പെട്രോളിയം മേഖലകളിൽ ഏറെക്കാലമായി നടപ്പാക്കാതെ കിടക്കുന്ന അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ യാഥാർത്ഥ്യമാക്കാനുള്ള ശ്രമങ്ങളിലുള്ള പുരോഗതി പ്രധാനമന്ത്രി വിലയിരുത്തി.

# കേന്ദ്രീകൃത സാമ്പത്തിക ബന്ധങ്ങളുടെ സംതുലനം

ജയന്താ റോയ് ചൗധരി

നികുതി ഏർപ്പെടുത്താനുള്ള തങ്ങളുടെ ഭരണഘടനാപരമായ അധികാരം ഉപേക്ഷിച്ചുകൊണ്ട് സംസ്ഥാനങ്ങൾ പുതിയ അഖിലേന്ത്യ നികുതിയായ ചരക്കുസേവന നികുതിയുടെ വിജയത്തിൽ വാതു പറയുകയാണ്. എന്നിരുന്നാലും ജിഎസ്ടിയിൽ വാഗ്ദാനം ചെയ്ത വരുമാനവർധന നൽകുന്നതിൽ പരാജയമുണ്ടാകാതിരിക്കാൻ സംസ്ഥാനങ്ങൾ സ്വയം ജാഗ്രത കാണിക്കുകയും ചെയ്യുന്നു. ദീർഘവും ശക്തവുമായ പോരാട്ടത്തിലൂടെ, ചില ഉത്പന്നങ്ങൾക്ക് ജിഎസ്ടി നഷ്ടപരിഹാര സെസ് ഏർപ്പെടുത്തുവാനുള്ള തീരുമാനം കേന്ദ്രത്തെക്കൊണ്ടു എടുപ്പിക്കുവാൻ സംസ്ഥാനങ്ങൾക്കു കഴിഞ്ഞു. സെസ് വഴി അമ്പതിനായിരം കോടി രൂപ സ്വരൂപിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ജിഎസ്ടി നടപ്പാക്കുമ്പോൾ സംസ്ഥാനങ്ങൾക്കു വരുമാന നഷ്ടമുണ്ടായാൽ ഇതു സംസ്ഥാനങ്ങൾക്കു നഷ്ടപരിഹാരമായി വീതിക്കുവാൻ കഴിയും.

ഓയിൽഷോക്കു കൊണ്ടോ അല്ലെങ്കിൽ മറ്റൊരു ആഗോള മാന്ദ്യംകൊണ്ടോ മറ്റേതെങ്കിലും സാഹചര്യത്തിലോ സമ്പദ്ഘടനയുടെ വളർച്ചയുടെ വേഗം കുറയുകയോ വാഗ്ദാനം ചെയ്തിട്ടുള്ളതുപോലെ സമ്പദ്ഘടനയിൽ 7.5-8 ശതമാനം വളർച്ച ഉണ്ടാവാതിരിക്കുകയോ അല്ലെങ്കിൽ വരുമാന വളർച്ച ഉണ്ടാവാതിരിക്കുകയോ ചെയ്താൽ നഷ്ടപരിഹാരം ലഭിക്കണമെന്നതാണ് ഈ ചിന്തയ്ക്കു പിന്നിലെ കാര്യം.

ജിഎസ്ടിയുടെ പ്രശ്നവും മറ്റൊന്നല്ല. എല്ലാനികുതികളും ജിഎസ്ടിയും സമ്പദ്ഘടനയുടെ വളർച്ചയെ ആശ്രയിച്ചാണ് നിൽക്കുന്നത്. സാമാന്യബോധമനുസരിച്ച് ജിഎസ്ടി നികുതിയടിത്തറ വിപുലമാക്കും. ഇതു വഴി നികുതി- ജിഡിപി റേഷ്യോ ഇപ്പോഴത്തെ 10 ശതമാനത്തിൽനിന്നു 16 ശതമാനത്തിലേക്ക് ഉയരുമെന്നും പ്രതീക്ഷിക്കുന്നു. ഇതു നേടുവാൻ സാധിക്കുമോയെന്നത് അടുത്തവർഷവും അതിനുശേഷവുമുള്ള സമ്പദ്ഘടനയുടെ വളർച്ചയെ ആശ്രയിച്ചും മൊത്തത്തിലുള്ള ഇടപാടുകളും കംപ്ലയൻസ് നിരക്കുമൊക്കെ പ്രയാസകരമല്ലാതാക്കാൻ ഗവൺമെന്റും വ്യവസായമേഖലയും ഒരേസമയം എങ്ങനെ പ്രവർത്തിക്കുമെന്നതിനെ ആശ്രയിച്ചുമാണിരിക്കുന്നത്.

"ജിഎസ്ടി നടപ്പാക്കിയതിനുശേഷമുണ്ടാകുന്ന വരുമാനത്തെക്കുറിച്ച് അനിശ്ചിതാവസ്ഥ നിലനിൽക്കുന്നതിനാൽ, സംസ്ഥാനങ്ങളുടെ വരുമാനം സംബന്ധിച്ച കാഴ്ചപ്പാടും അസ്ഥിരമാകും." എന്ന് സംസ്ഥാനങ്ങളുടെ സാമ്പത്തിക സ്ഥിതി സംബന്ധിച്ച റിപ്പോർട്ടിൽ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ മുന്നറിയിപ്പു നൽകുന്നു.

സംസ്ഥാനങ്ങൾക്ക് ഇതിനുമുമ്പുണ്ടായിട്ടില്ലാത്ത വിധമുള്ള ചെലവുകളെയാണ് ഇപ്പോൾ നേരിടേണ്ടിവരുന്നത്. ഏഴാം ശമ്പളക്കമ്മീഷൻ ശുപാർശകൾ നടപ്പാക്കിയതോടെ അവരുടെ ശമ്പള ബിൽ വലിയതോതിൽ ഉയരുമെന്നാണ് കണക്കാക്കപ്പെടുന്നത്. കാർഷിക കടങ്ങൾ എഴുതിത്തള്ളുന്നതിനു തുടക്കം കുറിച്ച യുപിയെ പിന്തുടർന്നു മൂന്നു സംസ്ഥാന സർക്കാരുകൾ കൂടി വായ്പ എഴുതിത്തള്ളുവാൻ തയാറായിരിക്കുകയാണ്.

സംസ്ഥാനങ്ങളും കേന്ദ്രവും ഇപ്പോൾതന്നെ കടമെന്ന വലിയൊരു ടൈം ബോംബിന്റെ മുകളിലൂടെ കടന്നുപോവുകയാണ്. ഇതു രൂക്ഷമായാൽ ഇന്ത്യ മറ്റൊരു ഗ്രീസായി മാറും. സംസ്ഥാനങ്ങളുടേയും കേന്ദ്രസർക്കാരിന്റെയും ഉൾപ്പെടെ ഇന്ത്യയുടെ പൊതുക്കടം ജിഡിപിയുടെ 67 ശതമാനത്തോളമാണ്. ഇതാവട്ടെ ജപ്പാനൊഴികെയുള്ള ഏഷ്യൻ രാജ്യങ്ങളുടെ ഇടയിൽ ഏറ്റവും ഉയർന്നതും.

എല്ലാ സംസ്ഥാനങ്ങളും ഇത്തരത്തിൽ കാർഷിക കടങ്ങൾ എഴുതിത്തള്ളുകയും പുതിയതായി വായ്പ എടുക്കുകയും ചെയ്താൽ കടത്തിൽ മൂന്നു ലക്ഷം കോടി രൂപയുടെ വർധനയുണ്ടാകുമെന്നാണ് ധനമന്ത്രാലയത്തിന്റെ ഔദ്യോഗിക കണക്ക്. ഇത്തരത്തിലുള്ള ഉയർന്ന കടം എല്ലാസമയത്തും നിലനിർത്തി മുന്നോട്ടു പോകാൻ രാജ്യത്തിനു കഴിയുകയില്ല. ഇപ്പോഴത്തെ നിർണായകസന്ധിയിൽ പുതിയ നികുതി ഘടന പരീക്ഷിക്കുമ്പോൾ അത് സംസ്ഥാനങ്ങളുടെ സാമ്പത്തികനിലയെ എങ്ങനെ ബാധിക്കുമെന്നു മനസിലാക്കാനും സാധിക്കില്ല. സംസ്ഥാനങ്ങളുടെ സാമ്പത്തിക നില മുകളിലേക്കു പോകുമോ താഴേയ്ക്കു പോകുമോയെന്നു പറയുവാനുമാവില്ല. ഇതു തീർച്ചയായും അപകടം പിടിച്ച സംഗതിതന്നെയാണ്. സംസ്ഥാനങ്ങൾക്കു ഇതു നല്ലവണ്ണം അറിയുകയും ചെയ്യാം.

പതിനേഴു സംസ്ഥാനങ്ങളുടെ ഡെബ്റ്റ്-ടു-സ്റ്റേറ്റ് ജിഡിപി അനുപാതം കഴിഞ്ഞ വർഷം വർധിച്ചതായി റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ റിപ്പോർട്ട് പറയുന്നു. "സംസ്ഥാനങ്ങളുടെ മൊത്തം സാമ്പത്തിക സ്ഥിതി അടുത്ത ഏതാനും വർഷമായി വഷളായി വരികയാണ്. 25 സംസ്ഥാനങ്ങളുടെ വിവരങ്ങൾ ശേഖരിച്ചതിൽ നിന്നു മനസിലാകുന്ന കാര്യം 2016-17ൽ ഈ സംസ്ഥാനങ്ങൾ ബജറ്റിൽ നൽകിയിരുന്ന ധനകാര്യ കണക്കുകൾ പാലിക്കുവാൻ സാധിച്ചിട്ടില്ല എന്നാണ്." റിസർവ് ബാങ്ക് റിപ്പോർട്ട് പറയുന്നു.

2015-16-ലെ മൊത്തധനകമ്മി- ജിഡിപി അനുപാതം ഇതിനകം തന്നെ മൂന്നു ശതമാനം എന്ന പരിധിക്കു മുകളിൽ എത്തിയിരിക്കുകയാണ്. 2004-05 നു ശേഷം ഇതാദ്യമായിട്ടാണ് ഇത് ഈ പരിധിക്കു മുകളിൽ എത്തുന്നത്.

ഈ സാഹചര്യത്തിൽ ശമ്പളം, വികസനച്ചെലവുകൾ, വായ്പ എഴുതിത്തള്ളൽ തുടങ്ങിയവയ്യ്ക്ക് പണം വേണമെന്ന സംസ്ഥാനങ്ങളുടെ ആവശ്യം അംഗീകരിക്കുവാൻ കേന്ദ്രത്തിനു സാധിക്കുകയില്ല. ഇതു കേന്ദ്രവുമായുള്ള ഏറ്റുമുട്ടലിലേക്ക് സംസ്ഥാനങ്ങളെ

നയിക്കുമോയെന്നു കാണാനിരിക്കുന്നതേയുള്ളു.


റിയൽ എസ്റ്റേറ്റ്, പെട്രോളിയം ഉത്പന്നങ്ങൾ, മദ്യം തുടങ്ങിയവ ഉൾപ്പെടെ പരോക്ഷനികുതിയുടെ 45 ശതമാനത്തോളം ജിഎസ്ടിക്കു പുറത്താണെന്നു ചൂണ്ടിക്കാണിക്കപ്പെടുന്നു. ഇവയിൽ നികുതി ഏർപ്പെടുത്തുവാനും വേണമെങ്കിൽ നിരക്ക് ഉയർത്തുവാനും സംസ്ഥാന സർക്കാരുകൾക്ക് അവകാശമുണ്ട്.

സമയമാകുമ്പോൾ ജിഎസ്ടി കൗൺസിൽ ഇവയേയും ജിഎസ്ടിയുടെ പരിധിയിലേക്കു കൊണ്ടുവരുമെന്ന് ജിഎസ്ടി ബിൽ വാഗ്ദാനം ചെയ്യുന്നു. അതിനേക്കാളേറെ ധനകാര്യ സ്വാതന്ത്ര്യത്തിനായി തങ്ങൾ ചില നടപടികൾ സ്വീകരിക്കേണ്ടതുണ്ടെന്നു സംസ്ഥാനങ്ങൾ വ്യക്തമായി മനസിലാക്കിയിരിക്കുകയാണ്. ഇത്തരം ഇനങ്ങൾക്കു നികുതി ഏർപ്പെടുത്താനുള്ള അവകാശം നിലനിർത്തുന്നത് തങ്ങൾക്കു സാമ്പത്തിക സുരക്ഷ സൃഷ്ടിക്കുവാൻ ആവശ്യമാണെന്നും സംസ്ഥാനങ്ങൾ മുൻകൂട്ടികണ്ടിരുന്നു.

കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിൽ സാമ്പത്തിക അധികാരം പങ്കുവയ്ക്കുന്ന കാര്യം കോൺസ്റ്റിറ്റ്യൂവന്റ് അസംബ്ളിയിൽ വന്നപ്പോൾ, സംസ്ഥാനത്തിനു കൂടുതൽ അധികാരങ്ങൾ നൽകണമെന്നാണ് കോൺഗ്രസിന്റേതുൾപ്പെടെയുള്ള എംപിമാർ വാദിച്ചത് എന്ന കാര്യം നമുക്കു ഓർമിക്കാം. എന്നിരുന്നാലും അധികമായ ഫെഡറലിസത്തെക്കുറിച്ചുള്ള ഭയം ഒറ്റ ഇന്ത്യ എന്ന ചൈതന്യത്തിനു നിരക്കുന്നതല്ലെന്ന വാദം പ്രബലമായി അന്ന് ഉയർന്നുവന്നു. നിയമനിർമാണം, നികുതി ചുമത്തൽ തുടങ്ങിയ അധികാരങ്ങൾ അതിനാൽ സംസ്ഥാനങ്ങളേക്കാൾ കേന്ദ്രത്തിന് അനുകൂലമായി ഭവിക്കുകയും ചെയ്തു.

ജിഎസ്ടിയുടെ നടപ്പാക്കൽ വന്നപ്പോൾ ഈ ചായ്‌വ് സ്പഷ്ടമായി കേന്ദ്രത്തിന് അനുകൂലമായി മാറിയെന്നു ഭരണഘടനാവിദഗ്ധർ ചൂണ്ടിക്കാട്ടുന്നു. ചില വസ്തുക്കളുടെയെങ്കിലും നികുതി കൂട്ടുവാനുള്ള സ്വാതന്ത്ര്യം സംസ്ഥാനങ്ങൾ ഉപേക്ഷിച്ചിരുന്നുവെങ്കിൽ വിഭവസമാഹരണത്തിനുള്ള അവരുടെ കഴിവ് ഗണ്യമായി കുറയുമായിരുന്നു. ജിഎസ്ടിയിലെ നിരവധി വകുപ്പുകളെ ശക്തമായി എതിർത്ത് തമിഴ്‌നാട് നിരത്തിയ ചില വാദങ്ങളിൽ കഴമ്പുണ്ട്. തങ്ങൾ നടത്തുന്ന നിരവധി സമൂഹ്യക്ഷേമ പദ്ധതികൾക്കുള്ള തുക കണ്ടെത്തുന്നത് നികുതികൾ വഴിയാണെന്നാണ് തമിഴ്‌നാട് ചൂണ്ടിക്കാട്ടുന്നത്.

വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ സാമൂഹ്യ ഘടകങ്ങൾ കണക്കിലെടുക്കുമ്പോൾ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾ മിന്നുന്ന നേട്ടമാണ് ഇക്കാര്യത്തിൽ നേടിയിട്ടുള്ളത്. ഇക്കാര്യത്തിൽ ഈ സംസ്ഥാനങ്ങൾ തങ്ങളുടെ എതിരാളികളേക്കാൾ ബഹുദൂരം മുന്നിലാണെന്നു മാത്രമല്ല, ഇക്കാര്യത്തിൽ ഒഇസിഡി രാജ്യങ്ങളുമായുള്ള താരതമ്യം പോലും സാധ്യവുമാണ്. സാമ്പത്തിക ശാസ്ത്രജ്ഞൻ ഷീൻ ഡ്രസിന്റെ വാക്യങ്ങളിൽ പറഞ്ഞാൽ "വികസന സൂചികകളുടെ കാര്യമെടു




ത്താൽ ദിനചര്യപോലെ ടോപ് റാങ്കിംഗിൽ കേരളവും തമിഴ്‌നാടും ഉണ്ടാകുന്നു. മെച്ചപ്പെടുത്തലിന്റെ വേഗത്തിലും അവർ മറ്റു സംസ്ഥാനങ്ങളെ കവച്ചു വയ്ക്കുകയാണ്."

നിയമപരമായി പറഞ്ഞാൽ, നികുതി ചുമത്തൽ അധികാരം തെരഞ്ഞെടുക്കപ്പെടാത്ത ഒരു സംഘത്തിലേക്ക് ജിഎസ്ടി ഭേദഗതി നിയമം ഫലപ്രദമായി മാറ്റിയിരിക്കുകയാണ്. നികുതി നിരക്കു നിശ്ചയിക്കുവാനുള്ള അധികാരം പാർലമെന്റിൽനിന്നും സംസ്ഥാനങ്ങളിലെ നിയമനിർമാണ സഭകളിൽനിന്നും നിയമത്താൽ സൃഷ്ടിക്കപ്പെട്ട ജിഎസ്ടി കൗൺസിലിലേക്ക് ഫലപ്രദമായി മാറ്റിയിരിക്കുകയാണ്. ഇതു രാജ്യമൊട്ടാകെ നടപ്പിലാക്കുകയും ചെയ്യുന്നു.

ഈ കൗൺസിലിലെ വോട്ടിംഗ് മുൻതൂക്കം കണക്കിലെടുക്കാതെ തന്നെ ഒരു വസ്തുത വസ്തുതയായി തന്നെ നിലനിൽക്കുന്നു. രാജ്യത്തൊട്ടാകെയുള്ള വസ്തുക്കളുടേയും സേവനങ്ങളുടേയും നികുതിനിരക്കുകൾ നിശ്ചയിക്കുവാനുള്ള ഉന്നത നിയമനിർമാണ സംഘമായി ജിഎസ്ടി കൗൺസിൽ മാറിയിരിക്കുന്നു. പാർലമെന്റിലേയും സംസ്ഥാന നിയമസഭകളിലേയും തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുമായി പരോക്ഷമായോ പ്രത്യക്ഷമായോ ഇതിനു ബന്ധമില്ലാതായിരിക്കുന്നു.

സംസ്ഥാനങ്ങൾ അവരുടെ നിയമങ്ങൾ പാസാക്കുമ്പോൾ തങ്ങളുടെ കീഴിലുള്ള മുനിസിപ്പാലിറ്റി പോലുള്ള സ്ഥാപനങ്ങൾ വഴി നികുതി ചുമത്തുന്നതിനുള്ള ചില അധികാരങ്ങൾ നിലനിർത്താൻ ആഗ്രഹിക്കുന്നുണ്ട്. നികുതി ഉയർത്തുന്നതിന് അവയ്ക്കിപ്പോൾ കൂടുതൽ അധികാരമുണ്ട്.

മുനിസിപ്പൽ സ്ഥാപനങ്ങൾ ചുമത്തുന്ന പ്രവേ

ശന നികുതി, പ്രാദേശിക സ്ഥാപനങ്ങൾ ചുമത്തുന്ന വിനോദ നികുതി, സ്റ്റാമ്പ് ഡ്യൂട്ടി, മദ്യം, ഇന്ധനം തുടങ്ങിയ ഉത്പന്നങ്ങളിന്മേലുള്ള നികുതി, വൈദ്യുതി സെസ് തുടങ്ങിയവയെല്ലാം ഇപ്പോൾ ജിഎസ്ടിക്കു പുറത്താണ്. ഇവയിൽ നികുതി ഉയർത്താനും കുറയ്ക്കാനുമുള്ള അവകാശം അവർക്കുണ്ട്. ഇത് സംസ്ഥാന സർക്കാരുകളിൽനിന്നു അവയ്ക്ക് കൂടുതൽ ധനകാര്യ സ്വാതന്ത്ര്യം നൽകുന്നു. സംസ്ഥാനങ്ങളുടെ കാര്യത്തിൽ ഇതു നേരെ മറിച്ചാണ്. അവയുടെ മുഖ്യവരുമാനവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ജിഎസ്ടി കൗൺസിലിന്റെ തീരുമാനം പാലിക്കുവാൻ ബാധ്യസ്ഥമാണ്.


മിക്ക രാജ്യങ്ങളിലും പരോക്ഷനികുതി തീരുമാനങ്ങളിൽനിന്നു മാറ്റിനിർത്തപ്പെട്ട പ്രവിശ്യകൾക്ക് പ്രത്യക്ഷനികുതിയിൽ അവകാശമുണ്ട്. കഴിഞ്ഞ നൂറ്റാണ്ടിൽ ജിഎസ്ടി നടപ്പാക്കിയ കാനഡയിലെ പ്രവശ്യകൾക്കു പ്രത്യക്ഷനികുതിക്കുമേൽ അധികാരമുണ്ട്. ഫെഡറൽ ഗവൺമെന്റിന് പരോക്ഷനികുതികൾ ചുമത്തുന്നതിലാണ് അധികാരം. അതുകൊണ്ടാണ് ജിഎസ്ടിയിലേക്കുള്ള മാറ്റം അവിടുത്തെ പ്രവിശ്യ സർക്കാരുകളുടെ അധികാരത്തിൽ കാര്യമായ അനന്തരഫലമുണ്ടാക്കാത്തത്. എന്നാൽ ഇന്ത്യയിൽ കേന്ദ്രസർക്കാർ പ്രത്യക്ഷനികുതിയിൽ സമ്പൂർണ്ണ അധികാരം കൈവശം വയ്ക്കുന്നതിനൊപ്പം ജിഎസ്ടിയുടെ പകുതി ഇടപാടുകളിൽ പ്രത്യേകമായ കൈവശവകാശം അനുഭവിക്കുകയും ചെയ്യുന്നു.

ചരക്കു സേവന നികുതി അന്തിമമായി നടപ്പിലാക്കുമ്പോൾ ഇന്ത്യൻ വ്യവസ്ഥ എങ്ങനെ പ്രതികരിക്കുമെന്ന് ഇനിയും കാണാനിരിക്കുന്നതേയുള്ളു. ഇപ്പോൾ ആവിഷ്കരിച്ചിട്ടുള്ള നികുതി അധികാരം സംബന്ധിച്ച് കൂടുതൽ വ്യക്തത വരുന്നതോടെ അതിൽ മാറ്റം ആവശ്യപ്പെടുമെന്നത് എല്ലാവരും അംഗീകരിക്കുന്ന കാര്യമാണ്.

ആത്യന്തികമായി സംസ്ഥാനങ്ങൾ കൂടുതൽ അയവുള്ള ധനകാര്യ ചട്ടവട്ടങ്ങൾ ആവശ്യപ്പെടും. ഓസ്ട്രേലിയൻ മാതൃകയാണ് അവർക്കു മുന്നിലുള്ളത്. ഇവിടെ നികുതിയുടെ 75 ശതമാനവും ഫെഡറൽ ഗവൺമെന്റ് അല്ലെങ്കിൽ കോമൺവെൽത്ത് ഗവൺമെന്റാണ് പിരിച്ചെടുക്കുന്നത്. തുടർന്ന് അത് സംസ്ഥാനങ്ങൾക്ക് സമാനമായി വിതരണം ചെയ്യുന്നു.

ഇന്ത്യയുടെ നികുതിഘടനയും കേന്ദ്ര സംസ്ഥാനങ്ങൾ തമ്മിലുള്ള അധികാര സന്തുലനവും എങ്ങനെയായിരിക്കണമെന്നത് സംബന്ധിച്ച് സംസ്ഥാനങ്ങൾ അവരുടെ വിഭവനില മെച്ചപ്പെടുത്തുന്നതുമായി ബന്ധപ്പെട്ടുള്ള നിലവിലെ നിയമത്തിൽ മാറ്റം ആവശ്യപ്പെടുന്ന കാലം വിദൂരത്തല്ല.

*(ടെലിഗ്രാഫ് ദിനപത്രത്തിൽ ധനകാര്യ വിഭാഗം സീനിയർ എഡിറ്ററാണ് ലേഖകൻ)*

# ചരക്കു സേവന നികുതി: പുതുയുഗത്തിന്റെ ഉദയം

ഉപേന്ദർ ഗുപ്ത

2017 ജൂൺ 30 ന് അർദ്ധരാത്രി ഇന്ത്യൻ പാർലമെന്റിന്റെ അകത്തളത്തിൽ പ്രത്യേക സമ്മേളനത്തിന്റെ ആരംഭം സൂചിപ്പിച്ച് മുഴങ്ങിയ മണിനാദം, ലോകമെമ്പാടും നമ്മുടെ രാജ്യത്തിന്റെ രാഷ്ട്രീയ പക്വതയുടെയും യോജിപ്പിന്റെയും കാഹളമായിട്ടാണ് പ്രതിധ്വനിച്ചത്. ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയെ സംബന്ധിച്ചിടത്തോളം ആ കൂടിച്ചേരൽ ഒരു ചരിത്ര മുഹൂർത്തമായിരുന്നു. ക്രമരഹിതവും സങ്കീർണവുമായ പരോക്ഷ നികുതി സമ്പ്രദായത്തിൽ നിന്ന് ഉത്തമവും ലളിതവുമായ നികുതി വ്യവസ്ഥയിലേയ്ക്കുള്ള രാജ്യത്തിന്റെ ഒറ്റക്കെട്ടായ മാറ്റമായിരുന്നു അത്. വ്യാപാര വ്യവസായ രംഗത്തെയും അതുവഴി സാധാരണക്കാരനെയും ഇന്നു വരെ കഷ്ടപ്പെടുത്തിയിരുന്ന, സങ്കീർണമായിരുന്ന അസംഖ്യം നികുതി സമ്പ്രദായത്തിൽ നിന്നുള്ള സമ്പദ്‌വ്യവസ്ഥയുടെ രക്ഷകനും ഇന്ത്യൻ സമൂഹത്തിന്റെ പുത്തൻ വിജയ മാർഗവുമായിട്ടാണ് ചരക്കു സേവന നികുതി ആവിർഭവിച്ചിരിക്കുന്നത് എന്നത് സംശയരഹിതമായ വസ്തുതയാണ്.

1947 മുതൽ വിവിധ സംസ്ഥാനങ്ങളുടെ ഏകീകൃത രാഷ്ട്രമാണ് ഇന്ത്യ. പക്ഷെ സാമ്പത്തികമായി നാം ഏക സമൂഹം ആയിരുന്നില്ല. തമിഴ്നാട്ടിൽ താമസിക്കുന്ന ഒരു വ്യാപാരിക്ക് വിവിധ സംസ്ഥാനങ്ങളിലെ നികുതി നിരക്കുകളെ ഭയപ്പെടാതെ ഹിമാചൽ പ്രദേശിൽ കൊണ്ടുപോയി അയാളുടെ ചരക്ക് വിൽക്കാൻ സാധിക്കുമായിരുന്നോ? ജമ്മുകാഷ്മീരിൽ നിന്നു കന്യാകുമാരിയിലേയ്ക്കു പോകുന്ന ഒരു ചരക്കു ലോറിക്ക് ഓരോ സംസ്ഥാന അതിർത്തികളിലെയും ചെക്കു പോസ്റ്റുകളിലും നിർത്തി നികുതി അടയ്ക്കാതെ കടന്നു പോകാൻ സാധിക്കുമായിരുന്നോ? എന്നാൽ ചരക്കു സേവന നികുതി പ്രാബല്യത്തിൽ വന്നതോടെ ഈ പ്രതിബന്ധങ്ങളെല്ലാം പൂർണമായി നീങ്ങിയിരിക്കുന്നു. ഇന്ത്യ ഒരൊറ്റ സാമ്പത്തിക സമൂഹമായി ശക്തിപ്പെട്ടു കഴിഞ്ഞു. ഒരു പൊതു ദേശീയ വിപണി നിലവിൽ വന്നിരിക്കുകയാണ്. രാജ്യത്തെ ഏതു സംസ്ഥാനത്തും ഇനി ആർക്കും പരോക്ഷ നികുതിയെ ഭയപ്പെടാതെ വ്യാപാരം ചെയ്യാം.


ഇതുവരെ ഇല്ലാതിരുന്നതും ഇപ്പോൾ പൊതുവെ കേൾക്കുന്നതുമായ പല്ലവി, എന്താണ് ജിഎസ്ടി എന്നതാണ്. ജിഎസ്ടി എന്നാൽ ചരക്കു സേവന നികുതിയാണെന്ന് ഇന്ത്യയിലെ ഏതൊരു കൊച്ചു കുഞ്ഞിനും അറിയാമെന്നുപറഞ്ഞാൽ അതിൽ തെറ്റില്ല. പക്ഷെ അവൻ കൃത്യമായി അറിഞ്ഞിരിക്കേണ്ടത് രാജ്യത്ത് ഈ ബൃഹത് പരിഷ്കാരം നടപ്പിലാക്കേണ്ടതിന്റെ ആവശ്യം എന്തായിരുന്നു എന്നതാണ്. എന്തുകൊണ്ടാണ് ഒരു പുതുയുഗപ്പിറവി കാണാൻ രാജ്യം പത്തു വർഷക്കാലം കാത്തിരിക്കേണ്ടി വന്നത്. ഇതിന്റെ പശ്ചാത്തലം മനസിലാകണമെങ്കിൽ ഇതുവരെ ഇവിടെ നിലവിലുണ്ടായിരുന്ന നമ്മുടെ നികുതി വ്യവസ്ഥയുടെ ചരിത്രം അറിയണം. കാലങ്ങളായി സെൻട്രൽ എക്സൈസ് തീരുവ, സേവന നികുതി, അന്തർ സംസ്ഥാന വില്പന നികുതി എന്നിവയാണ് കേന്ദ്ര ഗവൺമെന്റ് ഈടാക്കി വന്നിരുന്നത്. ഇതിൽ അന്തർ സംസ്ഥാന വില്പന നികുതി ചുമത്തുന്നത് കേന്ദ്രമാണെങ്കിലും അത് ഈടാക്കുന്നത് അതത് സംസ്ഥാനങ്ങളാണ്. സംസ്ഥാന ഗവൺമെന്റുകളാകട്ടെ, ചില്ലറ വില്പന നികുതി, പ്രവേശന നികുതി, ആഡംബര നികുതി, ക്രയ നികുതി തുടങ്ങിയവയാണ് ഈടാക്കി വന്നിരുന്നത്. ഈ നികുതികളുടെ ബാഹുല്യം ഏതൊരു നികുതി ദാതാവിനും പേടിസ്വപ്നമായിരുന്നു. ഓരോ നികുതിയും ഒറ്റയ്ക്ക് നില്ക്കുന്നു എന്നത് ഈ പ്രശ്നങ്ങൾ കൂടുതൽ സങ്കീർണമാക്കി. കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളിലേയ്ക്ക് അടയ്ക്കുന്ന നികുതികളെ പരസ്പരം അംഗീകരിച്ചിരുന്നില്ല. തന്മൂലം നികുതികളുടെ ഒരു ഒഴുക്കു തന്നെയായിരുന്നു നിലവിലുണ്ടായിരുന്നത്. സംസ്ഥാനങ്ങൾ തമ്മിലും സംസ്ഥാനങ്ങൾക്കുള്ളിലും നടക്കുന്ന വ്യാപാരത്തിൽ വരുന്ന നികുതികളുടെ ആവർത്തനങ്ങൾക്കിടയിൽ അധാർമ്മിക ഘടകങ്ങൾ രംഗപ്രവേശനം ചെയ്യുകയും കൃത്രിമമായ പ്രതിസന്ധികൾ സൃഷ്ടിച്ച് ഇതിൽ നിന്ന് മുതലെടുക്കുകയും ചെയ്തു വന്നിരുന്നു. ഇതിനിടയിൽ അത്യന്തം ക്ലേശകരമായ നിയമങ്ങളും, ഇഴഞ്ഞു നീങ്ങുന്ന, കാര്യക്ഷമതയില്ലാത്ത നടപടിക്രമങ്ങളും ചേർന്ന് ഇന്ത്യയിലെ വാണിജ്യ വ്യവസായ രംഗം മൊത്തത്തിൽ ദുരിതപൂർണമാക്കിയിരുന്നു.

നിത്യവും അലട്ടിയിരുന്ന ഈ അനുഭവങ്ങൾ എല്ലാം ഒരു ദുസ്വപ്നം പോലെ മറവിയിലേയ്ക്കു നീങ്ങുകയാണ്. ചരക്കു സേവന നികുതി സംവിധാനത്തിൽ ഇനി നാം കാണാൻ പോകുന്നത് മികച്ച നികുതി ഭരണമാണ്. അതായത് മികവ്, ഉത്തരവാദിത്തം, സദ്ഫലം, സുതാര്യത തുടങ്ങിയ സവിശേഷതകൾ ദൃശ്യമാകും. വിവിധ തലങ്ങളിൽ ഉണ്ടായിരുന്ന പലതരം നികുതികൾ എല്ലാം കൂടി ചരക്കു സേവന നികുതി എന്ന പേരിൽ ഏകീകരിക്കപ്പെടും. ഇന്ത്യ ഫെഡറൽ സംവിധാനത്തിൽ ഭരിക്കപ്പെടുന്ന രാജ്യമാകയാൽ സംസ്ഥാന കേന്ദ്ര ഗവൺമെന്റുകൾക്ക് സ്വതന്ത്രമായ നികുതി അധികാരങ്ങൾ ഉണ്ട്. തന്മൂലം ഇന്ത്യയിൽ രണ്ടു വിധത്തിൽ ജിഎസ്ടി നികുതി പിരിവ് നടക്കും. അന്തർ സംസ്ഥാന തലത്തിലുള്ള ചരക്കുകൾക്കും സേവനങ്ങൾക്കും കേന്ദ്ര ഗവൺമെന്റ് കേന്ദ്ര ജിഎസ്ടിയും സംസ്ഥാനങ്ങൾ സംസ്ഥാന ജിഎസ്ടിയും ഈടാക്കും. ഇതു കൂടാതെ അന്തർ സംസ്ഥാന തലത്തിൽ നല്കുന്ന ചരക്കുകൾക്കും സേവനങ്ങൾക്കും കേന്ദ്ര ഗവൺമെന്റ് സംയോജിത ജിഎസ്ടിയും ചുമത്തും. കേന്ദ്ര ഭരണ പ്രദേശങ്ങളിൽ യൂണിയൻ ടെറിട്ടറി ജിഎസ്ടിയുമുണ്ട്.

### ജിഎസ്ടിയുടെ മുഖ്യ സവിശേഷതകൾ

ജിഎസ്ടി വ്യക്തമായി മനസിലാക്കുന്നതിന് ഇന്ത്യയിൽ നടപ്പാക്കുന്ന ജിഎസ്ടി മാതൃകയുടെ പ്രധാന സവിശേഷതകൾ അറിയുന്നത് ഗുണകരമാകും.

1. ഇന്ത്യയിൽ ജമ്മുകാഷ്മീർ ഉൾപ്പെടെ രാജ്യത്തെ മുഴുവൻ സംസ്ഥാനങ്ങളും ജിഎസ്ടിയുടെ പ്രവർത്തന പരിധിയിൽ വരും.




2. ചരക്കുകളും സേവനങ്ങളും വിതരണം ചെയ്യുന്നതിനു മാത്രമാണ് ജിഎസ്ടി ബാധകം. നിലവിൽ ഉത്പ്പന്നങ്ങളുടെ നിർമ്മാണം, വില്പന തുടങ്ങിയവയ്ക്കെല്ലാം നികുതി ഉണ്ടായിരുന്നു.

3. ലക്ഷ്യ സ്ഥാനം അടിസ്ഥാനമാക്കിയുള്ള നികുതി ശേഖരണമാണ് ജിഎസ്ടി. നിലവിൽ ഉത്പ്പന്നത്തിന്റെ ഉറവിടം അടിസ്ഥാനമാക്കിയായിരുന്നു നികുതി ശേഖരിച്ചിരുന്നത്.

4. ഉത്പ്പന്നങ്ങളുടെ ഇറക്കുമതി അന്തർ സംസ്ഥാന വിതരണമായി കണക്കാക്കുന്നതാണ്. കസ്റ്റംസ് തീരുവ കൂടാതെ സംയോജിത (ഇന്റഗ്രേറ്റഡ്) ജിഎസ്ടി കൂടി ഇതിന് ഈടാക്കും.

5. ഇറക്കുമതി ചെയ്യുന്ന സേവനങ്ങളും  വിപരീത വിലയടിസ്ഥാനത്തിൽ സംയോജിത ജിഎസ്ടിയ്ക്കു വിധേയമായിരിക്കും.

6. കേന്ദ്ര, സംസ്ഥാന, കേന്ദ്രഭരണ, സംയോജിത ജിഎസ്ടി നിരക്കുകൾ ജിഎസ്ടി കൗൺസിലിന്റെ മേൽനോട്ടത്തിലായിരിക്കും നിശ്ചയിക്കുക.

7. എല്ലാ ചരക്കുകൾക്കും സേവനങ്ങൾക്കും 5,18,28 ശതമാനം വീതമുള്ള നാലു തലങ്ങൾ ഉണ്ടായിരിക്കും. അമൂല്യ ലോഹങ്ങൾക്ക് 3 ശതമാനം നികുതി ഉള്ളപ്പോൾ വിലയേറിയ കല്ലുകൾക്ക് നികുതി നിരക്ക് 0.25 ശതമാനമായിരിക്കും. ഇത്തരത്തിൽ ചില പ്രത്യേക  ഉത്പ്പന്നങ്ങളും സേവനങ്ങളും നികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുമുണ്ട്.

8.  മനുഷ്യ ഉപയോഗത്തിനുള്ള മദ്യം ഒഴികെ സമഗ്ര ചരക്കുകളും സേവനങ്ങളും ജിഎസ്ടിയുടെ പരിധിയിലാണ്. മദ്യം ഭരണഘടനാപരമായി തന്നെ ജിഎസ്ടിക്കു പുറത്താണ്. ഇതു കൂടാതെ 5 പെട്രോളിയം ഉത്പന്നങ്ങൾ (ക്രൂഡ് ഓയിൽ, പെട്രോൾ, ഡീസൽ, വിമാന ഇന്ധനം, പ്രകൃതി വാതകം) എന്നിവയും ഇപ്പോൾ ജിഎസ്ടിക്കു പുറത്താണ്. ഇവയെ വേണമെങ്കിൽ പിന്നീട് ജിഎസ്ടി കൗൺസിലിന്റെ ശുപാർശ പ്രകാരം ജിഎസ്ടിയുടെ പരിധിയിൽ കൊണ്ടുവരാവുന്നതാണ്.

9. കേന്ദ്ര, സംസ്ഥാന, കേന്ദ്രഭരണ ജിഎസ്ടികൾക്ക് തുടക്കമെന്ന നിലയിൽ പൊതുവായി 20 ലക്ഷം രൂപയുടെ ഇളവ് (10 ലക്ഷം രൂപ  വീതം ജമ്മു കാശ്മീർ ഒഴികെയുള്ള പ്രത്യേക വിഭാഗം സംസ്ഥാനങ്ങൾക്ക്) അനുവദിച്ചിട്ടുണ്ട്.  കൂടാതെ 75 ലക്ഷം വരെ (ജമ്മു കാശ്മീർ, ഉത്തരാഖണ്ഡ് ഒഴികെ ഭരണഘടനയുടെ 279 എ വകുപ്പു പ്രകാരം പ്രത്യേക പദവിയുള്ള സംസ്ഥാനങ്ങൾക്ക് 50 ലക്ഷം രൂപ വരെ) വിറ്റുവരവുള്ള ചെറുകിട നികുതി ദായകർക്ക് സംയോജിത പദ്ധതിക്കു കീഴിൽ ഏക നിരക്കിൽ നികുതി അടയ്ക്കാനുള്ള ക്രമീകരണവും ഉണ്ട്.

10. പ്രത്യേക സാമ്പത്തിക മേഖയിലേയ്ക്കുള്ള വിതരണം, കയറ്റുമതി എന്നിവയ്ക്ക് പൂജ്യം ശതമാനം നികുതി.

11. ഉത്പാദക നിവേശത്തിന്മേലുള്ള കേന്ദ്ര ജിഎസ്ടി വരവ് കേന്ദ്ര ജിഎസ്ടി അടയ്ക്കാൻ മാത്രം ഉപയോഗിക്കുക. അതുപോലെ ഉത്പാദക നിവേശത്തിന്മേലുള്ള സംസ്ഥാന, കേന്ദ്രഭരണ ജിഎസ്ടി വരവ് സംസ്ഥാന, കേന്ദ്രഭരണ ജിഎസ്ടി അടയ്ക്കാൻ മാത്രം ഉപയോഗിക്കുക. ചുരുക്കത്തിൽ അന്തർ സംസ്ഥാന വിതരണത്തിന്റെ സംയോജിത ജിഎസ്ടി അടയ്ക്കേണ്ടിവരുന്ന ചില പ്രത്യേക സാഹചര്യങ്ങളിൽ ഒഴികെ രണ്ടു മാർഗങ്ങളിലൂടെയുള്ള ഉത്പാദക നിവേശ നികുതി വരവ് പരസ്പരം ഉപയോഗിക്കാൻ പാടില്ല.

### വരവ് വിനിയോഗം:

വരവ് താഴെ പറയുന്ന കാര്യങ്ങൾക്കായി ഉപയോഗിക്കാൻ അനുമതിയുണ്ട്.

എ). ഉത്പാദക നിവേശ നികുതി വരവ് കേന്ദ്ര ജിഎസ്ടിയും സംയോജിത ജിഎസ്ടിയും ക്രമപ്രകാരം അടയ്ക്കുന്നതിന്.

ബി) സംസ്ഥാന ജിഎസ്ടിയുടെ ഉത്പാദക നിവേശ നികുതി വരവ് സംസ്ഥാന ജിഎസ്ടിയും സംയോജിത ജിഎസ്ടിയും ക്രമപ്രകാരം അടയ്ക്കുന്നതിന്.

സി) കേന്ദ്രഭരണപ്രദേശത്തെ ഉത്പാദക നിവേശ നികു

തി വരവ് കേന്ദ്രഭരണ പ്രദേശ ജിഎസ്ടിയും സംയോജിത ജിഎസ്ടിയും ക്രമപ്രകാരം അടയ്ക്കുന്നതിന്.

ഡി)സംയോജിത ജിഎസ്ടിയുടെ ഉത്പാദക നിവേശ നികുതി വരവ് സംയോജിത ജിഎസ്ടി, സംസ്ഥാന ജിഎസ്ടി, കേന്ദ്രഭരണ ജിഎസ്ടി എന്നിവ ക്രമപ്രകാരം അടയ്ക്കുന്നതിന്. എന്നാൽ സംസ്ഥാന ജിഎസ്ടിയോ കേന്ദ്രഭരണ പ്രദേശ ജിഎസ്ടിയോ, നേരെ മറിച്ചോ അടയ്ക്കുന്നതിന് കേന്ദ്ര ജിഎസ്ടിയുടെ ഉത്പാദക നിവേശ നികുതി വരവ് ഉപയോഗിക്കാൻ പാടില്ല.

12. വിവിധ വിഭാഗത്തിൽ ഉൾപ്പെട്ട ആളുകൾ, വിവിധ പരിധിയിൽ വേണം റിട്ടേണുകളുടെ ഇലക്ട്രോണിക് ഫയലിങ് നടത്താൻ.

13. നികുതി അടയ്ക്കുന്നതിന് വിവിധ രീതികൾ അതായത്, ഇന്റർനെറ്റ് ബാങ്കിങ്, ഡെബിറ്റ് – ക്രെഡിറ്റ് കാർഡുകൾ, നാഷണൽ ഇലക്ട്രോണിക് ഫണ്ട് ട്രാൻസ്ഫർ, ആർടിജിഎസ് തുടങ്ങിയവ ഉപയോഗിക്കാവുന്നതാണ്.

14. നികുതി തിരികെ ലഭിക്കാൻ അർഹതയുണ്ടെങ്കിൽ നികുതി അടച്ച് രണ്ടു വർഷത്തിനുള്ളിലെങ്കിലും നികുതി ദായകനോ ബന്ധപ്പെട്ട വ്യക്തികളോ അതിനുള്ള അപേക്ഷ നല്കണം.

15. രജിസ്റ്റർ ചെയ്തിട്ടുള്ള വ്യക്തികൾക്ക് സ്വയം വിലയിരുത്തി നികുതി നിശ്ചയിക്കാം.

16. രജിസ്റ്റർ ചെയ്തിട്ടുള്ള വ്യക്തികൾ നികുതി നിയമവ്യവസ്ഥകൾ പാലിച്ചിട്ടുണ്ടോ എന്നു പരിശോധന നടത്താവുന്നതാണ്.

17. നികുതി വിഷയങ്ങളിൽ നികുതി ദായകന്റെ സംശയനിവൃത്തിക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് വകുപ്പിൽ നിന്ന് ഭരണാധികാരിയെ നിയോഗിക്കണം. കേന്ദ്ര ജിഎസ്ടി നിയമപ്രകാരം കേന്ദ്രഗവൺമെന്റും ഇത്തരത്തിലുള്ള അധികാരിയെ നിയമിക്കണം.

18. ഉപയോക്താക്കൾക്ക് ചരക്കുകളുടെയും, സേവനങ്ങളുടെയും അല്ലെങ്കിൽ രണ്ടിന്റെയും മേൽ കുറവു വന്നിട്ടുള്ള നികുതിയുടെ ആനുകൂല്യങ്ങൾ വ്യവസായികൾ ഗുണഭോക്താക്കൾക്ക് നല്കുന്നതിന് ഉത്തരവിൽ ലാഭരഹിത ഉപാധികൂടി എഴുതി ചേർത്തിരിക്കുന്നു.

19. നിലവിലുള്ള നികുതി ദായകർക്ക് ജിഎസ്ടി സംവിധാനത്തിലേയ്ക്കു നിർവിഘ്നം പ്രവേശിക്കുന്നതിനുള്ള വിശാലമായ ക്രമീകരണങ്ങളും ചെയ്തിട്ടുണ്ട്.

## ജിഎസ്ടിയുടെ പ്രയോജനങ്ങൾ

### എ) ഇന്ത്യയിൽ നിർമ്മിക്കുക (Support to 'Make in India' project)

1) ഇന്ത്യയിൽ ഒരു ഏകീകൃത പൊതു വിപണി രൂപീകൃതമാകുന്നതിന് ഇത് സഹായിക്കും. വിദേശ നിക്ഷേപത്തെയും മെയ്ക്ക് ഇൻ ഇന്ത്യയെയും ശക്തിപ്പെടുത്തും.

2) വിതരണത്തിന്റെ ഓരോ ഘട്ടത്തിലും രാജ്യത്ത് ചരക്കുകൾക്കും സേവനങ്ങൾക്കും ഉത്പാദക നിവേശ നികുതി വരവ് ലഭ്യമാകുന്നതോടെ വിവിധ തരം നികുതികൾ കുറയും.

3) നികുതി നിയമങ്ങളുടെയും നടപടിക്രമങ്ങളുടെയും നിരക്കുകളുടെയും ഏകീകരണം.

4)കയറ്റുമതി ഉത്പ്പന്നങ്ങളുടെ നികുതി സമതുലീകരണം കാര്യക്ഷമമാകും. അതോടെ നമ്മുടെ ഉത്പ്പന്നങ്ങൾ അന്താരാഷ്ട്ര വിപണിയിൽ മത്സരക്ഷമമാകും. ഇത് ഇന്ത്യയിൽ നിന്നുള്ള കയറ്റുമതിയെ പ്രോത്സാഹിപ്പിക്കും.

5) കമ്പനികളുടെ മേലുള്ള ശരാശരി നികുതി ഭരം കുറയും. അതോടെ വിലകൾ താഴും. വിലകുറയുന്നതോടെ ഉപയോഗം വർധിക്കും. അത് ഉത്പാദനം ഉയർത്തും. ഉത്പാദനം ഉയരുന്നതോടെ സ്വാഭാവികമായും വ്യവസായം വളരും. കുത്തനെയുള്ള വ്യവസായ വളർച്ച ഭാവിയിൽ ഇന്ത്യയെ ഒരു നിർമ്മാണ കേന്ദ്രമാക്കി മാറ്റും.

### ബി) വ്യവസായ അന്തരീക്ഷം അനായാസമാകും

1) ഇളവുകൾ കുറയും, പക്ഷേ നികുതി വ്യവസ്ഥ ലളിതമാകും.

2) നിലവിലുള്ള പരോക്ഷ നികുതി പോലുള്ള നികുതിയുടെ ഗുണിതങ്ങൾ കുറയും. നികുതി വ്യവസ്ഥ ഏകീകൃതവും ലളിതവുമാകും.

3) കൈകാര്യ ചെലവുകൾ കുറയും. വിവിധതരം നികുതികളുടെ രേഖകൾ സൂക്ഷിക്കേണ്ടതില്ല. അപ്പോൾ ജോലിക്കാരുടെ എണ്ണം കുറയ്ക്കാം.

4) രജിസ്ട്രേഷൻ, റിട്ടേൺ ഫയൽ ചെയ്യൽ, തിരികെ ലഭിക്കൽ, നികുതി അടവ് തുടങ്ങിയ നടപടിക്രമങ്ങൾ ലളിതവും കമ്പ്യൂട്ടർ വത്കൃതവുമാകും.

5) എല്ലാ ഇടപാടുകളും പൊതുജിഎസ്ടി പോർട്ടൽ വഴി മാത്രമായിരിക്കും. നികുതി ദാതാവും നികുതി ഉദ്യോഗസ്ഥരും തമ്മിൽ വളരെ കുറച്ച് ഇടപെടലുകൾ മാത്രം മതിയാകും.

6) നികുതിദായകരുടെ രജിസ്ട്രേഷൻ, നികുതി തിരികെ ലഭിക്കൽ തുടങ്ങിയവയ്ക്ക് പൊതു നടപടിക്രമം, നികുതി റിട്ടേൺ ഫോമുകൾക്ക് ഏകീകൃത മാതൃക, ചരക്കുകൾക്കും സേവനങ്ങൾക്കും പൊതുവായ വർഗീകരണം എന്നിവ നിലവിൽ വരും.

### സി) ഗുണഭോക്താക്കൾക്ക് ലഭിക്കുന്ന പ്രയോജനം

1)നിർമാതാവ്, ചെറുകിട വിതരണക്കാരൻ, കച്ചവടക്കാരൻ എന്നിവർക്കിടയിലുള്ള നികുതി ഇല്ലാതാകുന്നതോടെ സാധനങ്ങളുടെ വില കുറയും.

2) കമ്പനികളുടെ മേലുള്ള ശരാശരി നികുതി ഭാരം കുറയും. ഇത് വിലകൾ കുറയാൻ കാരണമാകും. വില കുറയുമ്പോൾ സ്വാഭാവികമായും ഉപഭോഗം വർധിക്കും.

ഇടുങ്ങിയ വീക്ഷണ കോണിലൂടെ ജിഎസ്ടിയെ നോക്കുമ്പോൾ പരോക്ഷ നികുതികളുടെ നിഴലുകൾ മാത്രമെ കാണുകയുള്ളു. പക്ഷെ നമുക്ക് സമഗ്രമായ ഒരു വീക്ഷണം ഉണ്ടെങ്കിൽ പരിവർത്തനപരമായ ഈ പരിഷ്കാരം ഒരു വ്യാവസായിക മാറ്റമായി അനുഭവപ്പെടും. നമ്മുടെ സാമ്പത്തിക വളർച്ചയിൽ ഒരു സാമൂഹിക നവചൈതന്യം ദൃശ്യമാകും. വികസനമേഖലയിൽ നമ്മുടെ സമ്പദ്‌വ്യവസ്ഥയ്ക്ക് അത് സുരക്ഷിതത്വം നല്കും. ഭാവിയിൽ നമ്മുടെ ശിരസുകൾ ഉയരും, മനസുകൾ സ്വതന്ത്രവുമാകും.

*(കേന്ദ്ര ധനകാര്യ മന്ത്രാലയത്തിനു കീഴിലെ സെൻട്രൽ ബോർഡ് ഫോർ എക്സൈസ് ആന്റ് കസ്റ്റംസി(CBEC)ൽ കമ്മീഷണറാണ് ലേഖകൻ)*

# ബിസിനസ് രംഗം ആയാസരഹിതമാക്കുന്നതിൽ ജിഎസ്ടിയുടെ പ്രാധാന്യം

ഡാനിഷ് എ ഹാഷിം, വർഷ കുമാരി

പലവട്ടം നടന്ന സംവാദങ്ങളും ചർച്ചകളും ഉപദേശം തേടലുകളും അഭിപ്രായഭിന്നതകളുമൊക്കെയായി 17 വർഷം നീണ്ട യാത്രയ്ക്ക് അന്ത്യം കുറിച്ചുകൊണ്ട് 2017 ജൂലൈ ഒന്നിനു ചരക്കു സേവന നികുതി (ജി.എസ്.ടി.) ഇന്ത്യയിൽ നിലവിൽവന്നു. ജി.എസ്.ടി. മാതൃക നിർദേശിക്കാനായി വാജ്പേയ് ഗവൺമെന്റ് അധികാരത്തിൽ ഇരിക്കെ, 2000ൽ കമ്മിറ്റി രൂപീകൃതമാവുകയും ഇതേത്തുടർന്ന് 2003ൽ വിജയ് കേൽക്കറിന്റെ അധ്യക്ഷതയിൽ ദൗത്യസംഘം രൂപീകൃതമാവുകയും ചെയ്തതോടെയാണു ജി.എസ്.ടി. നടപ്പാക്കാനുള്ള പ്രവർത്തനങ്ങൾക്കു തുടക്കമായത്. പിന്നീടിങ്ങോട്ട് തിരിഞ്ഞുനോക്കലുകൾ ഇല്ലാതെ സംസ്ഥാനങ്ങളുമായി സഹകരിച്ചു കേന്ദ്ര ഗവൺമെന്റ് പദ്ധതി എത്രയും നേരത്തേ നടപ്പാക്കാൻ തുടർപ്രവർത്തനങ്ങൾ നടത്തിവരികയായിരുന്നു.

ജി.എസ്.ടി. നടപ്പാക്കപ്പെട്ടതോടെ ജി.എസ്.ടിയോ വാറ്റോ നടപ്പാക്കിയ ജർമനി, ഇറ്റലി, ബ്രിട്ടൻ, ദക്ഷിണ കൊറിയ, ജപ്പാൻ, കാനഡ, ഓസ്ട്രേലിയ, റഷ്യ, ചൈന, സിംഗപ്പൂർ, മലേഷ്യ തുടങ്ങിയ 160 രാജ്യങ്ങളുടെ പട്ടികയിൽ ഇന്ത്യക്കു കൂടി ഇടം ലഭിക്കുകയാണ്. നികുതിവെട്ടിപ്പ് ഒഴിവാക്കാനായി ജി.എസ്.ടി. ആദ്യം നടപ്പാക്കിയ രാഷ്ട്രം ഫ്രാൻസാണ്; 1954ൽ. ജി.എസ്.ടി. നടപ്പാക്കിയത് ബിസിനസ് ചെയ്യുന്നത് എളുപ്പമായ രാഷ്ട്രങ്ങളുടെ പട്ടികയിലെ ഇടം ഗണ്യമായി മെച്ചപ്പെടുത്തുന്നതിന് ഇന്ത്യക്കു സഹായകമാവും. ലോകബാങ്കിന്റെ 2017ലെ ബിസിനസ് നടത്തിപ്പു സംബന്ധിച്ച റിപ്പോർട്ടിൽ ബിസിനസ് ചെയ്യാനുള്ള എളുപ്പത്തിന്റെ അടിസ്ഥാനത്തിൽ 190 രാഷ്ട്രങ്ങളുടെ പട്ടിക തയ്യാറാക്കിയപ്പോൾ ഇന്ത്യയുടെ സ്ഥാനം വളരെ താഴെയായി 130-ാം സ്ഥാനത്തായിരുന്നു.

### ജി.എസ്.ടി: അടിസ്ഥാന പാഠം

ചരക്കുകൾക്കും സേവനങ്ങൾക്കും ഉൽപാദകനിൽനിന്ന് ഉപഭോക്താക്കളിൽ എത്തുമ്പോൾ ഈടാക്കുന്ന ഒറ്റനികുതിയാണ് ജി.എസ്.ടി. കേന്ദ്ര, സംസ്ഥാന ഗവൺമെന്റുകൾ ഈടാക്കിയിരുന്ന പല പരോക്ഷ നികുതികൾക്കും പകരം നടപ്പാക്കിയ ഈ നികുതിസമ്പ്രദായം രാജ്യത്തെ ഏകീകൃത വിപണിയാക്കി മാറ്റി (പട്ടിക 1). നികുതി സംബന്ധിച്ച നടപടിക്രമങ്ങൾ മെച്ചപ്പെടുത്തുകവഴി ബിസിനസ് ചെയ്യുന്നതിലെ സങ്കീർണതകൾ കുറയ്ക്കുക, നികുതിക്കു നികുതി ചുമത്തുക വഴി നികുതിഭാരം വർധിപ്പിക്കുന്ന സാഹചര്യം ഒഴിവാക്കുക, നികുതിനടത്തിപ്പു മെച്ചപ്പെടുത്തുക, നികുതിവെട്ടിപ്പ് ഇല്ലാതാക്കുക, പൊതുഖജനാവിലേക്കുള്ള നികുതിവരുമാനം വർധിപ്പിക്കുക എന്നീ നേട്ടങ്ങൾ ജി.എസ്.ടി. വഴി ഉണ്ടാകുമെന്നാണു പ്രതീക്ഷിക്കപ്പെടുന്നത്. വ്യാവസായിക ഉൽപന്നങ്ങളുടെ നികുതി 25–28 ശതമാനത്തിൽനിന്ന് 18 ശതമാനത്തിലേക്കു താഴ്ത്തിക്കൊണ്ടുവരാനും ജി.എസ്.ടി. വഴി സാധിച്ചു.

ഏട്ടു കേന്ദ്ര നികുതികളും ഒൻപതു സംസ്ഥാന നികുതികളും ഉൾപ്പെടെ 17 പരോക്ഷ നികുതികളും 23 സെസ്സുകളും ജി.എസ്.ടി. നടപ്പായതോടെ ഇല്ലാതാവുകയാണ്. ഇത് ഒന്നിലധികം റിട്ടേണുകൾ സമർപ്പിക്കുകയും ഒന്നിലധികം തവണ മൂല്യനിർണയം നടത്തുകയും ചെയ്യേണ്ട സ്ഥിതി ഒഴിവാക്കുന്നു. ഉൽപാദകരിൽനിന്ന് ഉപഭോക്താക്കളിലേക്ക് എത്തുന്നതു വരെയുള്ള ശൃംഖലയിൽ ചരക്കുകൾക്കും സേവനങ്ങൾക്കും യുക്തിഭദ്രമായി നികുതി ഈടാക്കുന്ന സാഹചര്യം ഉണ്ടാവുകയും ചെയ്യും. കേന്ദ്ര, സംസ്ഥാന ഗവൺമെന്റുകൾ നേരത്തേ ഈടാക്കിയിരുന്ന കരം ഒഴിവാകും. കേന്ദ്ര ജി.എസ്.ടി.(സി.ജി.എസ്.ടി.), സംസ്ഥാന ജി.എസ്.ടി.(എസ്.ജി.എസ്.ടി.) എന്നിവ പുതിയ സംവിധാനത്തിൽ ഉണ്ടായിരിക്കും. മൂല്യവർധനവിന്റെ ഓരോ ഘട്ടത്തിലും ആനുപാതികമായി നികുതി ചുമത്തുന്ന സംവിധാനമാണ് ഇതിൽ ഉള്ളത്. വിതരണ ശൃംഖലയിലെ അവസാനത്തെ കണ്ണി, ഉപഭോക്താവിൽനിന്ന് നികുതി ഈടാക്കുക വഴി അവസാനഘട്ടത്തിൽ ഈടാക്കുന്ന ഉപഭോക്തൃ നികുതിയായി ജി.എസ്.ടി. തീരുന്നു. അതുവരെ ഈടാക്കിയ നികുതി മൂല്യവർധനയുടെ ഓരോ ഘട്ടത്തിലും കണക്കാക്കുന്നതിനാൽ നികുതിക്കു നികുതി ചുമത്തുന്ന സാഹചര്യം ഇല്ലാതാവും. ഇത് ഉൽപന്നങ്ങളുടെ വില കുറയാനിടയാക്കുന്ന ഗുണകരമായ സാഹചര്യം ഉപഭോക്താക്കൾക്ക് ഉണ്ടാവും. മുമ്പുള്ള നികുതിസമ്പ്രദായത്തിൽ നികുതിക്കു നികുതി ചുമത്തുകയും അതുവഴി ഉൽപന്നവില വല്ലാതെ വർധിക്കുകയും ചെയ്യുന്ന സ്ഥിതി ഉണ്ടായിരുന്നു. ഉദാഹരണത്തിന്, നൂറു രൂപ വിലയുള്ള ഷർട്ടിന് ഉൽപാദകൻ 12 രൂപ കേന്ദ്ര എക്സൈസ് തീരുവ ഒടുക്കണം. ഇതിന്മേൽ അടുത്ത ഘട്ടത്തിൽ സംസ്ഥാന ഗവൺമെന്റ് 15 ശതമാനം വാറ്റ് ഈടാക്കും. ഇതാകട്ടെ, 100 രൂപയ്ക്കു മേലല്ല, മറിച്ച് 112 രൂപയ്ക്കു മേലാണ്. നികുതിക്കു നികുതി ചുമത്തുകയാണ് ഇവിടെ.

സംസ്ഥാനാന്തര വ്യാപാരങ്ങളിൽ രണ്ടിടത്തു നികുതി അടയ്ക്കേണ്ടിയിരുന്ന സ്ഥിതി അവസാനിപ്പിക്കുകയും കേന്ദ്രം ചുമത്തുന്ന ഇന്റഗ്രേറ്റഡ് ജി.എസ്.ടി. (ഐ.ജി.എസ്.ടി.) ആരംഭിക്കുകയും വഴി സംസ്ഥാനാന്തര ഇടപാടുകൾക്കുള്ള നികുതി തടസ്സം നീക്കുകയും അതുവഴി സംസ്ഥാനാതിർത്തികൾ കടന്നുള്ള ചരക്കുനീക്കം സുഗമമാക്കുകയും ചെയ്തു. നികുതി അടയ്ക്കുന്നത് എളുപ്പമാക്കുന്നതിനൊപ്പം സംസ്ഥാനാതിർത്തികളിലെ ചെക്പോസ്റ്റുകൾ കാത്തുകിടന്ന് ഗതാഗതത്തിന് ആവശ്യമായി വരുന്ന ഇന്ധനവും സമയവും ലാഭിക്കാൻ സാധിക്കുകയും ചെയ്യുന്നു. ചരക്കു ലോറികളുടെ ഓട്ടത്തിന്റെ 60 ശതമാനം സമയവും ചെക്പോസ്റ്റുകളിൽ കാത്തുകിടന്ന് വെറുതേ നഷ്ടപ്പെടുകയാ

യിരുന്നു എന്നാണു നിരീക്ഷണത്തിലൂടെ വ്യക്തമാകുന്നത്.

5,12, 18, 28 ശതമാനം നികുതികളോടു കൂടിയ നാലു നിരക്കുകളാണു ജി.എസ്.ടിയിൽ ഉള്ളത്. അവശ്യവസ്തുക്കൾക്ക് നികുതി ഏറ്റവും കുറവാണ്. ആഡംബര വസ്തുക്കൾക്ക് ഏറ്റവും കൂടുതലും. പരോക്ഷ നികുതി വരുമാനം നിലയ്ക്കുന്നതു നിമിത്തം സംസ്ഥാനങ്ങൾക്കു നികുതിത്തുകയിൽ നഷ്ടംവരുന്നത് ഇല്ലാതാക്കാൻ ചില ഇനങ്ങൾക്ക് അധിക ചുങ്കം ചുമത്തും. ഉപഭോക്തൃവിലസൂചികയിൽ പെടുന്ന സാധനങ്ങളിൽ 35 ശതമാനം വരെ ഇനങ്ങൾക്കു നികുതി ഒഴിവാക്കിയിട്ടുണ്ട്. അവശ്യവസ്തുക്കളുടെ വില നിയന്ത്രണവിധേയമാക്കി നിലനിർത്താൻ ഇതു സഹായകമാവുമെന്നാണു കരുതുന്നത്. ചരക്കു, സേവന കയറ്റുമതിക്ക് ജി.എസ്.ടി. ചുമത്തുന്നതേ ഇല്ല. കേന്ദ്ര, സംസ്ഥാന നികുതി വരുമാനത്തിൽ ഇടിവു സംഭവിക്കാതിരിക്കാനുള്ള ജാഗ്രതയും പുലർത്തിയിട്ടുണ്ട്. ജി.എസ്.ടിക്കു കീഴിൽ വരുന്ന 60 ശതമാനത്തോളം ചരക്കുകൾക്കു 18 അഥവാ 28 ശതമാനമാണു നികുതി നിജപ്പെടുത്തിയിരിക്കുന്നത്. 20 ശതമാനത്തോളം ഇനങ്ങൾക്ക് 28 ശതമാനം നികുതിയുണ്ട്. ആഡംബര വസ്തുക്കൾക്കും ചോക്കലേറ്റുകൾ, ച്യൂയിംങ് ഗം, ഷാംപൂ, സുഗന്ധതൈലം, പെയിന്റ് തുടങ്ങിയവയ്ക്കും 28 ശതമാനമാണു നികുതി. ഇപ്പോൾ വൈദ്യുതിക്കുള്ള നികുതി, മുദ്രപ്പത്രത്തിനുള്ള നികുതി, എക്സൈസ് നികുതി, മദ്യത്തിനുള്ള വാറ്റ് എന്നിവയും അസംസ്കൃത എണ്ണ, പ്രകൃതിവാതകം, പെട്രോൾ, ഡീസൽ എന്നിവ ഉൾപ്പെടുന്ന പെട്രോളിയം ഉൽപന്നങ്ങളും ജി.എസ്.ടിയുടെ പരിധിയിൽ പെടുന്നില്ല. ഒഴിവാക്കപ്പെട്ട ചരക്കുകൾ മാത്രം കൈകാര്യം ചെയ്യുന്നതോ വാർഷിക വിറ്റുവരവ് 20 ലക്ഷം രൂപയിൽ കുറവായ സംസ്ഥാനാന്തര ഇടപാടുകൾ നടത്താത്തതോ ആയ ബിസിനസുകളെ ജി.എസ്.ടി. റിട്ടേൺ സമർപ്പിക്കുന്നതിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്.

നേരത്തേ ഉണ്ടായിരുന്ന നികുതിക്ക് ഏതാണ്ട് സമാനമാണ് ജി.എസ്.ടി. നിരക്കുകൾ എന്നതിനാൽ ചില ഉപഭോക്തൃ ഉൽപന്നങ്ങൾ, നിർമാണ വസ്തുക്കൾ എന്നിവയുടെ വിലയിൽ നാമമാത്രമായ വ്യത്യാസമേ ഉണ്ടാവാനിടയുള്ളൂ. നേരത്തേ ഉണ്ടായിരുന്ന വാറ്റ് നിരക്കുകൾ വ്യത്യസ്തമായിരുന്നു എന്നതിനാൽ വിവിധ സംസ്ഥാനങ്ങളിൽ വ്യത്യസ്ത ഉപഭോക്തൃ ഉൽപന്നങ്ങളുടെ വില വ്യത്യസ്തമായിരിക്കും. സംസ്ഥാനന്തര ഇടപാടുകൾ നടത്തി ഗണ്യമായ തുക കേന്ദ്ര വിൽപന നികുതിയായി അടച്ചിരുന്നവർക്കു പുതിയ സമ്പ്രദായം നടപ്പാകുന്നതോടെ രണ്ടു ശതമാനത്തോളം നികുതിലാഭം ഉണ്ടാവും. നേരത്തേ ഉണ്ടായിരുന്ന 50 ശതമാനത്തിൽനിന്നു നികുതി 43 ശതമാനത്തിലേക്കു താഴ്ന്നതോടെ വാഹനനിർമാണ മേഖലയ്ക്കു ഗണ്യമായ നികുതിലാഭം ഉണ്ടാകും. ഓട്ടോമൊബൈൽ, ഉപഭോക്തൃ ഉൽപന്നങ്ങൾ എന്നിവക്ക് വില കുറയാൻ ജി.എസ്.ടി. വഴിവെച്ചിട്ടുണ്ട്.

**പട്ടിക 1:**

**ജി.എസ്.ടി നിമിത്തം ഇല്ലാതായ പരോക്ഷ നികുതികൾ**

| ക്രമ നമ്പർ | കേന്ദ്ര ഗവൺമെന്റ് | സംസ്ഥാന ഗവൺമെന്റുകൾ |
|---|---|---|
| 1. | കേന്ദ്ര എക്സൈസ് നികുതി | സംസ്ഥാന വാറ്റ് |
| 2. | എക്സൈസ് ചുങ്കങ്ങൾ (വൈദ്യ, ശൗചാലയ മേഖലകൾ) | കേന്ദ്ര വിൽപന നികുതി |
| 3. | അധിക എക്സൈസ് ചുങ്കങ്ങൾ (സവിശേഷ പ്രാധാന്യമുള്ള ചരക്കുകൾ) | ആഡംബര നികുതി |
| 4. | എക്സൈസ് അധിക നികുതികൾ (ടെക്സറ്റൈൽ, ടെക്സ്റ്റൈൽ ഉൽപന്നങ്ങൾ) | പ്രവേശന നികുതി (എല്ലാ രൂപങ്ങളിൽ ഉള്ളതും) |
| 5. | അധിക കസ്റ്റംസ് തീരുവകൾ (സി.വി.ഡി.) | വിനോദ, ഉല്ലാസ നികുതി (തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഈടാക്കുന്നവ ഒഴികെ) |
| 6. | കസ്റ്റംസ് പ്രത്യേക അധിക ചുങ്കം (എസ്.എ.ഡി.) | പരസ്യങ്ങൾക്കുള്ള നികുതി |
| 7. | സേവന നികുതി | വാങ്ങൽ നികുതി |
| 8. | ചരക്കു, സേവന വിതരണവുമായി ബന്ധപ്പെട്ടുള്ള കേന്ദ്ര സർച്ചാർജുകളും സെസ്സുകളും | ലോട്ടറികൾക്കും വാതുവെപ്പിനും ചൂതാട്ടത്തിനും ഉള്ള നികുതികൾ |
| 9. | | ചരക്കു, സേവന വിതരണവുമായി ബന്ധപ്പെട്ടുള്ള സംസ്ഥാന സർച്ചാർജുകളും സെസ്സുകളും |

## ബിസിനസ് നടത്തുന്നതിലെ സങ്കീർണത നീക്കുന്നതിൽ ജി.എസ്.ടിയുടെ സ്വാധീനം

ഇന്ത്യയിൽ ബിസിനസ് നടത്തുന്നതിനു തടസ്സം സൃഷ്ടിക്കുന്ന പരോക്ഷനികുതി സമ്പ്രദായത്തിലെ പ്രശ്നങ്ങൾ ഉയർത്തിക്കാട്ടിയ പഠനത്തിൽ വാറ്റ് റജിസ്ട്രേഷൻ, എക്സൈസ്-കസ്റ്റംസ്-സേവന നികുതികൾ, ചരക്കുനീക്കം, നികുതിവകുപ്പുമായുള്ള ഇടപെടൽ, നികുതിത്തർക്കങ്ങൾ പരിഹരിക്കൽ, നികുതിയിളവുകൾ നേടിയെടുക്കൽ, സമയത്തുള്ള നികുതി തിരിച്ചടവ് എന്നീ കാര്യങ്ങളിൽ കമ്പനികൾ പ്രശ്നങ്ങൾ നേരിടുന്നതായി ചൂണ്ടിക്കാട്ടിയിരുന്നു. നേരത്തേ സംസ്ഥാനങ്ങൾ പല നികുതിനിരക്കുകളാണു നടപ്പാക്കിയിരുന്നത് എന്നതു നികുതിനിരക്കുകൾ കൂടിയ സംസ്ഥാനങ്ങളിലുള്ള ബിസിനസുകൾക്കു തിരിച്ചടി സൃഷ്ടിച്ചിരുന്നു. വിവിധ സംസ്ഥാനങ്ങളിലെ നികുതി നിരക്കുകൾ ഏകീകൃതമല്ലാതിരുന്നത് ബിസിനസ് കാര്യങ്ങളിൽ അനിശ്ചിതത്വവും ആശയക്കുഴപ്പവും സൃഷ്ടിച്ചു. മൂല്യവർധനയുടെ മുൻ ഘട്ടങ്ങളിൽ നൽകിയ നികുതി അടുത്ത ഘട്ടത്തിൽ ഇളവുചെയ്യാൻ നേരത്തേയുണ്ടായിരുന്ന സംവിധാനത്തിൽ സാധിക്കുമായിരുന്നില്ല. ഇതിനാൽ നികുതിക്കു നികുതി ചുമത്തുന്ന സാഹചര്യം ഉണ്ടായിരുന്നു. ജി.എസ്.ടി. ഫലപ്രദമായി നടപ്പാക്കുക വഴി ഇത്തരം പ്രശ്നങ്ങൾക്കു പരിഹാരമാവും. നികുതിയൊടുക്കൽ എളുപ്പമായിത്തീരുകയും സംസ്ഥാനാന്തര ചരക്കുനീക്കം സുഗമമാക്കുകയും നികുതിഭാരം കുറയ്ക്കുകയും ഗവൺമെന്റിനു നികുതിവരുമാനം യഥാസമയം ലഭ്യമാക്കുകയുമൊക്കെ ചെയ്യുമെന്ന നേട്ടങ്ങളുമുണ്ട്. നിലവിൽ നികുതി അടയ്ക്കുന്നതിനുള്ള മികവ് മാനദണ്ഡമാക്കി ലോകബാങ്ക് തയ്യാറാക്കിയ 190 സമ്പദ്‌വ്യവസ്ഥകളിൽ നിലവിലുള്ള 172-ാമതു സ്ഥാനം മെച്ചപ്പെടുത്താൻ സാധിക്കുകയും ചെയ്യും.

## ബിസിനസ് ചെയ്യുന്നത് എളുപ്പമാക്കുന്നതിൽ ജി.എസ്.ടി. കൊണ്ടുള്ള ഏതാനും നേട്ടങ്ങൾ:

**എളുപ്പത്തിലുള്ള നടപടിക്രമങ്ങൾ:** മുൻപുള്ള നികുതിവ്യവസ്ഥയിൽ ഒന്നിലധികം റിട്ടേണുകൾ സമർപ്പിക്കുകയും വിവിധ പരോക്ഷ നികുതികൾ നിർണയിച്ചു കിട്ടുന്നതിനായി പല അധികാരികളെയും സമീപിക്കുകയും ഉദ്യോഗസ്ഥ തലത്തിലുള്ള താമസങ്ങൾക്കു കാത്തിരിക്കുകയും ചെയ്യേണ്ടുന്ന വിപരീത സാഹചര്യം ഉണ്ടായിരുന്നു. എല്ലാ പരോക്ഷ നികുതികളും ലയിപ്പിച്ച് ജി.എസ്.ടിക്കു രൂപം നൽകിയതോടെ ഈ ദുരവസ്ഥയ്ക്ക് അന്ത്യമായി. കേന്ദ്രവും സംസ്ഥാനങ്ങളും പങ്കാളികളായുള്ള ഫലപ്രദവും പ്രവർത്തനക്ഷമവുമായ ജി.എസ്.ടി. നെറ്റ്‌വർക്കിന്റെ ഐ.ടി. സംവിധാനം ഉപയോഗപ്പെടുത്തി നികുതി ഉദ്യോഗസ്ഥരുടെ ഇടപെടൽ ഇല്ലാതെ തന്നെ ഏതു സമയത്തും എവിടെനിന്നും ഓൺലൈനായി ജി.എസ്.ടി. രജിസ്ട്രേഷൻ നടത്തുകയോ റിട്ടേൺ ഫയൽ ചെയ്യുകയോ പണം അടയ്ക്കുകയോ അർഹതപ്പെട്ട തുക തിരികെ നൽകാൻ അപേക്ഷിക്കുകയോ ഒക്കെ ചെയ്യാം. ഇതു നടപടിക്രമങ്ങൾ എളുപ്പവും സുതാര്യവും വേഗതയാർന്നതും പേപ്പർരഹിതവും ആക്കിത്തീർക്കുകയും പ്രവർത്തനക്ഷമത വർധിക്കുന്നതോടെ ബിസിനസ് നടത്തുന്നത് എളുപ്പമാക്കിത്തീർക്കുകയും ചെയ്യുന്നു.

**അന്തർ സംസ്ഥാന ചരക്കുനീക്കം സുഗമമാകുന്നു:** സംസ്ഥാനാതിർത്തികളിലെ ചെക് പോസ്റ്റുകളിൽ നികുതി അടയ്ക്കാനായി കാത്തുകിടക്കേണ്ടിവരുന്നതിനാൽ ചരക്കു ലോറികൾ ലക്ഷ്യസ്ഥാനത്തെത്താൻ വളരെ വൈകുന്ന സാഹചര്യം നിലനിന്നിരുന്നു. പ്രവേശന നികുതി ഉൾപ്പെടെയുള്ള പല പരോക്ഷ നികുതികളെയും ജി.എസ്.ടിയിൽ ലയിപ്പിച്ചതോടെ ഇത് ആവശ്യമില്ലാതായി. പണത്തിന്റെ കാര്യത്തിലും സമയത്തിന്റെ കാര്യത്തിലും കടത്തുചെലവ് ഗണ്യമായി കുറയുന്നതിനു സഹായകമാവും. ജി.എസ്.ടി. നടപ്പാക്കിയതോടെ സംസ്ഥാന അതിർത്തികളിലെ ചെക്പോസ്റ്റുകൾ ഒഴിവാക്കി. ഇതോടെ ലോറികളുടെ യാത്രാസമയം ഗണ്യമായി കുറയുകയും ചെയ്തു.

**എല്ലാ കാര്യങ്ങളും ഒരിടത്തു ചെയ്യാവുന്ന സംവിധാനം:** നികുതിദായകർക്ക് നികുതിവകുപ്പുമായി ബന്ധപ്പെടാനുള്ള ഏകജാലകമായി ജി.എസ്.ടി.എൻ. പ്രവർത്തിക്കുന്നു. വിതരണക്കാർക്കും വാങ്ങുന്നവർക്കും നികുതി വകുപ്പ് അധികൃതർക്കും ആവശ്യമായ വിവരങ്ങൾ വിരൽത്തുമ്പിൽ ലഭിക്കുമെന്നതിനാൽ നികുതിയടവും കണക്കുകൂട്ടലുമൊക്കെ എളുപ്പമായിത്തീരും. നേരത്തേ അടച്ച നികുതിത്തുക മൂല്യവർധനയുടെ ഘട്ടത്തിൽ നികുതിയിൽനിന്ന് ഒഴിവാക്കപ്പെടണമെങ്കിൽ വിതരണക്കാർ യഥാസമയം റിട്ടേണും നികുതിയും നൽകുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ഉൽപന്നങ്ങൾ വാങ്ങുന്നവർ തന്നെ ബാധ്യസ്ഥരായിത്തീരുന്നു.

**നികുതിഭാരം കുറയ്ക്കൽ:** മുൻ നികുതിസമ്പ്രദായത്തിൽനിന്നു വ്യത്യസ്തമായി ജി.എസ്.ടിയിൽ മൂല്യശൃംഖലയിൽ അസംസ്കൃത വസ്തുക്കൾക്കും മറ്റുമായി അതുവരെ നൽകിയ നികുതിത്തുക പരിഗണിച്ചായിരിക്കും നികുതി നിശ്ചയിക്കുക. അതിനാൽ നികുതിക്കു നികുതി ചുമത്തുന്ന സാഹചര്യം ഇല്ലാതാവും. ഓരോ ഘട്ടത്തിലും വരുത്തുന്ന മൂല്യവർധനയ്ക്കു മാത്രം ഉൽപാദകൻ നികുതി അടച്ചാൽ മതിയെന്നതിനാൽ നികുതിഭാരം കുറയും.

**പൊതു വിപണി സൃഷ്ടിക്കുന്നു:** ജി.എസ്.ടി. നടപ്പാക്കിയതോടെ ഇന്ത്യ ഒരു പൊതുവിപണിയായിത്തീർന്നു. അതോടെ അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതു സംബന്ധിച്ചും ഉൽപാദനം നടത്തുന്ന സ്ഥലം സംബന്ധിച്ചും സംഭരണ വിൽപന സംബന്ധിച്ചും യുക്തിഭദ്രമായ തീരുമാനം കൈക്കൊള്ളാൻ ഉൽപാദകർക്കു സാധിക്കും. നടപടിക്രമങ്ങൾ ആയാസരഹിതമായിത്തീർന്നതും രജിസ്ട്രേഷൻ കേന്ദ്രീകൃതമായതും ഒന്നിലേറെ സംസ്ഥാനങ്ങളിൽ ബിസിനസ് വ്യാപിപ്പിക്കുന്നത് എളുപ്പമാക്കും.

**കയറ്റുമതി മത്സരക്ഷമത വർധിപ്പിക്കൽ:** മുൻകാല നികുതിവ്യവസ്ഥ പ്രകാരം ഇരട്ട നികുതി നിലവിലുണ്ടായിരുന്നതിനാൽ കയറ്റുമതിക്കു നികുതിബാധ്യത

കൂടുതലായിരുന്നത് ഇന്ത്യയുടെ മത്സരക്ഷമതയെ പ്രതികൂലമായി ബാധിച്ചിരുന്നു. എന്നാൽ, ഒന്നിലധികം തവണ നികുതി ഈടാക്കപ്പെടുന്ന സാഹചര്യം ജി.എസ്.ടി. ഇല്ലാതാക്കിയതോടെ, ഈ രീതി പിൻതുടർന്നു വിജയിച്ച ന്യൂസിലാൻഡ്, ഓസ്ട്രേലിയ തുടങ്ങിയ രാജ്യങ്ങളിൽ സംഭവിച്ചതിനു സമാനമായി ഇന്ത്യയിലും കയറ്റുമതി വർധിക്കുമെന്നാണു പ്രതീക്ഷ. 1986ൽ ജി.എസ്.ടി. നടപ്പാക്കിയ ന്യൂസിലൻഡിൽ തൊട്ടടുത്ത വർഷം കയറ്റുമതി 22 ശതമാനമാണു വർധിച്ചത്.

**വിഭവങ്ങൾ അനുവദിക്കുന്നതിലുള്ള പക്ഷപാതം കുറയ്ക്കൽ:** മറ്റു പരോക്ഷ ഘടകങ്ങളോ നേട്ടങ്ങളോ പരിഗണിക്കാതെ, അനുകൂലമായ നികുതിസാഹചര്യങ്ങളും നിരക്കുകളും ഉള്ള മേഖലകളിലേക്കു വിഭവങ്ങൾ തിരിച്ചുവിടുന്ന രീതി ബിസിനസ് രംഗത്തുണ്ട്. ഇതു വിഭവങ്ങൾ ലഭ്യമാക്കുന്നതിലും അതുവഴി വിതരണശൃംഖലയിലും അപാകതകൾ സൃഷ്ടിക്കുകയും അത് മൊത്തത്തിലുള്ള മത്സരക്ഷമതയെ പ്രതികൂലമായി ബാധിക്കുകയും ചെയ്യും. ഏതു പ്രദേശത്തു ബിസിനസ് നടത്തുന്നതിനും ഒരേ നികുതി നടപ്പാക്കുന്നതോടെ ജി.എസ്.ടിയിലൂടെ ഈ പ്രശ്നത്തിനു പരിഹാരമാകുകയാണ്.

**ചെറുകിട, ഇടത്തര സംരംഭകരുടെ ബിസിനസ് എളുപ്പമാക്കുന്നു:** മുൻകാല നികുതി സമ്പ്രദായ പ്രകാരം 'വാറ്റി' ൽ രജിസ്റ്റർ ചെയ്യുന്നതിനു ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് അഞ്ചു ലക്ഷം രൂപയിൽ കൂടുതൽ വാർഷിക വിറ്റുവരവ് ആവശ്യമായിരുന്നു. ഒന്നിലധികം സംസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്നതിനു ബന്ധപ്പെട്ട സംസ്ഥാനങ്ങളിലെ വ്യത്യസ്ത നികുതിനിരക്കുകളും നിയമങ്ങളും നടപടിക്രമങ്ങളും അനുസരിക്കേണ്ട സാഹചര്യം നിലനിന്നിരുന്നു. ഇതു വലിയ ബാധ്യത സൃഷ്ടിച്ചുവെന്നു മാത്രമല്ല, പല സംരംഭകരും നികുതിയടവു സംബന്ധിച്ച കാര്യങ്ങൾക്കു വിദഗ്ധ സേവനം ഉപയോഗപ്പെടുത്തേണ്ട സാഹചര്യം സൃഷ്ടിക്കുകയും ചെയ്തിരുന്നു. ഏകീകൃതവും വേഗതയാർന്നതും സുതാര്യവുമായ ഓൺലൈൻ നികുതിസമ്പ്രദായം എല്ലാ സംസ്ഥാനങ്ങളിലും യാഥാർഥ്യമാക്കുകവഴി നടപടിക്രമങ്ങൾ ലഘൂകരിക്കാനും ചെലവു കുറഞ്ഞതാക്കി മാറ്റാനും ജി.എസ്.ടി. വഴി സാധിച്ചു. നികുതികളിൽ ഇൻപുട്ട് ക്രെഡിറ്റ് സൗകര്യം ഏർപ്പെടുത്തിയതു ചെറുകിട, ഇടത്തരം സംരംഭങ്ങൾ കൂടുതൽ മത്സരക്ഷമതയാർന്നതാക്കി മാറ്റുകയും ചെയ്തു.

## മുന്നോട്ടുള്ള പാത

ബിസിനസ് നടത്തുന്നതിലെ സങ്കീർണത കുറയ്ക്കുകയും ഉൽപാദകർക്കും ഉപഭോക്താക്കൾക്കുമുള്ള നികുതിബാധ്യത കുറയ്ക്കുകയും ഗവൺമെന്റിനുള്ള നികുതിവരുമാനം വർധിപ്പിക്കുകയും ചെയ്യുമെന്നതാണു ജി.എസ്.ടിയുടെ വാഗ്ദാനം. ഈ നികുതിപരിഷ്കാരം സമ്പദ്‌വ്യവസ്ഥയിൽ പങ്കാളിത്തമുള്ള ഉപഭോക്താക്കൾ, ഉൽപാദകർ, ഗവൺമെന്റ് എന്നീ മൂന്നു മേഖലകളിൽ ഉള്ളവരെയും ബാധിക്കുന്ന ഒന്നാണ്. സഹകരണാധിഷ്ഠിത ഫെഡറലിസത്തെ ഉൾക്കൊണ്ട് സംസ്ഥാനങ്ങളെയും കേന്ദ്രഭരണ പ്രദേശങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ടുള്ളതാണ് ഈ പദ്ധതി. എല്ലാ പങ്കാളികളെയും ഒരേ വേദിയിൽ ഒന്നിപ്പിച്ചതിനും ജി.എസ്.ടിയെ വിജയിപ്പിച്ചതിനും എല്ലാവർക്കും സ്ഥിരത പകരുന്നതാക്കി മാറ്റിയതിനും കേന്ദ്ര ഗവൺമെന്റ് പ്രശംസയർഹിക്കുന്നു.

ജി.എസ്.ടി. നടപ്പാക്കിയത് ബിസിനസ് നടത്തുന്നത് എളുപ്പമാക്കുമെന്നതിൽ സംശയമില്ല. നികുതി ബാധ്യത കുറയൽ, രാജ്യത്താകമാനം ചരക്കുനീക്കം വേഗത്തിലാക്കൽ എന്നിവയാണു പ്രത്യക്ഷ നേട്ടങ്ങളിൽ ചിലത്. സമഗ്രമായ ഈ പരിഷ്കാരം ഫലപ്രദമായി നടപ്പാക്കിയ സാഹചര്യത്തിൽ അടുത്ത തലത്തിലേക്കു ജി.എസ്.ടി. വ്യാപിപ്പിക്കാൻ നടപടിയുണ്ടാവണം. നിലവിലുള്ള ഒഴിവാക്കാവുന്ന പല ഇളവുകളും അവസാനിപ്പിച്ച് ഒരു രാജ്യം, ഒറ്റ നികുതി എന്ന മുദ്രാവാക്യം ശരിയായ അർഥത്തിൽ നടപ്പാക്കാൻ ജി.എസ്.ടിയിലൂടെ സാധിക്കുന്നു എന്ന് ഉറപ്പുവരുത്താൻ നാം ശ്രമിക്കണം. വ്യവസായമേഖലയിൽ നിന്നും മറ്റു പങ്കാളികളിൽനിന്നുമുള്ള പ്രതികരണങ്ങൾ സ്ഥിരമായി ലഭിക്കുന്നതിന് ഒരു വേദി സൃഷ്ടിക്കുന്നതു ഗുണകരമായിരിക്കും. ജി.എസ്.ടിയിലൂടെ അധിക നേട്ടങ്ങൾ ഉണ്ടാവുമെന്നതിനാൽ പരോക്ഷ നികുതികളിലൂടെ അധിക നികുതി ചുമത്തുന്നതിൽനിന്നു വിട്ടുനിൽക്കാൻ സംസ്ഥാന ഗവൺമെന്റുകളെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും ബോധവൽക്കരിക്കണം. ജി.എസ്.ടി. കൂടുതൽ മേഖലകളിലേക്കു വ്യാപിപ്പിക്കുകയും അസംഘടിത മേഖലയെക്കൂടി ഇതിലേക്ക് ആകർഷിക്കുകയും ചെയ്യുക എന്നതായിരിക്കണം മറ്റൊരു ലക്ഷ്യം.

ഇതിനപ്പുറം, യഥാക്രമം ഏഴു ശതമാനവും ആറു ശതമാനവുമായി ഒറ്റ നിരക്കിലുള്ള ജി.എസ്.ടി. മാത്രമുള്ള സിംഗപ്പൂരിനെയും മലേഷ്യയും പോലെ ഏറ്റവും കുറവ് ഇനങ്ങൾക്കു മാത്രം നികുതിയിളവു നൽകി കുറഞ്ഞ നികുതിനിരക്കു നിജപ്പെടുത്തുന്ന രീതി ഇന്ത്യയിലും ഉണ്ടാവണം. ഒന്നിലേറെ സംസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ഒന്നിലേറെ സ്ഥലങ്ങളിൽ നികുതി രജിസ്ട്രേഷൻ നടത്തേണ്ടിവരുന്ന സാഹചര്യം ഒഴിവാക്കുകയും വേണം. ഗവൺമെന്റ് പ്രോത്സാഹിപ്പിച്ചുവരുന്ന 'മെയ്ക്ക് ഇൻ ഇന്ത്യ' പദ്ധതി വിജയിപ്പിക്കുന്നതിൽ നിർണായകമായ ആഗോള മത്സരക്ഷമത യാഥാർഥ്യമാക്കുന്നതിനായി ബിസിനസ് നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന് ഇതു സഹായകമാവും. ജി.എസ്.ടി. നടപ്പാക്കുകയെന്ന ദൗത്യം പൂർത്തിയാക്കിയ സാഹചര്യത്തിൽ ലോകത്തിനു തന്നെ മാതൃകയാക്കാവുന്ന ഏറ്റവും ഫലപ്രദമായ രീതി നടപ്പാക്കാനുള്ള അതിവേഗത്തിലുള്ള നടപടിക്രമങ്ങൾക്കു നാം തുടക്കമിടേണ്ടിയിരിക്കുന്നു.

*(ലേഖകർ ന്യൂഡൽഹിയിലെ കോൺഫഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രിയി(CII)ൽ യഥാക്രമം ധനകാര്യ വിഭാഗം മേധാവിയും കൺസൾട്ടന്റുമാണ്.)*



# ജിഎസ്ടിയും ഉപഭോക്താക്കളും: ഒരു പഠനം

**സൂരജ് ജസ്വാൾ**

## എന്താണ് ജിഎസ്ടി ?

നികുതികളെ  പ്രത്യക്ഷ നികുതികൾ, പരോക്ഷ നികുതികൾ എന്നിങ്ങനെ രണ്ടായി തിരിച്ചിരിക്കുന്നു. ആര് നല്കുന്നു, എങ്ങനെ അത് ശേഖരിക്കപ്പെടുന്നു എന്നതിന്റെ അടിസ്ഥാനത്തിലാണ് ഈ വേർതിരിവ്. വരുമാനം, സ്വത്ത് എന്നിവ അടിസ്ഥാനമാക്കിയാണ് പൊതുവെ പ്രത്യക്ഷ നികുതി ഈടാക്കുന്നത്. ഉദാഹരണത്തിന് ആദായ നികുതി, കോർപ്പറേഷൻ നികുതി, സ്വത്ത് നികുതി, വസ്തു നികുതി തുടങ്ങിയവ. ഇതിനു വിപരീതമാണ് പരോക്ഷ നികുതികൾ. ചരക്കുകളും സേവനങ്ങളും കൈമാറുമ്പോൾ ഈടാക്കുന്ന നികുതിയാണ് ഇത്.  ഒന്നുകിൽ വില്ക്കുന്നയാൾ  അല്ലെങ്കിൽ വാങ്ങുന്നയാൾ ഇവരിൽ ആരെങ്കിലുമാണ് ഇതു വഹിക്കേണ്ടത്. മിക്കവാറും വാങ്ങുന്നയാളിന്റെ മേലാണ് ഇതു ചുമത്തപ്പെടുക. പരോക്ഷ നികുതിക്ക് ഉദാഹരണമാണ് വിദേശ ഉത്പ്പന്നങ്ങളുടെ മേലുള്ള കസ്റ്റംസ് തീരുവ, ഒരു വ്യവസായ സ്ഥാപനം നല്കുന്ന സേവനത്തിന്മേലുള്ള സേവന നികുതി, ഉത്പ്പന്നങ്ങൾ നിർമ്മിക്കുമ്പോൾ ചുമത്തുന്ന എക്സൈസ് തീരുവ, വില്ക്കുന്ന ഉത്പ്പന്നങ്ങൾക്കുള്ള വില്പന നികുതി തുടങ്ങിയവ. എന്നാൽ ചരക്കു സേവന നികുതി പരോക്ഷ നികുതിയാണ്. കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ ചുമത്തുന്ന എല്ലാ പരോക്ഷ നികുതികൾക്കും പകരമായിട്ടാണ് ഇത് നിലവിൽ വന്നിരിക്കുന്നത്.

ഇന്ത്യയിൽ ജിഎസ്ടി നിലവിൽ വന്നത് 2017 ജൂലൈ 1 മുതലാണ്. ജിഎസ്ടിക്ക്  രണ്ടു സവിശേഷതകൾ ഉണ്ട്. എല്ലാ ചരക്കുകൾക്കും സേവനങ്ങൾക്കും ഒരു നികുതി മാത്രമെ ഇനി ഉണ്ടാകുകയുള്ളു. അത് രാജ്യത്തുടനീളം ഒരേ നിരക്കിലുമായിരിക്കും. എന്നാൽ പെട്രോളിയം, മദ്യം, റിയൽ എസ്റ്റേറ്റ് തുടങ്ങി ചില പ്രത്യേക മേഖലകൾ ജിഎസ്ടിയ്ക്കു പുറത്താണ്. ഇവയുടെ നികുതി പഴയ നിലയിൽ തന്നെ തുടരുകയും ചെയ്യും. കസ്റ്റംസ് തീരുവ ജിഎസ്ടിയിൽ ലയിപ്പിച്ചിട്ടുണ്ട്. എന്നാൽ മുനിസിപ്പാലിറ്റികൾ, ഗ്രാമ പഞ്ചായത്തുകൾ എന്നിവയുടെ നികുതിയെ ഒഴിവാക്കിയിട്ടുമുണ്ട്. ഇത്തരം ഏതാനും ഒഴിവുകൾ മാറ്റിനിർത്തിയാൽ ഇന്ത്യയിൽ മുമ്പ് നിലവിലുണ്ടായിരുന്ന എല്ലാ പരോക്ഷ നികുതികൾക്കും പകരമായി ജിഎസ്ടി മാത്രമേ ഇനി ഉണ്ടാവുകയുള്ളു. എക്സൈസ് തീരുവ, സേവന നികുതി,  സ്പെഷൽ അഡീഷണൽ കസ്റ്റംസ് തീരുവ, സംസ്ഥാന മൂല്യ വർധന നികുതി, സംസ്ഥാന വില്പന നികുതി, വിനോദ നികുതി, പ്രവേശന നികുതി, ആഡംബര നികുതി തുടങ്ങിയവയാണ് ജിഎസ്ടിയിൽ ലയിച്ച ചില പരോക്ഷ നികുതികൾ.

പ്രധാനമായും മൂന്നു വിഭാഗം ഗുണഭോക്താക്കളെയാണ് ജിഎസ്ടിയുടെ വരവ് ബാധിക്കുന്നത്-ഉപഭോക്താക്കൾ, ഗവൺമെന്റ്, വ്യവസായങ്ങൾ എന്നിവയാണ് അവ. മുമ്പ് നിലവിലുണ്ടായിരുന്ന നികുതി വ്യവസ്ഥയിൽ നിന്ന് ജിഎസ്ടി എങ്ങനെയാണ് വ്യത്യസ്തമാകുന്നതെന്നും ഉപഭോക്താക്കളെ അത് എപ്രകാരം സ്വാധീനിക്കുന്നു എന്നും അപഗ്രഥിക്കാനുള്ള ശ്രമമാണ് ഈ ലേഖനം.

## നിലവിലുണ്ടായിരുന്ന നികുതി വ്യവസ്ഥയും ജിഎസ്ടിയും തമ്മിലുള്ള വ്യത്യാസം

ഒരു ഉപഭോക്താവ് അയാളുടെ ആവശ്യത്തിനായി വാങ്ങുന്ന സാധനമോ സേവനമോ  ഉത്പാദനം മുതൽ വിതരണ ശൃംഖല വരെ വിവിധ ഘട്ടങ്ങളിലൂടെ കടന്ന് കേന്ദ്ര ഗവൺമെന്റിന്റെയും, സംസ്ഥാന ഗവൺമെന്റിന്റെയും വിവിധ പരോക്ഷ നികുതികൾക്കു വിധേയമാ

യിട്ടാണ് ഒടുവിൽ യഥാർത്ഥ ആവശ്യക്കാരന്റെ പക്കൽ എത്തുന്നത്. ഉദാഹരണത്തിന് ഇന്ത്യയിൽ നിർമ്മിക്കുന്ന ഒരു ടെലിവിഷൻ സെറ്റ്. അത് ഫാക്ടറി വിടുമ്പോൾ എക്സൈസ് തീരുവ നല്കണം. അതിൽ ഏതെങ്കിലും വിദേശ നിർമ്മിത സാധനങ്ങൾ ഉപയോഗിച്ചിട്ടുണ്ടെങ്കിൽ കസ്റ്റംസ് തീരുവ നല്കണം. അടുത്ത ഘട്ടത്തിൽ നിർമ്മാതാവിൽ നിന്ന് മൊത്ത വ്യാപാരിയുടെ പക്കലേയ്ക്കുള്ള യാത്രയാണ്. അതിന് വില്പന നികുതിയുണ്ട്. മൊത്ത വ്യാപാരിയിൽ നിന്ന് അടുത്ത ഘട്ടത്തിൽ ചില്ലറ വ്യാപാരിയുടെ പക്കൽ എത്തുന്നു.അവിടെ മൂല്യ വർദ്ധിത നികുതി അഥവാ വാറ്റ് ഉണ്ടാകും. ഈ ഉത്പ്പന്നം ഒരു സംസ്ഥാനത്തു നിന്ന് മറ്റൊരു സംസ്ഥാനത്തേയ്ക്കാണ് പോകുന്നതെങ്കിൽ ഈ പ്രക്രിയ കുറച്ചുകൂടി സങ്കീർണമാകും. കടന്നു പോകുന്ന ഓരോ സംസ്ഥാന അതിർത്തിയിലും വിവിധ നിരക്കിലുള്ള കേന്ദ്ര വില്പന നികുതി നല്കണം. ഉദാഹരണത്തിന് ജിഎസ്ടി വരുന്നതിനു മുമ്പ് മഹാരാഷ്ട്രയിൽ വാറ്റ് 12.5 ശതമാനമായിരുന്നു. അതേ സമയം ഗുജറാത്തിൽ 15 ശതമാനമാണ്. പലപ്പോഴും ചില സാധനങ്ങളുടെ വില്പന പ്രോത്സാഹിപ്പിക്കാനും ചിലപ്പോൾ അതിനു തടയിടാനും ആഡംബര നികുതി പോലുള്ള സംവിധാനം ഉപയോഗപ്പെടുത്താറുണ്ട്. ഇപ്രകാരം നികുതികളുടെ പെരുക്കവും സങ്കീർണതയും വിവിധ തലങ്ങളിൽ രണ്ടു തരം പ്രശ്നങ്ങളാണ് സൃഷ്ടിക്കുന്നത്. ഒന്ന് നികുതിയുമായി ബന്ധപ്പെട്ട സങ്കീർണമായ നടപടികൾ നികുതി ദായകർക്ക് വലിയ ബുദ്ധിമുട്ടാകുന്നു. അതിനാൽ തന്നെ പലരും നികുതി നല്കാതിരിക്കാനുള്ള അവസരത്തിനായി ശ്രമിക്കുന്നു. രണ്ടാമതായി ഓരോ പുതിയ നികുതിയും വില്പന വിലയെയാണ് ബാധിക്കുന്നത്. തൊട്ടു മുമ്പുള്ള ഘട്ടത്തിൽ അതിന് നികുതി നല്കിയതാണ്. ആ തുകയും കൂടി കൂട്ടിയാണ് ഇപ്പോൾ വീണ്ടും നികുതി ചുമത്തപ്പെടുന്നത്. ഈ പ്രതിഭാസത്തെയാണ് നികുതിയുടെ വെള്ളച്ചാട്ട പ്രഭാവം എന്നു പറയുന്നത്.

പുതിയ ജിഎസ്ടി ഘടനയിൽ ഏതു ചരക്കിനും സേവനത്തിനും ഒരു നികുതിയേയുള്ളൂ, അതിന് ഒരു നിരക്കേയുള്ളു. എല്ലാ സംസ്ഥാനങ്ങളിലും അത് സമാനവും ആയിരിക്കും. അതുമല്ല, നിർമ്മാതാവ്, വ്യാപാരി, സ്ഥാപനം തുടങ്ങിയവയ്ക്ക് ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് അഥവാ ഉത്പാദകനിവേശ നികുതി ആനുകൂല്യം എന്ന പദ്ധതിയുടെ പ്രയോജനം ലഭിക്കുകയും ചെയ്യും. ഇത് വിശദീകരിക്കാം. ബി എന്നയാൾ 110 രൂപയുടെ സാധനം വാങ്ങുമ്പോൾ അതിൽ 10 രൂപയുടെ നികുതി കൂടി അടങ്ങിയിരിക്കുന്നു. എ എന്നയാൾ ഈ തുക സാധനം വാങ്ങിയ ബിയുടെ വിശദാംശങ്ങൾക്കൊപ്പം ഗവൺമെന്റിലേയ്ക്ക് അടയ്ക്കുമ്പോൾ ബിയ്ക്ക് 10 രൂപയുടെ ഒരു ടാക്സ് ഇൻപുട്ട് ക്രെഡിറ്റ് അഥവാ നികുതി നിവേശ ആനുകൂല്യം ലഭിക്കുന്നു. ബിയാകട്ടെ ആ സാധനം 130 രൂപയ്ക്ക് സിയ്ക്ക് വിൽക്കുമ്പോൾ ബി ഗവൺമെന്റിലേയ്ക്ക് അടയ്ക്കേണ്ടത് 13 രൂപയാണ്. (ഇപ്പോൾ ഏകീകൃത ജിഎസ്.ടി നിരക്ക് 10 ശതമാനമാണ്.) ബിയ്ക്ക് 10 രൂപയുടെ നികുതി ആനുകൂല്യം ഉള്ളതിനാൽ മൂന്നു രൂപ മാത്രം അധികം അടച്ചാൽ മതി. ഇപ്രകാരം ജിഎസ്ടി സംസ്ഥാനങ്ങളിലുടനീളം പരോക്ഷ നികുതിയെ ലളിതവും ഏകീകൃതവുമാക്കി മാറ്റുമ്പോൾ ഉത്പാദക നിവേശ നികുതി ആനുകൂല്യം (ഇൻപുട്ട് ടാക്സ് ക്രെഡിറ്റ്) മൊത്തം നികുതി നിരക്ക് താഴേയ്ക്കു കൊണ്ടുവരികയും അത് വ്യവസായത്തിന്റെ ചെലവ് ഗണ്യമായി കുറയ്ക്കുകയും ചെയ്യും.

## ജിഎസ്ടി കൊണ്ട് ഉപഭോക്താവിനുള്ള നേട്ടങ്ങളും പാർശ്വഫലങ്ങളും

രണ്ടു വിധത്തിലാണ് ഇത് ഉപഭോക്താവിനെ സ്വാധീനിക്കുക. ഒന്ന്, നേരിട്ടും സത്വരവുമായ സ്വാധീനം ഓരോ ചരക്കിലും സേവനത്തിലും പുതിയതും ഫലപ്രദവുമായ നികുതി നിരക്ക്. ജിഎസ്ടിക്കു മുമ്പുണ്ടായിരുന്ന കാലഘട്ടവുമായി തട്ടിച്ചു നോക്കുമ്പോൾ പരിഷ്കരിച്ചതും ഫലപ്രദവുമായ നികുതി നിരക്കുകൾ എത്രത്തോളം വ്യത്യസ്തമാണ് എന്നതിനെ ആശ്രയിച്ചിരിക്കും വിലകളുടെ ഏറ്റക്കുറച്ചിലുകൾ. രണ്ടാമതായി ജിഎസ്ടിയുടെ പരോക്ഷമായ ഒരു സ്വാധീനം കാണാൻ സാധ്യതയുള്ളത് കുറെ കാലത്തിനു ശേഷം ഉത്പാദന, വിതരണ ശൃംഖലാ മേഖലയിലാണ്. ഈ രണ്ടു സാധ്യതകളും നമുക്ക് വഴിയെ വിശകലനം ചെയ്യാം.

ജിഎസ്ടിയുടെ കീഴിൽ ഓരോ ചരക്കും സേവനവും 5%, 12%, 18%, 28% എന്നിങ്ങനെ നാല് തട്ടുകളായി തിരിച്ചിരിക്കുന്ന നികുതി നിരക്കിൽ ഏതെങ്കിലുമൊന്നിൽ വരുന്നു. അല്ലെങ്കിൽ 0% നികുതി. അതായത് നികുതി ഇല്ല. ജിഎസ്ടിക്കു മുമ്പുണ്ടായിരുന്ന കാലഘട്ടവുമായി താരതമ്യം ചെയ്യുമ്പോൾ ഫലപ്രദമായ നികുതി നിരക്കിലെ വ്യത്യാസം ചരക്കുകളും സേവനങ്ങളും വിവിധ തട്ടുകളിലായി എന്നതാണ്. ഉദാഹരണത്തിന് എക്സ് എന്ന ഉത്പ്പന്നം. അത് നിർമ്മിച്ച് ഉപഭോക്താക്കൾക്ക് നേരിട്ടു വില്ക്കുകയാണ്. മുമ്പുണ്ടായിരുന്ന നികുതി വ്യവസ്ഥ പ്രകാരം അവസാന വില്പനയ്ക്കു മുമ്പായി എക്സൈസ് തീരുവ, സംസ്ഥാന വാറ്റ് അഥവാ മൂല്യ വർധിത നികുതി, പ്രവേശന നികുതി, തുടങ്ങി ഒട്ടേറെ നികുതികൾ ഉണ്ടായിരുന്നു. ഇതെല്ലാം കൂടി 15% വരുമെന്ന് നമുക്ക് വെറുതെ കരുതാം. ജിഎസ്ടിയിൽ ഈ ഉത്പ്പന്നം 18% നികുതിയുള്ള പട്ടികയിലാണ് എന്നും കരുതുക. അപ്പോൾ അതിനു വില കൂടും. എന്നാൽ അത് 12% അല്ലെങ്കിൽ 5% നികുതിയുള്ള പട്ടികയിലാണെങ്കിൽ വില കുറയും. സംസ്ഥാനങ്ങൾ തോറും നിരക്കുകളിൽ അനുഭവപ്പെടുന്ന വ്യത്യാസം മൂലം ഒരു സംസ്ഥാനത്ത് ചില ചരക്കുകൾക്കും സേവനങ്ങൾക്കും വില കുറയുമ്പോൾ അതേ ചരക്കുകൾക്കും സേവനങ്ങൾക്കും മറ്റൊരു സംസ്ഥാനത്ത് വില കൂടിയെന്നിരിക്കും.

ജിഎസ്ടിയുടെ കീഴിൽ നിന്ന് കൃഷി, ഭക്ഷ്യോത്പ്പന്നങ്ങൾ, ധാന്യങ്ങൾ, പരിപ്പ്, പയർ, പഴങ്ങൾ, പച്ചക്കറികൾ, പാൽ എന്നിവയെ ഒഴിവാക്കിയിട്ടുണ്ട്. വിദ്യാഭ്യാസം, ആരോഗ്യ സംരക്ഷ എന്നിവയെ നേരത്തെ തന്നെ ഒഴിവാക്കിയിരുന്നു. ഇതെല്ലാം കൂടിയാകുമ്പോൾ ഒരു സാധാരണ വീട്ടിലെ 40 -45 ശതമാനത്തോളം ചെലവ് പ്രതീക്ഷിക്കാം എന്നാണ് ഉപഭോക്തൃ വില സൂചിക കണക്കു കൂട്ടുന്നത്. മറ്റ് അത്യാവശ്യ സാധനങ്ങളായ കൽക്കരി, പഞ്ചസാര, ഭക്ഷ്യ എണ്ണ, കാപ്പി, എന്നീ സാധനങ്ങൾക്കെല്ലാം കൂടി 5% നീക്കി വയ്ക്കാം. സേവന നിരക്ക് 18% വരുന്നു. ഇത് ജിഎസ്ടി വരുന്നതിനു മുമ്പ

ത്തെ 14–15% ത്തെക്കാൾ കൂടുതലാണ്. നികുതികളുടെ പെരുക്കം, ജിഎസ്ടിക്കു മുമ്പ് വിവിധ തലങ്ങളിലുള്ള നികുതി എന്നിവ മൂലം ഓരോ ചരക്കു സേവനങ്ങളുടെയും ഫലപ്രദമായ നികുതി നിരക്ക് കൃത്യമായി കണക്കു കൂട്ടുക ബുദ്ധിമുട്ടാണ്. എന്നിട്ടും ചില സാമ്പത്തിക വിദഗ്ധർ മൊത്തത്തിൽ കണക്കു കൂട്ടിയിട്ട് 50% സാധനങ്ങൾക്ക് അതേ വില തുടരും, 30% സാധനങ്ങളുടെ വില താഴേയ്ക്ക് വരും, 20% സാധനങ്ങളുടെ വില ഉയരും എന്നൊക്കെ അഭിപ്രായപ്പെട്ടിട്ടുണ്ട്.

ഫലപ്രദമായ നികുതി നിരക്കിന് മറ്റൊരു വഴിക്കും മാറ്റങ്ങൾ ഉണ്ടാക്കാനാവും. അത് ഉത്പാദക നിവേശ നികുതി ആനുകൂല്യം വഴിയാണ്. നേരത്തെ വിശദീകരിച്ചതു പോലെ ഈ പ്രക്രിയ ഫലപ്രദമായ മൊത്ത നികുതി രീതി കുറയ്ക്കും. നിർമ്മാതാക്കൾക്കും വ്യാപാരികൾക്കും മൊത്തം ചെലവും കുറയ്ക്കും. ചെലവിൽ വരുന്ന ഈ കുറവ് ആത്യന്തികമായി ഉപഭോക്താക്കൾ നല്കേണ്ടിവരുന്ന അവസാന വിലയും കുറയ്ക്കും. ഇത്തരത്തിൽ ചെലവു കുറയുമ്പോൾ ലഭിക്കുന്ന ആനുകൂല്യങ്ങൾ ഉപഭോക്താക്കളിലേയ്ക്ക് എത്തിക്കാത്ത സ്ഥാപനങ്ങളെ കൈകാര്യം ചെയ്യുന്നതിനായി ജിഎസ്ടി നിയമത്തിൽ ആന്റി പ്രോഫിറ്റിങ് റൂൾസ് എന്ന പേരിൽ ഗവൺമെന്റ് ഒരു വകുപ്പ് ചേർത്തിട്ടുണ്ട്. ഉത്പാദക നിവേശ നികുതി ആനുകൂല്യം വഴി ചെലവിൽ ലഭിക്കുന്ന കുറവ് ഉത്പ്പന്ന വില കുറച്ചുകൊണ്ട് ഉപഭോക്താവിനു കൈമാറുക വ്യവസായ സ്ഥാപനങ്ങളുടെ ഉത്തരവാദിത്തമാണെന്ന് ഈ നിയമം അനുശാസിക്കുന്നു. വിലകൾ ഉടൻ കുറയുമെന്ന് പ്രതീക്ഷിക്കുന്നില്ല; കാരണം ചരക്കുനീക്ക മേഖലയിലെ വെല്ലുവിളികൾ തന്നെയാണ് പ്രശ്നം.

ഇന്ത്യയിൽ അടുത്തു തന്നെ പണപ്പെരുപ്പം വർധിക്കാനുള്ള ഒരു സാധ്യത സാമ്പത്തിക വിദഗ്ധർ ചൂണ്ടിക്കാണിക്കുന്നുണ്ട്. ഈ പ്രവചനത്തിനു പിന്നിൽ രണ്ടു കാരണങ്ങൾ ഉണ്ട്. ജിഎസ്ടി നടപ്പാക്കിയ ജപ്പാൻ ഓസ്ട്രേലിയ, കാനഡ തുടങ്ങിയ രാജ്യങ്ങളിൽ ജിഎസ്ടിയ്ക്കു ശേഷം പണപ്പെരുപ്പം വർധിച്ചതായി കാണാം. ഇന്ത്യയിലും ഇതു സംഭവിക്കാം. ഉത്പാദന ചെലവ് വർധിക്കാനുള്ള സാധ്യതയുണ്ട്. ഇത് രാജ്യത്ത് വിലക്കയറ്റം സൃഷ്ടിക്കും. ഇവിടെയാണ് ഉത്പാദനം, ബിസിനസ്, വിതരണ ശൃംഖല എന്നിവ വഴി ജിഎസ്ടി എപ്രകാരം ഉപഭോക്താക്കളെ സ്വാധീനിക്കുന്നു എന്നു പരിശോധിക്കേണ്ടത്.

ജിഎസ്ടിയുടെ ഏറ്റവും വ്യാപകമായി ചർച്ച ചെയ്യപ്പെട്ട ഘടകം, ചെറുകിട ഇടത്തരം സംരംഭകരിൽ അതിന്റെ സ്വാധീനമാണ്. ഇന്ത്യയിൽ ഇന്ന് അനുപാതരഹിതമായി അനേകം ബിസിനസ് പ്രസ്ഥാനങ്ങൾ പ്രവർത്തിക്കുന്നത് അനൗപചാരിക സമ്പദ് വ്യവസ്ഥയിലാണ്. ഇതിനർത്ഥം കൃത്യമായ നികുതി അടവുകളിൽ നിന്നും അതിന്റെ ഉത്തരവാദിത്വത്തിൽ നിന്നും ഇവർ ഒഴിഞ്ഞു നില്ക്കുകയാണ് എന്നതത്രെ. നികുതിയിൽ നിന്നുള്ള ഈ രക്ഷപ്പെടൽ മൊത്തം ചെലവ് കുറയ്ക്കും. ജിഎസ്ടി ശൃംഖലയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഒന്നിൽ നിന്നു വാങ്ങുകയും കൃത്യമായി നികുതി അടയ്ക്കുകയും ചെയ്താൽ മാത്രമെ ഉത്പാദക നിവേശ നികുതി ആനുകൂല്യ സംവിധാനത്തിൽ ഏതെങ്കിലും ഒരു വസ്തുവിന് അതിന്റെ പ്രയോജനം ലഭിക്കുകയുള്ളു. ഈ വ്യവസ്ഥ നിലനില്ക്കുന്നതുകൊണ്ട്, ആവശ്യക്കാർ ജിഎസ്ടി ബന്ധിത വ്യാപാരിയിൽ നിന്നു മാത്രം സാധനങ്ങൾ വാങ്ങാനുള്ള സാധ്യത വളരെ ശക്തമാണ്. തന്മൂലം രജിസ്ട്രേഷനു വെളിയിൽ നില്ക്കുന്നവർ കൂടി ജിഎസ്ടിയിൽ രജിസ്റ്റർ ചെയ്യാനുള്ള സാഹചര്യം ഉണ്ടാകുന്നു. അതോടെ കൃത്യമായി നികുതി അടയ്ക്കുന്നവരുടെ സംഖ്യ വീണ്ടും വർധിക്കും. നിലവിൽ നികുതി നിയമങ്ങൾ കൃത്യമായി അനുവർത്തിക്കുന്നവർ പോലും ജിഎസ്ടി ശൃംഖലയിലേയ്ക്കു പ്രവേശിക്കുന്നതോടെ തുടക്കത്തിൽ എങ്കിലും ചെലവ് കൂടും. മറുവശത്ത് മൊത്ത നികുതി വരുമാനം വർധിക്കും. ഗവൺമെന്റിന്റെ വരുമാനം ഉയരും.

അവസാനമായി ജിഎസ്ടിയുടെ പ്രധാനപ്പെട്ട ഒരു പ്രയോജനം ചരക്കുകളുടെ ഗതാഗതത്തിലാണ്. പ്രത്യേകിച്ച് സംസ്ഥാനാന്തരഗതാഗതത്തിൽ. സംസ്ഥാനാതിർത്തികളിലെ ചെക്കു പോസ്റ്റുകളിൽ ക്ലിയറൻസ് കാത്തു കിടക്കുന്ന ട്രക്കുകളുടെ നീണ്ട നിര നിരന്തര കാഴ്ച്ചയായിരുന്നു. എല്ലാ സംസ്ഥാനങ്ങളും ഒരേ നികുതി നിരക്ക് പ്രാബല്യത്തിൽ വരുത്തിയതോടെ ട്രക്കുകളുടെ ഈ നീണ്ട ക്യൂ അപ്രത്യക്ഷമായിരിക്കുന്നു. ഇതിനോടകം മിക്കവാറും എല്ലാ സംസ്ഥാനങ്ങളും അതിർത്തികളിലെ വില്പന നികുതി ചെക്ക് പോസ്റ്റുകൾ നീക്കം ചെയ്തു കഴിഞ്ഞു. ഇത്തരത്തിൽ രാജ്യം മുഴുവനുമുള്ള ചരക്കുകളുടെ നിർബാധമായ സഞ്ചാരം ഇവയുടെ ഗതാഗത ചെലവ് ഗണ്യമായി കുറയ്ക്കും. ഇത് മൊത്തത്തിലുള്ള ഉത്പാദന ചെലവും കുറയ്ക്കും.

സ്വതന്ത്ര ഇന്ത്യയിൽ നടന്ന ഏറ്റവും വലിയ നികുതി പരിഷ്കാരമാണ് ചരക്കു സേവന നികുതി സമ്പ്രദായം. ഇതിനു ദൂരവ്യാപകമായ ഫലങ്ങൾ ഉണ്ടാവും എന്നതിന് അനേകം കാരണങ്ങൾ ഉണ്ട്. ഒരു ഗുണഭോക്താവിന്റെ കാഴ്ച്ചപ്പാടിൽ ജിഎസ്ടി എങ്ങനെ നിത്യോപയോഗ സാധനങ്ങളുടെ വിലനിലവാരം മാറ്റും എന്നതു സംബന്ധിച്ച് അനിശ്ചിതത്വം നിലനില്ക്കുന്നുണ്ട്. കാരണം വില താഴ്ത്താനും ഉയർത്താനുമുള്ള ഘടകങ്ങൾ ഒരു പോലെ ഇതിൽ പ്രവർത്തിക്കുന്നുണ്ട്. വലിയ വിഭാഗം സാധനങ്ങൾക്ക് താഴ്ന്ന നികുതി നിരക്കുകൾ, ഉത്പാദകനിവേശ നികുതി ആനുകൂല്യം, വിതരണ ശൃംഖല എന്നിവയാണ് വില കുറയ്ക്കാനുള്ള നടപടികൾ. നേരെ മറിച്ച്, സേവനങ്ങളുടെ പ്രവർത്തന ചെലവിലുണ്ടായിട്ടുള്ള നികുതി വർധന, പ്രത്യേകിച്ച് ചെറുകിട ഇടത്തരം സംരംഭങ്ങളിൽ ചെലവ് ഉയർത്താനുള്ള പ്രവണതയാണ് കാണിക്കുന്നത്. പരസ്പര വിരുദ്ധമായ ഘടകങ്ങളുടെ സാന്നിധ്യം ഭാവിയിലെ വില നിലവാര പ്രവചനം അസാധ്യമാക്കുന്നു. നേരത്തെ ജിഎസ്ടി നടപ്പാക്കിയ രാഷ്ട്രങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ അതിൽ ഒന്നു പോലും ഇന്ത്യയെ പോലെ വൈവിധ്യമാർന്നതല്ല. ഈ പശ്ചാത്തലത്തിൽ, മേൽ സൂചിപ്പിച്ച ഘടകങ്ങളുടെയെല്ലാം ഇടപെടലുകൾ എത്ര വ്യാപകമായാലും ആത്യന്തികമായി ജിഎസ്ടി എപ്രകാരം ഉപഭോക്താവിനെ ബാധിക്കുമെന്നത് കാത്തിരുന്ന് കാണണം.

*(ന്യൂഡൽഹിയിലെ സെന്റർ ഫോർ ബഡ്ജറ്റ് ആന്റ് ഗവേണൻസ് അക്കൗണ്ടബിലിറ്റി (CBGA)യിൽ പ്രോഗ്രാം കൺസൾട്ടന്റാണ് ലേഖകൻ)*


Dry fish to tasty dish
ഞൊടിയിടയിൽ
Drish
Ashtamudi
Dried PinkShrimp
Hygienically Processed in U.V protected Solar Cabinet Drier
Ashtamudi Thelli ( Metapenaeus Dobsoni ) or Pink shrimp is a delicious variety from Ashtamudi backwaters with distinctive colour and taste
STARK.Tvm.7297
ഡ്രിഷ് അവതരിപ്പിക്കുന്നു നിറത്തിലും സ്വാദിലും വ്യത്യസ്തമായ
അഷ്ടമുടിക്കായലിലെ ചെമ്മീനിന്റെ പുതിയ രുചിഭേദം. നൂതനമായ പാക്കിംഗിൽ, സൗരോർജ്ജ
പാനലുകൾ ഉപയോഗിച്ച് ശുദ്ധമായ ഡ്രൈയിംഗ് സംവിധാനം വഴി തയ്യാറാക്കിയത്.
ഇനി ആസ്വദിക്കൂ ടേസ്റ്റിയായ ഡിഷുകൾ.
ഡ്രിഷിന്റെ മറ്റ് രുചിഭേദങ്ങൾ
നീണ്ടകര ഡ്രൈഡ് മറൈൻ ഷ്രിംപ്
മലബാർ ഡ്രൈഡ് ആങ്കോവി
Standardised by HACCP, FSSAI
Rich in Omega-3 Fatty Acids
UV Protected & 100% Natural (No preservatives)
Winner of India Star Award 2015
Produced & Marketed by
Kerala State Coastal Area Development Corporation,
Vazhuthacaud, Thiruvananthapuram - 695 014, www.keralacoast.org
For trade enquiries, contact: 0471 2321520, Email: drishkerala@gmail.com
Technology from Central Institute of Fisheries Technology
KSCADC
Drish
KERALA

# ജി.എസ്.ടി.യുടെ ലക്ഷ്യപ്രാപ്തിയും സാങ്കേതിക വിദ്യാ പിന്തുണയും

എബ്രഹാം റെൻ.എസ് ഐ.ആർ.എസ്

സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ പരോക്ഷ നികുതിയിലെ ഏറ്റവും വലിയ മാറ്റമാണ് ജി.എസ്.ടി. കാലഹരണപ്പെട്ട പരോക്ഷ നികുതി സംവിധാനത്തെ പുതുക്കുന്നതിന് അത്യന്താപേക്ഷിതമായിരുന്ന ഈ മാറ്റത്തിന് പശ്ചാത്തലമൊരുക്കിയിരിക്കുന്നത് വിവര സാങ്കേതിക വിദ്യയിലെ വിപ്ലവവും നമ്മുടെ രാജ്യത്ത് വിവര സാങ്കേതിക വിദ്യക്ക് ലഭിച്ച പ്രചാരവുമാണ്. ജി.എസ്.ടി.യുടെ പിന്നിലെ ശാസ്ത്രസാങ്കേതികതത്വങ്ങളുടെ ആഴം മനസിലാക്കണമെങ്കിൽ ജി.എസ്.ടി.യുടെ പ്രവർത്തനരീതിയെയും അതിന്റെ പുതുമകളെയും പരിചയപ്പെടേണ്ടതുണ്ട്.

ഇന്ന് നിലവിലുള്ള പരോക്ഷ നികുതികളെയെല്ലാം മാറ്റിക്കൊണ്ട് ഒരേകീകൃത സംവിധാനം അവയ്ക്ക് പകരം നൽകുന്നു എന്നതാണ് ജി.എസ്.ടി. നിയമത്തിന്റെ അന്തസത്ത, സേവനങ്ങളുടെ മേലുണ്ടായിരുന്ന സേവന നികുതി, ഉത്പാദനത്തിന്റെ മേലുണ്ടായിരുന്ന സെൻട്രൽ എക്സൈസ്, വില്പനയുടെ മേലുണ്ടായിരുന്ന സെയിൽസ് ടാക്സ്/വാല്യൂ ആഡഡ് ടാക്സ് എന്നിവയ്ക്ക് പകരമായി ജി.എസ്.ടി. നിയമം ചരക്കുകളുടെയും സേവനങ്ങളുടെയും സപ്ലൈ നടക്കുമ്പോൾ ജി.എസ്.ടി.യുടെ നികുതിബാധ്യത സൃഷ്ടിക്കുന്നു. സപ്ലൈ എന്ന പദത്തിന്റെ അർത്ഥ വ്യാപ്തിയിൽ സേവനങ്ങളുടെ പ്രദാനവും വില്പനയും മറ്റും ഉൾപ്പെടും എന്നതിനാൽ മറ്റു നികുതി നിയമങ്ങൾ ആവശ്യമില്ലാത്ത സ്ഥിതിവിശേഷം സൃഷ്ടിക്കാനാവുന്നു. ഇങ്ങനെ 17 കേന്ദ്ര-സംസ്ഥാന നികുതികളെയും 23 സർച്ചാർജുകളെയും സെസ്സുകളെയും ഇല്ലാതാക്കിക്കൊണ്ടാണ് ജി.എസ്.ടി. നടപ്പിലാക്കുന്നത്. മുൻപ് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സ്വതന്ത്രമായ നിയമമണ്ഡലങ്ങളിലൂടെ നികുതിയുപയോഗിച്ചു വിഭവ സമാഹരണം നടത്തിയിരുന്നതിനു പകരമായി ജി. എസ്.ടി. ഏകീകൃത രീതിയിൽ നമ്മുടെ ഭരണഘടനാ സംവിധാനത്തിന്റെ ഫെഡറൽ മനോഭാവം നിലനിർത്തിക്കൊണ്ട് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ജി.എസ്.ടി. വിഹിതത്തെ വേർതിരിച്ചു പിരിച്ചെടുക്കുന്നു. ഒരു സംസ്ഥാനത്തിനകത്തുതന്നെയുള്ള ഓരോ സപ്ലൈയുടെ മേലും ജി.എസ്.ടി. കണക്കാക്കുമ്പോൾ കേന്ദ്ര സർക്കാരിന്റെ വിഹിതത്തെ സെൻട്രൽ ജി.എസ്.ടി. അഥവാ സി. ജി.എസ്.ടി. എന്നും സംസ്ഥാന സർക്കാരിന്റെ വിഹിതത്തെ സ്റ്റേറ്റ് ജി.എസ്.ടി. അഥവാ എസ്.ജി.എസ്.ടി. എന്നും പ്രത്യേകം പ്രത്യേകം കണക്കാക്കുന്നു. സ്വന്തമായ നിയമസഭയില്ലാത്ത കേന്ദ്രഭരണ പ്രദേശമാണെങ്കിൽ അവിടെ എസ്.ജി.എസ്.ടി.യ്ക്ക് പകരമായി യൂണിയൻ ടെറിട്ടറി ജി.എസ്.ടി. അഥവാ യൂ.ടി.ജി.എസ്.ടി. യാണ് കണക്കാക്കുക. എന്നാൽ അന്തർ സംസ്ഥാന സപ്ലൈയാണ് നടക്കുന്നതെങ്കിൽ ഇന്റഗ്രേറ്റഡ് ജി.എസ്.ടി. അഥവാ ഐ.ജി.എസ്.ടി എന്ന നികുതിയായിരിക്കും ഈടാക്കേണ്ടത്. ജി.എസ്.ടി.യ്ക്ക് കീഴിൽ എസ്.ജി.എസ്.ടി, സി.ജി.എസ്.ടി, യൂ.ടി.ജി.എസ്.ടി, ഐ.ജി.എസ്.ടി എന്നിങ്ങനെ നാല് നികുതികളുണ്ടെങ്കിലും ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് സംവിധാനം നിലനിൽക്കുന്നതിനാൽ ഫലത്തിൽ ഒരു നികുതി നിയമത്തിന്റെ ഭാരം മാത്രമേ അനുഭവപ്പെടൂ.

## എന്താണ് ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് സംവിധാനം?

ഒരു ചരക്കിന്റെയോ സേവനത്തിന്റെയോ ഉൽപ്പാദന വിപണന ശൃംഖലയിലെ ഓരോ ഘട്ടത്തിലും അടയ്ക്കുന്ന നികുതിയുടെ ആനുകൂല്യം അടുത്ത ഘട്ടത്തിൽ ക്രെഡിറ്റ് ആയി നൽകുന്ന വ്യവസ്ഥയാണിത്. ഇതിലൂടെ ഓരോ ഘട്ടത്തിലും നികുതി അടയ്ക്കാൻ മുൻ ഘട്ടത്തിലെ ക്രെഡിറ്റ് ലഭ്യമാകുകയും, തന്മൂലം മിച്ചമുള്ള നികുതി തുക മാത്രം പണമായി അടച്ചാൽ മതിയെന്ന സ്ഥിതിയുണ്ടാവുകയും ചെയ്യുന്നു. ഇതിലൂടെ വാറ്റ്, സെൻട്രൽ എക്സൈസ് നികുതികളോട് സമാനമായ രീതിയിൽ മൂല്യവർധനവിനെ മാത്രം നികുതിവിധേയമാക്കാൻ സാധിക്കുന്നു. ഇങ്ങനെ മുൻഘട്ടത്തിലടച്ച നികുതി തുകയുടെ മുഴുവൻ ആനുകൂല്യവും ലഭിക്കുന്നതിനാൽ മുൻഘട്ടത്തിലെ നികുതിയുടെ മേൽ വീണ്ടും നികുതി ചുമത്തപ്പെടില്ല. ഇത് അനാവശ്യ വില വർധനവ് തടയാൻ സഹായിക്കുന്നു.

ജി.എസ്.ടി.യുടെ മറ്റൊരു സവിശേഷത അതിന്റെ ഡെസ്റ്റിനേഷൻ തത്വമാണ്. അതായത് ചരക്കുകളും സേവനങ്ങളും എവിടെയാണോ ഉപഭോഗം ചെയ്യപ്പെടുന്നത് അവയുടെ ജി.എസ്.ടി. നികുതി തുകയും ആ സംസ്ഥാനത്തേയ്ക്ക് തന്നെ പോകും. ഉദാഹരണത്തിന് തമിഴ്നാട്ടിൽ ഉൽപ്പാദിപ്പിച്ച ഒരു വസ്തു തമിഴ്നാട്ടിൽ ജി.എസ്.ടി. അടച്ചു കേരളത്തിലേയ്ക്ക് കൊ

ണ്ടുവന്നാൽ അതിന്റെ ജി.എസ്.ടി. തുകയും കേരളത്തിലേയ്ക്ക് തന്നെ വരും. കേരളത്തിൽ നിന്ന് ആ നികുതി തുക കേരള സർക്കാരിനും കേന്ദ്ര സർക്കാരിനും തുല്യമായി വീതിച്ചു നൽകുകയും ചെയ്യും. തമിഴ്നാട്ടിൽ അടച്ച ജി.എസ്.ടി. തുക കൃത്യമായി കേരളത്തിലേയ്ക്ക് എത്തിക്കുന്നതും പ്രധാനമായും ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് സംവിധാനത്തിലൂടെയാണ്.

ജി.എസ്.ടി.യിലെ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് സംവിധാനവും ഡെസ്റ്റിനേഷൻ തത്ത്വത്തിന്റെ പ്രായോഗിക തലത്തിലെ പ്രവർത്തനവും മറ്റു വ്യവസ്ഥകളുടെയും ചട്ടങ്ങളുടെയുമെല്ലാം പ്രയോഗവും നടക്കുന്നത് ജി.എസ്.ടി. നെറ്റ്‌വർക്ക് അഥവാ ജി.എസ്.ടി.എൻ എന്ന അതിശക്തമായ കംപ്യൂട്ടിംഗ് ശൃംഖലയുടെ സഹായത്തോടെയാണ്. ജി.എസ്.ടി.യുടെ പ്രവർത്തനങ്ങളുടെ തുടക്കം മുതൽ ഒടുക്കം വരെയുള്ള എല്ലാ കാര്യങ്ങളും ജി.എസ്.ടി.എൻ മുഖേനയാണ് നടത്താൻ പോകുന്നത്. നികുതിദായകന്റെ ആദ്യ പ്രവർത്തിയായ രജിസ്ട്രേഷൻ തന്നെയെടുക്കാം. ഓരോ പുതിയ രജിസ്ട്രേഷനുള്ള അപേക്ഷയും ജി.എസ്.ടി.എന്നിലാണ് നൽകേണ്ടത്. ഇതിനായി ജി.എസ്.ടി.യുടെ കോമൺ പോർട്ടലായ www.gst.gov.in എന്ന വെബ്സൈറ്റ് ഉപയോഗിക്കാം. മുൻപുള്ള സാഹചര്യത്തിൽ നിന്ന് വ്യത്യസ്തമായി എല്ലാ രേഖകളും ജി.എസ്.ടി. പോർട്ടലിൽ സ്കാൻ ചെയ്തു അപ്‌ലോഡ് ചെയ്താൽ മതിയാകും. രജിസ്ട്രേഷനായി ഒരു നികുതി ഓഫീസിലേയ്ക്കു പോകേണ്ട ആവശ്യമോ എന്തെങ്കിലും രേഖകൾ തപാലിലൂടെ അയയ്ക്കേണ്ട കാര്യമോ വരുന്നില്ല. ഓരോ നികുതിദായകന്റെയും വിവരങ്ങൾ ജി.എസ്.ടി.എന്നിന് സ്വയം മറ്റു ഡാറ്റാബേസുകളിൽ നിന്ന് എടുത്തു പരിശോധിക്കാനുള്ള ശേഷിയുണ്ടാവും. പാൻ നമ്പർ ഇൻകം ടാക്സിന്റെ ഡാറ്റാബേസിൽ നിന്നും, കമ്പനി ഐഡന്റിഫിക്കേഷൻ നമ്പർ MCA 21 ഡാറ്റാബേസിൽ നിന്നും, ആധാർ വിവരങ്ങൾ ആധാർ ഡാറ്റാബേസിൽ നിന്നും മറ്റും ശേഖരിച്ച് ജി.എസ്.ടി.എൻ പരിശോധിക്കും. ഇതിനു ശേഷം ജി.എസ്.ടി.എൻ ഈ വിവരങ്ങൾ നികുതി വകുപ്പിന് കൈമാറുകയും നികുതി വകുപ്പിലെ ഉദ്യോഗസ്ഥർ ഈ വിവരങ്ങളും മറ്റു രേഖകളും പരിശോധിക്കുകയും രജിസ്ട്രേഷൻ നൽകുകയും ചെയ്യും. രജിസ്ട്രേഷൻ നൽകാൻ കഴിയാത്ത സാഹചര്യമാണെങ്കിൽ അതിന്റെ കാര്യകാരണ സഹിതം രേഖാമൂലം നികുതിദായകനെ അറിയിക്കുന്നതാണ്. രജിസ്ട്രേഷൻ പ്രക്രിയയിലുടനീളം നികുതി ദായകൻ സമ്പർക്കം പുലർത്തുന്നത് ജി.എസ്.ടി.യുടെ കോമൺ പോർട്ടലുമായി മാത്രമായിരിക്കും. എല്ലാ ആശയവിനിമയവും ഇ-മെയിൽ, എസ്.എം.എസ് എന്നിവ മുഖേനയാണ് നടക്കുന്നത്. ഇത് ജി.എസ്.ടി.യുടെയും ജി.എസ്.ടി.എന്നിന്റെയും പ്രവർത്തരീതിയിലേയ്ക്കു വെളിച്ചം വീശുന്ന ചെറിയൊരുദാഹരണം മാത്രമാണ്.

ജി.എസ്.ടി.യിലെ റിട്ടേൺ പ്രക്രിയയുടെ പ്രവർത്തനവും ജി.എസ്.ടി.എന്നിനെ ആശ്രയിച്ചാണ് നിലനിൽക്കുന്നത്. ജി.എസ്.ടി. നിയമപ്രകാരം ഒരു സാധാരണ നികുതിദായകൻ ഓരോ മാസവും റിട്ടേൺ സമർപ്പിക്കേണ്ടതുണ്ട്. ഇന്നുള്ള നികുതിനിയമങ്ങളിൽ നിന്ന് വളരെ വ്യത്യസ്തമായ രീതിയിലാണ് ജി.എസ്.ടി.യിലെ റിട്ടേൺ പ്രക്രിയ. കഴിഞ്ഞ മാസത്തെ തന്റെ പ്രവർത്തനത്തിന്റെ ആകെത്തുകയായിരുന്നു പഴയ നികുതി നിയമങ്ങളിലെ റിട്ടേണുകൾ. ഇവയ്ക്കു പകരമായി തന്റെ പുറത്തേയ്ക്കുള്ള ഓരോ സപ്ലൈയുടെയും വിവരങ്ങൾ അടങ്ങിയ റിട്ടേണുകളാണ് ജി.എസ്.ടി.യിൽ നൽകേണ്ടത്. ഓരോ പുറത്തേയ്ക്കുള്ള സപ്ലൈയ്ക്കും ഓരോ ഇൻവോയ്സ് ആയിരിക്കുമല്ലോ, അപ്പോൾ ഓരോ നികുതിദായകനും തന്റെ ബിസിനസ്സിന്റെ ഓരോ സപ്ലൈയുടെയും സ്വീകർത്താവിന്റെയും വിവരങ്ങളടങ്ങിയ ഇൻവോയ്സ് വിവരങ്ങൾ കോമൺ പോർട്ടലിൽ നൽകണം. ഈ വിവരങ്ങളുപയോഗിച്ചു രൂപപ്പെടുത്തിയ ജി.എസ്.ടി.ആർ-1 എന്ന് വിളിക്കുന്ന റിട്ടേണിന്റെ ഒന്നാം ഭാഗം ഓരോ മാസവും പത്താം തീയതിക്ക് മുൻപായി കോമൺ പോർട്ടലിൽ സമർപ്പിക്കണം. പത്താം തീയതിക്ക് ശേഷം ഓരോ ബിസിനസ്സിനും തങ്ങൾ സ്വീകരിച്ച ഓരോ സപ്ലൈയുടെയും വിവരങ്ങൾ ജി.എസ്.ടി.എൻ തന്നെ സ്വയം ഓട്ടോ പോപ്പുലേറ്റ് ചെയ്തു നൽകും. ഒരു ബിസിനസ്സിന്റെ പുറത്തേയ്ക്കുള്ള സപ്ലൈയാണല്ലോ മറ്റൊരു ബിസിനസ്സിന്റെ അകത്തേയ്ക്കുള്ള സപ്ലൈ. അതുകൊണ്ട് തന്നെ എല്ലാ ബിസിനസ്സുകളും അവരുടെ ജി.എസ്.ടി.ആർ-1 സമർപ്പിക്കുന്നതോടെ ആ ഇൻവോയ്സ് വിവരങ്ങളിൽ നിന്നും സപ്ലൈ സ്വീകരിച്ച വ്യക്തിയുടെ രജിസ്ട്രേഷനിലേയ്ക്ക് ചരക്കുകളും സേവനങ്ങളും നീങ്ങിയതായി ജി.എസ്.ടി.എൻ കണക്കാക്കും. ഇങ്ങനെ തങ്ങൾ കഴിഞ്ഞ മാസം സ്വീകരിച്ച സപ്ലൈയുടെ വിവരങ്ങൾ ഓരോ ബിസിനസ്സും പതിനഞ്ചാം തീയ്യതിക്കുള്ളിൽ നൽകണം. ഇതാണ് ജി.എസ്.ടി.യുടെ റിട്ടേണിന്റെ രണ്ടാം ഭാഗമായ ജി.എസ്.ടി.ആർ-2. ജി.എസ്.ടി.യുടെ നികുതി ബാധ്യത പ്രധാനമായും പുറത്തേയ്ക്കുള്ള സപ്ലൈയെ ആശ്രയിച്ചാണ് നിലനിൽക്കുന്നത്. അതുകൊണ്ട് ഓരോ ബിസിനസ്സിന്റെയും ജി.എസ്.ടി.ആർ-1ൽ നിന്നും ലഭിച്ച വിവരങ്ങൾക്കനുസരിച്ച് ജി.എസ്.ടി.എൻ തന്നെ ഓരോ ബിസിനസ്സിന്റെയും കഴിഞ്ഞമാസത്തെ നികുതിബാ ധ്യത കണക്കാക്കും. ഇതുപോലെ ജി.എസ്.ടി.ആർ-2ൽ നിന്നും ജി.എസ്.ടി.എൻ ഓരോ ബിസിനസ്സും സ്വീകരിച്ച സപ്ലൈയുടെ അടിസ്ഥാനത്തിൽ ലഭ്യമായ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എത്രയാണെന്നും കണക്കാക്കും. ഇതിനു ശേഷം ജി.എസ്.ടി.ആർ-3 എന്ന റിട്ടേണിന്റെ അവസാന ഭാഗം ഓരോ നികുതിദായകനും പൂരിപ്പിക്കാൻ അവസരം നൽകുന്നു. ഓരോ മാസവും ഇരുപതാം തീയതിക്കുള്ളിൽ ജി.എസ്.ടി.ആർ-3 സമർപ്പിക്കണം. ജി.എസ്.ടി.ആർ-1, ജി.എസ്.ടി.ആർ-2 എന്നിവയുടെ വിവരങ്ങളുപയോഗിച്ചു ഏതാണ്ട് പൂർണ്ണമായും ഓട്ടോ പോപ്പുലേറ്റ് ചെയ്ത ജി.എസ്.ടി.ആർ-3 സമർപ്പിക്കുമ്പോൾ നികുതിബാധ്യത തീർക്കാൻ ഇൻപുട്ട് ടാക്സ് ക്രെഡിറ്റും പണവും ഉപയോഗിക്കാം.

ഇങ്ങനെ ഇൻവോയ്സ് തലത്തിലുള്ള വിവരങ്ങൾ ലഭ്യമാക്കേണ്ട ജി.എസ്.ടി. റിട്ടേൺ സാധാരണ രജിസ്ട്രേഷനുള്ള എല്ലാ വ്യക്തികളുടെയും ഇൻവോ




യ്സുകളിലുള്ള വിവരങ്ങൾ ആവശ്യപ്പെടും. ജി.എസ്.ടി.എന്നിനു ഓരോ മാസവും 80 ലക്ഷത്തിലധികം നികുതിദായകരുടെ 350 കോടിയോളം ഇൻവോയ്സുകൾ ഇങ്ങനെ സ്വീകരിക്കേണ്ടി വരും എന്നാണു പ്രാഥമിക കണക്കു കൂട്ടലുകൾ സൂചിപ്പിക്കുന്നത്. ഇതിലെ ഓരോ ഇൻവോയ്സിലെയും വിവരങ്ങൾ കൃത്യമായി സപ്ലൈ നൽകിയ വ്യക്തിയിൽ നിന്ന് സ്വീകർത്താവിലേയ്ക്ക് നൽകിയെങ്കിൽ മാത്രമേ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭ്യമാകുകയുള്ളൂ. ജി.എസ്.ടി.എൻ ചെയ്യുന്ന ഈ പ്രവർത്തിയെയാണ് ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് മാച്ചിംഗ് എന്ന് വിളിക്കുന്നത്. ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് മാച്ചിംഗ് ഇന്ത്യൻ ജി.എസ്.ടി.യുടെ മാത്രം പ്രത്യേകതയാണ്. ഇതിലൂടെ കൃത്യമായ നികുതി പിരിവിനുള്ള മാർഗമാണ് തെളിഞ്ഞു വരുന്നതെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. ആധുനിക കമ്പ്യൂട്ടിംഗ് സംവിധാനങ്ങളുടെ ശക്തിയെ ആശ്രയിച്ചാണ് ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് മാച്ചിംഗ് സംവിധാനം നിലകൊള്ളാൻ പോകുന്നത്.

ഇതേപോലെ ജി.എസ്.ടി.യിലെ ഡെസ്റ്റിനേഷൻ തത്ത്വത്തിന്റെ പ്രവർത്തനവും ജി.എസ്.ടി.എന്നിനെ ആശ്രയിച്ചാണ് നിലനിൽക്കുന്നത്. ഓരോ വ്യക്തിയുടെയും ഇൻവോയ്സ് വിവരങ്ങൾ ജി.എസ്.ടി.ആർ-1 ലൂടെ സ്വീകരിക്കുമ്പോൾ അതിൽ നിന്നും ചരക്കുകളും സേവനങ്ങളും ഏതു സംസ്ഥാനത്തേയ്ക്കാണ് പോകുന്നതെന്നും ജി.എസ്.ടി.എൻ മനസിലാക്കുന്നു. ഇതിലൂടെ ചരക്കുകൾക്കും സേവനങ്ങൾക്കും അടച്ച നികുതി ജി.എസ്.ടി.എൻ തന്നെ കൃത്യമായി അവയുടെ ലക്ഷ്യ സംസ്ഥാനത്തേക്ക് കൈമാറുന്നു. ആ നികുതി അടുത്ത ഘട്ടത്തിൽ ക്രെഡിറ്റായോ അല്ലെങ്കിൽ ആ സംസ്ഥാന സർക്കാരിന്റെയും കേന്ദ്ര സർക്കാരിന്റെയും ഖജനാവുകളിലേയ്ക്കോ ജി.എസ്.ടി.എൻ നിക്ഷേപിക്കും. ഉദാഹരണത്തിന് കോയമ്പത്തൂരിൽ ഉൽപ്പാദിപ്പിച്ച ഒരു ചരക്കു കൊച്ചിയിലെ ഒരു വ്യക്തിയ്ക്ക് വിറ്റാൽ ആ ചരക്കുകൾ കൊച്ചിയിലേയ്ക്ക് നീങ്ങുന്നതിനോടൊപ്പം ജി.എസ്.ടി.എൻ അവയുടെ ജി.എസ്.ടി. തുകയും കേരളത്തിലേയ്ക്ക് കൈമാറും. ഇവിടെ നിന്ന് ആ വ്യക്തിയ്ക്ക് അതിന്റെ ക്രെഡിറ്റ് കേരളത്തിൽ നികുതിയടയ്ക്കാൻ ലഭ്യമാകും. അയാൾ ക്രെഡിറ്റ് എടുക്കാൻ ഉദ്ദേശിക്കുന്നില്ലെങ്കിൽ, ആ ചരക്കിന്റെ ജി.എസ്.ടി.നികുതി ജി.എസ്.ടി.എൻ കേന്ദ്ര സർക്കാരിനും കേരള സർക്കാരിനും തുല്യമായി വീതിച്ചു നൽകും. ഇതിനായി ജി.എസ്.ടി.എൻ ഓരോ സർക്കാരിന്റെയും ഖജനാവുമായും, നികുതിദായകന്റെ പണം സ്വീകരിക്കുന്ന ബാങ്കുകളുമായും തുടർച്ചയായ ബന്ധം നിലനിർത്തുന്നു. ഇതേ രീതിയിൽ ജി.എസ്.ടി.എൻ നികുതി വകുപ്പുകളുമായും തങ്ങളുടെ ശൃംഖല ബന്ധിപ്പിച്ചിട്ടുണ്ട്. ഈ ബന്ധം രണ്ടു തരത്തിലാണുള്ളത്. സ്വന്തമായ ജി.എസ്.ടി. സോഫ്റ്റ്‌വെയർ ഉള്ള ചില സംസ്ഥാനങ്ങളും കേന്ദ്ര സർക്കാരും തങ്ങൾക്കാവശ്യമായ വിവരങ്ങൾ ജി.എസ്.ടി.എന്നിൽ നിന്ന് സ്വീകരിച്ചു മറ്റു നടപടികൾക്ക് വിധേയമാക്കുന്നു. ഇവയെ ജി.എസ്.ടി.യിൽ മോഡൽ-1 സംസ്ഥാനങ്ങൾ എന്നാണ് വിളിക്കുന്നത്. എന്നാൽ ജി.എസ്.ടി. തന്നെ നൽകുന്ന സോഫ്റ്റ്‌വെയർ ഉപയോഗിച്ചു ജി.എസ്.ടി.യുടെ നടത്തിപ്പ് നോക്കുന്ന സംസ്ഥാനങ്ങളുണ്ട്. അവയെ മോഡൽ-2 എന്ന് വിളിക്കുന്നു. ഇങ്ങനെ മോഡൽ-1, മോഡൽ-2 എന്നിവയിലുള്ള എല്ലാ നികുതിവകുപ്പുകളുമായും ജി.എസ്.ടി.എൻ തങ്ങളുടെ പക്കലുള്ള രജിസ്ട്രേഷൻ, റിട്ടേൺ, പണമടയ്ക്കൽ എന്നിവയെ സംബന്ധിച്ച വിവരങ്ങൾ പങ്കുവച്ചു കൊണ്ടേയിരിക്കും.

ശാസ്ത്രസാങ്കേതിക വിദ്യയിലധിഷ്ഠിതമായ ജി.എസ്.ടി.യുടെ ഈ നിലനിൽപ്പ് സാധ്യമാവുന്നത് നമ്മുടെ രാജ്യം കൈവരിച്ച സങ്കേതിക പുരോഗതിയുടെ സഹായത്താലും പുരോഗതി ജനങ്ങളിലേയ്ക്ക് കൈമാറാൻ സാധിച്ചതു കൊണ്ടുമാണ്. ബിസിനസ്സുകൾക്ക് തങ്ങളുടെ ഇൻവോയ്സ് വിവരങ്ങൾ കൃത്യമായി ജി.എസ്.ടി. എന്നിൽ നൽകാനും അതുപയോഗിച്ചു നികുതി അടയ്ക്കാനും ആവശ്യമായ എല്ലാ സഹായവും ജി.എസ്.ടി.എന്നും കേന്ദ്ര-സംസ്ഥാന നികുതി വകുപ്പുകളും നൽകുന്നുണ്ട്. ജി.എസ്.ടി.എൻ തന്നെ സൗജന്യമായി നൽകുന്ന റിട്ടേൺ സമർപ്പിക്കാനുള്ള ഒരു .xml ആപ്ലിക്കേഷൻ ചെറുകിട നികുതിദായകർക്ക് സഹായകരമായിരിക്കും. എന്നാൽ ഒരു ബിസിനസ്സിന്റെ പ്രവർത്തനം വളരുന്നതോടെ ഈ സൗജന്യ ആപ്ലിക്കേഷൻ മതിയാവാതെ വരാം. ഇവിടെ ജി.എസ്.ടി.എൻ തങ്ങളുടെ ശൃംഖലയുമായി ബന്ധിപ്പിക്കാൻ കഴിയുന്ന വിധത്തിലുള്ള ആപ്ലിക്കേഷൻ ഇൻറർഫേസുകൾ തിരഞ്ഞെടുത്ത ചില ഏജൻസികൾക്ക് നൽകിയിട്ടുണ്ട്. ജി.എസ്.ടി. സുവിധാ പ്രോവൈഡർ എന്നറിയപ്പെടുന്ന ഈ വിഭാഗം പല തരത്തിലുള്ള ജി.എസ്.ടി.യുമായി ബന്ധപ്പെട്ട സോഫ്റ്റ്‌വെയറുകൾ, മൊബൈൽ അപ്ലിക്കേഷനുകൾ തുടങ്ങിയവ സൃഷ്ടിക്കും. ഇവയുപയോഗിച്ചു നികുതിദായകന് തന്റെ ജി.എസ്.ടി. പ്രവർത്തനങ്ങൾ ചെയ്യാവുന്നതാണ്. ഇതല്ലാതെ കേന്ദ്ര സർക്കാരിന്റെ നികുതി ഓഫീസുകളിൽ പ്രവർത്തിക്കുന്ന ജി.എസ്.ടി. സുവിധാ കേന്ദ്രങ്ങൾ, ജി.എസ്.ടി. നിയമം അംഗീകരിച്ച ജി.എസ്.ടി. പ്രാക്ടീഷണർമാർ തുടങ്ങിയവയുടെ സേവനങ്ങളും ഇതിലേക്കായി ലഭിക്കും. ജി.എസ്.ടി.എൻ ഒരു സാധാരണ ഡാറ്റാബേസ് സോഫ്റ്റ്

വെയർ എന്നതിലുപരിയായി നികുതി വകുപ്പുകൾക്ക് നികുതി വെട്ടിപ്പിനെ സംബന്ധിച്ച വ്യക്തമായ വിവരങ്ങൾ തയ്യാറാക്കി നൽകാൻപോലും ശേഷിയുള്ള കമ്പ്യൂട്ടിംഗ് സംവിധാനമാണ്.

മേൽവിവരിച്ച ജി.എസ്.ടി.എന്നിന്റെ പ്രവർത്തനങ്ങളുടെ വ്യാപ്തിയിൽ നിന്നും ഇന്ത്യയിലെ ബിസിനസ്സുകളുടെ വിശദമായ വിവരങ്ങൾ ജി.എസ്.ടി.എന്നിൽ സൂക്ഷിച്ചിരിക്കും എന്ന് മനസ്സിലായിക്കാണുമല്ലോ. ഈ വിവരങ്ങൾ സൂക്ഷിക്കുന്നതിനാവശ്യമായ സെക്യൂരിറ്റി സംവിധാനവും ജി.എസ്.ടി.എന്നിലുണ്ടാവും. നികുതി ദായകരുടെ ജി.എസ്.ടി.യുമായുള്ള സമ്പർക്കം ഡിജിറ്റൽ സിഗ്നേച്ചർ, ആധാർ അടിസ്ഥാനമാക്കിയുള്ള ഇലക്ട്രോണിക്ക് വെരിഫിക്കേഷൻ കോഡ് എന്നിവ ഉപയോഗിച്ചായിരിക്കും ഇത്.

ജി.എസ്.ടി.യുടെ പ്രവർത്തനത്തെയും ജി.എസ്.ടി.എന്നിന്റെ പ്രവർത്തനശേഷിയെയും മനസ്സിലാവാത്തതുകൊണ്ടുള്ള പല തെറ്റിദ്ധാരണകളും ഇന്ന് ബിസിനസ്സുൾക്കിടയിൽ നിലനിൽക്കുന്നുണ്ട്. ഉദാഹരണത്തിന് ജി.എസ്.ടി. വന്നുകഴിഞ്ഞാൽ ഓരോ നികുതി ദായകനും ഓരോ മാസവും ജി.എസ്.ടി.ആർ-1, ജി.എസ്.ടി.ആർ-2, ജി.എസ്.ടി.ആർ-3 എന്നിങ്ങനെ മൂന്നു റിട്ടേൺ വീതം വർഷത്തിൽ 36 റിട്ടേണും വർഷാവസാനം ഒരു വാർഷിക റിട്ടേണുമടക്കം 37 റിട്ടേൺ നൽകേണ്ടി വരുമെന്നും, ഇതിനായി ബിസിനസ്സിന് അധിക ചിലവുണ്ടാവുമെന്നും ഒരു തെറ്റിദ്ധാരണ പരക്കെ വ്യാപിച്ചിട്ടുണ്ട്. എന്നാൽ ജി.എസ്.ടി.യുടെ പ്രവർത്തന രീതി അനുസരിച്ച് കേവലം ജി.എസ്.ടി.ആർ-1 നല്കിയാൽ ബാക്കിയെല്ലാ വിവരങ്ങളും ജി.എസ്.ടി.എൻ തന്നെ സ്വയം പൂരിപ്പിക്കുമെന്നും അതിലൂടെ മറ്റെല്ലാ റിട്ടേണുകളും ഏതാണ്ട് പൂർണ്ണമായും സ്വയം പൂരിപ്പിക്കപ്പെടുമെന്നും കാണാം. ഇങ്ങനെ ഒരു ബിസിനസ്സുകാരൻ നികുതി ബാധ്യത തീർക്കാനായി വളരെ ചെറിയ തോതിലുള്ള ഒരു ഇടപെടൽ മാത്രം ജി.എസ്.ടി.യുമായി നടത്തിയാൽ മതിയാവും. സ്മാർട്ട് ഫോണുകളുടെയും മറ്റും പ്രചാരവും റിട്ടേൺ പൂരിപ്പിക്കാനുള്ള മറ്റു മാർഗങ്ങളും സൗകര്യങ്ങളുമായി ചേർത്ത് വായിക്കുമ്പോൾ ജി.എസ്.ടി. എന്ന നികുതിയുമായി ചേർന്ന് പോകാൻ ബിസിനസ്സുകാർക്ക് ബുദ്ധിമുട്ടുണ്ടാവില്ല എന്ന് മനസ്സിലാക്കാം. ഇരുപതു ലക്ഷത്തിൽ താഴെ മാത്രം വിറ്റുവരവുള്ള ചെറുകിട ബിസിനസ്സുകളെ നികുതിയുടെ രജിസ്ട്രേഷൻ എടുക്കേണ്ട ബാധ്യതയിൽ നിന്നൊഴിവാക്കികൊണ്ടും, എഴുപത്തിയഞ്ചു ലക്ഷം വരെ വിറ്റുവരവുള്ള ബിസിനസ്സു കളെ കോമ്പൗണ്ടിഗ് സ്കീമിലൂടെ അതീവ ലളിതമായ ത്രൈമാസ റിട്ടേണുകൾ മാത്രം പൂരിപ്പിക്കേണ്ട സ്ഥിതിയിലേക്കും കൊണ്ടുവന്ന ജി.എസ്.ടി. വളരെ ലളിതമായ നികുതി വ്യവസ്ഥയാണ് കാഴ്ചവെക്കുന്നത്.

ശാസ്ത്ര സാങ്കേതികതയിൽ അടിസ്ഥാനമാക്കിയ ലളിതമായ ഈ നികുതിവ്യവസ്ഥ കൃത്യമായ നികുതി പിരിക്കാൻ സർക്കാരിനെ സഹായിക്കുമെന്ന് മാത്രമല്ല, ബിസിനസ്സുകാർക്കും അർഹമായ ക്രെഡിറ്റ് നൽകി ലാഭമുണ്ടാക്കാൻ സഹായിക്കുന്നു. അതിശക്തമായ സാങ്കേതിക വിദ്യകളുടെ സഹായത്തോടെ നടപ്പിലാക്കുന്ന ജി.എസ്.ടി. എന്ന നൂതന നികുതിവ്യവസ്ഥ കാലക്രമേണ ചരക്കുകളുടെയും സേവനങ്ങളുടെയും നികുതിനിരക്കുകൾ കുറയ്ക്കാൻ സഹായിക്കുകയും അതിലൂടെ നമ്മുടെ രാജ്യത്തെ ഓരോ പൗരനിലേയ്ക്കും ആധുനിക നികുതിവ്യവസ്ഥയുടെ നേട്ടം എത്തിക്കുകയും ചെയ്യും.

*(കൊച്ചിയിലെ ഡയറക്ടറേറ്റ് ഓഫ് ജിഎസ്ടി ഇന്റലിജൻസിൽ അസിസ്റ്റന്റ് ഡയറക്ടറാണ് ലേഖകൻ)*

**വിജ്ഞാനപാത**

## ഐ.ടി, ഇലക്ട്രോണിക്സ് രംഗങ്ങളിൽ ഇന്ത്യ-ബംഗ്ലാദേശ് സഹകരണം

ഇൻഫർമേഷൻ ടെക്നോളജി, ഇലക്ട്രോണിക്സ് മേഖലകളിൽ സഹകരണം പരിപോഷിപ്പിക്കുന്നതിന് ഇന്ത്യയും ബംഗ്ലാദേശും തമ്മിൽ ഒപ്പുവച്ച ധാരണാപത്രം പ്രധാനമന്ത്രി ശ്രീ. നരേന്ദ്രമോദിയുടെ അധ്യക്ഷതയിൽ ചേർന്ന കേന്ദ്ര മന്തിസഭായോഗം വിലയിരുത്തി.

2017 ഏപ്രിലിൽ കേന്ദ്ര ഐ.ടി, ഇലക്ട്രോണിക്സ് മന്ത്രാലയവും, ബംഗ്ലാദേശിലെ ഇൻഫർമേഷൻ ആന്റ് കമ്മ്യൂണിക്കേഷൻ ടെക്നോളജി ഡിവിഷനും തമ്മിലാണ് ധാരണാപത്രത്തിൽ ഒപ്പുവച്ചത്. അഞ്ച് വർഷമാണ് ധാരണാപത്രത്തിന്റെ കാലാവധി. ഇരുകൂട്ടരുടെയും രേഖാമൂലമുള്ള ഉഭയകക്ഷി സമ്മതപ്രകാരം കാലാ വധി ഇനിയും ദീർഘിപ്പിക്കാവുന്നതാണ്. ആറ് മാസം മുൻകൂർ നോട്ടീസ് നൽകിയാൽ ഇരുകക്ഷികളിൽ ആർക്ക് വേണമെങ്കിലും ധാരണാപത്രത്തിൽ നിന്ന് പിന്മാറാം.

ഇൻഫർമേഷൻ ടെക്നോളജി, ഇലക്ട്രോണിക്സ് മേഖലകളിലെ ഈ ധാരണാപത്രം തികച്ചും സാങ്കേതിക സ്വാഭാവത്തിലുള്ളതും ഇ-ഗവേണൻസ്, എം-ഗവേണൻസ്, പൊതു സേവനങ്ങൾ ലഭ്യമാക്കൽ, സൈബർ സുരക്ഷ തുടങ്ങിയവയ്ക്ക് മുഖ്യ ഊന്നൽ നൽകുന്നതുമാണ്. ഇന്ത്യയിലെ ഐടി കമ്പനികൾക്ക് ബംഗ്ലാദേശിലെ ഐടി, ഇലക്ട്രോണിക്സ് വിപണിയിൽ ബിസിനസ്സ് അവസരങ്ങൾ കണ്ടെത്താനും അതുവഴി ഇന്ത്യയിലെ ഇലക്ട്രോണിക്സ്, ഐടി മേഖലയിൽ നിക്ഷേപം ആകർഷിക്കാനും ധാരണാപത്രം ലക്ഷ്യമിടുന്നു. ഇത് പരോക്ഷ തൊഴിലവസരം സൃഷ്ടിക്കാനും വഴിയൊരുക്കും.

# ചരക്കു സേവന നികുതി: വെല്ലുവിളികളും അവസരങ്ങളും

ഡോ. ജോസ് സെബാസ്റ്റ്യൻ. കെ

ജൂലൈ 1 മുതൽ നടപ്പിൽ വന്ന GST സ്വതന്ത്ര ഇന്ത്യ കണ്ട ഏറ്റവും വലിയ നികുതി പരിഷ്ക്കരണമാണ്. തൊണ്ണൂറുകളുടെ ആദ്യം പ്രൊഫസർ രാജാ ജെ. ചെല്ലയ്യ ചെയർമാനായ നികുതി പരിഷ്ക്കരണ കമ്മിറ്റിയാണ് ചരക്കുകളും സേവനങ്ങളും ഉൾക്കൊള്ളുന്ന സർവ്വാശ്ലേഷിയായ ഒരു പരോക്ഷ നികുതിയിലേക്ക് രാജ്യം മാറണമെന്ന് ശുപാർശ ചെയ്തത്. ആ ശുപാർശ നടപ്പിൽ വരാൻ കാൽ നൂറ്റാണ്ടിൽ കൂടുതൽ എടുത്തുവെങ്കിലും ഇന്ത്യ പോലെ ഇത്രമാത്രം വൈവിധ്യങ്ങൾ നിറഞ്ഞതും ബൃഹത്തുമായ ഒരു രാജ്യത്ത് GST നടപ്പിൽ വന്നു എന്നതുതന്നെ എടുത്തു പറയേണ്ട നേട്ടമായി കാണേണ്ടിയിരിക്കുന്നു. ഇന്ത്യ നടപ്പാക്കിയ GST ഒരേ സമയം വെല്ലുവിളിയും സാധ്യതയുമാണ്. ഇന്ത്യയുടെയും കേരളത്തിന്റെയും കാര്യത്തിൽ ഇവയെ എങ്ങനെ കൈകാര്യം ചെയ്യും എന്ന് ചർച്ച ചെയ്യുകയാണ് ഈ ലേഖനം.

## 1. GSTനേരിടുന്ന വെല്ലുവിളികൾ

ഇന്ത്യയിൽ നടപ്പാക്കിയത് GST യുടെ സംശുദ്ധ രൂപമല്ല. ന്യൂസിലാൻഡ് പോലെയുള്ള രാജ്യങ്ങളിൽ ഒരു GST നിരക്കേയുള്ളൂ. നികുതി എന്നത് സർക്കാരിന് വരുമാനം ഉണ്ടാക്കാനുള്ള ഉപകരണമായി മാത്രം കണ്ടാൽ ഒറ്റ നിരക്കിൽ GST നടപ്പാക്കാം. നമ്മുടെ രാജ്യമടക്കം പല രാജ്യങ്ങളിലും പക്ഷേ നികുതി എന്നത് വരുമാനം ഉണ്ടാക്കാനുള്ള ഉപകരണം മാത്രമല്ല. വരുമാനമെന്നത് പല ലക്ഷ്യങ്ങളിൽ ഒന്നുമാത്രമാണ്. സമൂഹത്തിലെ അസമത്വം പരിഹരിക്കാനും പ്രാദേശിക അസമത്വം പരിഹരിക്കാനും തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും നികുതി വ്യവസ്ഥ പ്രയോജനപ്പെടുത്തുന്ന സ്ഥിതിയുണ്ട്. സത്യത്തിൽ ഇതാണ് പല നിരക്കുകളിൽ പരോക്ഷ നികുതി ചുമത്തുന്നതിന്റെ ലക്ഷ്യം. നമ്മുടെ GST ചർച്ചകളുടെ തുടക്കത്തിൽ രണ്ടു നിരക്കായിരുന്നു ഉണ്ടായിരുന്നത്. റിയൽ എസ്റ്റേറ്റ് അടക്കം എല്ലാ ഇടപാടുകളും GSTയുടെ പരിധിയിൽ വരുമെന്ന് പ്രതീക്ഷിക്കപ്പെട്ടിരുന്നു.

പക്ഷേ അന്തിമമായി നടപ്പാക്കിയ GSTയിൽ ചുരുങ്ങിയത് 5 നിരക്കെങ്കിലുമുണ്ട്. പെട്രോളും മദ്യവും GSTക്ക് പുറത്താണ്. ഇതിൽ പെട്രോൾ മൊത്തം പരോക്ഷ നികുതിയിൽ 35-40% സംഭാവന ചെയ്യുന്നു. പെട്രോളിയം ഉൽപ്പന്നങ്ങൾ അസംസ്കൃത വസ്തുവായി ഉപയോഗിക്കുന്ന നൂറുകണക്കിന് വ്യവസായങ്ങളുണ്ട്. അവയ്ക്ക് ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭിക്കുകയില്ല. ഇതിനർത്ഥം ഈ വ്യവസായങ്ങളിലെങ്കിലും 'നികുതിക്കുമേൽ നികുതി' സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ തുടരുമെന്നാണ്. റിയൽ എസ്റ്റേറ്റ് മേഖല രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ സുപ്രധാന പങ്ക് വഹിക്കുന്നതാണ്. വളരെയധികം കള്ളപ്പണം കുമിഞ്ഞു കൂടുന്നതും ഈ മേഖലയിലാണ്. അതുകൊണ്ടു തന്നെ സമീപഭാവിയിൽ റിയൽ എസ്റ്റേറ്റ് മേഖല GSTയുടെ ഭാഗമാവുമെന്ന് പ്രതീക്ഷിക്കാം.

### നിരക്കുകളുടെ ബാഹുല്യം സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ

ഇന്ത്യപോലെയുള്ള രാജ്യങ്ങളിൽ GST നടപ്പാക്കുമ്പോൾ ഒന്നോ രണ്ടോ നിരക്കെന്ന ലക്ഷ്യം അപ്രായോഗികമാണ്. അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ ക്രമാനുഗതമായ മാറ്റങ്ങളേ സാധ്യമാകൂ. തീർച്ചയായും നിരക്കുകളുടെ ബാഹുല്യം നിരക്കുകളെക്കുറിച്ച് നികുതി ദായകരും നികുതി അധികാരികളും തമ്മിൽ അന്തമില്ലാത്ത തർക്കങ്ങളിലേയ്ക്കാവും രാജ്യത്തെ കൊണ്ടെത്തിക്കുക. താൻ കൈകാര്യം ചെയ്യുന്ന ഉൽപ്പന്നം കുറഞ്ഞ നിരക്കിൽ വരുന്നതാണെന്ന് നികുതി ദായകൻ വാദിക്കുമ്പോൾ റവന്യൂവിന്റെ താൽപര്യങ്ങൾ സംരക്ഷിക്കാൻ ഉത്തരവാദപ്പെട്ട നികുതി വകുപ്പ് ഉദ്യോഗസ്ഥർ പ്രസ്തുത ഉൽപ്പന്നം ഉയർന്ന നിരക്കിന്റെ പരിധിയിലാണെന്ന് വാദിക്കുക സ്വാഭാവികം. ഉദാഹരണമായി ഇലക്ട്രിക്കൽ ഉൽപ്പന്നങ്ങളിൽ ഏതൊക്കെ 12% ലും ഏതൊക്കെ 18%ലും പെടും എന്ന കാര്യത്തിൽ വ്യക്തമായ തീരുമാനം എടുക്കുക ബുദ്ധിമുട്ടാണ്. സ്വാഭാവികമായും ഇത്തരം തർക്കങ്ങൾ കോടതിയിലെത്തും. GST മൂലം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കപ്പെടുന്ന ഉൽപ്പാദനച്ചെലവിലുണ്ടാകുന്ന കുറവിന്റെ നല്ലൊരു ശതമാനം ഇത്തരം തർക്കങ്ങൾ സൃഷ്ടിക്കുന്ന അധികച്ചെലവ് അപഹരിക്കും. നിരക്കുകളുടെ പിന്നിൽ പലതരം സമ്മർദ്ദ ഗ്രൂപ്പുകൾ രൂപപ്പെടാനുള്ള സാദ്ധ്യതയുമുണ്ട്. നികുതി അടക്കുന്ന പ്രക്രിയയുടെ ചെലവ് (compliance cost) കൂടുക എന്നതാണ് മറ്റൊരു പ്രശ്നം. ഒന്നോ രണ്ടോ നിരക്കുകളുള്ള GSTയിൽ ഈ ചെലവ് വളരെ കുറയും. ഒരു പക്ഷേ നികുതിദായകന് സ്വന്തം കമ്പ്യൂട്ടർ ഉപയോഗിച്ച് ചെയ്യാൻ കഴിയുമായിരുന്ന കാര്യം, നികുതി പ്രാക്ടീഷണറെയും ചാർട്ടേഡ് അക്കൗണ്ടന്റുകളെയും ഏൽപ്പിക്കേണ്ട സ്ഥിതിയാവും. ഇതും ബിസിനസ്സുകളുടെ ചെലവ് ഉയർത്തും.

നികുതി ഭരണരംഗത്ത് സാങ്കേതിക വിദ്യയുടെ മുഴുവൻ പ്രയോജനവും എടുക്കാനാവില്ല എന്നതാണ് ഒരു പ്രധാന ന്യൂനത. ഓരോ ഇൻവോയിസും പരസ്പരം തട്ടിച്ചുനോക്കി ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് അനുഭവിക്കുക എന്നത് വൈഷമ്യമേറിയ കാര്യമായി മാറും. ഇക്കാര്യത്തിൽ സാങ്കേതിക വിദ്യയുടെ പരിമിതികൾ എത്രമാത്രമുണ്ടാവുമെന്ന് കണ്ടറിയണം. സാങ്കേതിക വിദ്യ ഇതുവരേയും പരീക്ഷിക്കപ്പെട്ടിട്ടില്ല എന്നോർക്കാം.

ഈ പ്രശ്നങ്ങളൊക്കെ തുടക്ക പ്രശ്നങ്ങളായി കണ്ട് മുന്നോട്ട് പോവുകയേ നിവൃത്തിയുള്ളൂ. ആത്യന്തിക ലക്ഷ്യം ഒന്നോ രണ്ടോ നിരക്കുകളാണെന്ന് കേന്ദ്ര റവന്യൂ സെക്രട്ടറി വ്യക്തമാക്കിയിട്ടുണ്ട്. പെട്രോളിയം ഉൽപ്പന്നങ്ങളെ GST യിൽ കൊണ്ടുവരികയാണ് അടിയന്തിരമായി വേണ്ടത്. ഉൽപ്പാദനച്ചെലവിന്റെ പ്രധാനപ്പെട്ട ഒരു ഭാഗമാണ് ഗതാഗതച്ചെലവ്. ഗതാഗത മേഖലയ്ക്ക് പെട്രോളിന്റെയും ഡീസലിന്റെയും ചെലവ്, അവ നൽകുന്ന സേവനങ്ങളുടെ മേലുള്ള നികുതിയിൽ നിന്ന് കുറച്ച് കിട്ടുകയില്ല എന്ന് വരുന്നത് എല്ലാ മേഖലകളിലും ഉൽപ്പാദനച്ചെലവ് കൂട്ടുന്ന കാര്യമാണ്.

## 2. നികുതി വരുമാന വർദ്ധനയിലെ അനിശ്ചിതത്വം

കേന്ദ്രത്തിന്റെയും സംസ്ഥാനങ്ങളുടെയും വർദ്ധിച്ചു വരുന്ന റവന്യൂകമ്മിയും കടവുമാണല്ലോ GST ഏർപ്പെടുത്താനുള്ള പ്രേരണകളിൽ ഒന്ന്. GST നികുതി വരുമാനത്തിൽ കാര്യമായ വർദ്ധന ഉണ്ടാക്കുമെന്ന പ്രതീക്ഷയിലാണ് രാജ്യമിന്ന്. ഉയർന്ന നികുതി നിരക്കുകളിലൂടെയല്ല വരുമാന വർദ്ധനവ് പ്രതീക്ഷിക്കുന്നത്. നികുതി അടിത്തറ വിപുലപ്പെടുന്നതും നികുതിവെട്ടിപ്പ് കുറയുന്നതുമാണ് മുഖ്യമായും വരുമാന വർദ്ധനവിന്റെ ചാലകശക്തികൾ. സംസ്ഥാനങ്ങൾക്ക് സേവനങ്ങളുടെ മേൽ നികുതിചുമത്താം. കേന്ദ്രത്തിന്റെ കാര്യത്തിൽ ഉൽപ്പാദനഘട്ടത്തിൽ നിന്നും ഉപഭോഗ ഘട്ടത്തിലേക്ക് നികുതിയുടെ കൈകൾ നീളുകയാണ്. ഇതൊക്കെ വൻ വരുമാന വർദ്ധനവിലേക്ക് നയിക്കും എന്ന പ്രതീക്ഷയുണ്ട്.

അതേസമയം മൊത്തവരുമാനം ഒരു ലക്ഷം കോടിയോളം കുറയും എന്ന അശുഭാപ്തി പ്രവചനവും ഉണ്ട്. വരുമാനത്തിൽ ഇത്രമാത്രം കുറവുണ്ടായാൽ അത് കേന്ദ്രത്തേയും സംസ്ഥാനങ്ങളെയും കൊടിയ സാമ്പത്തിക പ്രതിസന്ധിയിലാഴ്ത്തും. കാരണം 5 വർഷത്തേക്ക് നഷ്ടമെല്ലാം കേന്ദ്രം പരിഹരിക്കുമെന്നിരുന്നാലും അതുകഴിയുമ്പോൾ കേന്ദ്രവും സംസ്ഥാനങ്ങളും എന്തുചെയ്യും? GST സംസ്ഥാനങ്ങളുടെ സ്വയം ഭരണത്തിന് അന്ത്യമിട്ടു എന്ന വാദത്തിന് കാര്യമായ അടിസ്ഥാനമില്ല. ഒന്നാമത് പരോക്ഷ നികുതികൾ മാത്രമല്ല സംസ്ഥാനങ്ങൾക്ക് ഉള്ളത്. ഭൂനികുതി, മോട്ടോർ വാഹന നികുതി, രജിസ്ട്രേഷൻ നികുതി, എക്സൈസ് തുടങ്ങി വേറെയും നികുതി സ്രോതസ്സുകളുണ്ട്. സംസ്ഥാനങ്ങൾ ഇവയിൽ പലതും കാര്യമായി പ്രയോജനപ്പെടുത്താതെ ചരക്കുകളുടെ മേലുള്ള നികുതിയിൽ അമിതമായി ആശ്രയിക്കുകയാണ്. ഇതാണ് സംസ്ഥാനങ്ങളുടെ നികുതി വരുമാനത്തിൽ മുഖ്യസ്ഥാനം ഇവയ്ക്ക് നൽകിയത്. മറ്റ് നികുതി സ്രോതസ്സുകളും നികുതിയേതര വരുമാന സ്രോതസ്സുകളും ഫലപ്രദമായി പ്രയോജനപ്പെടുത്തി സംസ്ഥാനങ്ങളുടെ സ്വയംഭരണാവകാശം സംരക്ഷിക്കാവുന്നതേയുള്ളൂ.

സൂക്ഷ്മമായി പരിശോധിച്ചാൽ ചരക്കു സേവന നികുതിയിലേക്ക് നയിച്ച വസ്തുനിഷ്ഠ സാഹചര്യങ്ങൾക്ക് സംസ്ഥാനങ്ങളും കാരണമാണെന്ന് കാണാം. നികുതിനിരക്കുകൾ അന്യോന്യം കുറച്ചുവച്ച് അയൽ സംസ്ഥാനത്തുനിന്ന് ഉപഭോക്താക്കളെ ആകർഷിക്കുന്നതിന് കുറേ ഉൽപ്പന്നങ്ങളുടെ കാര്യത്തിൽ സ്വീകരിച്ച നടപടിയാണ് സംസ്ഥാനങ്ങളുടെ വരുമാനം കുറയാനിടയാക്കിയ ആദ്യസംഭവം. അതിന്റെ ഫലമായി ഇലക്ട്രോണിക് സാധനങ്ങൾ അടക്കമുള്ള ആഡംബര വസ്തുക്കളുടെ നികുതി നിരക്ക് അവശ്യ സാധനങ്ങളേക്കാൾ കുറയുന്ന സ്ഥിതി 1980കളുടെ അന്ത്യത്തിലുണ്ടായി. 2000 ആയപ്പോഴേക്കും ഈ മത്സരം അസാധ്യമായി. GST വന്നതോടെ നികുതി നിരക്കുകളിൽ മാറ്റം വരുത്തി അധിക വരുമാനത്തിന് ശ്രമിക്കാനാവില്ല എന്നുവന്നു. സേവനങ്ങൾക്ക് നികുതി ചുമത്താം എന്നത് ഇതുമൂലമുള്ള നഷ്ടത്തിന്റെ നല്ലൊരുഭാഗം പരിഹരിച്ചു എന്നുപറയാം.

എങ്കിലും കേന്ദ്രത്തിന്റെയും സംസ്ഥാനങ്ങളുടെയും വരുമാനത്തിൽ കുറവു വന്നാൽ അത് GST യുടെ മുന്നോട്ടുള്ള പോക്കിനെ ദുർബ്ബലപ്പെടുത്തിയേക്കാം. പക്ഷേ രാജ്യമാകെ GSTയുടെ നികുതി നൽകൽ സംസ്കാരം സ്വീകരിച്ചാൽ നികുതിവരുമാനക്കുറവ് ഉണ്ടാവുകയില്ല. 'എല്ലാവരും നികുതി നൽകുക, സന്നദ്ധമായി നൽകുക' എന്നതാണ് GSTയുടെ സന്ദേശം. സാങ്കേതിക വിദ്യയും GSTയുടെ ഘടന തന്നെയും നികുതി വെട്ടിപ്പ് കുറയ്ക്കുന്നതാണ്. കാര്യങ്ങൾ സുതാര്യമായി ചെയ്യുന്നവർക്കേ ഇനിയുള്ള കാലം നിലനിൽപ്പുള്ളൂ എന്ന് വരുന്നതോടെ കൂടുതൽ ആളുകൾ GSTയുടെ ഭാഗമാകാനാണ് സാധ്യത. അങ്ങനെ നോക്കുമ്പോൾ GSTയിൽ വരുമാനക്കുറവ് ഉണ്ടാവാനുള്ള സാധ്യതയില്ല. ഒരുപക്ഷേ GSTയുടെ ആദ്യകാല പ്രശ്നങ്ങൾ മൂലം തുടക്കത്തിൽ വരുമാനം അത്രകണ്ട് വർദ്ധിക്കുകയില്ലായിരിക്കാം. അതുപക്ഷേ കാര്യങ്ങൾ നേരെയാവുന്നതോടെ പരിഹരിക്കപ്പെടാനാണ് സാധ്യത. മറ്റൊരു കാര്യം GST മൂലം വർദ്ധിക്കുന്നത് GSTയിലൂടെയുള്ള വരുമാനം മാത്രമല്ല. വ്യവസായ വളർച്ച ദേശീയ വരുമാനത്തിന്റെ വളർച്ചയിലേക്ക് നയിച്ചാൽ ആദായ നികുതി, കോർപ്പറേഷൻ നികുതി മുതലായ വരുമാനങ്ങളിലും കാര്യമായ വർദ്ധനവുണ്ടാകും. പരോക്ഷ നികുതിയിലുള്ള അമിത ആശ്രിതത്വം കുറയുകയും ചെയ്യും.

## 3. വില കുറയുമോ?

GST നിരക്കുകൾ പരിശോധിച്ചാൽ വ്യക്തമാവുന്ന ഒരു കാര്യം മിക്കവാറും നിരക്കുകളിൽ ഉണ്ടായിട്ടുള്ള കുറവാണ്. ഇതും നികുതിക്കുമേൽ നികുതി ഇല്ലാതാവുന്നതിന്റെ പ്രയോജനവും ബിസിനസ്സുകളുടെ ചെലവ് കുറയ്ക്കും. രാജ്യത്താകെ ചെക്ക് പോസ്റ്റുകൾ ഇല്ലാതാവുന്നത് ഗതാഗതച്ചെലവ് ഗണ്യമായി കുറയ്ക്കും. ഇതൊക്കെ ഉപഭോക്തൃ വിലകളിൽ പ്രതിഫലിക്കുമെന്നുള്ള പ്രതീക്ഷയിലാണ് രാജ്യം മുഴുവൻ.

ഈ പ്രതീക്ഷ ഫലമണിയാൻ പക്ഷേ സമയമെടുക്കും. ഒന്നാമത് ജിഎസ്ടി സംബന്ധമായി ഒട്ടനവധി

സംശയങ്ങളും അനിശ്ചിതത്വങ്ങളും നിലനിൽക്കുന്നുണ്ട്. ഇതുമൂലം നിരക്കുകളിലുണ്ടായിട്ടുള്ള കുറവ് എല്ലാ ഉപഭോഗ വസ്തുക്കളിലും പ്രതിഫലിച്ചു തുടങ്ങിയിട്ടില്ല. ബില്ലടിക്കാനുള്ള സോഫ്റ്റ്‌വെയറുകൾ മാറിയിട്ടില്ല എന്നു തുടങ്ങി ഒട്ടേറെ കാരണങ്ങളാൽ വ്യാപാരികൾ എല്ലാ ഉപഭോഗ വസ്തുക്കളുടെ കാര്യത്തിലും വിലക്കുറവിന്റെ പ്രയോജനം ഉപഭോക്താക്കൾക്ക് കൈമാറി തുടങ്ങിയിട്ടില്ല.

അതേസമയം വാഹനങ്ങൾ അടക്കം സംഘടിത മേഖലകളിൽ നിന്നുള്ള കുറേ ഉൽപ്പന്നങ്ങളുടെ കാര്യത്തിൽ വിലക്കുറവ് പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ട്. ആറു മാസത്തിനുശേഷം കാര്യങ്ങൾ കലങ്ങി തെളിയുമ്പോൾ ഏതെല്ലാം സാധനങ്ങളുടെ കാര്യത്തിലാവും വിലക്കുറവ് അനുഭവപ്പെടുക? ഇവിടെ പരിഗണിക്കേണ്ട പല കാര്യങ്ങളുണ്ട്. വിലയെ സ്വാധീനിക്കുന്ന ഒട്ടേറെ ഘടകങ്ങളിൽ നികുതി ഒന്നുമാത്രമാണ്. ഉൽപ്പാദന ചെലവിലുണ്ടാകുന്ന മാറ്റങ്ങൾ, വിപണിയിലെ മത്സരം, വിപണിയിലെ രുചിഭേദങ്ങൾ തുടങ്ങി ഒട്ടേറെ കാര്യങ്ങളാണ് വിലയെ സ്വാധീനിക്കുന്നത്. മറ്റെല്ലാ കാര്യങ്ങളും മാറ്റമില്ലാതെയിരിക്കുമ്പോൾ നികുതി നിരക്കിൽ കുറവുണ്ടായാൽ ന്യായമായും വില കുറയേണ്ടതാണ്. എങ്കിലും വില കുറയുന്നില്ലെങ്കിൽ കാരണമെന്താവാം?

ഇവിടെയാണ് ഇന്ത്യയിൽ GSTക്ക് മുമ്പിലുള്ള നികുതി വ്യവസ്ഥയിലെ ഭീമമായ നികുതി വെട്ടിപ്പിന്റെ കാര്യം പ്രസക്തമാവുന്നത്. ഇന്ത്യയിലെ ഉൽപ്പാദന രംഗം സംഘടിതമേഖലയും അസംഘടിതമേഖലയും ഉൾപ്പെട്ടതാണ്. സംഘടിത മേഖലയിൽ കാര്യമായ നികുതി വെട്ടിപ്പില്ല. എന്നാൽ അസംഘടിത മേഖലയിൽ നികുതി വെട്ടിപ്പ് വളരെ കൂടുതലാണെന്ന് മാത്രമല്ല, അതിൽ വിവിധ ഉൽപ്പന്നങ്ങൾ തമ്മിൽ വ്യത്യാസവുമുണ്ട്. അസംഘടിത മേഖലയിൽ നിന്ന് ഒട്ടേറെ ഘടകങ്ങളും ഇടനില സാധനങ്ങളും സംഘടിത മേഖല എക്കാലവും വാങ്ങുന്നുണ്ട്. GST വന്നതോടെ അസംഘടിത മേഖലയുടെ മേൽ സമ്മർദ്ദം ഏറുകയാണ്. സുതാര്യമായി GSTയുടെ ഭാഗമായിട്ടുള്ളവരുടെ പക്കൽ നിന്നും ഘടകങ്ങളും ഇടനില സാധനങ്ങളും വാങ്ങാനാവും സംഘടിത മേഖലയുടെ താൽപര്യം. കാരണം ഇവയുടെ മേലുള്ള ITC ലഭിക്കണമെങ്കിൽ ഇതാവശ്യമാണ്. അങ്ങനെ വരുമ്പോൾ ഒട്ടേറെ അസംഘടിത മേഖലകൾക്ക് GST ചുമത്താതെ നിലനിൽപ്പ് ഇല്ലെന്ന് വരുന്നു. സ്വാഭാവികമായും അസംഘടിത മേഖലകളിൽ നിന്ന് വൻതോതിൽ ഉൽപ്പന്നങ്ങൾ വാങ്ങി അന്തിമ ഉൽപ്പന്നങ്ങൾ ഉണ്ടാക്കിവന്ന വ്യവസായങ്ങളുടെ കാര്യത്തിൽ നികുതി നിരക്ക് കുറഞ്ഞതുകൊണ്ടു മാത്രം വിലകുറയണമെന്നില്ല.

വിപണിയിൽ വൻ മത്സരമുള്ള ഉൽന്നങ്ങളുടെ കാര്യത്തിൽ നികുതി നിരക്കിലുണ്ടാകുന്ന കുറവ് ഉപഭോക്താക്കളിലേക്ക് കൈമാറാൻ ഉൽപ്പാദകർ നിർബന്ധിതരാവും. പക്ഷേ വിപണിയിൽ കുത്തകയുള്ള ഉൽപ്പന്നങ്ങളുടെ കാര്യത്തിൽ ഈ സമ്മർദ്ദമില്ല. പറഞ്ഞു വരുന്നത് ഇതാണ്. വിലകളെ സംബന്ധിച്ച സ്ഥിതി അത്രമാത്രം എളുപ്പത്തിൽ പ്രവചിക്കാവുന്നതല്ല.

### 4. കൊള്ളലാഭ വിരുദ്ധ അതോറിറ്റിക്ക് എന്ത് ചെയ്യാനാവും?

കൊള്ളലാഭ വിരുദ്ധ അതോറിറ്റിയാണ് GSTയിലെ ഒരു പുതുമയുള്ള കാര്യം. ഇത്തരം സംവിധാനങ്ങൾ മറ്റ് രാജ്യങ്ങളിൽ നിലവിലുണ്ടെന്ന് പറയപ്പെടുന്നു. പക്ഷേ ഇവ എത്രമാത്രം ഫലപ്രദമാണെന്ന് കണ്ടറിയേണ്ടതുണ്ട്. കാരണം, മേൽ സൂചിപ്പിച്ചതുപോലെ വിലയെന്നത് ഒട്ടേറെ ഘടകങ്ങൾ നിർണയിക്കുന്നതാണ്. ഈ ഘടകങ്ങളെയൊക്കെ ഇഴപിരിച്ചെടുത്ത് കുറ്റക്കാരെ കണ്ടുപിടിക്കുകയെന്ന ഭഗീരഥയത്നം കൊള്ളലാഭ വിരുദ്ധ അതോറിറ്റി ചെയ്യുകയാണെങ്കിൽ അതിന്റെ ഫലം ഉണ്ടാവുക തന്നെ ചെയ്യും. തീർച്ചയായും ഈ അതോറിറ്റി നിലവിലുണ്ട് എന്നതുതന്നെ കൊള്ളലാഭക്കാർക്ക് ഒരു ഭീഷണിയാണ്. എന്തും ചെയ്തുകളയാം എന്നവർക്ക് ഇനി കരുതാനാവില്ല. പക്ഷേ ഒന്നുണ്ട്; ആത്യന്തികമായി വിപണിയിലെ മത്സരം തന്നെയാണ് വില നിയന്ത്രിക്കുന്നത്. സുതാര്യമായ നികുതി വ്യവസ്ഥയും ചലനാത്മകമായ സമ്പദ്‌വ്യവസ്ഥയും ചെയ്യുന്നതിനെ പിന്തുണയ്ക്കാൻ മാത്രമേ കൊള്ളലാഭ വിരുദ്ധ അതോറിറ്റി പോലുള്ള സംവിധാനങ്ങൾക്ക് പറ്റൂ.

മേൽപറഞ്ഞ വെല്ലുവിളികൾ ഉള്ളപ്പോൾ തന്നെ GST രാജ്യത്തിനു മുൻപിൽ തുറന്നു തരുന്ന സാധ്യതകൾ കാണാതിരിക്കാനാവില്ല. 125 കോടിയിൽപ്പരം ജനങ്ങളുള്ള ഈ രാജ്യം ചൈനയിലും തെക്കു കിഴക്കൻ രാജ്യങ്ങളിലും ഉൽപ്പാദിപ്പിക്കുന്ന വസ്തുക്കളും ഇടനില സാധനങ്ങളും ഇറക്കുമതി ചെയ്ത് 'മേയ്ക്ക് ഇൻ ഇന്ത്യ'യ്ക്ക് പകരം 'പായ്ക്ക് ഇൻ ഇന്ത്യ' ആയി അധഃപതിച്ചു. ഇങ്ങനെ എത്രകാലം മുമ്പോട്ടുപോവും? വ്യവസായവൽക്കരണം തന്നെയാണ് ഇന്ത്യയുടെ ഒട്ടുമിക്ക പ്രശ്നങ്ങൾക്കുമുള്ള പരിഹാരം. നമ്മുടെ കാർഷിക മേഖലയിൽ നിന്നും വൻതോതിൽ മനുഷ്യവിഭവശേഷി വ്യവസായ സേവന മേഖലകളിലേക്ക് മാറണം. കയറ്റുമതിയെ ആശ്രയിച്ചുള്ള വ്യവസായവൽക്കരണമല്ല ആഭ്യന്തര വിപണിയെ ആശ്രയിച്ചുള്ള വ്യവസായവൽക്കരണമാണ് നമുക്കാവശ്യം. വിവര സാങ്കേതിക വിദ്യ അടിസ്ഥാനമാക്കിയുള്ള കയറ്റുമതി സംരംഭങ്ങൾ അടുത്തകാലത്തായി നേരിടുന്ന ഭീഷണികൾ നമുക്കൊരു പാഠമാണ്. നേരെ മറിച്ച് ഇന്ത്യയിലെ ദരിദ്ര ജനങ്ങളുടെ ക്രയശേഷി വർദ്ധിച്ചാൽ അത് സൃഷ്ടിക്കുന്ന വിപണിയുടെ വലിപ്പം എന്താകും? പക്ഷേ ക്രയശേഷി വർദ്ധിക്കണമെങ്കിൽ വ്യവസായ രംഗത്തെ മുതൽ മുടക്ക് വർദ്ധിക്കണം. ഇന്ത്യയിലെ വ്യവസായ സമൂഹത്തെ ഈ രംഗത്ത് നിരുൽസാഹപ്പെടുത്തുന്നത് ബിസിനസ്സ് ചെയ്യാനുള്ള ബുദ്ധിമുട്ടുകൾ തന്നെയാണ്.

ഇവിടെയാണ് വലിയ മാറ്റങ്ങൾ GST കൊണ്ടുവരാൻ പോകുന്നത്. കാര്യങ്ങളെല്ലാം ചിട്ടയായി വരുമ്പോൾ ബിസിനസ്സ് ചെയ്യാനുള്ള എളുപ്പത്തിന്റെ അടി

സ്ഥാനത്തിൽ ഇന്ത്യയുടെ ഇപ്പോഴത്തെ റാങ്കായ 130ൽ നിന്ന് 100ലേക്ക് എത്തുകയില്ലെന്ന് ആരു കണ്ടു? അങ്ങനെ വന്നാൽ ചൈനയോട് മത്സരിച്ച് ഇന്ത്യ ലോകത്തെ ഒന്നാംകിട സാമ്പത്തിക ശക്തിയായി ഉയർന്നു കൂടായ്കയില്ല. ചെറുപ്പക്കാരുടെ എണ്ണത്തിന്റെ കാര്യത്തിൽ (Demographic dividend) നാം ചൈനയെക്കാൾ മുന്നിലാണ് എന്നതും നമുക്ക് അനുകൂലമായ ഘടകമാണ്.

### കേരളത്തിന്റെ സാധ്യതകൾ

കേരളത്തിന്റെ സാധ്യതകൾ കൂടി സൂചിപ്പിച്ചു കൊണ്ട് ഈ ലേഖനം അവസാനിപ്പിക്കാം. കേരളം ഒരു ഉപഭോഗ സംസ്ഥാനമാണ്. ഇവിടെ ഉപഭോഗം ചെയ്യപ്പെടുന്ന 70-75% ഉപഭോഗ വസ്തുക്കളെങ്കിലും മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യപ്പെടുന്നവയാണ്. പലതലങ്ങളിലെ നികുതിയും ചെക്കുപോസ്റ്റുകളും ഒക്കെ താണ്ടി ഇവ കേരളത്തിൽ എത്തുമ്പോൾ ഉയർന്ന വില വരുന്നത് സ്വാഭാവികമാണ്.

GST വന്നതോടുകൂടി ഈ സ്ഥിതിക്ക് തീർച്ചയായും മാറ്റമുണ്ടാവും. ഒട്ടേറെ ഉൽപ്പന്നങ്ങളുടെ കാര്യത്തിൽ വിലക്കുറവ് അനുഭവപ്പെടുക തന്നെ ചെയ്യും. ഒരു പക്ഷേ ഇത് അനുഭവപ്പെടാൻ 6 മാസം കാത്തിരിക്കേണ്ടി വന്നേക്കാം.

നികുതി വരുമാനത്തെ സംബന്ധിച്ചിടത്തോളം കേരളത്തിന് രക്ഷയാകുന്നത് GST യുടെ Destination തത്വമാണ്. നിലവിൽ ഇ-കൊമേഴ്സ് വഴിയായി വൻതോതിൽ നികുതി നഷ്ടം അനുഭവിക്കുന്ന സംസ്ഥാനമാണ് കേരളം. ഈ നഷ്ടം ഏറെക്കുറെ പൂർണ്ണമായും പരിഹരിക്കപ്പെടും.

കേരളം ഒരു സേവനാധിഷ്ഠിത സംസ്ഥാനമായതുകൊണ്ട് സേവനങ്ങളുടെ മേൽ നികുതി ചുമത്തുന്ന സമ്പ്രദായം കേരളത്തിന് നേട്ടമുണ്ടാക്കും എന്ന ഒരു ധാരണ നിലവിലുണ്ട്. ഇതിൽ കുറച്ച് ശരിയേയുള്ളൂ. ഇക്കാര്യം സംബന്ധിച്ച് ഈ ഗ്രന്ഥകർത്താവും അനിതാകുമാരി എന്ന സഹപ്രവർത്തകയും ചേർന്ന് ഒരു പഠനം നടത്തുകയുണ്ടായി. ഞങ്ങളുടെ കണ്ടെത്തലിൽ വ്യക്തമായത് കേരളത്തിന് സേവന മേഖലയിൽ നിന്ന് പൊതുവെ കരുതപ്പെടുന്നതുപോലെ അത്രമാത്രം വരുമാനം ലഭിക്കുകയില്ല എന്നാണ്. 2012-13 സാമ്പത്തിക വർഷത്തിൽ കേന്ദ്രസർക്കാർ സമാഹരിച്ച മൊത്തം സേവന നികുതിയിൽ കേരളത്തിൽ നിന്ന് സമാഹരിച്ചത് 1.30% മാത്രമായിരുന്നു. സേവനാധിഷ്ഠിതമായ ഒരു സമ്പദ് വ്യവസ്ഥയിൽ നിന്നും ഇത്ര കുറച്ച് സേവന നികുതി മാത്രം സമാഹരിക്കപ്പെടുന്നതിന്റെ പിന്നിലെ കാരണങ്ങൾ അന്വേഷിച്ച് ചെന്നപ്പോഴാണ് കേരളത്തിന്റെ ദൗർബല്യം വ്യക്തമായത്. ഇന്ത്യയിൽ സമാഹരിക്കപ്പെടുന്ന സേവന നികുതിയുടെ 62.5% മഹാരാഷ്ട്ര, ഗുജറാത്ത്, തമിഴ്നാട്, കർണ്ണാടക, പശ്ചിമബംഗാൾ, ആന്ധ്രാപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്നാണ്. ഇതിന്റെ കാരണം ലളിതമാണ്. വ്യാവസായികോൽപാദനവുമായി ബന്ധപ്പെട്ട കൺസൾട്ടൻസി, ഇൻഷുറൻസ്, പേറ്റന്റുകൾ, ട്രേഡ്മാർക്ക്, ചരക്ക് ഗതാഗതം തുടങ്ങിയ സേവനങ്ങളിൽ നിന്നാണ് കൂടുതൽ സേവന നികുതിയും സമാഹരിക്കുന്നത്. മറ്റൊരു മേഖല ഓഹരി വിപണിയും നിർമ്മാണ മേഖലയുമായി ബന്ധപ്പെട്ടതാണ്. ഈ സംസ്ഥാനങ്ങൾ എല്ലാം തന്നെ വൻ നഗരങ്ങൾ ഉള്ളവയാണ് എന്നതും ഓർക്കണം. ഒരു കാലത്ത് തൊഴിൽ സമരങ്ങളും ഘരാവോയുമൊക്കെയായി വ്യവസായങ്ങളെ നാടുകടത്തിയതിന് കേരളം ഇപ്പോൾ കൊടുക്കേണ്ടി വരുന്ന വിലയാണിത്.

കേരളത്തിലെ സേവനദാതാക്കൾ ബഹുഭൂരിപക്ഷവും ചെറിയ മീനുകളാണ്. അവരൊക്കെ 20 ലക്ഷം രൂപ വിറ്റുവരവിന് താഴെ വരുന്നവരാണ്. കേരളത്തിലെ ഏറ്റവും വേഗം വളർന്നു വരുന്ന വിദ്യാഭ്യാസ മേഖലയും ആരോഗ്യ മേഖലയും GST യ്ക്ക് പുറത്താണ്. ഇക്കാരണങ്ങൾ കൊണ്ട് സേവന മേഖലയിൽ നിന്ന് കേരളത്തിന് ഒരുപാട് നേട്ടം ഉണ്ടാവാനിടയില്ല.

ചരക്കു മേഖലതന്നെയാവും കേരളത്തിന് അധിക വരുമാനം കൊണ്ടുവരുന്നത്. ഈ ഗ്രന്ഥകർത്താവ് നടത്തിയ പല പഠനങ്ങളും കാണിക്കുന്നത് ഇന്ത്യയിൽ ഏറ്റവും കൂടുതൽ നികുതി വെട്ടിപ്പ് നടക്കുന്ന സംസ്ഥാനം കേരളമാണെന്നാണ്. GST ഒരു പരിധി വരെ ഇതിന് തടയിടും. അത് തീർച്ചയായും നികുതി വരുമാനത്തിൽ പ്രതിഫലിക്കും. വിവര സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ GSTയിൽ നികുതി വെട്ടിപ്പ് താരതമ്യേന ദുഷ്ക്കരമാവും.

കേരളത്തെ സംബന്ധിച്ചിടത്തോളം നികുതി വരുമാനം കാര്യമായി വർദ്ധിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. 2017-18 വർഷത്തോടെ റവന്യൂകമ്മി പൂർണ്ണമായും ഇല്ലാതാക്കാൻ കേരളം പ്രതിജ്ഞാബദ്ധമാണ്. ഇക്കാര്യത്തിനായി 14-ാം ധനകാര്യ കമ്മീഷൻ റവന്യൂ കമ്മി ഗ്രാന്റ് കേരളത്തിന് നൽകിയിട്ടുമുണ്ട്. പക്ഷേ കേരള സർക്കാരിന്റെ 2017-18 ലെ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം റവന്യൂ കമ്മി 16,000 കോടിക്ക് മുകളിലാണ്. GSTയിൽ കാര്യമായ വരുമാന വർദ്ധന ഉണ്ടായാൽ കേരളത്തിന്റെ കമ്മി കുറേയെങ്കിലും കുറയും.

കേരളത്തെ സംബന്ധിച്ചിടത്തോളം നഷ്ടപ്പെട്ടുപോയ വ്യവസായ വൽക്കരണത്തിന്റെ ബസ് തിരികെ പിടിക്കാനുള്ള അവസരമാണ് GST തുറന്നുതന്നിട്ടുള്ളത്. അസംസ്കൃത വസ്തുക്കളും യന്ത്രസാമഗ്രികളുമൊക്കെ ഏറെക്കുറെ മറ്റ് സംസ്ഥാനങ്ങളിൽ ലഭിക്കുന്ന വിലയ്ക്ക് കേരളത്തിലും ലഭിക്കുന്ന കാലമാണ് വരാൻ പോകുന്നത്. ഇത് പ്രയോജനപ്പെടുത്തി കേരളത്തിലെ ചെറുകിട ഇടത്തരം വ്യവസായങ്ങൾക്ക് മുന്നേറാൻ ശ്രമിക്കാം. ഇന്ത്യയൊട്ടാകെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യാനും GST സഹായിക്കും. ചുരുക്കത്തിൽ GST കേരളത്തിന് അവസരങ്ങളുടെ ഒരു കലവറയാണ് തുറന്നു തരുന്നത്.

*(ലേഖകൻ ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷനിലെ ഫാക്കൽറ്റിയാണ്)*

# ജി.എസ്.ടി: നികുതി പരിഷ്കരണത്തിലെ വഴിത്തിരിവ്

ഡോ.ശചീന്ദ്രൻ.വി

2017 ജൂലൈ 1 മുതൽ ഇന്ത്യയിൽ നടപ്പിലാക്കിയ ചരക്കു സേവന നികുതി (ജി.എസ്.ടി), പരോക്ഷ നികുതി വിഭാഗത്തിൽ സമഗ്രമായ പരിഷ്കാരങ്ങൾക്കാണ് തുടക്കമിട്ടത്. 2016 സെപ്റ്റംബർ 8 നു 101 –ാമത് ഭരണഘടനാ ഭേദഗതി നിയമത്തിലൂടെ ജി.എസ്.ടി നടപ്പാക്കാൻ തീരുമാനിച്ചതോടെ ഇന്ത്യയുടെ വാണിജ്യ വ്യവസായ മേഖലയിലും സാമ്പത്തിക രംഗത്തും സമഗ്രമായ പുരോഗതിയാണ് കേന്ദ്ര ഗവൺമെന്റ് ലക്ഷ്യമിട്ടത്. പരോക്ഷ നികുതിയിൽ ജൂലൈ ഒന്നുമുതൽ വന്നിട്ടുള്ള മാറ്റങ്ങളും, അവയുടെ പ്രത്യേകതകളും, വെല്ലുവിളികളും ചുരുക്കത്തിൽ പ്രതിപാദിക്കുന്നതാണ് ഈ ലേഖനം.

## പുതിയ ചരക്കു സേവന നികുതി:

ജൂലൈ ഒന്നിന് മുൻപ് ഇന്ത്യയിൽ വിവിധതരം നികുതികളാണ് ചുമത്തിയിരുന്നത്. പലപ്പോഴും നികുതിക്ക് മേൽ നികുതി ചുമത്തുന്നതിനാൽ വിലയുടെ 25 –30 ശതമാനം വരെ വിവിധയിനം നികുതികൾക്കായി ഉപഭോക്താവ് പണം നല്കേണ്ടിവന്നിരുന്നു. ഇത് അന്താരാഷ്ട്ര വിപണിയിൽ ഉത്പന്നങ്ങളുടെ മത്സരക്ഷമതയെ ബാധിച്ചു. ആഭ്യന്തര വിപണിയിൽ വിലവർദ്ധനവ് ഉൾപ്പെടെയുള്ള പ്രശ്നങ്ങൾക്ക് കാരണമായി. എന്നാൽ പുതിയ ചരക്കു സേവന നികുതി (ജി.എസ്.ടി) വിവിധതരം നികുതികൾ ഒഴിക്കുകയും ഒരൊറ്റ നികുതി മാത്രം ചുമത്തുകയും ചെയ്യുന്നു. ജി.എസ്.ടി നിലവിൽ വന്നതോടെ കേന്ദ്ര ഗവൺമെന്റ് ചുമത്തുന്ന സേവന നികുതി, എക്സൈസ് തീരുവ, അഡിഷണൽ ഡ്യൂട്ടി, അഡിഷണൽ കസ്റ്റംസ് ഡ്യൂട്ടി, കേന്ദ്ര സെസ്സുകളും സർചാർജുകളും ഒഴിവായി. അതുപോലെ സംസ്ഥാനങ്ങൾ ചുമത്തുന്ന വില്പന നികുതി, കേന്ദ്ര വില്പന നികുതി, ആഡംബര നികുതി, വിനോദ നികുതി, പരസ്യ നികുതി, പർച്ചേസ് നികുതി, പ്രവേശന നികുതി, തുടങ്ങി നിരവധി നികുതികളും ഇല്ലാതായി. ജി.എസ്.ടി എന്ന ഒരൊറ്റ നികുതിയാവും ഇവയ്ക്കു പകരം ചുമത്തുക. സപ്ലൈ നടത്തുമ്പോഴാണ് ജി.എസ്.ടി ചുമത്തുന്നത്. ഇതിന്, ഒരു സംസ്ഥാനത്തിനുള്ളിൽ നടത്തുന്ന സപ്ലൈ ആണെങ്കിൽ, രണ്ടു ഭാഗങ്ങൾ ഉണ്ടാകും. കേന്ദ്രം ചുമത്തുന്ന കേന്ദ്ര ജി.എസ്.ടിയും സംസ്ഥാനങ്ങളുടെ ഭാഗമായ സ്റ്റേറ്റ് ജി.എസ്.ടിയും. അന്തർസംസ്ഥാന സപ്ലൈ ആണെങ്കിൽ കേന്ദ്രത്തിന്റെ ഇന്റഗ്രേറ്റഡ് ജി.എസ്.ടി ആണ് ചുമത്തുക. സപ്ലൈ നടത്തുന്ന ഓരോ ഘട്ടത്തിലും ജി.എസ്.ടി ചുമത്തുന്നു. എങ്കിലും ഒരു ഉൽപ്പന്നത്തിന് ഓരോ തവണയും നികുതി കണക്കാക്കുമ്പോൾ അതിന്മേൽ മുൻപ് അടച്ച നികുതി 'ഇൻപുട്ട് ടാക്സ് ക്രെഡിറ്റ്' എന്ന പേരിൽ കിഴിവ് നൽകുന്നു. ഫലത്തിൽ സപ്ലൈയുടെ ഓരോ ഘട്ടത്തിലും ഉണ്ടാകുന്ന മൂല്യ വർദ്ധനവിന് മാത്രമേ തുടർന്ന് നികുതി ചുമത്തുന്നുള്ളൂ. അതിനാൽ നികുതിക്ക് മേൽ നികുതി ഉണ്ടാകുന്നില്ല. നിലവിൽ 0, 5, 12, 18, 28 എന്നിങ്ങനെയുള്ള ശതമാന നിരക്കുകളാണ് ജി.എസ്.ടി ഇനത്തിൽ വിവിധ തരം ഉത്പന്നങ്ങൾക്കും സേവനങ്ങൾക്കും നികുതി നിശ്ചയിച്ചിട്ടുള്ളത്. ഉദാഹരണത്തിനു പാചക എണ്ണ, മസാല പോലുള്ള നിത്യോപയോഗ സാധങ്ങൾക്ക് 5 ശതമാനമാണ് ജി.എസ്.ടിയിലെ നികുതി നിരക്ക്.

## ജി.എസ്.ടി യുടെ വിവിധ വശങ്ങൾ:

1. ജി.എസ്.ടി നികുതി നിരക്കുകൾ നിശ്ചയിക്കുന്നതും മാതൃകാ നിയമ നിർമാണം നടത്തുന്നതും, നടപ്പിലാക്കുന്നതും സംബന്ധിച്ച എല്ലാ കാര്യങ്ങളും തീരുമാനിക്കുന്നത് ജി.എസ്.ടി കൗൺസിൽ ആണ്. കേന്ദ്ര ധനകാര്യമന്ത്രി ചെയർമാൻ ആയ കൗൺസിലിൽ എല്ലാ സം സ്ഥാനങ്ങളിലെയും ധനകാര്യ മന്ത്രിമാർ അംഗങ്ങളാണ്.

2. ചരക്കുകളും സേവനങ്ങളും സപ്ലൈ ചെയ്യുന്നയാൾക്കാണ് ജി.എസ്.ടി അടയ്ക്കാൻ ബാധ്യതയുള്ളത്. അവർ ജി.എസ്.ടിയിൽ രജിസ്റ്റർ ചെയ്യുകയും യാഥാസമയം റിട്ടേണുകൾ സമർപ്പിക്കുകയും വേണം. ഇരുപതു ലക്ഷം രൂപയിൽ താഴെ വാർഷിക വിറ്റു വരവുള്ളവർക്ക് നികുതിയൊഴിവുണ്ട്. വടക്കു കിഴക്കൻ സംസ്ഥാനങ്ങളിൽ 10 ലക്ഷം രൂപയാണ് ജി.എസ്.ടിയിൽ നിന്നും ഒഴിവാക്കപ്പെടാനുള്ള വിറ്റുവരവിന്റെ പരിധി. കഴിഞ്ഞ വർഷത്തിൽ 50 ലക്ഷം രൂപയിൽ താഴെയാണ് വിറ്റുവരവെങ്കിൽ കോമ്പോസിഷൻ ടാക്സ് രീതി സ്വീകരിക്കാം. അത് പ്രകാരം വിറ്റു വരവിന്റെ മേൽ കുറഞ്ഞ ഒരു നികുതി നിരക്ക് മാത്രമേ ഈടാക്കൂ. ഇത് ഉല്പാദകർക്ക് രണ്ടു ശതമാനവും മറ്റുള്ളവർക്ക് 1–5 ശതമാനവും ആണ്. ജി.എസ്.ടി രജിസ്ട്രേഷൻ ഇല്ലാതെ ജി.എസ്.ടി ഈടാക്കുവാനോ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് നേടുവാനോ സാധ്യമല്ല.

2. ജി. എസ്.ടി നിലവിലുണ്ടെങ്കിലും മനുഷ്യ ഉപഭോഗത്തിനുള്ള മദ്യം, പെട്രോളിയം ഉത്പന്നങ്ങളായ ക്രൂഡ് ഓയിൽ, മോട്ടോർ സ്പിരിറ്റ് (പെട്രോൾ), ഹൈ സ്പീഡ് ഡീസൽ, പ്രകൃതി വാതകം, വിമാന ഇന്ധനം, വൈദ്യുതി തുടങ്ങിയവയെ തത്കാലം ജി.എസ്.ടിയുടെ പരിധിയിൽ പെടുത്തിയിട്ടില്ല. അവയുടെമേൽ നിലവിലുള്ള നികുതി സംവിധാനം തുടരും.

3. ജി.എസ്.ടിയിൽ സാധനങ്ങൾ ഹാർമോണൈസ്ഡ് സിസ്റ്റം നൊമൻക്ലച്ചർ (HSN)കോഡ് ഉപയോഗിച്ചാണ് തരം തിരിച്ചിരിക്കുന്നത്. സേവനങ്ങൾ സർവീസസ് അക്കൗണ്ടിംഗ് കോഡ് പ്രകാരവും തരം തിരിച്ചിരിക്കുന്നു.

4. ഇന്ത്യയിലേക്ക് നടത്തുന്ന ഇറക്കുമതി അന്തർ സംസ്ഥാന സപ്ലൈ ആയിട്ടാണ് പരിഗണിക്കുന്നത്. അതിനാൽ ഇറക്കുമതിയിന്മേൽ ഇന്റഗ്രേറ്റഡ് ജിഎസ്ടിയാണ് ഈടാക്കുന്നത്. ഇന്ത്യയിൽ നിന്നുള്ള കയറ്റുമതിക്ക് പൂജ്യം നിരക്കിലാണ് ജി.എസ്.ടി ചുമത്തുന്നത്.

ഇതി ന്മേൽ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭിക്കുകയും ചെയ്യും

5. ജി.എസ്.ടി നടപ്പിലാക്കുമ്പോൾ മികച്ച ഏകോപനം അത്യാവശ്യമായതിനാൽ ജി.എസ്.ടി.എൻ (ചരക് സേവന നികുതി നെറ്റ്‌വർക്ക്) എന്ന പേരിൽ ഒരു പ്രത്യേക സംവിധാനം ഒരുക്കിയിട്ടുണ്ട്. ഇതിന്റെ ലക്ഷ്യം ജി.എസ്.ടിക് ആവശ്യമായ ഐടി സംവിധാനങ്ങൾ ഒരുക്കുകയും ഇതിലെ വിവിധ കക്ഷികളായ കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ, നികുതി നൽകുന്നവർ തുടങ്ങിയവരെ ഏകോപിപ്പിക്കലുമാണ്. നികുതി സംവിധാനത്തിലെ രജിസ്ട്രേഷൻ, റിട്ടേണുകൾ സമർപ്പിക്കൽ, ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് കണക്കാക്കൽ തുടങ്ങി നിരവധി കാര്യങ്ങൾക്ക് ഈ സംവിധാനം സഹായിക്കുന്നു

6. കേന്ദ്ര-സംസ്ഥാന ജി.എസ്.ടി നിയമത്തിലെ വകുപ്പ് (171) പ്രകാരം നികുതിയിലെ കുറവ് മൂലമുണ്ടാകുന്ന വിലയിലെ കുറവ് ഉപഭോക്താവിന് കൈമാറണം എന്നാണ് വ്യവസ്ഥ. അല്ലാതെ അതുപയോഗിച്ചു കൂടുതൽ ലാഭം ഉണ്ടാക്കാൻ ശ്രമിക്കരുത്. ഇക്കാര്യം ഉറപ്പു വരുത്താനായി ഒരു സംവിധാനം കൊണ്ടുവരാൻ ആലോചനയുണ്ട്.

## ജി.എസ്.ടി യുടെ പ്രയോജനങ്ങൾ

ജി.എസ്.ടി രാജ്യത്തിന്റെ സർവോന്മുഖ വികസനത്തിനും വളർച്ചയ്ക്കും സഹായിക്കാൻ ഉതകും എന്ന കാര്യത്തിൽ രണ്ടഭിപ്രായമില്ല. കാരണം സാമ്പത്തിക മേഖലയിലെ എല്ലാ പങ്കാളികൾക്കും ജി.എസ്.ടി ഉപകാരപ്പെടുന്നു

## വ്യാപാരി വ്യവസായികൾക്കുള്ള പ്രയോജനങ്ങൾ

1. വ്യാപാരി വ്യവസായികൾക്ക് മുൻപത്തെ നികുതി സമ്പ്രദായത്തിൽ നിരവധി ഇനം നികുതികളും അവയ്ക്കു ഓരോന്നിനും ഓരോ മേൽനോട്ട വകുപ്പുകളും ഉണ്ടായിരുന്നു. ഉദാഹരണത്തിന് ഉത്പാദനം നടത്തിയാൽ അടക്കേണ്ട എക്സൈസ് നികുതി നൽകേണ്ടതും അതുമായി ബന്ധപ്പെട്ട നിരവധി നിയമവശങ്ങൾ പൂർത്തീകരിക്കേണ്ടതും കേന്ദ്ര എക്സൈസ് വകുപ്പിലാണ്. അതേ സമയം വില്പന നടത്തുമ്പോൾ കൊമേർഷ്യൽ ടാക്സ് സംബന്ധിച്ച എല്ലാ നിയമവശങ്ങളും പാലിക്കേണ്ടതുണ്ട്. ഓരോ വകുപ്പുകളും അവരുടെ നികുതിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഉറപ്പു വരുത്താനായി പരിശോധനകളും, തെറ്റുകൾ ഉണ്ടായാൽ ശിക്ഷാ നടപടികളുമായി നീങ്ങുന്നു. ഇവയെല്ലാം കൃത്യമായി പാലിച്ചുപോവുക എന്നത് വാണിജ്യ വ്യവസായ മേഖലയെ സംബന്ധിച്ചു വലിയൊരു വെല്ലുവിളിയായിരുന്നു. ജി.എസ്.ടി വരുന്നതോടെ ഒരൊറ്റ നികുതിയിൽ മാത്രമേ ശ്രദ്ധ പതിപ്പിക്കേണ്ടതുള്ളൂ. ഇത് ഏറെ ആശ്വാസവും ലാളിത്യവും നൽകും.

2. ഇടപാടുകൾക്ക് നികുതിയിനത്തിലെ ചിലവ് കുറയുമെന്നതിനാൽ സാധനങ്ങൾക്കും സേവനങ്ങൾക്കും വില കുറച്ചുകൊണ്ട് കൂടുതൽ ഉപഭോക്താക്കളെ ആകർഷിക്കാനും, അന്താരാഷ്ട്ര വിപണിയിൽ പോലും വിപണി കണ്ടെത്താനും സാധിക്കും. ഇതിനു കാരണം അസംസ്കൃത വസ്തുക്കൾക് മേൽ തിരിച്ചു ലഭിക്കുന്ന നികുതിയും (ഇൻപുട്ട് ടാക്സ് ക്രെഡിറ്റ്), ജി.എസ്.ടിക്ക് കീഴിൽ മാത്രം നികുതി ഈടാക്കുന്നതുമാണ്.

3. വിവിധയിനം നികുതി നിയമങ്ങൾ നിലനിൽക്കുമ്പോൾ അവയിൽ ഇടയ്ക്കിടെ ഉണ്ടാകുന്ന മാറ്റങ്ങൾ വാണിജ്യ മേഖലയിൽ അനിശ്ചിതത്വങ്ങൾ സൃഷ്ടിക്കുന്നു. ദേശീയ തലത്തിൽ ഉല്പാദന വിപണനം നടത്തുന്നവർക്ക് സംസ്ഥാനങ്ങൾ തമ്മിലുള്ള നികുതികളിലെ അന്തരം പ്രയാസങ്ങൾ ഉണ്ടാക്കുന്നു. അത് വാണിജ്യ-വ്യവസായികളുടെ വരുമാനത്തിലും ആശങ്കകൾ ഉണ്ടാക്കുന്നു. ജി. എസ്.ടി ഒരു കേന്ദ്രീകൃത കൗൺസിലിന്റെ നേതൃത്വത്തിലുള്ളതിനാൽ രാജ്യം മുഴുവൻ ഒരൊറ്റ നികുതി, അതും ഏറെക്കുറെ സ്ഥിരതയോടെ നിലനിൽക്കാനുള്ള സാധ്യതയും മുന്നോട്ട് വയ്ക്കുന്നു.

## ഗവൺമെന്റുകൾക്കുള്ള പ്രയോജനങ്ങൾ

1. നിലവിൽ ഗവൺമെന്റുകളുടെ ബ്യൂറോക്രാറ്റിക് സംവിധാനം പലതരം നികുതികൾക്കായി വിഭജിച്ചു നൽകിയിരിക്കുകയാണ്. ഇവ എക്സൈസ്, കസ്റ്റംസ്, വില്പന നികുതി, സേവന നികുതി തുടങ്ങി നിരവധി ഇനങ്ങളിലായി നിരവധി നിയമങ്ങളുടെ നടപ്പിലാക്കൽ സാധ്യമാക്കുന്നു. ഇവ തമ്മിലെ ഏകോപനമില്ലായ്മ നികുതിയുമായി ബന്ധപ്പെട്ട കേസുകളിൽ വേഗത്തിൽ തീരുമാനങ്ങൾ എടുക്കാൻ കഴിയാത്ത സാഹചര്യമുണ്ടാക്കുന്നു. നികുതി വെട്ടിപ്പുകൾ തടയാൻ ഭാഗികമായേ സാധിക്കുന്നുള്ളൂ. വിശദമായ പരിശോധനയോ നടപടികളുടെ സമയബന്ധിതമായ പൂർത്തീകരണമോ സാധിക്കുന്നില്ല. ജി.എസ്.ടിക്ക് കീഴിൽ രാജ്യത്താകമാനം ഏകീകൃത നികുതി വരുമ്പോൾ കൂടുതൽ ശ്രദ്ധയോടെ, വേഗത്തിൽ കാര്യങ്ങൾ ചെയ്യാൻ സാധിക്കും. അങ്ങനെ ലളിതമായ രീതിയിൽ നികുതി നിയമങ്ങൾ നടപ്പാക്കുവാൻ സാധിക്കുന്നു.

2. മൂല്യ വർധിത നികുതിയായതിനാൽ ജിഎസ്ടിയിൽ നികുതി വെട്ടിപ്പുകൾ കുറവായിരിക്കും. ഇൻപുട്ട് ടാക്സ് ക്രെഡിറ്റിനായി ഉത്പാദനം മുതൽ ഉപഭോക്താവിന് അന്തിമമായി വിതരണം ചെയ്യുന്നത് വരെയുള്ള ഓരോ ഇടപാടും റിപ്പോർട്ട് ചെയ്യപ്പെടും. രാജ്യത്തെ നികുതി ദായകരുടെ ശൃംഖല വികസിപ്പിക്കാനും ജി.എസ്.ടി വഴി കഴിയും. അതിലൂടെ ഗവൺമെന്റുകളുടെ നികുതി വരുമാനം വർധിപ്പിക്കാനും ജി.എസ്.ടിക്ക് സാധിക്കും

3. ദേശീയ തലത്തിലും അന്തർദേശീയ തലത്തിലും ഉത്പന്നങ്ങൾക് കുറഞ്ഞ വിലയുടെ അടിസ്ഥാനത്തിൽ കൂടുതൽ ആവശ്യക്കാരുണ്ടായാൽ രാജ്യത്തെ നിർമ്മാണ സേവനമേഖലയ്ക്ക് കൂടുതൽ കരുത്ത് ലഭിക്കുകയും അതിലൂടെ രാജ്യത്തിന്റെ സമ്പദ് വളർച്ച ത്വരിതഗതിയിലാവുകയും ചെയ്യും

## ഉപഭോക്താവിനുള്ള നേട്ടങ്ങൾ

1. നിലവിൽ നികുതിക്ക് മേൽ നികുതി ഈടാക്കുന്നതിനാൽ നൽകുന്ന വിലയുടെ 20 -30 ശതമാനം വരെ നികുതിയിനത്തിനായാണ് ഉപഭോക്താവ് ചെലവാക്കു

ന്നത്. ജി.എസ്.റ്റിയിലൂടെ നികുതി കുറയുമ്പോൾ, സാധന- സേവങ്ങളുടെ വില കുറയുകയും വ്യക്തികളുടെ വാങ്ങാനുള്ള ശേഷി കൂടുകയും ചെയ്യുന്നു.

2. നിലവിൽ വിവിധ സംസ്ഥാനങ്ങളിൽ വിവിധ നിരക്കിൽ നികുതി ഈടാക്കുന്നതിനാൽ വിലകുറവിനായി പല സംസ്ഥാനങ്ങളിൽ അന്വേഷണം നടത്തണമായിരുന്നു. എന്നാൽ രാജ്യം മുഴുവൻ ഒരു പൊതു വിപണി എന്ന നിലയിൽ വരുമ്പോൾ നികുതി മൂലമുള്ള വില വ്യത്യാസം ഇല്ലാതാവും

## ജി.എസ്.ടി- ചില വെല്ലുവിളികൾ

സ്വതന്ത്ര ഇന്ത്യയുടെ 70 വർഷത്തെ ചരിത്രത്തിൽ, നികുതി പരിഷ്കരണത്തിൽ നടത്തിയ ഒരു സുപ്രധാന ചുവടുവെപ്പാണ് ജി എസ് ടി. 2000 ൽ തുടങ്ങാൻ ആലോചിച്ച ഈ പരിഷ്ക്കാരം 17 വർഷങ്ങളെടുത്തു യാഥാർഥ്യമാക്കാൻ. അത് ചൂണ്ടിക്കാണിക്കുന്നത് ഈ വിഷയത്തിലെ വെല്ലുവിളികളാണ്. ഇത് ജൂലൈ ഒന്നുമുതൽ നടപ്പാക്കിയെങ്കിലും ഒളിഞ്ഞും തെളിഞ്ഞും നിരവധി പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട് എന്ന് ഗവൺമെന്റുകൾക്കും അറിവുള്ളതാണ്. അവ എങ്ങനെ പരിഹരിക്കണം എന്നുള്ളതാണ് മുന്നിലുള്ള വെല്ലുവിളി. അവയിൽ ചിലതു താഴെ ചേർക്കുന്നു

1. ദശകങ്ങളായി നിലനിൽക്കുന്ന നികുതി രീതികളിൽ നിന്നും മാറി ഏകീകൃതമായ ഒരെറ്റ നികുതിയിലേക്കു വാണിജ്യ-വ്യവസായ മേഖലയെ കൊണ്ടുവരിക എന്നത് ശ്രമകരമായ ജോലിയാണ്. നിരവധി സംശയങ്ങളും ആശങ്കകളും എല്ലാ തലത്തിലും നിലനില്ക്കുന്നുണ്ട്. ഇവയെ ദൂരീകരിച്ച് പുതിയ രീതിയിലേക്ക് നയിക്കാനായി പരിശീലന ക്ലാസ്സുകളും ബോധവത്കരണവും എല്ലാ തലത്തിലും നടത്തണം. സംശയ നിവാരണത്തിനായി മുഴുവൻ സമയ ഹെല്പ് ഡെസ്കുകളും കാൾ സെന്റേഴ്സും ആരംഭിക്കണം

2. നികുതിയുമായി ബന്ധപ്പെട്ട് ത്വരിത ഗതിയിൽ തീരുമാനങ്ങൾ എടുക്കാനും പ്രശ്നങ്ങളിൽ മികച്ച പരിഹാരം കണ്ടെത്താനുമുള്ള സംവിധാനങ്ങൾ വേണം. നികുതിയിലെ കുറവ് മൂലം വിലയിൽ ഉണ്ടാകുന്ന കുറവ് ഉപഭോക്താവിന് ലഭിക്കുന്നു എന്ന് ഉറപ്പു വരുത്തുന്നതിൽ ജാഗ്രത വേണം. ആവശ്യമെങ്കിൽ വിപണിയിൽ നേരിട്ട് ഇടപെടുകയും വേണം.

3. നിലവിലെ നികുതി മേഖലയിലെ ബ്യൂറോക്രാറ്റിക് സംവിധാനം ജി.എസ്.ടിക്കായ് പുനഃക്രമീകരണം നടത്തേണ്ടതുണ്ട്.

4. ഇപ്പോൾ ജി.എസ്.ടിക് പുറത്തുള്ള സാധനങ്ങളെയും ക്രമേണ ഇതിന്റെ പരിധിയിലേക്കു കൊണ്ട് വരണം. അല്ലാത്തപക്ഷം ജി.എസ്.ടിയോടൊപ്പം പഴയ നികുതികൾക്കും ശ്രദ്ധ നൽകേണ്ടി വരും. മാത്രമല്ല ഇപ്പോൾ ജിഎസ്ടിക്ക് പുറത്തു നിൽക്കുന്ന സാധനങ്ങൾ കൈകാര്യം ചെയ്യുന്നവർക്കു തുടർന്നും പ്രയാസങ്ങൾ സഹിക്കേണ്ടി വരും

ചുരുക്കത്തിൽ സ്വതന്ത്ര ഇന്ത്യ കണ്ട എക്കാലത്തെയും മികച്ച നികുതി പരിഷ്കരണത്തിനാണ് ജി.എസ്.ടിയിലൂടെ നാം സാക്ഷ്യം വഹിച്ചിരിക്കുന്നത്. ഇതിനു നേതൃത്വം നൽകിയ കേന്ദ്ര സർക്കാരിനെയും ഒറ്റക്കെട്ടായി നിന്ന സംസ്ഥാന സർക്കാരുകളെയും അഭിനന്ദിക്കാതെ വയ്യ. അതേസമയം പുതിയ നിയമം നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന പ്രയാസങ്ങളെയും പ്രശ്നങ്ങളെയും തരണം ചെയ്യാനും ഉദ്ദേശിച്ച ലക്ഷ്യങ്ങളിലേക്കു സമ്പദ് ഘടനയെ നയിക്കുവാനും ബന്ധപ്പെട്ടവർ ശ്രദ്ധാലുക്കളായിരിക്കണം. വാണിജ്യ- വ്യവസായ മേഖലയാവട്ടെ പുതിയ പരിഷ്കാരങ്ങളോട് മുഖം തിരിഞ്ഞു നില്ക്കാതെ മാറ്റത്തിന്റെ പാതയിലേക്ക് നീങ്ങണം.

*(മഞ്ചേശ്വരം ജി.പി.എം. ഗവൺമെന്റ് കോളേജിൽ കൊമേഴ്സ് വിഭാഗം മേധാവിയാണ് ലേഖകൻ)*

### വിജ്ഞാനപാത

## ഇന്ത്യാ-പോർച്ചുഗൽ സവിശേഷ സ്റ്റാർട്ടപ്പ് പോർട്ടലിന് തുടക്കം

പ്രധാനമന്ത്രി നരേന്ദ്രമോദിയും പോർച്ചുഗീസ് പ്രധാനമന്ത്രി അന്റോണിയോ കോസ്റ്റയും ചേർന്ന് ലിസ്ബണിൽ വച്ച് സവിശേഷ സ്റ്റാർട്ടപ്പ് പോർട്ടലായ ഇന്ത്യ-പോർച്ചുഗൽ ഇന്റർനാഷണൽ സ്റ്റാർട്ടപ്പ് ഹബ് (ഐ.പി.ഐ.എസ്.എച്ച്) ഉദ്ഘാടനം ചെയ്തു.

പരസ്പര സഹായകമായ സംരംഭകത്വ പങ്കാളിത്തം സാധ്യമാക്കുന്നതിനായി സ്റ്റാർട്ടപ്പ് ഇന്ത്യയുടെ നേതൃത്വത്തിൽ ആരംഭിച്ചതും വാണിജ്യ വ്യവസായ മന്ത്രാലയവും സ്റ്റാർട്ടപ്പ് പോർച്ചുഗലും പരസ്പരം പിന്തുണക്കുന്നതുമാണ് ഈ സംവിധാനം.

ഒട്ടേറെ സഹായങ്ങൾ നൽകുന്ന ഐ.പി.ഐ.എസ്.എച്ച് ബംഗളുരു, ഡെൽഹി, ലിസ്ബൺ എന്നിവിടങ്ങളിലെ പ്രധാന സ്റ്റാർട്ടപ്പ് കേന്ദ്രങ്ങളെക്കുറിച്ചും നയം, നികുതി നിരക്കുകൾ, വിസ സാധ്യതകൾ തുടങ്ങിയ കാര്യങ്ങളെക്കുറിച്ചുമുള്ള വിവരങ്ങൾ ലഭ്യമാക്കും. സ്റ്റാർട്ടപ്പുകളെ വിപണിയുമായി ബന്ധപ്പെടുത്തുന്നതിനുള്ള ഗൈഡ് പുറത്തിറക്കുകയും ചെയ്യും.

ഇരു ഭാഗത്തെയും കർമ്മശേഷി വർദ്ധിപ്പിക്കുന്നതിനും സമാന മേഖലകളിലെ സ്റ്റാർട്ടപ്പുകളെയും നിക്ഷേകപരെയും ഇൻക്യൂബേറ്ററുകളെയും പരസ്പരം ബന്ധിപ്പിക്കുന്നതിനും ഐ.പി.ഐ.എസ്.എച്ച് സഹായകമാകുമെന്നാണു പ്രതീക്ഷ. ഇരു രാജ്യങ്ങളിൽ നിന്നുമുള്ള സ്റ്റാർട്ടപ്പുകൾക്ക് നിർദേശങ്ങൾ നൽകാനായി ഓണററി അംബാസഡർമാരുടെ ശൃംഖല ഇതുവഴി യാഥാർത്ഥ്യമാക്കപ്പെടുമെന്നും പ്രതീക്ഷിക്കുന്നു.

# ചരക്കു സേവന നികുതിയും സാധാരണ ജനങ്ങളും

ഷേബ സൂസൻ ജോൺസ്, ഡോ. ജോർജി കെ.ഐ

സ്വതന്ത്ര ഇന്ത്യയുടെ സാമ്പത്തിക ചരിത്രത്തിലെ നാഴികക്കല്ല് എന്ന് വിശേഷിപ്പിക്കപ്പെടുന്ന 'നവ സാമ്പത്തിക നയങ്ങളിലേക്ക്' ഇന്ത്യ ചുവടുമാറിയിട്ട് കാൽ നൂറ്റാണ്ട് പിന്നിട്ടു കഴിഞ്ഞു. ഈ ചുവടുമാറ്റം ലോക സാമ്പത്തിക ശക്തികളോട് കിടപിടിക്കുന്ന നിലയിലേക്ക് ഇന്ത്യയെ ഉയർത്തി. 2016-ൽ നടന്ന 'എമെർജിങ് ഏഷ്യ' ഉച്ചകോടിയിൽ അന്താരാഷ്ട്ര നാണ്യനിധി മാനേജിങ് ഡയറക്ടറായ ക്രിസ്റ്റീന ലഗാർദേ ഇന്ത്യയെ വിശേഷിപ്പിച്ചത്. "ഇരുണ്ട ലോക സാമ്പത്തിക സാഹചര്യത്തിൽ തിളങ്ങുന്ന പ്രദേശം" എന്നാണ്. ഇന്ത്യയുടെ ഈ സാമ്പത്തിക കുതിപ്പിന് ആക്കം കൂട്ടാൻ പല പദ്ധതികളും കേന്ദ്രസർക്കാർ ആവിഷ്ക്കരിച്ചു വരികയാണ്. 'മേക്ക് ഇൻ ഇന്ത്യ', 'സ്റ്റാർട്ട് അപ്പ് ഇന്ത്യ', 'ഏക തിരിച്ചറിയൽ രേഖയായി ആധാർ', 'ആദായ വെളിപ്പെടുത്തൽ പദ്ധതി' എന്നിവയൊക്കെ അവയിൽ ചിലതുമാത്രം. ഒടുവിലായി 101-ാം ഭരണഘടന ഭേദഗതിയിലൂടെ ഏകീകൃത ചരക്ക്-സേവന നികുതിയും (Goods and Service Tax) രാജ്യം സ്വീകരിച്ചു. 2017 ജൂലൈ 1 ന്, '21-ാം നൂറ്റാണ്ടിലെ' ഇന്ത്യയുടെ സാമ്പത്തിക കുതിപ്പിന് ഉത്പ്രേരകമാകുമെന്ന് സർക്കാർ വിശേഷിപ്പിക്കുന്ന ജിഎസ്ടി ഇന്ത്യ ഒട്ടാകെ നിലവിൽ വന്നു.

## ഇനി ഒരു രാജ്യം, ഒരു നികുതി, ഒരു വിപണി

നിരവധി പോരായ്മകളും, സങ്കീർണ്ണതകളും നിറഞ്ഞിരുന്ന നികുതിഘടനയിൽ നിന്ന് മുക്തിനേടി, ഏകീകൃത നികുതി സംവിധാനമാണ് ജി.എസ്.ടിയിലൂടെ ഇന്ത്യയിൽ നിലവിൽ വന്നിരിക്കുന്നത്. ജി.എസ്.ടിയിൽ പത്തോളം കേന്ദ്ര-സംസ്ഥാന പരോക്ഷ നികുതികൾ സംയോജിക്കപ്പെട്ടിരിക്കുന്നു. ഇനി 'ഒരു' ഉത്പന്നത്തിന് അല്ലെങ്കിൽ സേവനത്തിന് രാജ്യത്തെവിടെയും 'ഒരു' നികുതി ആയിരിക്കും. (എല്ലാ ഉത്പന്നങ്ങൾക്കും, സേവനങ്ങൾക്കും ഒരു നികുതി എന്നതല്ല ജി.എസ്.ടി). പൊതു ദേശീയ വിപണിയിലേക്കുള്ള ഈ മാറ്റം നികുതിവെട്ടിപ്പും, നികുതിച്ചോർച്ചയും കുറച്ച് നികുതി വരുമാനം കൂട്ടുമെന്നും, വിലക്കയറ്റം കുറയ്ക്കുമെന്നും, സാമ്പത്തിക നീതി ഉറപ്പുവരുത്തുമെന്നും, ഇവയിലൂടെ ആത്യന്തികമായി രാജ്യത്ത് സാമ്പത്തിക വളർച്ച ഉണ്ടാക്കുമെന്നും വിദഗ്ധർ പറയുന്നു.

## ജി.എസ്.ടി സാധാരണക്കാരന് ഗുണകരമോ?

രാജ്യത്തെ ഏറ്റവും വലിയ നികുതി പരിഷ്ക്കാരത്തിലൂടെ 0%, 5%, 12%, 18%, 28%, 28% അധിക സെസ്സ് എന്നിങ്ങനെയായി നികുതി നിരക്കുകൾ ചുരുങ്ങി. ജി.എസ്.ടി നടപ്പിലാക്കപ്പെട്ട മിക്ക രാജ്യങ്ങളിലും ഏക ജി.എസ്.ടി ഘടനയാണ് നിലവിലുള്ളത്. എന്നാൽ ഇന്ത്യയിൽ, ജനങ്ങൾക്കിടയിൽ ഇപ്പോഴും വലിയ വരുമാന അന്തരം നിലനിൽക്കുന്നു. ഇതുകൊണ്ടാണ് സർക്കാർ പുതിയ നികുതി സംവിധാനമായ ജി.എസ്.ടിയിലും വ്യത്യസ്ത നികുതി നിരക്കുകൾ നിലനിർത്തിയിരിക്കുന്നത്. സമ്പന്നവർഗം ഉപയോഗിക്കുന്ന ഉത്പന്നങ്ങൾക്ക് കൂടുതൽ നികുതി ഏർപ്പെടുത്തുന്നതിലൂടെ ലഭിക്കുന്ന വരുമാനം (ഉദാഹരണത്തിന് ആഡംബരകാറുകൾക്ക് 28% അധികം സെസ്സ് എന്ന നികുതി നിരക്കാണ്) പരോക്ഷമായി സാധാരണക്കാരിലേക്കും പാവപ്പെട്ടവരിലേക്കും എത്തിച്ചേരും. ഇത് രാജ്യത്ത് സാമ്പത്തിക നീതി ഉറപ്പുവരുത്തുകയും ചെയ്യും.

സാധാരണക്കാർ കൂടുതലായി ഉപയോഗിക്കുന്ന ഭക്ഷ്യ-ഭക്ഷ്യേതര ഉത്പന്നങ്ങൾക്കും, മിക്ക നിത്യോപയോഗ സാധനങ്ങൾക്കും നികുതി നിരക്ക് പൂജ്യം ശതമാനമാണ് (അരി, ഗോതമ്പ്, ഉപ്പ്, പാൽ, പച്ചക്കറികൾ, പഴങ്ങൾ, ധാന്യങ്ങൾ മുതലായവ). നികുതിയുള്ള നിത്യോപയോഗ സാധനങ്ങളിൽ കൂടുതൽ സാധനങ്ങൾക്കും ഏറ്റവും കുറഞ്ഞ നികുതി നിരക്കായ അഞ്ചു ശതമാനമാണ്. ഉത്പന്നങ്ങൾക്കുള്ള നികുതി ഇളവിന്റെ പ്രയോജനം വിലക്കുറവിലൂടെ സാധാരണക്കാരിലേക്ക് എത്തിച്ചേരും. എന്നാൽ പാക്കറ്റിലാക്കിയ ചില നിത്യോപയോഗ സാധനങ്ങൾക്ക് നികുതി നിരക്ക് കൂട്ടിയിട്ടുണ്ട്. ഇവയുടെ വില ഉയരും. ജനറൽ, സ്ലീപർ ക്ലാസ് ട്രെയിൻ യാത്രകളെ പുതിയ നികുതി സംവിധാനം ബാധിക്കില്ല. ബസ് യാത്രാ ചിലവും വർദ്ധിക്കില്ല. അതേസമയം ഹോട്ടൽ ഭക്ഷണത്തിനും, ഇൻസുലിനും, ചുരുക്കം ചില മരുന്നുകൾ ഒഴിച്ചുള്ള മറ്റു മരുന്നുകൾക്കും നികുതി ഉയർന്നിട്ടുണ്ട്. ഇവയുടെയൊക്കെ വില ഉയരും. ഒപ്പം, ഇൻഷുറൻസ് പ്രീമിയം, ബാങ്കിങ് ചാർജ്, മറ്റു സാമ്പത്തിക സേവനങ്ങൾ, മെഡിക്കൽ എൻജിനീയറിങ് തുടങ്ങിയ പ്രൊഫഷനൽ കോഴ്സുകൾക്കായിട്ടുള്ള പരിശീലനം തുടങ്ങിയവയുടെ നികുതി നിരക്ക് 15 ശതമാനത്തിൽ നിന്നും 18 ശതമാനമായി ഉയർന്നിട്ടുണ്ട്.

80 മുതൽ 85 ശതമാനം വരെ സാധനങ്ങളുടെ നികുതിയും, വിലയും കുറയുമെന്നാണ് വിദഗ്ധർ പറയുന്നത്. ഇത് വരുമാനം കൂടാതെ തന്നെ പൊതുജനങ്ങളുടെ വാങ്ങൽശേഷിയും കൂട്ടും. ഉപഭോഗം വർധിക്കു മ്പോൾ ഉത്പാദനവും നിക്ഷേപവും ഉയരും. രാജ്യത്ത് സാമ്പത്തിക പുരോഗതി ഉണ്ടാകും. അങ്ങനെ നോക്കുമ്പോൾ ഹ്രസ്വകാലത്തേക്ക് നികുതി നിരക്കുകളുടെ കുറവുമൂലം സർക്കാരിനു വരുമാനം കുറയുമെങ്കിലും ദീർഘകാലാടിസ്ഥാനത്തിൽ ഈ കുറവ് നികത്തപ്പെടും. നികുതിവെട്ടിപ്പും, ചോർച്ചയും കുറയുമെന്നതും സർക്കാരിന്റെ വരുമാനത്തിന് കരുത്തു പകരും. കേരളത്തിലെ നികുതി വരുമാനത്തിൽ പ്രതിവർഷം 20 ശതമാനം വളർച്ചയാണ് പ്രതീക്ഷിക്കുന്നത്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വരുമാനത്തിലുള്ള ഈ വർധന അടിസ്ഥാന സൗകര്യ വികസനത്തിലൂടെയും, സാമൂഹിക വികാസത്തിലൂടെയും ഗ്രാമീണ ജനതയുൾപ്പെടെയുള്ള സാധാരണക്കാർക്ക് ഗുണം ചെയ്യും.

സങ്കീർണ്ണമായ നടപടി ക്രമങ്ങളെ പൊളിച്ചെഴുതുന്ന, ഉത്പാദന ചെലവു കുറയ്ക്കുന്ന, ഇന്ത്യ ഒട്ടാകെ ഒരു വിപണി സൃഷ്ടിക്കുന്ന ചരക്ക്-സേവന നികുതി, 'മേക്ക് ഇൻ ഇന്ത്യ' പദ്ധതിക്കു കൂടുതൽ ഊർജ്ജം നൽ

കുകയും, ഇന്ത്യൻ വിപണിയുടെ മത്സരക്ഷമത വർദ്ധിപ്പിക്കുകയും ചെയ്യും. ഇതോടെ ഇന്ത്യയിലേക്കുള്ള വിദേശ നിക്ഷേപം ഉയരുകയും വൻകിട കമ്പനികൾ രാജ്യത്ത് മുതൽ മുടക്കുകയും ചെയ്യും. അങ്ങനെ ഉത്പാദകർ തമ്മിലുള്ള മത്സരം വർദ്ധിക്കുമ്പോൾ നിലവാരമുള്ള ഉത്പന്നങ്ങൾ മിതമായ വിലയ്ക്കു സാധാരണക്കാർക്കു ലഭിക്കും. ഇതവരുടെ ജീവിത നിലവാരം ഉയർത്തുകയും ചെയ്യും. തട്ടിക്കിഴിച്ചു നോക്കുമ്പോൾ ചരക്ക്-സേവന നികുതി വിലക്കയറ്റം കുറച്ചു സാധാരണക്കാരന്റെ കുടുംബ ബഡ്ജറ്റ് കൂടുതൽ ഭദ്രമാക്കുമെന്നും ദീർഘകാലാടിസ്ഥാനത്തിൽ അവർക്ക് കൂടുതൽ പ്രയോജനം ചെയ്യുമെന്നും മനസ്സിലാക്കാം.

## നിലവിലെ പ്രശ്നങ്ങൾ

ഏതൊരു പദ്ധതിയിലും തയ്യാറെടുപ്പിലോ, പദ്ധതി നടത്തിപ്പിലോ അശ്രദ്ധയോ വീഴ്ചയോ സംഭവിച്ചാൽ വിപരീത ഫലങ്ങൾ ഉണ്ടാകും. ചരക്കു- സേവന നികുതി നിലവിൽ വന്നെങ്കിലും പല അവ്യക്തതകളും അനിശ്ചിതത്വങ്ങളും ഇപ്പോഴും നിലനിൽക്കുന്നു. മാത്രമല്ല, നല്ലൊരു ശതമാനം പൊതുജനത്തിനും പുതിയ നികുതി സംവിധാനമായ ജി.എസ്.ടിയെപ്പറ്റി അവബോധമോ വ്യക്തതയോ ഇല്ല. ഈ ആശയക്കുഴപ്പവും പൊതുജനത്തിന്റെ അജ്ഞതയും ചില വ്യാപാരികൾ മുതലെടുക്കുകയാണ്. വസ്തുതകൾ മറച്ചുവെച്ച് ഉപഭോക്താവിനെ ചൂഷണം ചെയ്തു വ്യാപാരികൾ കൊള്ളലാഭം ഉണ്ടാക്കുമ്പോൾ വിലക്കുറവുണ്ടാകേണ്ട പല ഉത്പന്നങ്ങൾക്കും വിലകൂടി. വരുതിയിലാകുമെന്ന് കരുതിയ വിലക്കയറ്റ നിരക്ക് ഉയരുകയും ചെയ്തു.

നിലവിൽ ശേഖരിച്ചു വച്ചിരിക്കുന്ന ഉത്പന്നങ്ങളുടെ പഴയ നികുതി നിരക്കുകൾ ഉൾപ്പെടുന്ന പരമാവധി വിൽപ്പനവിലയ്ക്കു (എം.ആർ.പി) മുകളിൽ വീണ്ടും ജി.എസ്.ടി ചുമത്തുകയാണ് ചില വ്യാപാരികൾ. ഇതുമൂലം വിലകുറയേണ്ട ഉത്പന്നങ്ങൾക്കു വില കുറയുന്നില്ല എന്ന് മാത്രമല്ല, ജി.എസ്.ടി നിരക്ക് ജനത്തിന് അധിക ബാധ്യതയാവുകയും ചെയ്യുന്നു. ചിലരാകട്ടെ ജി.എസ്.ടി ഉൾപ്പെടുന്ന ശരിയായ എം.ആർ.പിയിലും കൂട്ടിയാണ് ഉത്പന്നങ്ങൾ വിൽക്കുന്നത്. പ്രതിശീർഷ ഉപയോഗം ഏറ്റവും കൂടുതലുള്ള സംസ്ഥാനങ്ങളിൽ ഒന്നായ കേരളത്തിൽ ഉപഭോക്താക്കൾ വ്യാപാരികളുടെ കൊടിയ ചൂഷണത്തിന് ഇരയായിക്കൊണ്ടിരിക്കുകയാണ്. ജി.എസ്.ടിയുമായി ബന്ധപ്പെട്ട് അവ്യക്തതകളും, ആശയക്കുഴപ്പങ്ങളും നിലനിൽക്കുന്നതു കാരണം ചരക്കു നീക്കം കുറഞ്ഞിട്ടുണ്ട്. ഇത് തൊഴിലാളികളുടെ തൊഴിൽ ലഭ്യതയേയും, വരുമാനത്തേയും ബാധിച്ചിട്ടുണ്ട്.

കേരളമുൾപ്പെടെയുള്ള പല സംസ്ഥാനങ്ങളിലും വിവിധ ആവശ്യങ്ങൾക്കായി യാത്ര ചെയ്യുന്ന സാധാരണക്കാരുടെ എണ്ണവും, തൊഴിൽ സംബന്ധമായി സ്വന്തം വീടുകളിൽ നിന്നു മാറി നിൽക്കുന്ന മലയാളികളുൾപ്പെടെയുള്ള സാധാരണക്കാരുടെ എണ്ണവും വർദ്ധിച്ചുവരികയാണ്. ഈ മാറ്റങ്ങൾ ഹോട്ടൽ ഭക്ഷണത്തെ ഇവരുടെ നിത്യ ജീവിതത്തിന്റെ ഭാഗമാക്കിയിട്ടുണ്ട്. ജി.എസ്.ടി വന്നതോടെ ഹോട്ടൽ ഭക്ഷണത്തിന് നികുതി ഉയർന്നു. കേരളത്തിലെ ഹോട്ടലുകളിൽ നികുതി അഞ്ചുശതമാനമാണിപ്പോൾ. ജി.എസ്.ടി വരുന്നതിനു മുമ്പ് നികുതി നിരക്ക് വെറും അരശതമാനം ആയിരുന്ന സ്ഥാനത്താണിത്. 75 ലക്ഷത്തിനു മുകളിൽ വാർഷിക വിറ്റുവരവുള്ള ഹോട്ടലുകൾക്ക് 12 ശതമാനവും, എ.സി ഹോട്ടലുകൾക്ക് 18 ശതമാനവുമാണ് ജി.എസ്.ടിയിൽ നികുതി. ഇതോടെ ഹോട്ടൽ ഭക്ഷണത്തിനു വിലയേറി, സാധാരണക്കാരന് ബാധ്യതയുംകൂടി. പുതിയ നികുതിയുടെ പേരിൽ ഭക്ഷണത്തിന് അമിതവില ഈടാക്കുന്ന ഹോട്ടലുകളുമുണ്ട്. നികുതി നിരക്ക് 14.5 ശതമാനത്തിൽ നിന്നും പൂജ്യം ശതമാനമായെങ്കിലും കോഴി വിലയും ഉയർന്നു തന്നെയാണ്.

## സഹകരണത്തിലൂടെ പരിഹാരം

സാധാരണക്കാരുൾപ്പെടുന്ന പൊതുജനത്തെ മേൽ പറഞ്ഞ ചൂഷണങ്ങളിൽ നിന്നും സംരക്ഷിക്കുവാൻ പല മാർഗങ്ങളും കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. കമ്പനികൾ ഉത്പന്നങ്ങളുടെ പുതുക്കിയ വില അച്ചടിക്കണമെന്ന് കേന്ദ്ര സർക്കാർ നിർദ്ദേശം നൽകി കഴിഞ്ഞു. സംസ്ഥാനത്ത് വ്യാപാര സ്ഥാപനങ്ങളിൽ അളവുതൂക്ക വകുപ്പ് മിന്നൽ പരിശോധന നടത്തുന്നുണ്ട്. പരമാവധി വിൽപ്പന വിലയിൽ കൂടുതൽ വിലക്ക് കച്ചവടം നടത്തുന്ന വ്യാപാരികൾക്ക് എതിരെ, കേസുകൾ എടുക്കുന്നുമുണ്ട്. ജി.എസ്.ടിയുടെ പേരിൽ പൊതുജനത്തെ ചൂഷണം ചെയ്യുന്നതുമായി ബന്ധപ്പെട്ട പരാതികളിൽ വാണിജ്യ നികുതി വകുപ്പും കർശനമായി ഇടപെടുമെന്ന് സംസ്ഥാന സർക്കാർ വ്യക്തമാക്കി. ജി.എസ്.ടിയുടെ വരവോടെ എം.ആർ.പിയേക്കാൾ വില ഉയർന്ന ഉത്പന്നങ്ങൾക്ക് വില കുറയ്ക്കുവാൻ വേണ്ട നടപടി കേരള സർക്കാർ സ്വീകരിക്കും. ഉത്പാദകരുമായി ചർച്ച നടത്തിയും, ഇൻപുട്ട് ക്രെഡിറ്റ് നൽകിയും, എക്സൈസ് നികുതിയിൽ ഇളവു നൽകിയും ഇത് സാധ്യമാക്കും.

മൊത്ത ചില്ലറ വ്യാപാരികളുമായും, സേവനദാതാക്കളുമായും, ക്രിയാത്മകമായ ചർച്ചയിലൂടെ ഇപ്പോഴുള്ള പ്രശ്നങ്ങൾക്കും പരിഹാരം കണ്ടെത്തേണ്ട ഉത്തരവാദിത്തം സർക്കാരിനുണ്ട് (ഉദാഹരണം:- ഹോട്ടലുടമകളും, കോഴിക്കച്ചവടക്കാരുമായും). ജി.എസ്.ടി കൗൺസിൽ കൂടുതൽ കാര്യക്ഷമമാക്കണം. കുറഞ്ഞ നികുതിയുടെ പ്രയോജനം ജനങ്ങളിലേക്ക് എത്തുന്നുണ്ടെന്നും, ഉത്പാദകരും, വ്യാപാരികളും അമിതലാഭം ഉണ്ടാക്കുന്നില്ലെന്നും ഉറപ്പുവരുത്തുവാനുമുള്ള കൊള്ളലാഭമെടുക്കാൻ നിരോധിത വകുപ്പ് (Anti-Profiteering Authority) കേന്ദ്രതലത്തിലും, സ്ക്രീനിങ് കമ്മിറ്റി സംസ്ഥാന തലത്തിലും എത്രയും പെട്ടന്ന് നിലവിൽ കൊണ്ടുവരണം. രാജ്യപുരോഗതിക്കായി നിലവിൽ വന്ന ഈ പുതിയ നികുതി സംവിധാനം സുതാര്യവും, കാര്യക്ഷമവുമായി നടപ്പിൽ വരുത്തുന്നതിൽ ഉത്പാദകർക്കും, വ്യാപാരികൾക്കുമുള്ള നിസ്തുലമായ പങ്ക് അവരെ ബോധ്യപ്പെടുത്തുവാൻ സർക്കാരിനും അധികൃതർക്കും കഴിയണം.

## മുന്നോട്ടു തന്നെ

ഏകീകൃത ചരക്കു-സേവന നികുതി സാധാരണക്കാരന് പ്രതീക്ഷകളും ആശങ്കകളും സമ്മാനിച്ചിട്ടുണ്ട്. നടത്തിപ്പിലെ അപാകതകൾ പരിഹരിച്ചു നിരന്തര നവീ

കരണവുമായി മുന്നോട്ടുപോയില്ല എങ്കിൽ വർഷങ്ങളുടെ ചർച്ചകൾക്കുശേഷം നടപ്പിൽ വരുത്തിയ പദ്ധതി അതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ കൈവരിക്കില്ല. ആ പരാജയം, പുരോഗതി ആഗ്രഹിക്കുന്ന സാധാരണക്കാരന്റെ പരാജയമായി മാറും. അഴിമതിയോടും കള്ളപ്പണത്തോടും യുദ്ധം പ്രഖ്യാപിച്ചിരിക്കുന്ന നമ്മുടെ രാജ്യത്തിന് അഴിമതി രഹിതവും, സുതാര്യവും, കാര്യക്ഷമവും, ശക്തവുമായ ഒരു നികുതി സംവിധാനം അത്യന്താപേക്ഷിതമാണ്. ഏകീകൃത ചരക്കു സേവന നികുതി കുറ്റമറ്റ രീതിയിൽ മുന്നോട്ടുകൊണ്ടുപോകുവാൻ സർക്കാരിനോടും, അധികൃതരോടുമൊപ്പം ഉത്പാദകരും, വ്യാപാരികളും, പൊതുജനങ്ങളും കൈകോർക്കണം. എങ്കിൽ മാത്രമേ ഒരു രാജ്യം, ഒരു നികുതി, ഒരു വിപണി എന്ന ലക്ഷ്യം യാഥാർത്ഥ്യമായി ഇന്ത്യ ഒരു ആഗോള സാമ്പത്തിക ശക്തികേന്ദ്രമായി മാറുകയുള്ളൂ.

*(ലേഖകർ യഥാക്രമം തിരുവനന്തപുരം മാർ ഇവാനിയോസ് (ഓട്ടോണമസ്) കോളേജിലെ കോമേഴ്സ് വിഭാഗം ഗവേഷണ വിദ്യാർത്ഥിനിയും അസ്സോസിയേറ്റ് പ്രൊഫസ്സറുമാണ്.)*

## നീര: മികച്ച ആരോഗ്യ ഔഷധ പാനീയം

തെങ്ങിൻ പൂങ്കുലയിൽ നിന്നും ചെത്തിയെടുക്കുന്ന മദ്യാംശം ഇല്ലാത്ത പാനീയമായ നീരയുടെ ആരോഗ്യ ഔഷധ ഗുണങ്ങൾ ലോകവ്യാപകമായി അംഗീകരിച്ചു കഴിഞ്ഞിട്ടുണ്ട്. ഇപ്രകാരം മൂല്യ വർദ്ധിത ഉത്പന്നങ്ങളായ നീര ശർക്കര, നീര ഷുഗർ, നീര ഹണി, നീര സിറപ്പ് എന്നിവയ്ക്ക് ഡിമാന്റും വർദ്ധിച്ചിട്ടുണ്ട്. സാധാരണ ഉഷ്മാവിൽ രാസപ്രക്രിയ വഴി പുളിക്കുന്ന സ്വഭാവമാണ് നീരയ്ക്കുള്ളത്. ആയതിനാൽ കർശനമായ ഏകീകൃത സംസ്കരണ രീതിയും ശ്രദ്ധയോടെയുള്ള കൈകാര്യ ചെയ്യലും നീര ഉത്പാദനത്തിൽ ഏറെ അനിവാര്യമാണ്. നീരയുടെ ആരോഗ്യരംഗത്തെ സാധ്യതകൾ തെളിയിക്കുന്നതിനായി അമൃത ഡീംഡ് യൂണിവേഴ്സിറ്റിയിലെ സ്കൂൾ ഓഫ് ഫാർമസി നടത്തിയ പഠനങ്ങൾ ഈ നാളികേര ഉത്പന്നത്തിന്റെ വിവിധ ഔഷധ ഗുണമേന്മകൾ സ്ഥിരീകരിച്ചിട്ടുണ്ട്.

നാളികേര ബോർഡിന്റെ ടെക്നോളജി മിഷൻ പദ്ധതിയുടെ കീഴിലുള്ള പ്രോജക്ട് അനുസരിച്ചാണ് നീര, നീര ഷുഗർ, നീര ഹണി എന്നീ ഉത്പന്നങ്ങളെ പഠന വിധേയമാക്കിയത്. ഇൻ വിട്രോ, ഇൻ വൈവോ പരീക്ഷണങ്ങളിലൂടെ അവയുടെ ഭൗതിക രാസഘടകങ്ങൾ, പോഷക ഘടകങ്ങൾ, മൂലകങ്ങളുടെ ഘടനകൾ, ഇവയുടെ സ്ഥിരത, നീരയുടെ ബ്രൗണിംഗ് ഇൻഡെക്സ്, ആന്റിഓക്സിഡന്റുകളുടെ അളവ് നിർണയിക്കൽ, രോഗ ഹേതുക്കളെ പ്രതിരോധിക്കാനുള്ള ആന്റിഓക്സിഡന്റുകളുടെ കഴിവ്, രോഗപ്രതിരോധ ശേഷി വർദ്ധിപ്പിക്കാനുള്ള കഴിവ് (Immuno modulatory effect), കിഡ്നിയുടെ പ്രവർത്തനത്തെ ത്വരിതപ്പെടുത്തുന്നതിനും (Diuretic activity) ലവണാംശത്തെ പുറം തള്ളുന്നതിനുമുള്ള കഴിവ് (Saluretic effect) ശരീരത്തിലെ ചുവന്ന രക്താണുക്കളെ വർദ്ധിപ്പിച്ച് ഹീമോഗ്ലോബിന്റെ അളവ്കൂട്ടാനുള്ള കഴിവ് (Haematinic activity) എന്നിവയിലാണ് അമൃത യൂണിവേഴ്സിറ്റി പഠനം നടത്തിയത്. നീരയിലുള്ള വിറ്റാമിൻ സി, ഫീനോൾ, ഫ്ളേവനോയിഡ്, ടാനിൻ തുടങ്ങിയ പ്രധാന ആന്റിഓക്സിഡന്റുകൾക്ക് ഫ്രീ റാഡിക്കലുകളെ നശിപ്പിക്കാൻ പ്രത്യേക കഴിവുണ്ട്. നീരയുടെ പിഎച്ച് മൂല്യം മനുഷ്യശരീരത്തിന് വളരെ അനുകൂല ഘടകമായി പഠനം സ്ഥിരീകരിച്ചു. ഇതുകൂടാതെ സാധാരണ തേനിലും മനുഷ്യശരീരത്തിന് മെച്ചപ്പെട്ടതാണ് നീര ഹണി എന്ന് പഠനം തെളിയിക്കുന്നു.

ഫുഡ് ആന്റ് ഡ്രഗ് റഗുലേഷൻ അതോറിറ്റി അംഗീകരിച്ചതനുസരിച്ച് നീരയിൽ അടങ്ങിയിരിക്കുന്ന സ്ഥൂല മൂലകങ്ങളായ (മാക്രോ ഇലമെന്റ്സ്) സോഡിയം, പൊട്ടാസ്യം, മഗ്നീഷ്യം എന്നിവയുടെ അളവ് സാധാരണ മനുഷ്യശരീരത്തിന് ദിനം പ്രതി ഉപയോഗിക്കാവുന്ന പരിധിയിൽ പെടുന്നു. ഈ ഉത്പന്നങ്ങളിൽ പൊട്ടാസ്യത്തിന്റെ അളവ്കൂടുതലായി നീരയിലും ശേഷം നീര ഹണിയിലുമാണുള്ളത്. സൂക്ഷ്മ മൂലകങ്ങളായ (അയൺ, സിങ്ക്, കോപ്പർ, സൾഫർ, മാംഗനീസ്) എന്നിവയെടുത്തപ്പോൾ നീര ഹണിയിൽ അയണിന്റെ അളവ് ആപേക്ഷികമായി മനുഷ്യശരീരത്തിന് ഏറ്റവും അനുകൂലമായതാണ്. ആയതിനാൽ അനീമിയ പോലുള്ള രോഗങ്ങൾക്ക് ഇത് പ്രതിവിധിയാണ്. കൃത്രിമ അയേൺ ടോണിക്കുകൾക്കു പകരം ഇത് കുഞ്ഞുങ്ങൾക്കും അമ്മമാർക്കും വാർദ്ധക്യത്തിലെത്തിയവർക്കും ഏറെ ഉപയോഗപ്രദമാണ്. നീരയ്ക്ക് ആന്റിഓക്സിഡന്റ് കഴിവ് പരമാവധി ഉള്ളതിനാൽ കാൻസർ പോലുള്ള രോഗങ്ങളെ പ്രതിരോധിക്കുകയും മറ്റേത് കാർബണേറ്റഡ് പാനീയങ്ങൾക്ക് ബദലായും ഉപയോഗിക്കാവുന്ന ഔഷധപാനീയമാണെന്നും അമൃത പഠനങ്ങൾ വെളിപ്പെടുത്തുന്നു. ഇപ്പോഴത്തെ ജീവിത ശൈലി രോഗങ്ങളിലൊന്നായ പ്രമേഹത്തെ പ്രതിരോധിക്കാൻ സാധാരണ പഞ്ചസാരയ്ക്ക് പകരം നീര ഷുഗറിന് കഴിയുമെന്ന് പഠനങ്ങൾ വെളിപ്പെടുത്തുന്നു. പരീക്ഷണ ശാലയിലെ വെള്ളെലികളിൽ നടത്തിയ പരീക്ഷണങ്ങളിലൂടെയാണ് ഈ ഉത്പന്നങ്ങളുടെ ഹീമാറ്റിനിക്, ഇമ്മ്യൂൺ മോഡുലേറ്ററി, ഡൈയൂററ്റിക് ആക്റ്റിവിറ്റി എന്നിവ തെളിയിച്ചത്. മനുഷ്യശരീരത്തിൽ മൂത്രത്തിന്റെ അളവ് വർദ്ധിപ്പിച്ച് നീർകെട്ടൽ ഒഴിവാക്കാൻ നീരയുടെ ഉപയോഗത്തിലൂടെ സാധിക്കുമെന്നും ഈ പഠനങ്ങൾ തെളിയിക്കുന്നു.

**(തയാറാക്കിയത്: മിനി മാത്യു, പബ്ലിസിറ്റി ഓഫീസർ, നാളികേര വികസന ബോർഡ്, കൊച്ചി)**

# ചരക്കുസേവന നികുതി: സാധ്യതകളും ആശങ്കകളും

പ്രൊഫ. എ. അബ്ദുൽ നിസാർ

സ്വതന്ത്ര ഇന്ത്യയിലെ ഏറ്റവും വലിയ നികുതി പരിഷ്കാരം - ഒരു രാജ്യം, ഒരു നികുതി എന്ന സമൂർത്തമായ ആശയം GST (ചരക്കുസേവന നികുതി) യിലൂടെ 2017 ജൂലൈ 1 മുതൽ രാജ്യത്ത് നിലവിൽ വന്നു. രാജ്യത്തെ നികുതി വ്യവസ്ഥ സമൂലമായ പരിവർത്തനത്തിന് വിധേയമാക്കുക എന്നത് GST യുടെ അടിസ്ഥാനലക്ഷ്യങ്ങളിൽ ഒന്നാണ്. ബിസിനസ് സമൂഹവും ഉപഭോക്തൃസമൂഹവും GST-യുടെ വിജയകരമായ നടത്തിപ്പിലും അനുബന്ധവിഷയങ്ങളിലും ഏറെ ആകാംക്ഷാഭരിതരാണ്. 2016 സെപ്റ്റംബർ 8 ന് ഭരണഘടനയുടെ 122-ാം ഭേദഗതി പ്രകാരവും 101-ാം ഭേദഗതി പ്രകാരവും സെപ്റ്റംബർ 15-ാം തീയതി GST കൗൺസിൽ പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരവുമാണ് GST രാജ്യത്ത് നിലവിൽ വന്നത്. രാജ്യത്തെ പരോക്ഷ നികുതി സമ്പ്രദായത്തിൽ ഒരു നാഴികകല്ലാണ് ചരക്കു സേവന നികുതി നിയമം. ഏറെ ബൃഹത്തും സമഗ്രവുമായ ഒരു പ്രവർത്തന പദ്ധതി (Working Model) ഈ നികുതി വ്യവസ്ഥ നടപ്പിലാക്കുവാൻ അനിവാര്യമാണ്. കേന്ദ്രത്തിലേയും സംസ്ഥാനങ്ങളിലേയും ഏകദേശം 6000-ത്തോളം വരുന്ന ഉദ്യോഗസ്ഥരും 2000-ത്തിലധികം വരുന്ന പരിശീലകരും ചരക്കു സേവന നികുതി നിയമം വിജയകരമായി രാജ്യത്ത് നടപ്പിലാക്കുവാൻ സജ്ജമായി കഴിഞ്ഞു. സെൻട്രൽ ബോർഡ് ഓഫ് എക്സൈസ് ആൻഡ് കസ്റ്റംസിന്റെ കീഴിലുള്ള പ്രധാന ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടായ നാഷണൽ അക്കാഡമി ഓഫ് കസ്റ്റംസ് & നർക്കോട്ടിക്സാണ് ഇതിന്റെ പ്രവർത്തന ഉത്തരവാദിത്വം ഏറ്റെടുത്തിരിക്കുന്നത്.

## എന്താണ് ചരക്കുസേവന നികുതി (GST)?

ചരക്കുസേവന നികുതി സമ്പ്രദായം ഇന്ത്യയിലെ പരോക്ഷ നികുതി പരിഷ്കാരങ്ങളിൽ ഒരു സുപ്രധാന കാൽവയ്പാണ്. ഉപഭോഗത്തെ ആസ്പദമാക്കി ഒരു പ്രദേശത്തെ ആശ്രയിച്ചുള്ള നികുതിയാണ് ചരക്കുസേവന നികുതി. നിർമ്മാണം മുതൽ ഉപഭോഗം വരെ ഓരോ ഘട്ടത്തിലും അടച്ച നികുതി കുറവ് ചെയ്ത് അടക്കാവുന്ന നികുതി ആണിത്. ഓരോ ഘട്ടത്തിലുമുണ്ടാകുന്ന മൂല്യവർദ്ധനവിന് മാത്രമുള്ള നികുതിയിൽ നികുതിഭാരം (Tax Burden) അന്തിമ ഉപഭോക്താവിന് മാത്രമായിരിക്കും. GST-മുഖ്യമായും ലക്ഷ്യമാക്കുന്നത് വ്യാവസായിക മേഖലയാണ്. അതിനാൽ ശമ്പളക്കാർക്കും, സ്വയംതൊഴിലുകാർക്കും (വക്കീൽ, ഡോക്ടർമാർ, ചാർട്ടേഡ് അക്കൗണ്ടുമാർ) ഇത് ബാധകമല്ല.എന്നാൽ ഒരു ഉപഭോക്താവ് എന്ന രീതിയിൽ ഇത് രാജ്യത്തെ എല്ലാ പൗരന്മാർക്കും ബാധകമാണ്. GST നമ്മുടെ നികുതി വ്യവസ്ഥയിൽ ഒരു സുപ്രധാന കാൽവയ്പാണ്. GST ഒരൊറ്റ നികുതിയായി മാറുമ്പോൾ 'നികുതിക്കുമേൽ നികുതി' എന്നതിന്റെ ദൂഷ്യവശങ്ങൾ ഒഴിവാകും. രാജ്യമാകെ ഒരൊറ്റ വിപണിയായി മാറും. നികുതി ഭാരം കുറയും. ഗുണമേന്മയുള്ള സാമഗ്രികൾ കമ്പോളത്തിൽ യഥേഷ്ടം ലഭ്യമാകും. കേന്ദ്രസംസ്ഥാന സർക്കാരുകളുടെ നികുതി വരുമാനം വർദ്ധിക്കും. എല്ലാം രംഗങ്ങളിലും സുതാര്യത, പ്രവർത്തനക്ഷമത എന്നിവ കൂടും.

## GST-യിലെ തിരിവുകൾ

മുഖ്യമായും GSTയിൽ മൂന്ന് തരം തിരിവുകളുണ്ട്. ഒരു സംസ്ഥാനത്തിൽ മാത്രം നടക്കുന്ന ക്രയ-വിക്രയങ്ങളിൽ കേന്ദ്രഗവൺമെന്റ് ഈടാക്കുന്ന നികുതിയ്ക്ക് കേന്ദ്രചരക്കുസേവന നികുതി (GST) എന്നും സംസ്ഥാന സർക്കാർ ഈടാക്കുന്ന നികുതിയ്ക്ക് സംസ്ഥാന ചരക്കു സേവന നികുതി (SGST) എന്നും അന്തർ സംസ്ഥാന ക്രയവിക്രയങ്ങൾക്കും സേവനങ്ങൾക്കും ചുമത്തുന്ന നികുതിക്ക് IGST (ഇന്റഗ്രേറ്റഡ് ഗുഡ്സ് & സർവ്വീസ് ടാക്സ്) എന്നും പേരു വിളിക്കുന്നു. GST- ഒരു ഉപഭോഗാടിസ്ഥാനത്തിലുള്ള നികുതി ആയതിനാൽ ആത്യന്തിക നികുതി ബാധ്യത അന്തിമ ഉപഭോക്താവിൽ നിക്ഷിപ്തമായിരിക്കും. ചരക്കുസേവന നികുതി നിയമം, ഡിജിറ്റൽ വിപ്ലവത്തിന്റെ (Digital Revolution) ഭാഗമാണ്. ഇത് ചരക്കു ഗതാഗതത്തിൽ നിലവിലിരിക്കുന്ന അപര്യാപ്തതകൾ ഇല്ലാതാക്കുന്നു.

കൃത്യമായി പറയുമ്പോൾ GST-ക്ക് തുടക്കം കുറിക്കുന്നത് വി.പി.സിംഗ് ഇന്ത്യൻ പ്രധാനമന്ത്രിയായിരുന്ന കാലം (1986) മുതലാണ്. അന്നു നിലവിൽ വന്ന MODVAT-(മൂല്യവർദ്ധിത നികുതി നിയമം) GST -ക്ക് ഇന്ത്യയിൽ കളമൊരുക്കി എന്നാണ് പണ്ഡിത മതം. ചരക്കു സേവന നികുതി മുൻകാലത്തെപോലെ പല നികുതി അല്ല. ഒരൊറ്റ നികുതി ആണ്. അതിനാൽ തന്നെ നിലവിലിരിക്കുന്ന പല നികുതികളും GST-യിൽ കേന്ദ്രസർക്കാർ ലയിപ്പിച്ചിരിക്കുന്നു. അവയിൽ ചിലത് ചുവടെ:

1. കേന്ദ്ര എക്സൈസ് ഡ്യൂട്ടി
2. കേന്ദ്ര എക്സൈസ് ഡ്യൂട്ടി (മരുന്നും ശൗചാലയ നിർമ്മിതികളും)
3. അഡീഷണൽ എക്സൈസ് ഡ്യൂട്ടി (Goods of Special Importance)
4. അഡീഷണൽ എക്സൈസ് ഡ്യൂട്ടി (തുണിത്തരങ്ങൾ)
5. CVD (Counter Vailing Duty)
6. സ്പെഷ്യൽ അഡീഷണൽ ഡ്യൂട്ടി (SAD)
7. സേവന നികുതി
8. സാധനങ്ങളുടേയും സേവനങ്ങളുടേയും വിതരണവുമായി ബന്ധപ്പെട്ട കേന്ദ്ര സർചാർജ്ജുകളും സെസ്സുകളും.

**വിവിധ സംസ്ഥാന നികുതികളും GST-യിൽ ലയി**

പ്പിക്കും. അവ ചുവടെ:

1. സ്റ്റേറ്റ് വാറ്റ്.

2. കേന്ദ്രവിൽപന നികുതി.

3. ആഡംബര നികുതി.

4. എല്ലാ ഇനത്തിലുമുള്ള പ്രവേശന നികുതി.

5. വിനോദ നികുതി.

6. പരസ്യ നികുതി.

7. ലോട്ടറി നികുതി.

8. സർചാർജ്ജുകൾ.

ഇത്തരുണത്തിൽ നികുതിദായകർക്കുണ്ടാകാവുന്ന ഒരു ന്യായമായ സംശയം ഏതൊക്കെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ആണ് ഇത്തരം നികുതി ലയനങ്ങൾ നടപ്പിലാക്കുന്നതെന്നാണ്. ഇതിനായി ചില പൊതുതത്വങ്ങൾ ക്രോഡീകരിച്ചിരിക്കുന്നു.

1. ലയിപ്പിക്കുവാൻ ഉദ്ദേശിക്കുന്ന നികുതികൾ ചരക്കുകളുടേയോ, സേവനങ്ങളുടേയോ വിതരണവുമായി ബന്ധപ്പെട്ടവ മാത്രമായിരിക്കണം.

2. ചുമത്തുന്ന നികുതികൾ ചരക്കുകളുടെ/സേവനങ്ങളുടെ ഉൽപാദനം തുടങ്ങി ഇറക്കുമതി മുതൽ ആത്യന്തിക ഉപഭോഗം വരെയുള്ള എല്ലാ ഘട്ടങ്ങളിലൂടെയും കടന്നു പോയിരിക്കണം.

3. നികുതി ലയനം, അന്തർസംസ്ഥാനങ്ങളിൽ സ്വതന്ത്രമായി നികുതി ക്രെഡിറ്റ് നൽകുവാൻ പര്യാപ്തമായിരിക്കണം. (ഇതുമായി കൃത്യമായി ബന്ധപ്പെടുത്താൻ കഴിയാത്ത ഒന്നും തന്നെ ലയനപരിധിയിൽ വരില്ല)


4. കേന്ദ്രത്തിനും, സംസ്ഥാനങ്ങൾക്കും നികുതിനീതി കൃത്യമായി ലഭിക്കുന്നതായിരിക്കണം.

ചുരുക്കത്തിൽ ചരക്കുകളിലും സേവനങ്ങളിലും ഒരൊറ്റ നികുതി നിരക്കിൽ കേന്ദ്രവും സംസ്ഥാനവും ഒരേ സമയം ചുമത്തുന്ന രണ്ടു തലങ്ങളിലുള്ള നികുതിയാണ് GST.

## നേട്ടങ്ങൾ

മുൻപ് സൂചിപ്പിച്ചതു പോലെ GST മുഖ്യമായും ലക്ഷ്യം വയ്ക്കുന്നത് വ്യാവസായിക മേഖലയെയാണ്. എന്നാൽ ആഭ്യന്തര ഉപഭോക്താവ് എന്ന നിലക്ക് രാജ്യത്തെ ഓരോ പൗരനും ഇതിന്റെ പരിധിയിൽ വരും. GST നിലവിൽ വരിക വഴി വ്യാവസായിക രംഗത്ത് ദീർഘകാലാടിസ്ഥാനത്തിൽ ഏറെ നേട്ടങ്ങൾ പ്രതീക്ഷിക്കുന്നു.

**I. നികുതി വ്യത്യാസങ്ങൾ ഒഴിവാക്കാനാവും:** പല സംസ്ഥാനങ്ങളിലും നിലനിൽക്കുന്ന നികുതി വ്യത്യാസങ്ങൾ ഒഴിവാക്കുക വഴി വ്യവസായ വളർച്ച ത്വരിതപ്പെടുത്തുവാൻ കഴിയും. വളരെ എളുപ്പത്തിൽ ബിസിനസ് നടത്തുവാൻ കഴിയുന്ന രാജ്യങ്ങളുടെ പട്ടികയിലേക്ക് ഇന്ത്യയെ ഉയർത്തുവാൻ കഴിയും. നിലവിൽ 190 രാജ്യങ്ങളുടെ EASE OF DOING BUSINESS INDEX -ൽ




ഇന്ത്യയുടെ സ്ഥാനം 130 ആണ് എന്ന് പ്രത്യേകം ഓർക്കുക.

**ii. പ്രാദേശിക ഉത്പന്നങ്ങളുടെ പാർശ്വവത്കരണം തടയും:** ഇറക്കുമതി ചരക്കുകൾക്ക് IGST (ഇന്റഗ്രേറ്റഡ് GST) നടപ്പാവുന്നതോടെ പ്രാദേശിക ഉൽപ്പന്നങ്ങളുടെ പാർശ്വവൽക്കരണം തടയാനാകും.

**iii. ഉപഭോക്തൃ സ്വാതന്ത്ര്യം വർദ്ധിക്കും:** ഓൺലൈൻ/ഓഫ് ലൈൻ ബിസിനസുകാരുടെ വമ്പിച്ച ഓഫറുകൾ ഉപഭോക്താക്കൾക്കുണ്ടാകും.

**iv. സുതാര്യത ഉറപ്പാക്കാനാവും:** പ്രവർത്തന മേഖലയിൽ സുതാര്യതയും ക്ഷമതയും ഉറപ്പുവരുത്തുവാൻ കഴിയും.

## നികുതിനിർണയവും കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പങ്കും

GST നിരക്കുകൾ നിർണ്ണയിക്കുന്നത് കേന്ദ്രവും സംസ്ഥാനങ്ങളും സംയുക്തമായാണ്. ഇതിനായി GST കൗൺസിൽ രൂപീകൃതമായിരിക്കുന്നു. കേന്ദ്രധനകാര്യ മന്ത്രി ചെയർമാനും, സംസ്ഥാന ധന-നികുതി വകുപ്പ് മന്ത്രിമാർ അംഗങ്ങളുമായാണ് സമിതി രൂപീകരിച്ചിട്ടുള്ളത്. കേന്ദ്രവും സംസ്ഥാനവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ചുമത്തുന്ന ഏതൊക്കെ നികുതികളും സെസ്സുകളും സർചാർജുകളും GST-യിൽ യോജിപ്പിക്കണമെന്നു ശുപാർശ ചെയ്യുന്നതു ഈ സമിതി ആയിരിക്കും. GST-കൗൺസിൽ കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിലുണ്ടാകുന്ന GST-സംബന്ധിച്ച പൊരുത്തക്കേടുകൾക്ക് പരിഹാരം നിർദ്ദേശിക്കും. കൗൺസിൽ തീരുമാനമെടുക്കുന്നത് പങ്കെടുക്കുന്ന അംഗങ്ങളുടെ 3/4 ഭൂരിപക്ഷപ്രകാരമാണ്. ഇതിൽ കേന്ദ്രസർക്കാരിന്റെ വോട്ടിംഗ് ശക്തി പോൾ ചെയ്ത വോട്ടിന്റെ 1/3 ഭാഗവും സംസ്ഥാന സർക്കാരുകളുടേത് പോൾ ചെയ്ത വോട്ടിന്റെ 2/3-ഉം ആണ്.

## ചെറുകിട നികുതിദായകരും GST-യും

20 ലക്ഷം വരെ വിറ്റുവരവുള്ള ചെറുകിട വ്യവ

സായങ്ങൾ GST-യുടെ പരിധിയിലാകും. എന്നാൽ വടക്കുകിഴക്കൻ സംസ്ഥാനങ്ങൾക്കും സിക്കിമിനും ഈ പരിധി 10 ലക്ഷമാണ്. ടേണോവറിന്റെ (വിറ്റുവരവ്) അടിസ്ഥാനത്തിൽ നികുതിയൊഴിവിന് അർഹതയുള്ളവർക്ക് 'ഇൻപുട്ട് ക്രെഡിറ്റ്' എടുക്കുവാനും നികുതി അടയ്ക്കുവാനും ഓപ്ഷൻ നൽകുവാനുമുള്ള അവസരമുണ്ട്. എന്നാൽ മുകളിൽ പറഞ്ഞ ഗണത്തിൽ 'റിവേഴ്സ് ചാർജിൽ നികുതി അടയ്ക്കുന്നവരും അന്തർസംസ്ഥാന വിതരണം' നടത്തുന്നവരും ഉൾപ്പെടില്ല.

## ജി.എസ്.ടി.യും സാധനസാമഗ്രികളുടെ തരം തിരിവും:

GST-യിൽ സാധനസാമഗ്രികളെ തരം തിരിക്കുന്നത് HSN (Harmonized System of Nomenclature) കോഡ് ഉപയോഗിച്ചാണ്. 1.5-5 കോടി വരെ രണ്ടക്ക കോഡും, 5 കോടിക്ക് മുകളിൽ നാലക്ക കോഡും നികുതിദായകർ ഉപയോഗിക്കണം.

GST- യിലെ എല്ലാ സാധനസാമഗ്രികളും സേവനങ്ങളും നികുതിക്ക് വിധേയമല്ല. ചിലത് പൂർണ്ണമായും ഒഴിവാക്കപ്പെട്ടവയാണ്.

## 0% GST പരിധിയിൽപ്പെടുന്നവ:

അരി, ഗോതമ്പ്, പാൽ, പച്ചക്കറി, മാംസം, മത്സ്യം, കുങ്കുമം, പൊട്ട്, നിയമ സംബന്ധമായ പേപ്പറുകൾ, പുസ്തകങ്ങൾ, ന്യൂസ്പേപ്പറുകൾ, വളകൾ, കൈത്തറി, കളറിംഗ് ബുക്ക്, സാമഗ്രികൾ മുതലായവ ഇത്തരത്തിൽപ്പെടുന്നവയാണ്. വിദ്യാഭ്യാസം, ആരോഗ്യസംബന്ധമായ ചിലവുകളും 1000 രൂപയിൽ താഴെയുള്ള ഹോട്ടൽ താമസവും നികുതി ഒഴിവാക്കപ്പെട്ട പട്ടികയിൽപെടും.

GST-യിൽ പെടുന്ന നികുതി നിരക്കുകൾ 5 % 8 % - 18 % - 28 % തുടങ്ങിയ സ്ലാബുകളാണ്.

## ജി.എസ്.റ്റിയും ബിസിനസ് സമൂഹവും:

ഒരു പുതിയ നികുതിവ്യവസ്ഥ എന്ന നിലയ്ക്ക് ജി.എസ്.ടി. ബിസിനസ്സ് സമൂഹത്തിന് ഏറെ സംശയങ്ങൾ ഉളവാക്കുന്ന ഒരു പരിഷ്കാരമാണ്. ബിസിനസ്സ് സമൂഹം ജി.എസ്.ടി.യെക്കുറിച്ച് അറിയേണ്ട അത്യാവശ്യ വിവരങ്ങൾ താഴെകൊടുക്കുന്നു.

### 1. ജി.എസ്.ടി രജിസ്ട്രേഷൻ ആവശ്യമുള്ളവർ:

പ്രതിവർഷ വിറ്റുവരവ് 20ലക്ഷം രൂപയിൽ താഴെയുള്ളവർ, കാർഷികോൽപ്പന്നങ്ങൾ സപ്ലൈ ചെയ്യുന്ന കർഷകർ, ജി.എസ്.ടി. ആക്ട് പ്രകാരം നികുതിരഹിതമായ ഉൽപ്പന്നങ്ങളോ സേവനങ്ങളോ മാത്രം കൈകാര്യം ചെയ്യുന്നവർ എന്നിവർക്ക് രജിസ്ട്രേഷൻ ആവശ്യമില്ല. നികുതിരഹിത ഉൽപ്പന്നങ്ങളും സേവനങ്ങളും ഉൾക്കൊള്ളിച്ചിട്ടുള്ള എക്സംപ്റ്റഡ് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടില്ല. അവ മാത്രം കൈകാര്യം ചെയ്യുന്നവർക്ക് രജിസ്ട്രേഷൻ ആവശ്യമില്ല.

### 2. ജി.എസ്.ടി.യിൽ ഉൾപ്പെടാത്തതും നികുതിബാദ്ധ്യതയുള്ളതുമായ ഉൽപ്പന്നങ്ങൾ:

മദ്യം, പെട്രോളിയം ഉൽപ്പന്നങ്ങളായ ക്രൂഡോയിൽ, പെട്രോൾ, ഡീസൽ, പ്രകൃതിവാതകം, വിമാന ഇന്ധനം എന്നിവയ്ക്ക് പുറമെ വൈദ്യുതിയും ജി.എസ്.ടിയിൽ ഉൾപ്പെടില്ല. ഇവയ്ക്ക് നിലവിലുള്ള വാറ്റും കേന്ദ്ര എക്സൈസ് നികുതിയും തുടരുന്നതാണ്.

### 3. ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന് അർഹതയുള്ളവർ:

ടാക്സ് ഇൻവോയിസ്, ഡെബിറ്റ് നോട്ട്, ബില്ല് ഓഫ് എൻട്രി, ഐ.എസ്.റ്റി.ഇൻവോയിസ് എന്നിവ അല്ലെങ്കിൽ റിവേഴ്സ് ചാർജ്ജ് സംവിധാനത്തിലൂടെ ലഭിക്കുന്ന ഇൻവോയിസോ ഉണ്ടായിരിക്കണം ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭിക്കാൻ. ഫോം ജി.എസ്.ടി.ആർ-2 ൽ പർച്ചേസിന്റെ വിശദാംശങ്ങൾ കാണിച്ചിരിക്കണം. സപ്ലൈയറും വാങ്ങുന്ന രജിസ്ട്രേഷൻ ഡീലറും യഥാസമയം റിട്ടേണുകൾ സമർപ്പിച്ചിരിക്കണം.

### 4. റിവേഴ്സ് ചാർജ്ജ്:

സാധാരണഗതിയിൽ സപ്ലൈയറാണ് നികുതി പിരിച്ച് അടയ്ക്കേണ്ടത്. എന്നാൽ ചില സാഹചര്യങ്ങളിൽ വിൽപന/സേവനം നൽകുന്ന ആൾക്ക് രജിസ്ട്രേഷൻ ഉണ്ടാകില്ല. ഇത്തരം സന്ദർഭങ്ങളിൽ വാങ്ങുന്ന ആൾ അതിന് നികുതി അടയ്ക്കണം. ഇതിനെയാണ് റിവേഴ്സ് ചാർജ്ജ് എന്നുപറയുന്നത്. ഉദാഹരണത്തിന് ഒരു കർഷകന് രജിസ്ട്രേഷൻ ആവശ്യമില്ല. പക്ഷെ അയാളിൽ നിന്നും ഉൽപ്പന്നങ്ങൾ വാങ്ങുന്ന ആൾ സ്വന്തം കൈയ്യിൽ നിന്നും അതിന് നികുതി അടയ്ക്കണം. എന്നാൽ അടുത്തമാസത്തെ വില്പനയിൽ അത് തട്ടികിഴിക്കാം.

### 5. റിവേഴ്സ് ചാർജ്ജ് സംവിധാനം നിലവിലുള്ള പ്രത്യേക മേഖലകൾ:

ചില പ്രത്യേക സേവന മേഖലകളിൽ റിവേഴ്സ് ചാർജ്ജ് സംവിധാനത്തിലൂടെ മാത്രമേ നികുതി അടയ്ക്കാനാകൂ. എന്നാൽ പിന്നീട് ആ വ്യക്തി നടത്തുന്ന സപ്ലൈയിൽ ഔട്ട്-പുട്ട് ടാക്സിൽ നിന്നും നേരത്തെ അടച്ച റിവേഴ്സ് ചാർജ്ജ് തട്ടികിഴിക്കാനാകും.

### 6. കോമ്പോസിഷൻ സ്കീമിന് അർഹതയുള്ളവർ:

ഒരു സാമ്പത്തികവർഷം 50 ലക്ഷത്തിൽ താഴെ വിറ്റുവരവുള്ളവർക്ക് ആവശ്യമെങ്കിൽ കോമ്പോസിഷൻ സ്കീം തെരഞ്ഞെടുക്കാം. മൊത്തം വിറ്റുവരവിന്റെ ഒരു നിശ്ചിത ശതമാനമാണ് ഇവർ നികുതിയായി അടയ്ക്കേണ്ടത്. എന്നാൽ ഇത്തരക്കാർ യാതൊരുവിധ നികുതിയും ശേഖരിക്കാൻ പാടില്ലെന്ന് മാത്രമല്ല, ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ഇവർക്ക് ലഭിക്കുകയുമില്ല. സേവനങ്ങളുടെ വിതരണക്കാർ, വർക്ക് കോൺട്രാക്ട്സർവ്വീസ് നടത്തുന്നവർ എന്നിവർക്ക് ഈ സ്കീം ബാധകമല്ല.

### 7.പ്രതിവർഷ വിറ്റുവരവ്:

ഒരു സംസ്ഥാനത്ത് മാത്രമുള്ള വില്പനയ്ക്കു പകരം ദേശീയതലത്തിലുള്ള വില്പനയെ അടിസ്ഥാനമാക്കിയാണ് വിറ്റുവരവ് (ടേൺഓവർ) നിർണ്ണയിക്കുന്നത്. ഇത് ജി.എസ്.ടിയുടെ ഒരു പ്രത്യേകതയാണ്. ഒരു

പാൻ നമ്പരിൽ ഒരു രജിസ്ട്രേഷനാണ് നൽകുന്നത്.

**8. ജി.എസ്.ടിയിൽ നികുതി അടയ്ക്കേണ്ട സമയം:**

സാധാരണനികുതി ദായകർ എല്ലാമാസത്തേയും നികുതി അടുത്തമാസം 20-ാം തീയതിയോടെ അടച്ചിരിക്കണം. കോമ്പോസിഷൻ രീതിയിൽ നികുതി അടയ്ക്കുന്നവർ മൂന്നുമാസം കൂടുമ്പോഴാണ് നികുതി അടയ്ക്കേണ്ടത്. നികുതി അടയ്ക്കുവാനുള്ള സമയം മാറ്റാനോ, മാസതവണകളാക്കുവാനോ സാധിക്കുകയില്ല.

**9. ജി.എസ്.ടി.യും റിട്ടേണുകളും:**

ജി.എസ്.ടി.യിൽ സാധാരണ രജിസ്ട്രേഷൻ ഉള്ളവർ പ്രതിമാസം റിട്ടേണുകൾ ഫയൽ ചെയ്യണം. കൂടാതെ വർഷംതോറും വാർഷിക റിട്ടേണും സമർപ്പിക്കണം. മാർച്ചിൽ അവസാനിക്കുന്ന സാമ്പത്തികവർഷത്തിലെ വാർഷിക റിട്ടേൺ അടുത്തസാമ്പത്തിക വർഷത്തിൽ ഡിസംബറിൽ സമർപ്പിക്കണം. വാർഷികവിറ്റുവരവ് ഒരുകോടിയിൽ കൂടുതലുള്ളവർ ചാർട്ടേഡ് അക്കൗണ്ടന്റിന്റെ ഓഡിറ്റഡ് സ്റ്റേറ്റുമെന്റോടെയായിരിക്കണം റിട്ടേൺ നൽകേണ്ടത്.

## ജി.എസ്.ടി.യിൽ റിട്ടേണുകൾ താഴെപ്പറയുന്ന രീതിയിൽ വിഭജിച്ചിരിക്കുന്നു:

**(1) ജി.എസ്.റ്റി.ആർ-1:** ഇതിൽ ഒരു മാസം നടത്തിയ വിവിധതരം വിതരണങ്ങളുടെ വിശദാംശങ്ങളാണ് വില്പനക്കാരൻ രേഖപ്പെടുത്തേണ്ടത്. ഈ റിട്ടേൺ വില്പന നടത്തിയതിന്റെ അടുത്തമാസം 10-ാം തീയതിയോടെ അപ്‌ലോഡ് ചെയ്തിരിക്കണം. രജിസ്ട്രേഷൻ ഉള്ളവരും ഇല്ലാത്തവരും ആയ ഡീലർമാർക്കുള്ള വിതരണത്തിന്റെ വിശദവിവരങ്ങൾ ഇതിൽ ഉണ്ടാകണം.

**(2) ജി.എസ്.റ്റി.ആർ.-2**: ജി.എസ്.ടി.ആർ-1 അപ്‌ലോഡ് ചെയ്തുകഴിഞ്ഞാൽ 10-ാം തീയതി അർദ്ധരാത്രിക്കുശേഷം വാങ്ങുന്നയാൾക്ക് അതിന്റെ വിശദാംശങ്ങൾ സിസ്റ്റത്തിലെ ജി.എസ്.ടി.ആർ-2എയിൽ കാണാനാകും. പർച്ചേയ്സിന്റെ റിട്ടേൺ സിസ്റ്റം തന്നെ ഇത് ആട്ടോമാറ്റിക്കായി സൃഷ്ടിക്കുന്നതാണ്. അതിൽ ഡീലർ വാങ്ങാത്ത ഒരു ഉൽപ്പന്നം വാങ്ങിയതായി സെല്ലർ തെറ്റായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഡീലർക്ക് അത് ഡിലീറ്റ് ചെയ്യാം. കൂടാതെ ഡീലർ വാങ്ങിയ ഒരു ഉൽപ്പന്നത്തെ സെല്ലർ അതിൽ കാണിച്ചിട്ടില്ലെങ്കിൽ അതിന്റെ ബില്ല് കൈവശമുള്ളപക്ഷം അത് കൂട്ടിച്ചേർക്കാനും സാധിക്കും. 15-ാം തീയതിയോടെ തന്നെ ഡീലർ കറക്ട് ചെയ്ത ജി.എസ്.ടി.ആർ-2 അപ്‌ലോഡ് ചെയ്തിരിക്കണം.

**(3) ജി.എസ്ടി.ആർ-3**: ജി.എസ്.ടി.ആർ.-2 അപ്‌ലോഡ് ചെയ്താൽ 15-ാം തീയതി അർദ്ധരാത്രിക്ക് ശേഷം ജി.എസ്.ടി.ആർ 1 എയിൽ സെല്ലർക്ക് അതിന്റെ വിശദാംശങ്ങൾ കാണാനാവും. ഡീലർ കൂട്ടിച്ചേർത്തതോ, ഒഴിവാക്കിയതോ ആയ ബില്ലുകൾ സെല്ലർക്ക് അപ്പോൾ പരിശോധിക്കാം. 17-ാം തീയതിയോടെ സെല്ലർ അവയൊക്കെ സ്വീകരിക്കുകയോ, അല്ലെങ്കിൽ നിരാകരിക്കുകയോ ചെയ്യണം. ഇതിന്റെ അടിസ്ഥാനത്തിൽ 20-ാം തീയതിയോടെ നികുതി ബാധ്യത സിസ്റ്റംതന്നെ കണ്ടെത്തി നോട്ടിഫൈ ചെയ്യും. അതാണ് ജി.എസ്.ടി.ആർ.-3. അതുപ്രകാരമുള്ള നികുതിയാണ് ഡീലർ അടയ്ക്കേണ്ടത്.

## ജി.എസ്.ടി.യും ഷെഡ്യൂളുകളും:

സാധാരണനികുതി നിയമത്തിൽ നിലവിലുള്ള നികുതി നിരക്കുകളെയാണ് ഷെഡ്യൂളിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. എന്നാൽ ജി.എസ്.ടിയിലെ ഷെഡ്യൂൾ നികുതി ബാദ്ധ്യത തന്നെയാണ് സൂചിപ്പിക്കുന്നത്. മൂന്നുതരം ഷെഡ്യൂളുകൾ ജി.എസ്.ടി.യിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**ഷെഡ്യൂൾ 1- പ്രത്യേകതകൾ:**

പാരിതോഷികമായി അല്ലാതെ സൗജന്യമായി എന്ത് ഉൽപന്നമോ, സേവനമോ നൽകിയാലും അത് സപ്ലൈയായി കണക്കാക്കപ്പെടും. ഉൽപ്പന്നങ്ങളുടെ വിനിമയത്തിനും ഇത് ബാധകമാണ്. ഇപ്പോഴത്തെ സി.എസ്.ടി.നിയമപ്രകാരം ഇവിടുത്തെ ഒരു ഉൽപ്പാദകൻ കർണാടകത്തിലേക്ക് ഉൽപ്പന്നം നൽകുമ്പോൾ ഫോം-എ നൽകിയാൽ ഇവിടെ നികുതി ബാധ്യതയുണ്ടാവുകയില്ല. എന്നാൽ ജി.എസ്.ടിയിൽ ഏത് വിലയ്ക്കാണോ മറ്റ് സംസ്ഥാനങ്ങളിലേക്ക് ഉൽപ്പന്നങ്ങൾ അയയ്ക്കുന്നത് അതിന്റെ നികുതി ഉൽപ്പാദകൻ ആദ്യം അടയ്ക്കണം. വില്പനയ്ക്കുശേഷം അത് തട്ടികിഴിക്കാം.

**ഷെഡ്യൂൾ 2- പ്രത്യേകതകൾ:**

ചിലതരം സേവനങ്ങളെ ചരക്കുകളായും ചിലതരം ചരക്കുകളെ സേവനങ്ങളായും കണക്കാക്കുമെന്നതാണ് ഇതിന്റെ പ്രത്യേകത. ഉദാഹരണമായി പാചകം ചെയ്ത ഭക്ഷണപദാർത്ഥങ്ങൾ, വർക്സ് കോൺട്രാക്ട് എന്നിവയെ ജി.എസ്.ടി.യിൽ സേവനമായിട്ടാണ് കണക്കാക്കുന്നത്.

**ഷെഡ്യൂൾ 3- പ്രത്യേകത:**

ചരക്കോ സർവ്വീസോ അല്ലാത്ത സപ്ലൈകളെയാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. അതിനാൽ ഇവയ്ക്ക് നികുതിയേ ബാധകമല്ല. ഉദാഹരണത്തിന് വേതനം, വിവിധതരം സർക്കാർ ഫീസുകൾ തുടങ്ങിയവ.

മുകളിൽ സൂചിപ്പിച്ചതുപോലെ ഏറെവിഷയങ്ങളിൽ ബിസിനസ്സ് സമൂഹം ഗഹനമായ പഠനം നടത്തേണ്ടത് ജി.എസ്.ടിയിൽ ഒരു നികുതി ദായകൻ എന്ന നിലയ്ക്ക് ഏറെ അനിവാര്യമായ ഒരു വസ്തുതയാണ്.

## ഉപഭോക്താക്കളും ജി.എസ്.ടി യും:

ഒരു പുതിയ പരോക്ഷ ചരക്ക് സേവന നികുതി വ്യവസ്ഥ എന്ന നിലയ്ക്ക് ജി.എസ്.ടി. ആത്യന്തിക ഉപഭോക്താവിനെ സംബന്ധിച്ച് ഏറെ ആകുലതകളും, ആശങ്കളും പങ്കുവെയ്ക്കുന്നു. എന്നാൽ നിലവിലിരിക്കുന്ന നികുതി വ്യവസ്ഥയും ജിഎസ്.ടിയിലെ നികുതി നിരക്കും തമ്മിലുള്ള താരതമ്യപഠനം ഏറെക്കുറെ ആശങ്കൾ പരിഹരിക്കുമെന്ന് പ്രത്യാശിക്കാം.


ഒരു നൂതന പരോക്ഷനികുതി പരിഷ്കാരമെന്ന

നിലയ്ക്ക് ജി.എസ്.ടി.യെ സംബന്ധിച്ച് ഏറെ ആശങ്കകൾ നിലവിലുണ്ടെന്നത് തർക്കമില്ലാത്ത വസ്തുതയാണ്.

**ചരക്കുസേവന നികുതി – ചരിത്രവഴികൾ**

- ദേശീയ സംസ്ഥാന തലങ്ങളിൽ നിലവിലുള്ള വിവിധതരം പരോക്ഷ നികുതികൾക്കു പകരം ദേശീയ തലത്തിൽ ഏർപ്പെടുത്തുന്ന ഏകീകൃതവും പരോക്ഷവുമായ മൂല്യവർദ്ധിത നികുതി.
- GST യെ കുറിച്ചുപഠിച്ചു റിപ്പോർട്ട് സമർപ്പിക്കാൻ 2003ൽ കേന്ദ്ര സർക്കാർ അസിം ദാസ്ഗുപ്ത അധ്യക്ഷനായ കമ്മിറ്റിയെ നിയോഗിച്ചു.
- വാറ്റ് തത്വത്തെ അടിസ്ഥാനമാക്കി GST നടപ്പിലാക്കണമെന്ന് വിജയ് ഖേൽക്കർ അധ്യക്ഷനായ സമിതി ശുപാർശ ചെയ്തു.
- പി.ചിദംബരം (2005 ൽ) ആദ്യമായി പാർലമെന്റിൽ അവതരിപ്പിച്ചു.
- 2016 ഓഗസ്റ്റ് 03ന് രാജ്യസഭ പാസാക്കി.
- 2016 ഓഗസ്റ്റ് 08 ന് ലോകസഭാ പാസാക്കി.
- GSTയുമായി ബന്ധപ്പെട്ടു സാക്ഷം (SAKSHAM) പദ്ധതി 2016 സെപ്തംബർ 28ന് ഒപ്പു വച്ചു.
- GST ബിൽ പാസ്സാക്കിയ ആദ്യ സംസ്ഥാനം ആസമും രണ്ടാമത് ബീഹാറുമായിരിരുന്നു.
- GST നടപ്പിലാക്കാൻ 16 സംസ്ഥാനങ്ങളുടെ അംഗീകാരം വേണം. GST ബിൽ പാസ്സാക്കിയ 16-ാമത്തെ സംസ്ഥാനമായിരുന്നു ഒഡിഷ.
- GST ഭരണഘടനാഭേദഗതി 101-ാമത് ഭേദഗതിയായിരുന്നു. GST ബിൽ 22-ാമത് ഭേദഗതി ബിൽ ആയിരുന്നു.
- GST യുമായി ബന്ധപ്പെട്ടു ഭരണഘടനയിൽ കൂട്ടിച്ചേർത്ത ആർട്ടിക്കിൾ 246 (എ) ആണ്.
- GST കൗൺസിലിന്റെ രൂപീകരണവുമായി ബന്ധപ്പെട്ടു ഭരണഘടനയിൽ കൂട്ടിച്ചേർത്ത ആർട്ടിക്കിൾ 279 (എ) ആണ്.
- GST കമ്മിറ്റിയുടെ ആദ്യ അധ്യക്ഷൻ കെ.എം.മാണി ആയിരുന്നു. ഇപ്പോഴത്തെ അധ്യക്ഷൻ അമിത്മിശ്രയാണ്.
- GST നടപ്പിലാക്കിയത് 2017 ജൂലൈ 01 മുതലാണ്.
- GST നടപ്പിൽ വരുമ്പോൾ മദ്യവും പെട്രോളും അതിൽ ഉൾപ്പെടുത്തിയിട്ടില്ല.
- ലോകത്ത് ആദ്യമായി GST നടപ്പിലാക്കിയ രാജ്യം ഫ്രാൻസ് (1954) ആണ്.

*(കായംകുളം എംഎസ്എം കോളേജിൽ കൊമേഴ്സ് വിഭാഗം അധ്യാപകനാണ് ലേഖകൻ)*



# നാഷണൽ ആന്റി പ്രോഫിറ്ററിങ് അതോറിറ്റി

ഇപ്പോൾ നടപ്പാക്കിയിരിക്കുന്ന ചരക്കു സേവന നികുതിനിയമത്തിലെ പ്രധാന സവിശേഷതകളിലൊന്നാണ് ആന്റി പ്രോഫിറ്ററിങ് മെഷർ അഥവാ കൊള്ളലാഭ നിരോധന വ്യവസ്ഥ. ജിഎസ്ടിയുടെ പേരിൽ ഉപഭോക്താക്കളെ പിഴിഞ്ഞ് വ്യാപാരികളും മറ്റും കൊള്ളലാഭമെടുക്കുന്നത് തടയുന്നതിനുള്ള വ്യവസ്ഥയാണിത്. ജിഎസ്ടിയും നിവേശ നികുതി ആനുകൂല്യവും ചേർന്ന് ക്രമേണ വിലകൾ താഴേയ്ക്ക് കൊണ്ടുവരുമെന്നാണ് കരുതുന്നത്. വിലക്കുറവിലെ ഈ പ്രയോജനം പൂർണമായി ഉപഭോക്താവിനു ലഭിക്കുന്നു എന്ന് ഉറപ്പാക്കാനാണ് നാഷണൽ ആന്റി പ്രോഫിറ്റിങ് അതോറിറ്റി രൂപീകരിച്ചിരിക്കുന്നത്. മാത്രവുമല്ല ജിഎസ്ടിയുടെ പേരു പറഞ്ഞ് ഏതെങ്കിലും വ്യാപാര സ്ഥാപനം സാധനങ്ങളുടെ വില കൂട്ടിയാൽ അത്തരം സ്ഥാപനങ്ങൾ പരിശോധിക്കാനുള്ള അധികാരവും ഈ അതോറിറ്റിക്ക് ഉണ്ടായിരിക്കും. ഈ അതോറിറ്റിയിലേയ്ക്കും ഈ അതോറിറ്റിയെ സഹായിക്കുന്നതിനുള്ള മറ്റ് സമിതികളിലേയ്ക്കുമുള്ള അംഗങ്ങളെ എപ്രകാരം തെരഞ്ഞെടുക്കണം എന്ന് കൊള്ളലാഭ നിരോധന നിയമം 2017 ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ പരാതികൾ സംബന്ധിച്ച് അന്വേഷണം നടത്തുന്നതിന് അതോറിറ്റിയെ സഹായിക്കുന്നതിനുള്ള അന്വേഷണ ഏജൻസിയുടെ നടപടിക്രമങ്ങൾ, അതോറിട്ടിയിൽ നിക്ഷിപ്തമായിട്ടുള്ള അധികാരങ്ങൾ എന്നിവയും ഈ നിയമത്തിൽ വ്യക്തമാക്കുന്നുണ്ട്. ഇതനുസരിച്ച്, സ്റ്റാൻഡിങ് കമ്മിറ്റി, സംസ്ഥാന തല സ്ക്രീനിങ് കമ്മിറ്റി, കൊള്ളലാഭ നിരോധന ദേശീയ അതോറിറ്റി എന്നിങ്ങനെ ത്രിതല സംവിധാനത്തിലാണ് ഇതു പ്രവർത്തിക്കുക.

രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനം അനധികൃതമായി കൊള്ളലാഭം എടുത്തതായി കണ്ടെത്തിയാൽ ഒന്ന് - വർധിപ്പിച്ച വില കൂടുതലാണെങ്കിൽ കുറയ്ക്കാൻ അവരോട് ആവശ്യപ്പെടാം, രണ്ട് - ജിഎസ്ടി വഴി കുറഞ്ഞ വിലയുടെ ആനുകൂല്യം ഉപഭോക്താവിന് നല്കാത്ത പക്ഷം തത്തുല്യമായ തുക 18 ശതമാനം പലിശ സഹിതം ഉപഭോക്താവിന് തിരികെ നല്കാൻ ആവശ്യപ്പെടാം. അല്ലാത്ത പക്ഷം സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ റദ്ദാക്കുകയോ അവർക്ക് പിഴ ചുമത്തുകയോ ചെയ്യാൻ അതോറിറ്റിക്ക് അധികാരമുണ്ടായിരിക്കും.

സിംഗപ്പൂർ, ഓസ്ട്രേലിയ തുടങ്ങിയ രാജ്യങ്ങൾ ജിഎസ്ടി നടപ്പാക്കിയതായി നമുക്കറിയാം. എന്നാൽ ജിഎസ്ടിക്കു ശേഷം ആ രാജ്യങ്ങളിൽ പണപ്പെരുപ്പം വർധിച്ചതായും കാണുന്നു. മലേഷ്യയിലും ജിഎസ്ടിയെ തുടർന്നുള്ള പണപ്പെരുപ്പം അനുഭവപ്പെട്ടെങ്കിലും അവർ കൊള്ളലാഭ വിരുദ്ധ നിയമം നടപ്പാക്കി അതിനെ അതിജീവിച്ചു.

ജിഎസ്ടിക്കു ശേഷം സാധാരണക്കാർക്ക് അസാധാരണ ലാഭം ലഭിക്കുന്നുണ്ടോ എന്നു പരിശോധിക്കാൻ ഒരു സമവാക്യം ഉണ്ടാക്കിയിട്ടുണ്ട്. വില്പനക്കാരന്റെ ചെലവ്, വ്യാപാരത്തിനു മുടക്കിയ ചെലവ്, വിപണിയിലെ സാഹചര്യങ്ങൾ, മറ്റ് വിഷയങ്ങൾ തുടങ്ങിയവ പരിശോധിച്ച് വലയിരുത്തിയാണ് ലാഭം നിശ്ചയിക്കുക.

ഏതെങ്കിലും സൂപ്പർ മാർക്കറ്റ് ജിഎസ്ടിയുടെ പേരിൽ നിത്യോപയോഗ സാധനങ്ങൾക്ക് കൂടുതൽ വില ഈടാക്കുന്നുണ്ടെങ്കിൽ ഉപഭോക്താവിന് ആന്റി പ്രോഫിറ്ററിങ് അതോറിറ്റിയിൽ പരാതിപ്പെടാം. അതുപോലെ ഏതെങ്കിലും സാധനത്തിന്റെ വില കുറയുകയും കച്ചവടക്കാരൻ എന്നാൽ അത് പഴയ വിലയ്ക്കു തന്നെ വില്ക്കുകയും ചെയ്യുന്നുണ്ടെങ്കിലും അതോറിറ്റിയിൽ പരാതിപ്പെടാം. ജിഎസ്ടി വഴി കുറഞ്ഞ വിലയുടെ ആനുകൂല്യം ഉപഭോക്താവിന് ലഭിക്കുന്നു എന്ന് ഉറപ്പാക്കുകയാണ് ലക്ഷ്യം. വിലകൾ കുറയ്ക്കാനും ആ തുക ഉപഭോക്താവിനു നല്കുകയോ ഉപഭോക്തൃ ക്ഷേമ നിധിയിൽ നിക്ഷേപിക്കുകയോ ചെയ്യാൻ കമ്പനിയോട് ആവശ്യപ്പടാനും കമ്പനികളിൽ നിന്ന് പിഴ ഈടാക്കാനും അവരുടെ രജിസ്ട്രേഷൻ റദ്ദാക്കാനും അതോറിറ്റിക്ക് അധികാരമുണ്ട്. പരാതി ലഭിച്ചിരിക്കുന്ന കമ്പനിയുടെ പ്രതിനിധികളെ അതോറിറ്റിക്ക് വിളിച്ചു വരുത്താം. വെവ്വേറെ ഗവൺമെന്റ് സംവിധാനങ്ങൾ ഉപയോഗിച്ച് പരാതികളെ കുറിച്ച് അന്വേഷിക്കാം. അതോറിറ്റിയുടെ ഉത്തരവുകൾക്ക് എതിരെ ഹൈക്കോടതിയിൽ മാത്രമെ അപ്പീൽ സമർപ്പിക്കാനാവൂ.